
കൗമുദി
ആഴ്ചപ്പതിപ്പ്



ഈ ലക്കത്തിൽ

കുറിപ്പുകൾ

കഴിഞ്ഞയാഴ്ച — എൻ. രാമചന്ദ്രൻ

താരാപഥം
നിഴൽക്കുത്ത് — ജ്യോതി

പത്രാധിപരോട് സംസാരിക്കുക
കെ. ബാലകൃഷ്ണൻ

പതിനാലു് തീർന്നു (ചെറുകഥ)
ജി. വിവേകാനന്ദൻ

കൗമുദിടീംഗ് — ഉഷശ്ചേച്ചി
കവിത എൻ. മുരളീ
കാലണ (ചെറുകഥ)

സമൂഹത്തോടും സാഹിത്യത്തോടും
നീതിപുലർത്തുക
വൈക്കം ചന്ദ്രശേഖരൻനായർ

വനിതാപംക്തി
ചുമതലാബോധത്തോടുകൂടി പെരുമാറുക
ജി. സരസമ്മ, ഇടപ്പഴിഞ്ഞി

ലോകകഥാത്സരം — കൊല്ലക ഡേവിഡ്

സ്പോർട്ട്സ്
(കൊളംബോ കപ്പ് ഇൻഡ്യക്കു്)
ശ്യാമകൃഷ്ണൻ

ഒരു നാടൻ സന്ദേശം (കവിത)
തിരുനല്ലൂർ കരുണാകരൻ

ഇടതുപക്ഷ ഐക്യമുന്നണിയും
പരസ്പര വിമർശനവും
കെ. വിജയരാഘവൻ

മാവൊസെതുംഗ് വാൻസായ്
എൻ. ശ്രീകണ്ഠൻനായർ

ജയിച്ചതാരു്? (ഏകാങ്കം)
ജി ശങ്കരപ്പിള്ള ബി. ഏ. ആണേഴ്സ്

പുസ്തകാഭിപ്രായം
ഇന്നത്തെ കവിത — എസ്സ്.
സന്ദേശം (മാസിക) — സി. എൻ.

സോവിയറ്റു സാഹിത്യം
എം. കെ. കുമാരൻ

മുഖചിത്രം:

ഗ്രാമീണ ദമ്പതിമാർ.

സുധീർ കാഷ്ഗീർ വരച്ച ഒരു കരിപെൻസിൽചിത്രം
കെ. പി. പത്മനാഭൻതമ്പിയുടെ
ചിത്രശേഖരത്തിൽ നിന്നു്.

ബഹിഷ്കൃതമന്ത്രിസഭ
അധികാരത്തിൽ
ഇന്നു്
54-ാംദിവസം

Reg. M. 5661 Phone No. 2128

പത്രാധിപർ—കെ. ബാലകൃഷ്ണൻ
സഹപത്രാധിപർ സി. എൻ. ശ്രീകണ്ഠൻനായർ

കുമുദി

കേരളജ്യോതി

വർഷം 4 1129 വൃശ്ചികം 1 തിങ്കൾ വില 3½

തിരുമുറിക്കുനിയുക്ക

പി. എസ്. പി. യുടെ നിലപാട്

ഈ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെതിരായ കക്ഷികളുടെയിടയിൽ മത്സരമുണ്ടായി കോൺഗ്രസ്സ് വിജയത്തിനു സഹായകമായ ഒരന്തരീക്ഷം ഉണ്ടാക്കാതിരിക്കുന്നതിനായി ഒരു ത്രികോണമത്സരം ഒഴിവാക്കാൻ കേന്ദ്ര പി. എസ്. പി. എക്സിക്യൂട്ടീവിന്റെ അനുവാദത്തോടുകൂടി തിരു-കൊച്ചി പി. എസ്. പി എക്സിക്യൂട്ടീവ് ഒരു നിലപാടു സ്വീകരിച്ചിരിക്കുന്നു. ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായാണ് കമ്മ്യൂണിസ്റ്റുകാരുമായി പ്രത്യക്ഷമായല്ലെങ്കിലും പരോക്ഷമായി സഹകരണാടിസ്ഥാനത്തിലുള്ള ഒരു നില സ്വീകരിക്കുവാൻ കേന്ദ്ര പി. എസ്. പി. നേതൃത്വം അനുവാദം നൽകുന്നതു് കേന്ദ്ര നേതൃത്വം ഇങ്ങനെയൊരനുമതി നൽകാനുള്ള പ്രധാന കാരണം, ഈ രാജ്യത്തെ പ്രത്യേക പരിതഃസ്ഥിതികളും ശ്രീ. പട്ടത്തിന്റെ ധീരമായ നിലപാടുമാണെന്ന കാര്യം തീർച്ചയാണ്. ഇൻഡ്യയ്ക്കു പൊതുവെ തന്നെ മാർഗ്ഗദർശനം നൽകിയേക്കാവുന്ന ഈ നില പി. എസ്. പി. നേതൃത്വത്തെക്കൊണ്ടു സ്വീകരിപ്പിച്ച ബഹുമതി തീർച്ചയായും പട്ടത്തിനുള്ളതാണ്.

ത്രികോണമത്സരം ഒഴിവാക്കുന്നതും ഒന്നിച്ചു നിൽക്കുന്നതുമായി ചില വ്യത്യാസങ്ങളുണ്ട്. മഹത്തായ വ്യത്യാസമുണ്ടോ ഇല്ലയോ എന്ന കാര്യം വിവാദപരമാകാമെങ്കിലും സാരമായ വ്യത്യാസമുണ്ടെന്നു തീർച്ചയാണ്. ത്രികോണമത്സരം ഒഴിവാക്കുക എന്നു പറഞ്ഞാൽ അതു നിഷേധാത്മകമായ ഒരു നിലപാടാണ്. ഞങ്ങളും ഇന്നതു ചെയ്യാൻ പോകുന്നു എന്നല്ല ഇന്നതു ചെയ്യാതിരിക്കാൻപോകുന്നു എന്നാണ് ത്രികോണമത്സരം ഒഴിവാക്കുക എന്നതിന്റെ അർത്ഥം. നമ്മുടെ രാജ്യത്തിന്റെ ഇന്നത്തെ കാലഘട്ടംവച്ചു നോക്കുമ്പോൾ ഇന്നതു ചെയ്യുകയില്ല എന്നുമാത്രം പറയുന്നതുകൊണ്ടു് ജനങ്ങളുടെ ഇടയിൽ വളരുവാനാഗ്രഹിക്കുന്ന ഒരു പാർട്ടി അതിന്റെ കർത്തവ്യങ്ങളും നിറവേറിയതായി കരുതാമോ എന്ന പ്രശ്നം പി. എസ്. പി. ക്കുകൂടി ഗാഢമായി ചിന്തിക്കണമെന്ന അഭ്യർത്ഥനയോടുകൂടി തികഞ്ഞ ഭ്രാതൃസ്നേഹത്തോടെ ഞങ്ങളും പ്രശ്നം ചർച്ചചെയ്യുകയാണ്. വിവിധ പാർട്ടികളും ജനങ്ങളുടെമുൻപിൽ അവരുടെ പരിപാടികളും സമർപ്പിച്ചു് ജനവിധിയാർജ്ജിച്ചു് ഭരണമേറ്റെടുക്കുന്നതാണ് പൊതുതിരഞ്ഞെടുപ്പിന്റെ ഉദ്ദേശത്തെപ്പറ്റിയുള്ള സങ്കല്പം. സാധാരണഗതിയിൽ ഓരോ പാർട്ടിയും ഭരണാധികാരമേറ്റെടുക്കുവാനായി പരമാവധി കഴിവു് വിനിയോഗിക്കുകയും വേണം. നമ്മുടെ രാജ്യത്തിൽ ആവശ്യത്തോളമോ ആവശ്യത്തിലേറെയോ രാഷ്ട്രീയപാർട്ടികളുണ്ട്. വ്യക്തമായ ഭൂരിപക്ഷമുള്ള ഒരു പാർട്ടിയും ഇന്ന് ഈ രാജ്യത്തില്ല. ഒരു ന്യൂനപക്ഷപാർട്ടിയായിരുന്ന കോൺഗ്രസ്സ് മറ്റൊരു ന്യൂനപക്ഷമായ തമിഴ്നാട്ടുകോൺഗ്രസ്സുമായിചേർന്ന് ത്രുപീകരിച്ച സങ്കലിതമന്ത്രിസഭ തമിഴ്നാട്ടുകാരുടെ പിൻവാങ്ങലോടുകൂടി പരാജയപ്പെട്ടതിനെത്തുടർന്നാണ് ഇന്ന് വീണ്ടും ഒരു തിരഞ്ഞെടുപ്പു നടക്കുവാൻപോകുന്നതു് ഈ തിരഞ്ഞെടുപ്പിലെ സർവപ്രധാനമായ പ്രശ്നം അതു തീരുമാനമെന്നുള്ളതാണ്. വിശ്വാസം നഷ്ടപ്പെട്ടിട്ടും അധികാരം വിട്ടൊഴിയാതെ തുടരുന്ന ഇന്നത്തെ ബഹിഷ്കൃതമന്ത്രിസഭയാണോ അതോ മറ്റേതെങ്കിലുമൊരുകക്ഷിയുടെ ഒരു മന്ത്രിസഭയാണോ എന്നുള്ളതാണ് തിരഞ്ഞെടുപ്പു പ്രശ്നം. തിരഞ്ഞെടുപ്പിനു പ്രചരണം നടത്തേണ്ട രീതികളെപ്പറ്റി ബോധമുള്ളവർക്കു് കോൺഗ്രസ്സല്ലാതെ ഈ രാജ്യം ഭരിക്കാൻ കെൽപുള്ള ആരെങ്കിലും വേറെയുണ്ടെന്നു് ജനങ്ങളിലും ബോധ്യമാക്കിക്കൊടുക്കേണ്ടതു് അത്യാവശ്യമാണെന്നു് മനസ്സിലാക്കാൻ വിഷമം കാണുകയില്ല. ചരിത്രപരമായ ഈ ദൗത്യം നിർവഹിക്കുവാൻ സഹായകമായ ഒരു നിലപാടായിരിക്കണം പി. എസ്. പി. സ്വീകരിക്കേണ്ടതു്, കമ്മ്യൂണിസ്റ്റുകാരുമായി യോജിച്ചു പ്രവർത്തിച്ചാൽ മറ്റു പാർട്ടികളും ഇല്ലാതാകുമെന്നു് ഒരു സംഭാഷണപ്രസംഗത്തിൽ ശ്രീ. ഗോവിന്ദമേനോൻ ഈ രാജ്യത്തു് വളർത്തിയിട്ടുണ്ട്. ആർ. എസ്. പി. യും കെ. എസ്. പി യും നാമാവശേഷമായിരിക്കുന്നുവെന്നു് ഇതിനുദാഹരണമായി അദ്ദേഹം പഴവങ്ങാടിയിൽ പ്രസ്താവിച്ചിട്ടുണ്ട്. പനമ്പിള്ളിയുടെ ട്രിച്ചിയിൽ ആർ. എസ്. പി. യും കെ. എസ്. പി യും എത്രതന്നെയായിരുന്നാലും അതു പാർട്ടികൾക്കു് പനമ്പിള്ളിക്കുള്ള സംഭാവന ഇക്കാര്യത്തിലില്ലെന്നു് ഞങ്ങൾക്കറിയാം. മറ്റു പാർട്ടികളെ ഇല്ലായ്മചെയ്തു് സ്വന്തം പാർട്ടിവളർത്തുകയാണ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ലക്ഷ്യമെന്നു പറയുന്നതു് ശരിയാണ്. നേരമ്പോക്കു് അതിലല്ല അതല്ലാതെ മറ്റു ലക്ഷ്യങ്ങളൊന്നുമുള്ള ഒരു പാർട്ടിയും ഭൂമണ്ഡലത്തിൽ കാണുകയില്ല. കമ്മ്യൂണിസ്റ്റുപാർട്ടി കോൺഗ്രസ്സിനെതിരായ ശക്തികളുടെ കേന്ദ്രീകരണം തങ്ങളുടെ പാർട്ടിയിലാണ് എന്നവകാശപ്പെടാനും അഗ്രഹിച്ചേയ്ക്കും. കമ്മ്യൂണിസ്റ്റുകാർക്ക് ഇങ്ങനെയൊരാഗ്രഹമുള്ളതുകൊണ്ട് നിലവിലിരിക്കുന്ന ഗവണ്മെന്റിനെയും അവരെ നയിക്കുന്ന പാർട്ടിയേയും എതിർക്കുകയും വിമർശിക്കുകയും ചെയ്യുന്നവരെല്ലാം കമ്മ്യൂണിസ്റ്റുകളാണ് എന്ന പ്രചരണം ഇന്ന് കൊടുംപിരികൊണ്ടിരിക്കുകയാണ്. ഈ കമ്മ്യൂണിസ്റ്റുമോഹികൾ സോവിയറ്റു നിയന്ത്രണത്തിലുള്ള കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രവർത്തനത്തിൽ അത്ഭുതമായ പ്രതിഷേധം ഉണ്ടായതുകൊണ്ടായിരുന്നില്ല. വിനാശമായ വഴിയുടെ



പാകിസ്ഥാനിലെ മുള്ളാഭരണം

(എൻ. രാമചന്ദ്രൻ)

ഒരു വർഗ്ഗത്തിന്റെ മതത്തിന്റെയും ഭാഷയുടെയും സംസ്കാരത്തിന്റെയും മാഹാത്മ്യങ്ങളെ ഉയർത്തിക്കാണിച്ച് ആ വർഗ്ഗത്തിന്റെ ആധിപത്യം സ്ഥാപിക്കുന്നതിനുള്ള ശ്രമം പ്രാചീനകാലത്തെ ഗ്രീക്കുകാരും റോമാക്കാരും ആരംഭിച്ചകാലം മുതൽ ഈ ചിന്താഗതി വിവിധ സ്വഭാവങ്ങളോടുകൂടി വിവിധ കാലഘട്ടങ്ങളിൽ ചരിത്രത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഒരു വർഗ്ഗം ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ ഇതര വർഗ്ഗങ്ങൾ ആ ആധിപത്യത്തെ എതിർക്കുക സ്വാഭാവികമാണ്. ഈ സംഘട്ടനത്തിൽപ്പെട്ട് ഒട്ടേറെ സംസ്കാരങ്ങൾ മണ്ണടിയുകയും വളരയേറെ മനുഷ്യരക്തം പുഴിമണ്ണിൽ താഴുകയും ചെയ്തിട്ടുണ്ട്. റോമാസാമ്രാജ്യം ഈ നാഷണലിസ്റ്റ് ചിന്താഗതിയിലൂടെയാണ് അതിന്റെ വികസിപ്പിച്ചത്. മധ്യ ശതാബ്ദക്കാലമായപ്പോഴേക്കും കുസ്തുമതത്തിനു യൂറോപ്പിൽ വലിയ സ്വാധീനം ലഭിച്ചതിനാൽ യൂറോപ്പിലെ നാഷണലിസ്റ്റ് ചിന്താഗതിക്ക് വിശാലമായ ഒരു രൂപം കൈവന്നു. വർഗ്ഗങ്ങളെയും രാഷ്ട്രങ്ങളും ആധിപത്യം ചെലുത്തുന്ന പ്രത്യേക രാഷ്ട്രങ്ങളെയും ഉൾക്കൊണ്ടുകൊണ്ട് കുസ്തുമതം വികസിച്ച് വിശാലമായപ്പോൾ വർഗ്ഗമഹിമകളുടെ പേരിലുള്ള കടിപ്പുകലും വളരെക്കുറഞ്ഞു. എന്നാൽ പതിനെട്ടാം ശതാബ്ദത്തിൽ സാമ്പത്തിക ലക്ഷ്യങ്ങളോടുകൂടിയ ആക്രമണങ്ങളും അധിപത്യം ചെലുത്തുകളും ആരംഭിച്ചപ്പോൾ നാഷണലിസ്റ്റ് ചിന്താഗതി വീണ്ടും ശക്തമായിത്തീർന്നു. അതിന്റെ ഫലമായി നാഷണലിസവും ഡെമോക്രസിയും ഒന്നിച്ച് വർദ്ധിച്ചു തുടങ്ങി. ഫ്രഞ്ചുവിപ്ലവത്തിനും അമേരിക്കൻ വിപ്ലവത്തിനും ഈ ചിന്താഗതികൾ പ്രേരകങ്ങളായിത്തീർന്നു. പതിനെട്ടാം ശതാബ്ദത്തിൽ യൂറോപ്പിലുണ്ടായ രാഷ്ട്രീയപുനഃസംഘട്ടനങ്ങൾക്കു വഴിതെളിച്ചതും ശക്തിപ്രാപിച്ചുവന്ന ഈ ആശയഗതികളായിരുന്നു. കൊച്ചു കൊച്ചു നാടുവാഴികളുടെ ആധിപത്യത്തെ തള്ളിമാറ്റിക്കൊണ്ടു നാഷണലിസം വിശാലമായ രാഷ്ട്രങ്ങൾ നിർമ്മിച്ചു. ഭാഷാപരമായും സാംസ്കാരികമായും മറ്റും ഐകരൂപ്യമുള്ള രാഷ്ട്രങ്ങളുണ്ടാകുന്നതു ഭരണപരമായ പുരോഗതിക്കും സാംസ്കാരിക വികാസത്തിനും സഹായകരമാണെന്നു അന്നു പൊതുവെ കരുതപ്പെട്ടിരുന്നു.

ഇരുപതാം ശതാബ്ദത്തിലേക്കു കടന്നതോടുകൂടി നാഷണലിസം ആപൽക്കരങ്ങളായ രൂപങ്ങൾ ആവിഷ്കരിച്ചു തുടങ്ങി. ചില പ്രത്യേകവർഗ്ഗങ്ങളുടെ പാരമ്പര്യവും പ്രതാപങ്ങളും പരിതീകരിക്കപ്പെട്ടു കാണിച്ചുതുടങ്ങി. ഈ ശ്രമം സ്വാഭാവികമായി ഇതരവർഗ്ഗങ്ങളെ ചൊടിപ്പിച്ചു. ഈ വികാരങ്ങൾ രാഷ്ട്രീയ ആയുധങ്ങളായി ഉപയോഗിക്കാൻ കഴിവുള്ള കൈകൾ പ്രത്യക്ഷപ്പെട്ടപ്പോൾ നാസിസം ഫാസിസം മുതലായി ലോകത്തെ ഗ്രസിക്കാൻ കഴിവുള്ള ശക്തികൾ രൂപംകൊണ്ട സാമ്പത്തികമായ പരാധീനതകളും ആധിപത്യശ്രമങ്ങളും ഈ ശക്തികൾ വളരുന്നതിനുള്ള പശ്ചാത്തലം സൃഷ്ടിക്കുകയും ചെയ്തു.

മനുഷ്യരാശിയുടെ നിലനില്പിനു നിതാന്തപദവമായ ഭദ്രതയുണ്ടാകണമെങ്കിൽ കമ്മ്യൂണിസ്റ്റ് പ്രവർത്തനമായിക്കാണുന്ന മാർക്കൽ ദീപിക പ്രഭൃതികളുടെ കാൺഗ്രസ്സിനു കമ്മ്യൂണിസ്റ്റ് പാർട്ടിയോടുള്ള എതിർപ്പ് മനസ്സിലാക്കാൻ വിഷമമില്ല. കാൺഗ്രസ്സിനെതിരായി കമ്മ്യൂണിസ്റ്റുകാരുടേതല്ലാത്ത ഒരു ശക്തി തീർച്ചയായും ഈ രാജ്യത്തുണ്ട്. അസംഘടിതമായി ചിതറിക്കിടക്കുന്ന ആ ശക്തി ഒന്നിച്ചുകൂട്ടി പ്രയോജനപ്രദമായി സംഘടിപ്പിച്ചെടുക്കാൻ കമ്മ്യൂണിസ്റ്റുകാർമാത്രം വിചാരിച്ചാൽ സാധ്യവുമല്ല. കൂട്ടുകൂടിയാൽ നശിച്ചുപോകുമെന്ന ഭയപ്പെട്ടതുതന്നെയാണ് ഉർബലന്മാരുടെ സ്വഭാവമാണ് അത്യാവശ്യം നശിപ്പിക്കാൻ കഴിയുന്ന ഒരേർപ്പാടല്ല മറ്റു പാർട്ടികളെന്ന് മറ്റാർക്കും മനസ്സിലായില്ലെങ്കിലും കമ്മ്യൂണിസ്റ്റുകാർക്ക് മനസ്സിലായിരിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം. ഇന്ന് പി. എസ്. പി. സ്വീകരിക്കുന്ന നിലപാടു് ആരെയെങ്കിലും സഹായിക്കുമെങ്കിൽ അതു കമ്മ്യൂണിസ്റ്റുകാരെ മാത്രമാണ്. ത്രികോണമത്സരം ഒഴിവാക്കി പാർട്ടികൾ തട്ടത്തിരിഞ്ഞുനിന്നു് ഒന്നിച്ചുചേർന്നാൽ ദ്വിപക്ഷമുണ്ടാകത്തക്ക ഒരവസ്ഥ തിരഞ്ഞെടുപ്പിലൂടെ സൃഷ്ടിക്കുകയാണെങ്കിൽ എന്തുചെയ്യും എന്നു് പി. എസ്സ്. പി. വ്യക്തമാക്കിയിട്ടില്ല. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പി. എസ്സ്. പി. ഐക്യമുന്നണിയെ സഹായിച്ചില്ലെങ്കിലും ഐക്യമുന്നണിയുടെ സഹായംകൊണ്ടുകൂടി ജയിച്ച ചില പി. എസ്സ്. പി. ക്കാരെങ്കിലുമുണ്ട്. നിയമസഭയിൽ വന്നശേഷം പി. എസ്. പി. കൂറെക്കൂടി രാഷ്ട്രീയബോധം പ്രകടിപ്പിച്ചിരുന്നെങ്കിൽ പി. എസ്സ്. പി. യും ഐക്യമുന്നണിയും ചേർന്നാൽ ഒരു മുക്കും വരാനില്ലെന്നു് മന്ത്രിയായി നടന്നു് പാമ്പിളമ്മി പ്രസംഗിക്കുമായിരുന്നില്ല. ഈ തിരഞ്ഞെടുപ്പു് ഇടതുപക്ഷപാർട്ടികൾക്കു് ഒറ്റയായിനിന്നു് മത്സരിച്ചാൽ സ്വന്തം വ്യക്തിത്വത്തിൽ വളരാൻ അവസരം നൽകുന്നതാണെന്ന ധാരണ തെറ്റാണു്. ഭൂതികപരിതസ്ഥിതികളെപ്പറ്റിയുള്ള അജ്ഞത, സങ്കുചിതമായ പാർട്ടിചിന്തകളുമായി ഒട്ടിച്ചേരുമ്പോൾ ഭാവന അവതാളത്തിലാകുന്നു. കാൺഗ്രസ്സിനെ അധികാരസ്ഥാനത്തിൽനിന്നു് മാറ്റുവാൻ തങ്ങളുടെ നിലപാടാണു സഹായിച്ചതെന്ന അവകാശവാദത്തോടെ പ്രതിപക്ഷകക്ഷികളുടെ പാർലമെന്ററി നേതാവായി വളരാനുള്ള അവസരമാണു് പി. എസ്. പി. ലക്ഷ്യമായിരിക്കുന്നതു്. ചില സ്ഥലങ്ങളിൽ ചില ആളുകളുടെ സ്ഥാനാർത്ഥിത്തത്തോടു് ഖടിപ്പിച്ചു് പി. എസ് പി എന്നു പറയുന്നതു മൂലമുണ്ടാകുന്ന വളർച്ചയെക്കാൾ വലിയ വളർച്ചതന്നെയാണതു്. പി. എസ്. പി. ഈ നാട്ടിൽ വളരണമെന്നാഗ്രഹിക്കുന്നവർ ഞങ്ങൾ ചെയ്യുകയില്ല എന്നുപറഞ്ഞൊഴിഞ്ഞു മാറാതെ ഞങ്ങൾ ഇന്നതു ചെയ്യും എന്നു ധീരമായി പറയുകതന്നെ വേണം. സ്വീകരിക്കുവാൻ കഴിയുന്ന ഒരു പരിപാടിയുടെ അടിസ്ഥാനത്തിൽ എല്ലാ ഇടതുപക്ഷപാർട്ടികളും അവരോടു് സഹകരിക്കുന്നവരും ചേർന്നു് കാൺഗ്രസ്സിനെതിരായ ഒരു പുതിയ പാർലമെന്ററി പാർട്ടി രൂപീകരിച്ചു് ഭരണമേറ്റെടുക്കുക എന്നുള്ള ലക്ഷ്യം സർവ്വപ്രധാനമായി മുന്നിൽവച്ചു മുന്നോട്ടു പോയില്ലെങ്കിൽ വലിയ പ്രയോജനമുണ്ടാകുമെന്നു് തോന്നുന്നില്ല. പി. എസ്സ്. പി. ഇടതുപക്ഷമല്ല. പാർട്ടികളുമായുള്ള സഹകരണത്തെപ്പറ്റി പറയുമ്പോൾ ഈ വഴിക്കു ചിന്തിക്കുമെന്നും ഈ രാജ്യത്തെ പുരോഗമനശക്തികൾക്കു് നേതൃത്വം നൽകുവാൻ ശ്രീ. പട്ടത്തിനു പാർട്ടിയുടെ സീമകളും ലംഘിച്ചു നിൽക്കുന്ന അവസരങ്ങളും ഉണ്ടാകിക്കൊടുക്കുമെന്നും ഞങ്ങൾ ആശിക്കുന്നു.

മദ്രാസ് ഗവണ്മെണ്ടിന്റെ
സമ്മാനാർഹമായ പുസ്തകം

ചരിത്രകേരളം

ഗ്രന്ഥകർത്താ: പി. ഏ. സെയ്തുമുഹമ്മദ്

പരിഷ്കരിച്ച രണ്ടാംപതിപ്പ്

സ്റ്റെയിറ്റ്സ്മാൻ, അമൃതബസാർ പത്രിക, ഹിന്ദുസ്ഥാൻ സ്റ്റാൻഡേർഡ്, ക്രോണിക്കിൾ, ഹിന്ദു, മെയിൽ, മാതൃഭൂമി, ജയകേരളം, കെസരി, പരിഷത്തു് തുടങ്ങിയ നാല്പതിൽപരം പത്രങ്ങളും ഏകകണ്ഠമായി അഭിപ്രായപ്പെട്ടിരിക്കുന്നു. ചരിത്രസാഹിത്യത്തിനു് ഒരമൂല്യ സംഭാവനയാണു് ഈ ഗ്രന്ഥമെന്നു്.

ആകർഷണീയമായ പുറംചട്ട

പണ്ഡിതാഗ്രണിയായ കേസരി ഏ. ബാലകൃഷ്ണപിള്ളയുടെ
പ്രൌഢമായ അവതാരിക.

നൂറിൽപരം പേജുകളും വില. 1 ക.

അടുത്തുള്ള പുസ്തകശാലയിൽ ആവശ്യപ്പെടുക:

നാഷണൽ ബുക്സ്റ്റാൾ,
കോട്ടയം.

നെ ചോദ്യം ചെയ്യുന്ന രണ്ടു ഗോളയുദ്ധങ്ങളും ഏതാനും കൊല്ലങ്ങൾക്കുള്ളിൽത്തന്നെ ഉണ്ടായപ്പോൾ നാഷണലിസത്തിന്റെ പിന്നാലെയുള്ള പരക്കംപാച്ചിൽ മനുഷ്യവംശത്തെ പട്ടടയിലേയ്ക്കു നയിക്കുമെന്നു ബുദ്ധിയുള്ളവർക്കു ബോധ്യമായി. ഇതിനൊരു പ്രതിവിധിയായിട്ടാണു ഏകലോകസിദ്ധാന്തം അവതരിപ്പിക്കപ്പെട്ടതു്. പണ്ഡിറ്റ് നെഹ്റുവും വെൽവില്ക്കിയും ഇന്നത്തെ സമൂഹക്ഷോഭങ്ങൾക്കു ഒരു തന്നെ ഏകലോകം തട്ടിക്കളിഉണ്ടാക്കാമെന്ന വിശ്വാസക്കാരായിരുന്നു മാർക്സിസ്റ്റുകളും അതു അഭിപ്രായത്തോടു യോജിക്കാത്തവരായിരുന്നുവെങ്കിലും അവരും അവരുടെതായ ഒരു 'ഏകലോകം' വിഭാവനചെയ്യുന്നവരാണു്. അങ്ങിനെ ഭാവനയുള്ളവരെല്ലാം ഏകലോകത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിച്ചു തുടങ്ങിയിരിക്കുന്ന ഈ കാലഘട്ടത്തിൽ വീണ്ടും സങ്കുചിതവും അപകടകരവുമായ നാഷണലിസ്റ്റ് ചിന്താഗതി വളർത്തിവിടാൻ ശ്രമിക്കുന്നവർ തീർച്ചയായും ഉദ്ദേശിക്കുന്നുണ്ടാവില്ല.

പാക് ഭരണഘടന

ഈ കാലഘട്ടത്തിലെ ഒരു പരിഷ്കൃത രാജ്യത്തിനും അഭിമാനിക്കാൻ കഴിയുന്ന ഭരണഘടനാതത്വങ്ങളെല്ലാംപാകിസ്ഥാൻ സ്വീകരിക്കാൻ തയാറായിരിക്കുന്നു. പാകിസ്ഥാന്റെ "ഇസ്ലാമിക് റിപ്പബ്ലിക്ക് ഒഫ് പാകിസ്ഥാൻ" എന്നായിരിക്കുണം ഒരു മുസ്ലീം മാതൃകമെ പാകിസ്ഥാന്റെ ഭരണതത്വമാകാവുയെന്നും പാക് കാണസംഘടനകൾ തീരുമാനിച്ചിരിക്കുന്നു. പരിശുദ്ധ ഖുറാനും സുന്നായ്ക്കും എതിരാകാവുന്ന യാതൊരു നിയമങ്ങളും പാകിസ്ഥാനിലുള്ള ഒരു നിയമസഭയും പാസ്സാക്കരുതെന്നും ഭരണഘടനയിൽ വ്യവസ്ഥചെയ്തിരിക്കുന്നു. ഇസ്ലാംമതതത്വങ്ങളും പ്രചരിപ്പിക്കുന്നതിനായി ഒരു സമിതിയെ രൂപീകരിക്കുന്നതാണെന്നും തീരുമാനിക്കപ്പെട്ടിട്ടുണ്ടു്. അങ്ങിനെ പൂർണ്ണമായും മതാധിഷ്ഠിതമായ ഒരു ഭരണഘടനയാണു പാകിസ്ഥാൻ രൂപീകരിച്ചിരിക്കുന്നതു്. ന്യൂനപക്ഷങ്ങളെ ധ്വംസിക്കുകയും ഉൽക്കണ്ഠാകുലരാക്കുകയും ചെയ്യുന്ന ഈ വ്യവസ്ഥകളും ഭരണഘടനയിലുൾക്കൊള്ളിക്കുന്നതു തിരികിക്കയറ്റേണ്ട ആവശ്യം ഉണ്ടായിരുന്നോയെന്നു ചിന്തിക്കേണ്ടതാണു്. മുസ്ലീം ഭൂരിപക്ഷമുള്ള ഒരു രാജ്യത്തു കുറെ തീരാത്ത നിയമങ്ങളും നിർമ്മിക്കുകയുത്രവേഗം സാധ്യമുള്ള കാര്യമല്ല. മുസ്ലീം അല്ലാത്ത ഒരാളും ഭരണത്തലവനായിത്തീരാനും പാടില്ലപോലും. ഒരു അമുസ്ലീം അഥവാ ഭരണാധിപനായിത്തീർന്നാൽ അത്തന്നെയും അയാളുടെ മുസ്ലീം മതസിദ്ധാന്തങ്ങളും ക്കെതിരായി പ്രവർത്തിക്കുവാനും കഴിയുന്നതല്ല. ക്രാഢത ഈ ഭരണഘടനയനുസരിച്ചുള്ള പ്രവർത്തനം വളരെ ദുഷ്കരമായിത്തീരുന്നതുമാണു് കുറാനു ഒട്ടേറെ വ്യാഖ്യാനങ്ങളുണ്ടു്. വിവിധ മുസ്ലീം ഗ്രൂപ്പുകാർ വിവിധ രീതിയിൽ കുറാനുവെ തത്വങ്ങളും വ്യാഖ്യാനിക്കുന്നതുണ്ടു്. അതുകൊണ്ടു ഒരു പ്രത്യേകനിയമം കുറാനെതിരാണെന്നു ആക്ഷേപമുണ്ടായാൽ അക്കാര്യത്തിൽ ഒരു വിധിപറയുക ഒരു കോടതിയെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസമാണു്. അനാവശ്യമായി വളരെയധികം കാലതാമസം ഉണ്ടാകുകയും ചെയ്യും. നീതിനിർവഹണം താമസിച്ചുപോയാൽ അതു നീതി നടത്തിപ്പില്ലാതായിത്തീരുന്നതുമാണു്.

ഇതിനെല്ലാം ഉപരിയായി ന്യൂനപക്ഷങ്ങൾക്കു ഗവണ്മെൻറിൽ വിശ്വാസം ഇല്ലാതായിത്തീരുകയും ചെയ്യും. രാജ്യത്തെ ഒരു നല്ലവിഭാഗം ആളുകൾ എന്നും ഗവണ്മെൻറിന്റെ നേരെ അതൃപ്തിയുള്ളവരായിക്കഴിയുന്നതു തീർച്ചയായും ഒരു രാഷ്ട്രത്തിന്റെയും പുരോഗതിയെ സഹായിക്കുകയില്ല.

കുഴപ്പങ്ങളുടെ നേരിടാനുള്ള ശ്രമം

ഇന്നു വാർത്തയ്ക്കുന്നതരഭരണഘടനമൂലം ഭാവിയിൽ അപകടങ്ങളായ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നുള്ള കാര്യം അറിഞ്ഞുകൂടാത്തതുകൊണ്ടല്ല പാകിസ്ഥാനിലെ ഭരണതന്ത്രജ്ഞന്മാർ ഈ വേണ്ടാതനം കാട്ടിക്കൂട്ടുന്നതു് താല്കാലികമായ നേട്ടങ്ങളെ മാത്രമെ അവർ ലക്ഷ്യമാക്കുന്നുള്ളുവെന്നതാണു് പരമാർത്ഥം.

അധികാരമൽസരം

കിഴക്കേ പാകിസ്ഥാനും പടിഞ്ഞാറെപ്പാകിസ്ഥാനും തമ്മിലുള്ള മൽസരങ്ങൾ അടുത്ത കാലത്തായി തുടങ്ങുവരികയായിരുന്നുവെങ്കിലും ഇപ്പോൾ വീണ്ടും തലയുയർത്തിയിട്ടുണ്ടു്. ഗവണ്മെൻറ് ജനറൽ ഓഫീസുമുഹമ്മദിനെ തൽസ്ഥാനത്തു നിന്നു മാറ്റിയതുമെന്ന മന്ത്രിസഭയിലെ കിഴക്കേ പാകിസ്ഥാനധികാരം ആധിപത്യപ്പെട്ടിട്ടു തുടങ്ങിയിരിക്കുന്നു. സംഖ്യാപരമായി തങ്ങൾക്കാണു ക്രൂരൽ ശക്തിയുള്ളതെങ്കിലും പശ്ചിമ പാകിസ്ഥാൻകാരാണു ഗവർമെൻറിൽ ആധിപത്യം ചെലുത്തുന്നതെന്നു കിഴക്കെ പഞ്ചാബുകാർക്കു വിചാരമുണ്ടു്.

ഇതിനു പുറമെ വിവിധ പ്രവിശ്യാ മന്ത്രിസഭയ്ക്കുകത്തു തന്നെ കടിപിടികളും നടക്കുന്നുണ്ടു്. പഞ്ചാബു് മന്ത്രിസഭയിലെ ചില അംഗങ്ങളെ പുറത്താക്കുകയും കുറച്ചുകൂടി വിശ്വസ്തരുള്ള ആളുകളെ പകരം നിയമിക്കുകയും ചെയ്തതും നിശക്തിയായ അഭിപ്രായം പൊന്തിവന്നിട്ടുണ്ടു്. അതിർത്തിപ്രവിശ്യയിലെ ആരോഗ്യമന്ത്രിയുടെമേൽ അവിശ്വാസം രേഖപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും ശക്തമായിത്തീർന്നിട്ടുണ്ടു് അബ്ദുൾകയ്യൂമിന്റെ "സ്വന്തം ആളുകൾ" ഈ മന്ത്രിക്കു അടുത്തുതന്നെ മന്ത്രിപദം ഉപേക്ഷിക്കേണ്ടിവരുമെന്നും മുസ്ലീംലീഗുപാർട്ടിക്കകത്തു ഇങ്ങനെ അനേകം കുഴപ്പങ്ങളും നിലവിലിരിക്കയാണു പൂർവ്വബംഗാളിലെ തിരഞ്ഞെടുപ്പു സമാഗതമായിരിക്കുന്നതു്.

പൂർവ്വബംഗാൾ തിരഞ്ഞെടുപ്പു്

അടുത്ത മാർച്ചിലോ ഏപ്രിലിലോ നടക്കുവാൻപോകുന്ന പൂർവ്വബംഗാൾനിയമസഭാതിരഞ്ഞെടുപ്പു മുസ്ലീംലീഗുപാർട്ടിയെ സംബന്ധിച്ചിടത്തോളം വിശ്വസ്തകരമായ ഒരു പരീക്ഷണമാണു്. സുഹ്റവർദ്ദിയുടെയും മറ്റും നേതൃത്വത്തിൽ അവിടെ ശക്തി പ്രാപിച്ചുവരുന്ന പ്രതിപക്ഷം ലീഗിന്റെ പരാജയികാരത്തെ തുടച്ചുനീക്കുമെന്നു തന്നെയാണു് പ്രതീക്ഷിച്ചിട്ടുണ്ടു്. ഈ മുറവിളിയിൽ

കാരാവൃത്തം

നിഴൽക്കുത്ത്



ചിങ്ങത്തിരതിരുനാൾ ഗ്രന്ഥശാലാ വാർഷികത്തോടനുബന്ധിച്ചു എല്ലാ വർഷവും ഒരു നാടകം റൗണ്ഹാളിൽ അഭിനയിക്കാറുണ്ട്. അമച്വർ നാടകവേദിയിലെ എണ്ണപ്പെടേണ്ട സംഭവങ്ങൾപോലെയാണ് ഇവ എല്ലാവർഷങ്ങളിലും പ്രത്യക്ഷപ്പെടാറുള്ളത്. ഈ വർഷം ടി. എൻ. ഗോപിനാഥൻനായരുടെ "നിഴൽക്കുത്ത്" എന്ന നാടകമാണ് അഭിനയിക്കപ്പെട്ടത്. ടി. എൻ, വിക്രമൻനായർ, നരേന്ദ്രനാഥ്, അട്ടർ ജോസി, പട്ടം സരസ്വതി, കുമാരി, ആറന്മുള പൊന്നമ്മ തുടങ്ങിയവരാണ് നാടകം അഭിനയിച്ചത്. നാടകം പൊതുവെ വിജയിച്ചില്ലെന്നാണ് എനിക്കു തോന്നിയത്. കഥാപാത്രങ്ങളെപ്പറ്റിയുള്ള സങ്കല്പവും സ്റ്റേജിൽ അവർ പ്രത്യക്ഷപ്പെട്ട ഉണ്ടാക്കിയ മുദ്രയും തമ്മിൽ പൊരുത്തമില്ലാതെ പോയതുകൊണ്ടു കഥ പൊതുവേ വികാരാത്മകമല്ലാതായതാണ് പരാജയത്തിനു കാരണമെന്നു തോന്നുന്നു. ഇതു നടിനടന്മാരുടെ തകരാറുകൊണ്ടുവന്നതല്ല. കോന്നിയൂർ നരേന്ദ്രനാഥിനെ മാറ്റിനിറുത്തിയാൽ മറ്റെല്ലാവരും തങ്ങളുടെ ഭാഗം ശരിക്കു അഭിനയിച്ചെന്നു പറയാൻ വിഷമമില്ല. പിന്നെ എന്തുണ്ടായി? തീക്ഷ്ണമായ ഒരു നിരൂപണമെഴുതാൻ ശ്രമിക്കാതെ ഗ്രന്ഥകാരനോടൊത്തു ഞാനും ഉറച്ചൊന്നു ചിന്തിക്കാൻ മാത്രം ശ്രമിക്കുകയാണ്. ഇതു തികഞ്ഞ സൗഹൃദത്തോടുകൂടിയ ഒരു നിരൂപണമായിമാത്രം ബന്ധപ്പെട്ടവർ കരുതണമെന്നും എനിക്കപേക്ഷയുണ്ട്.

നിഴൽക്കുത്തിന്റെ കഥ വളരെ സംഗ്രഹിച്ചാൽ ഇങ്ങനെ പറയാം: നാടുവിട്ടു വിദേശത്തു പഠിക്കാൻ പോയ ഒരു ചെറുപ്പക്കാരൻ ഡാക്ടറായി വിവാഹിതനായി മടങ്ങി വരുന്നു. ശ്രുപവതിയും സൽഗുണസമ്പന്നയും ശുദ്ധഗതിക്കാരിയുമായ വിലാസിനി (ആറന്മുള പൊന്നമ്മ) യാണ് ഭാര്യ. അവർക്കു ഒരു സഹോദരനുണ്ട്. ബാബു (നരേന്ദ്രനാഥ്) ഈ സഹോദരനും വിലാസിനിയോടൊത്തു നാട്ടിലേക്കു വരുന്നുണ്ട്. നാട്ടിൽ ഡാക്ടർക്കു ഒരുമാന്യനുണ്ടായിരുന്ന അദ്ദേഹം മരിച്ചുപോയി. അദ്ദേഹത്തിനു രണ്ടു പെൺമക്കളുണ്ട്. ഇന്ദിര (പട്ടം സരസ്വതിയും ശിരിജ (രാധാമണിയും). ഇന്ദിര കൂട്ടിക്കാലത്തേ തന്നെ ഡാക്ടറെ സ്നേഹിച്ചിരുന്നു. അവളുടെ മനസ്സിൽ അദ്ദേഹത്തെപ്പറ്റിയുള്ള സ്വപ്നങ്ങളും പൂവണിഞ്ഞു നിന്നിരുന്നു, ഡാക്ടർ വിവാഹിതനായി വന്നതോടെ ആ സ്വപ്നങ്ങളും തകർന്നു തന്റെ സംസ്കാരത്തിനും മാന്യതയ്ക്കും അനുരൂപമല്ലെന്നു അവൾക്കു തന്നെ ബോധ്യമുള്ള ഒരു പ്രതികാരത്തിന്റെ നീർച്ചുഴിയിലാണ് അവൾ ചെന്നു വീഴുന്നതു. തന്നെ ദുഃഖിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്ത വിലാസിനി അല്പമെങ്കിലും ദുഃഖിച്ചുകാണണമെന്നു അവൾ ഡാക്ടറേയും ശിരിജയേയും കൊത്തിണക്കി കഥകളും തെളിവുകളുമുണ്ടാക്കി. ഇതിനിടയിൽ വിലാസിനിയുടെ സഹോദരൻ ബാബു ഒരു ഏടാകൂടത്തിലകപ്പെട്ടു കഴിഞ്ഞിരുന്നു. ഒരു സർക്കസുകാരിയായ ജ്യോതി (കുമാരി) യുമായി അയാൾക്കു ചില്ലറ അടുപ്പമുണ്ട്. അതു ജ്യോതിയെ സംബന്ധിച്ചിടത്തോളം പ്രണയവും ബാബുവിനെ സംബന്ധിച്ചിടത്തോളം വിനോദവുമായിരുന്നു. ബാബു നാട്ടിൽ വന്ന ശിരിജയുമായി പ്രണയബന്ധത്തിലായി ക്കഴിഞ്ഞിരുന്നു. കഥയറിയാത്ത ജ്യോതി ബാബുവുമായി വിവാഹബന്ധത്തിലേർപ്പെടാൻ സാഹസപ്പെട്ടു. പക്ഷെ ബാബു മറ്റൊരുയുവതിയിൽ അനുരക്തനാണെന്നറിയുന്നതോടെ ജ്യോതി തന്റെ ആശതന്നെ ഉപേക്ഷിച്ചു. അവളുടെ രക്ഷകത്വം വളർത്തുന്നതായ ബാബു (ടി. എൻ.) യ്ക്കു വേണ്ടിയല്ലെങ്കിൽ അവൾ ആത്മഹത്യതന്നെ ചെയ്യുമായിരുന്നു. ജ്യോതി ബാബുവിനെ അവസാനമായി കൈവെടിയുന്നതു ഡാക്ടറുടെ സാന്നിദ്ധ്യത്തിലാണ്. ഡാക്ടറോടൊത്തുള്ള അരങ്ങം മറ്റൊരു രീതിയിൽ കാണാൻ വന്ന ശിരിജയുമുണ്ട്. ഡാക്ടറും ബാബുവും ശിരിജയും വീട്ടിലേയ്ക്കു മടങ്ങി. വിലാസിനിക്കു ശിരിജയേയും ഡാക്ടറേയും പറ്റിയുള്ള സംശയവും മൂഢന്യതയിലെത്തിക്കാൻ ഇതിനിടയിൽ ഇന്ദിരയ്ക്കു കഴിഞ്ഞു. വാക്ശരങ്ങൾ കുറേ പാഞ്ഞെങ്കിലും അവസാനം അകാശത്തുനിന്നു മേഘം മാറി. അതു വീട്ടിൽ ഇനിയും തുടരണമെന്നു ഇന്ദിരയ്ക്കു താല്പര്യമുണ്ടായിരുന്നില്ല. അവിടം റോസ്ഗാർഡനിലേയ്ക്കു മാറി. ഏതാനും ദിവസം കഴിഞ്ഞു ശിരിജയും ബാബുവുമായുള്ള വിവാഹം നടന്നു.


ഇതാണു കഥ. ഈ കഥയിൽ ഏറ്റവും ശ്രദ്ധേയമായ വികാരജന്യമായ ഒരു ഭാഗം അഭിനയിക്കാനുള്ളതു ജ്യോതിക്കാണ്. ജ്യോതിയുടെ ത്യാഗം ഹൃദയസ്പർശകമായിതോന്നുകയും ചെയ്യും പരീക്ഷ ജ്യോതി പ്രധാനകഥയിലെ ഒരുപ്രധാന ചില്ലുമാത്രമാണ്. അപ്രധാനമായ ഒരു കഥാപാത്രത്തിനു സ്റ്റേജിൽ സർവ്വപ്രധാനമായ സ്ഥാനം ലഭിക്കുമ്പോൾ പ്രധാനകഥ അവതാളത്തിലാകുന്നു. പ്രധാനകഥയെന്താണ്? ഇന്ദിരയുടെ പ്രതികാരമാണ് പ്രധാനകഥയുടെ ഉദ്ദിഷ്ടം. പ്രതികാരത്തിനു രൂപനമാറ്റങ്ങളൊന്നും ഇന്ദിര തേടുന്നില്ല. ഭർത്താവിനെപ്പറ്റിയ തന്റെ ഭൂതയസഹോദരിയെ പ്രതിക്കൂട്ടിലാക്കി ഒരു ഭാര്യയുടെ സംശയം ജനിപ്പിക്കുന്ന കൊതിനണ വ്യവസ്ഥയാണ് ഇന്ദിര നടത്തുന്നതു. ഇന്ദിരയെപ്പറ്റിയുള്ള സങ്കല്പത്തിൽ അവരും സാധാരണക്കാരിയല്ലതാനും. അസാധാരണത്വമുള്ള ഒരു കഥാപാത്രത്തെക്കൊണ്ടു സാധാരണ രീതിയിലുള്ള ഭർബലതകളും കാണിച്ചുപ്പോൾ ആ കഥാപാത്രത്തിന്റെ വ്യക്തിത്വം തന്നെ ദുർഗ്രാഹ്യമായി ചിലരുടെ ദൃഷ്ടിയിൽ അവരും ഇയാഗോയെപ്പോലെ ഒരു ദുഷ്ടപാത്രം മാത്രമായിപ്പോലും മാറിയതായിപറഞ്ഞു കേട്ട വികാരതീക്ഷ്ണതെ ജ്യോതിയിലേക്കു മാറ്റിയപ്പോൾ ഇന്ദിരയുടെ പ്രതികാരത്തിൽ ഒരു ഫലിതരസം കാണുന്നവരുടെ ഉപബോധ

മുസ്ലീംങ്ങളെ ലീഗിൽ ഉറപ്പിച്ചു നിറുത്തുന്നതിനു അവരുടെ മതവികാരങ്ങളെ ഇക്കിളിക്കൂട്ടുന്നതിനു ലീഗ് നേതാക്കന്മാർ തീരുമാനിച്ചു. അതിനെറ്റവുമായിട്ടാണു പാകിസ്ഥാനിൽ ഒരു മുഷ്യഭരണം നടത്തുന്നതിനുള്ള വ്യവസ്ഥകളും ഭരണഘടനയിൽ കൂട്ടിച്ചേർത്തിരിക്കുന്നതു.

വീണ്ടും കാറൽവിതയ്ക്കുന്നു

പാകിസ്ഥാനെറ നേതാക്കന്മാർ കാറൽവിതച്ചു കൊയ്തിട്ടുള്ളവരാണ് ഇൻഡ്യയിൽ മതവിദ്വേഷം ആളിക്കത്തിക്കുന്നതിനു അവർ ചെയ്ത ശ്രമം ലക്ഷ്യക്കണക്കിനുള്ള നിരപരാധികളുടെ കുരുതിയിലാണ് അവസാനിച്ചതു. അതുകളുടെ വിലയായി അവർക്കു ഒരു രാജ്യം ലഭിക്കുകയുംചെയ്തു. അങ്ങിനെ കിട്ടിയ അധികാരം കയ്യിൽനിന്നു വഴുതിപ്പോകുമെന്ന സംശയമുണ്ടായപ്പോൾ പഴയ അടവു ആവർത്തിക്കുകയാണ്. മുസ്ലീങ്ങളുടെ മതവികാരങ്ങളെ രാഷ്ട്രീയോദ്ദേശങ്ങളോടുകൂട്ടി അവർ വീണ്ടും തട്ടി ഉണർത്തുകയാണ് പാകിസ്ഥാനെറ സാമ്പത്തികമായ ദുർബലതയ്ക്കു കാരണം ഇന്ത്യയാണെന്നും അവിടെ പ്രചരണങ്ങളും നടക്കുന്നുണ്ട്. സാമ്പത്തികക്ലേശങ്ങളും അനുഭവിക്കുന്ന ബഹുലക്ഷം മുസ്ലീങ്ങളുടെ രോഷം പാക്: ഭരണാധിപന്മാരിൽനിന്നു ഇന്ത്യയുടെ നേർക്കു തിരിച്ചു വിടുകയാണു ഈ പ്രചരണങ്ങളിന്റെ ഉദ്ദേശം. ലീഗ് നേതാക്കന്മാർ വീണ്ടും കാറൽ വിതയ്ക്കുകയാണ് വീണ്ടും കൊടുങ്കാറൽ കൊയ്യണമെന്നാക്രോശിയാം.

പത്രാധിപരോട് സംസാരിക്കുക



[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻശ്രമിക്കുന്നു. നിങ്ങൾക്കു ഇഷ്ടമുള്ള കാര്യം ചോദ്യരൂപത്തിൽ പത്രാധിപർക്കു എഴുതുക. കവറിനു മുകളിൽ "ചോദ്യം" എന്നു കാണിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ ചോദ്യത്തിനു അമ്പു രൂപാ സമ്മാനം ലഭിക്കും.
പത്രാധിപർ]

എൻ. നാരായണപ്പിള്ള, കോട്ടയം.

സാധാരണഗതിയിലുള്ള ഒരു മന്ത്രിസഭയ്ക്കും ഒരു കെയർടേക്കർ മന്ത്രിസഭയ്ക്കും തമ്മിൽ എന്തന്തരമാണുള്ളതു്?

നിയമത്തിന്റെ ദൃഷ്ടിയിൽ ഒന്നുമില്ല. പക്ഷെ പ്രയോഗത്തിൽ വലിയ അന്തരമുണ്ടു്. ഇപ്പോഴത്തെ കെയർടേക്കർ മന്ത്രിസഭകൊണ്ടു ഇത്രത്തോളമായ യാതൊരു തീരുമാനവും ഉണ്ടാക്കാറില്ല. വിദേശകാര്യം സംബന്ധിച്ചു് അടിയന്തിരമായി എന്തെങ്കിലും തീരുമാനിക്കേണ്ടിവരികയാണെങ്കിൽ രാജാവു എല്ലാ കക്ഷിനേതാക്കന്മാരെയും വിളിച്ചു ആലോചിക്കുകയോ തീരുമാനം മാറ്റിവയ്ക്കുകയോ ആണു പതിവു്. നിയമസഭയ്ക്കു വിശ്വാസമില്ലാത്ത ഒരു മന്ത്രിസഭ സർവീസു് സംയോജനം തുടങ്ങിയ ഇത്രത്തോളമായ കാര്യങ്ങളിൽ അവസാന തീരുമാനമെടുക്കുക അനൗചിത്യമാണു്

പി. കുട്ടപ്പൻ, കൊല്ലം.

ഇന്നു് മലയാളസാഹിത്യത്തിൽ ചെറുകഥകൾക്കു പഴയപോലെ പ്രാധാന്യം നൽകിക്കാണുന്നില്ല. എന്താണതു്?

നിങ്ങൾ പറയുന്നതു മുഴുവൻ ശരിയാണെന്നു എനിക്കഭിപ്രായമില്ല. എന്നായാലും ചെറുകഥകൾക്കു മാത്രമായി ഒരു മാസിക തുടങ്ങാൻ ഞാൻ തീരുമാനിച്ചു കഴിഞ്ഞു. അതിനു 'കഥാമാലിക' എന്ന പഴയ പേരുതന്നെ കൊടുക്കണമെന്നാണു ഉദ്ദേശിക്കുന്നതു്. പ്രധാന പത്രാധിപരായി തകഴിയെയാണു നിശ്ചയിച്ചിട്ടുള്ളതു്. കൂടുതൽ വിവരങ്ങൾ പിറകെ പ്രസിദ്ധീകരിക്കുന്നതാണു്.

മനസ്സിൽ രൂപംകൊള്ളുന്നതു തരുമില്ല. എന്തായി ഫലം? അതു ജലമാകേണ്ട ആ കഥാപാത്രം ഒടുവും സാധാരണ മന്ഥരമാർക്കായി നിലത്തുവീണു. ഇതിനു രണ്ടു കാരണമുണ്ടു്. ഒന്നു ഭർത്താവുമായി ഭാര്യയെ പിണക്കുന്നതിനു പരസ്ത്രീ സംസർഗ്ഗത്തേക്കാൾ നല്ലമാർഗ്ഗങ്ങൾ കണ്ടുപിടിക്കാമായിരുന്നു. ഹൃദയത്തിൽ തൂടുപിടിപ്പിച്ചു ചിന്താമണ്ഡലത്തിലേക്കു കൊണ്ടുപോകുന്ന ചിന്തയിൽ പൂട്ടണമാക്കി ഹൃദയത്തിലേക്കു കൊണ്ടുവരാമായിരുന്നു. അതിനു കരുവായി സ്വന്തം സഹോദരിയായ ഗിരിജയെ തിരഞ്ഞെടുത്തതോടെ ഇന്ദിരയുടെ വൃക്തിത്വംതന്നെ അപകടത്തിലായി. പരഞ്ഞു വിലാസിനിക്കു ഭ്രാന്തുണ്ടാക്കുകയേക്കാൾ അഭിനയിച്ചു ഭ്രാന്തുണ്ടാക്കാൻ ഇന്ദിരക്കു സാധ്യമല്ലേ? ഞാൻ പറയുന്നതു ആ ഗിരിജയെക്കുടാതെ ഇന്ദിരയ്ക്കു ഇതെല്ലാം തന്നെ വഴങ്ങിക്കൊടുക്കാൻ സാധിക്കുമെന്നാണു്. എന്തുകൊണ്ടു ഗിരിജയ്ക്കു പകരം ആ സ്ഥാനത്തു ഇന്ദിര ആയിക്കൂടാ? അപ്പോൾ ഇന്ദിരയുടെ സ്ഥാനത്തു ആരെ വേണമെന്നല്ലേ? ആരും വേണ്ട. നാടകം കൂടുതൽ സ്നേഹജനകമാകുമായിരുന്നില്ലേ? നാടകത്തിൽ വികാരം ജനിപ്പിക്കുന്ന രണ്ടു കഥാപാത്രങ്ങളുണ്ടു്. ജ്യോതിയും, ഇന്ദിരയും. അവരെ രണ്ടുപേരെയും ഐകാത്മ്യം ചെയ്തതിൽ പറ്റിയ തകരാറാണു് നാടകത്തിന്റെ പൊതുവെയുള്ള തകരാറിനു കാരണമെന്നു തോന്നുന്നു. ഖാബൂ മാത്രമല്ല ഗ്രന്ഥകാരൻപോലും നിസ്സാരമായ ഒരു കരിമ്പിൻ ചണ്ടിപോലെയാണു് ജ്യോതിയെ സ്റ്റേജിൽ നിന്നെടുത്തു ദൂരെക്കളയുന്നതു്. അല്ലെങ്കിലുണ്ടോ ജ്യോതിയുടെ ഹൃദയസ്പർശകമായ തൃഷ്ണം കഴിഞ്ഞ അടുത്ത രംഗത്തിൽ സന്തോഷകരമായ ഒരു പരിസമാപ്തിയായി ഖാബൂവിനെയും ഗിരിജയെയും ഒരു പ്രണയകലഹത്തിൽ കാണിക്കുന്നു? ജ്യോതിയുടെ ശോകാത്മകമായ അന്ത്യം നാടകം തുടങ്ങുമ്പോഴേ പര്യവസായിയാക്കാൻ സൃഷ്ടിച്ചതാണെന്നു തോന്നും. അതുപോലെ തന്നെ ഇന്ദിര ഹൃദയം പൊട്ടി കുറച്ചാരോപണം നടത്തുമ്പോൾ ഹൃദയാലുവായ ഡാക്ടർ മുറിവേറ്റ മാൻകിടാവിനെപ്പോലെ മരിച്ചു ചോദ്യങ്ങളെറിയുന്നതു് ഡാക്ടറെപ്പറ്റി അതുവരെ ഉണ്ടാക്കിയിട്ടുള്ള ധാരണകൾക്കെല്ലാം വിരുദ്ധമാണു്. അവസാന രംഗം കണ്ണുമടച്ചു എടുത്തുകളയേണ്ടതാണെന്നു തോന്നുന്നു.

നാടകത്തിൽ അഭിനയിച്ചവർ പൊതുവെ നന്നായിരുന്നെന്നു പറയാം. റാണി., പട്ടം സരസ്വതിയും, കുമാരിയും, പൊന്നമ്മയും പ്രത്യേക പ്രശംസ അർഹിക്കുന്നു. അതിൽ മുന്നിട്ടു നിൽക്കുന്നതു സരസ്വതിഅമ്മയാണെന്നു പറയാം. നരേന്ദ്രപ്രാഥ് വളരെ മോശമായിപ്പോയി. ഈ രംഗം അദ്ദേഹത്തിനു തിരെപ്പറ്റിയതല്ലെന്നു തോന്നുന്നു.

കെ. എൻ. മന്ദാകിനി, കൊല്ലം

എന്റെ ജീവിതത്തിലെ ആശാദീപം അണഞ്ഞു പോയി. ഞാൻ എന്തുചെയ്യണം?

ആശയുടെ ദീപം അണയാനുള്ളതല്ലെന്നും ഒരു പൊൻകതിർ ഇനിയും കാണാനുള്ളതേ ഉള്ളൂന്നും സമാധാനിക്കുക.

കെ. ബാഹുലേയൻ, തിരുവനന്തപുരം

മനുഷ്യന്റെ മയക്കുമരുന്ന് പതിനേഴോ മധുരപ്പതിനേഴോ?

മധുരപ്പതിനേഴ് പതിനെട്ടും പത്തൊൻപതും അനുപമമാകാം. മതം വയസ്സാകുന്തോറും മയക്കം വരുത്തിക്കുന്ന മയക്കുമരുന്നാണ്. കന്നിന്റെ അപകടം ക്ഷണികമാണ് മറേറതു് ജീവിതത്തെ അകമാനംതന്നെ ശാശ്വതമായി ഗ്രസിക്കാൻ പറ്റുന്നതാണ്

കെ. വി. ഉമ്മർ.

പ്രശാന്തമായ നിശീഥിനിയിൽ കാമുകീകാമുകന്മാർ പ്രേമലീലയിൽ മുഴുകുമ്പോൾ വൃക്ഷങ്ങളുടെ ഇടയിലൂടെ ചന്ദ്രിക ഇറങ്ങിവരുന്നതു് എന്തിനാണ്. അസൂയകൊണ്ടാണോ?

ഇരുട്ടുകൊണ്ട് മാത്രം അയ്യേരുതു് എന്നവരെ മരിപ്പിക്കാനായിരിക്കാം.

ആർ. വിശ്വംഭരൻ, തൈക്കാട്ട്.

ഇടതുപക്ഷമന്ത്രിസഭ രൂപീകരിക്കാൻ അനുവദിക്കാത്ത സ്ഥിതിക്ക് ഇലക്ഷനുശേഷം കാൺഗ്രസ്സിനു ഭൂരിപക്ഷം കിട്ടാതിരുന്നാൽ കാൺഗ്രസ്സ് ജയിക്കുന്നതുവരെ വീണ്ടും ഇലക്ഷൻ വയ്ക്കുമോ അതോ ഇടതുപക്ഷത്തെ അനുവദിക്കുമോ? അതോ ഈ മന്ത്രിസഭതന്നെ ഭരിക്കുമോ? ഈ സംശയം ഒന്നു മാറിത്തന്നാൽ കൊള്ളാം.

ഇന്നത്തെ കാൺഗ്രസ്സിന്റെ വാഭാഗതിവച്ചു നോക്കുമ്പോൾ കാൺഗ്രസ്സിനോ കാൺഗ്രസ്സിനെതിരായ ഏതെങ്കിലുമൊരു പ്രതിപക്ഷത്തിനോ വ്യക്തമായ ഭൂരിപക്ഷം കിട്ടിയില്ലെങ്കിൽ അവർ അയുതന്നെ ചെയ്യേണ്ടിവരുമെന്നാണ് തോന്നുന്നതു്. രണ്ടു പാർട്ടി സമ്പ്രദായം വളരെയേറെ വികസിച്ചിട്ടില്ലാത്ത രാജ്യങ്ങളിൽ ഭൂരിപക്ഷമുള്ള ഒരു പാർട്ടി വേണമെന്നു പറയുക ഒരു തരം ഉച്ചക്കിറക്കാണ്.

ജി. രത്നകുമാരി, കായിക്കര

ഒരു അദ്ധ്യാപകൻ പഠിപ്പിക്കുന്ന പെൺകുട്ടിയെ ആ അദ്ധ്യാപകനു വിവാഹം കഴിക്കാമെങ്കിൽ വേറൊരു അദ്ധ്യാപിക പഠിപ്പിക്കുന്ന ഒരു ആൺകുട്ടിക്കു് ആ അദ്ധ്യാപികയെ വിവാഹം കഴിച്ചുകൂടെയാ?

എവിടെയാണ് ഈ പ്രശ്നം ഉണ്ടായിരിക്കുന്നതെന്നറിയിക്കുക. ഇക്കാര്യത്തിലൊന്നും പൊതുതത്വം നോക്കേണ്ട ആവശ്യമില്ല.

എൻ. വിദ്യാധരൻ, മാത്തൂണ്ഡം.

15-10-53-ാം ലക്കം നാനാപഥത്തിൽ മാത്തൂണ്ഡം ചെല്ലപ്പൻ സ്ഥലത്തെ ഒരു പ്രധാന ദിവ്യനാണെന്ന (ഷേക്സ്പിയറിന്റെ ഭാഷയിൽ) അഭിപ്രായപ്പെട്ടിരിക്കുന്നു. തുടക്കം സുപരിചിതനാണെല്ലാം. പി. ചെല്ലപ്പൻ എന്നുള്ള മുഖമില്ലാത്തെ എന്തിനെങ്കിലുമുണ്ടോ ദിവ്യൻ? സ്ഥലത്തെ പ്രധാന ദിവ്യനായതു് ഈ സമീപഭാവിയിലെങ്കിലും മറേറാരു ഭൂതമോ!

ഉള്ളതിനേക്കാൾ കൂട്ടുതൽ പ്രായംതോന്നിപ്പിക്കുന്ന ഒരു കൊച്ചുഫയൽവാനാണ് ഈ ചെല്ലപ്പൻ എന്നതിൽ വൃത്യാസവുമുണ്ട്. ഇങ്ങനെയൊരു മനുഷ്യൻ ഒരു പ്രദേശത്തു മുഴുവൻ അറിയപ്പെടുന്നവനാകുന്നതിൽ വലിയ അത്ഭുതമില്ല പക്ഷെ ആ പ്രദേശവും കുഴിഞ്ഞു് ആ മനുഷ്യൻ അറിയപ്പെടുന്നവനാകുമ്പോഴാണ് ദിവ്യത്വം വന്നു ഭവിക്കുന്നതു്. അതിനിശിതമായി സുന്ദരകലകളെ വിമർശിക്കുവാനും വികാരവായ്പോടെ അവ ആസ്വദിക്കുവാനും ഈ ഗ്രന്ഥകാരനു കഴിവുണ്ട്. അദ്ദേഹത്തിന്റെ സ്വന്തമായ ശൈലിയും ഏതൊരു കലാകാരനും അഭിമാനിക്കാവുന്നിടത്തോളം വിപുലമാണ്. എനിക്കു തോന്നുന്നതു് അവിടെനിന്നു് തട്ടിക്കൊണ്ടുപോകുന്ന വിലയേറിയ ചില പുസ്തകങ്ങളും മടക്കിക്കൊടുക്കാതിരിക്കാൻ ശ്രീകണ്ഠൻ നൽകിയ കൈക്കൂലിയാണ് ഈ 'ദിവ്യൻ' ബഹുമതി

വി. എൻ. ഭാസ്കരൻ, കടക്കര

സോവിയറ്റുറഷ്യയിൽ മദ്യമുണ്ടോ? ഉണ്ടെങ്കിൽ എങ്ങിനെ വിതരണംചെയ്യുന്നു?

സോവിയറ്റുറഷ്യയിൽ വളരെ വിപുലമായ പ്രചാരത്തിലിരുന്ന വോഡ്ക്കാ നമ്മുടെ നാടൻപട്ടയുടെ റഷ്യൻ പതിപ്പാണെന്നാണ് അറിവു്. അതിലധികരമായ തണുപ്പുള്ള സോവിയറ്റുറഷ്യപോലുള്ള ഒരു രാജ്യത്തു് മദ്യനിരോധനം അസാധ്യവും അനാവശ്യവുമാണ്.

കെ. ജയദേവൻ, കുണ്ടറ

രാമായണത്തെ അടിസ്ഥാനമാക്കി രാവണൻ ദുഷ്ടനാ? ശിഷ്ടനാ?

സ്വന്തം സഹോദരിയുടെ മൂക്കും മുലയും അരിഞ്ഞുകളഞ്ഞ ആളുകളോടു് ഒരു സഹോദരനു വിരോധവും ശത്രുതാഭാവവും തോന്നുന്നതിൽ അത്ഭുതമില്ല. അതിനുപരീകരിക്കേണ്ട മാർഗ്ഗം അവരുടെ ഭാര്യമാരെ മോഷ്ടിച്ചുകൊണ്ടുപോകലാണോ എന്നുള്ളതു് മറെറാരു പ്രശ്നമാണ്, മോഷ്ടിച്ച രീതിയെ മാറിയിച്ചാൽ ജാൺസാറിന്റെ ഭാഷയിൽ പറഞ്ഞാൽ രാവണൻ ഡിസൻറ്റായാണ് സീതയോടു പെരുമാറിയതു്. മൂക്കും മുലയും ശിക്ഷിച്ചെടുത്തിയതായി രാമായണത്തിലില്ലെന്നാണോർമ്മ.

ക്ലിറസ് പി. എം. എറണാകുളം.

കെ. ബാലകൃഷ്ണൻ കെ. ബാലകൃഷ്ണനായിത്തീരുന്നതെപ്പോഴാണ്?

ഇത്തരം ചോദ്യങ്ങൾ കാണുമ്പോൾ

എസ്സ്. എസ്സ്. പോറ്റി, നെടുങ്ങോട്ട്.

രണ്ടു വ്യക്തികൾതമ്മിൽ ഒട്ടിയാൽ അതു വിട്ടൽ ഇളകുമോ?

ഒരു സിനിമയിൽ ഒരു പാട്ടിൽ ഇങ്ങിനെയൊരു പ്രയോഗം ഞാനും കേട്ടു. വകതിരിവില്ലായ്മയുടെ ഭാവനാശൂന്യതയായി അതു വരികയും ഞാനപ്പോഴും ഓർക്കാറുണ്ട്. അതുയേറെ സുന്ദരമായ ഒരു വികാരത്തെ പ്രതിപാദിക്കാൻ തിരഞ്ഞെടുത്ത ആ പ്രയോഗത്തിലുണ്ട്.

എസ്. ജാസ്മിൻ, തൃശ്ശൂർ.

ഞാൻ നിങ്ങളെ ആത്മാർത്ഥമായി സ്നേഹിക്കുകയാണെങ്കിൽ നിങ്ങളെന്നെ നിരാശപ്പെടുത്തുമോ?

ഓമനേ! ജാസ്മിനാ! ഞാനെന്തുവേണം?

രാധാമാധവൻ, എറണാകുളം.

ഞങ്ങളുടെ സ്വന്തം ഉഷാചേച്ചിയെ ഞങ്ങൾക്കെന്നു തിരിച്ചുകിട്ടും?

തകരാവ് എന്റേതല്ല. ഈ ചോദ്യം സലീമിനോടും റോമിയോയോടും ഞാൻ ചോദിക്കാം. അവർക്ക് മറുപടി പറയാറാകുമ്പോൾ ഉഷാചേച്ചി തിരിച്ചുവരും.

ലീലാമാധവൻ, എറണാകുളം

ജ്യോതിയുടെ യഥാർത്ഥനാമവും സി. എൻ. ശ്രീകണ്ഠൻനായരുടെ സ്വപ്നസാമ്രാജ്യത്തിന്റെ അധിനായികയുടെ പേരും കുറച്ചുദിവസത്തേക്കെങ്കിലും നിന്നും ഒരു പരമരഹസ്യമെന്നോണം മറച്ചുപിടിക്കുന്ന പത്രാധിപർക്ക് കുറെ അധികം പേർക്ക് ഇതിന്റെ സത്യം അറിയാമെന്ന വസ്തുത അറിയാമോ?

അറിയാം. അതുകൊണ്ടു ഞാനെന്തുവേണമെന്നാണ് പറയുന്നതു? ഒരു കാര്യം ഞാൻ പറയാം. ജ്യോതി ആരാണെന്നു നിങ്ങൾക്കറിഞ്ഞുകൂടാ.

സി. എം. ചാക്കോ,

മാർക്സിസത്തിന്റെയും, എംഗൽസിന്റെയും ഭാവനയിൽ ദർശിച്ച സമുദായസംഘടനയാണോ ഇന്നത്തെ റഷ്യയിൽ നിലനിൽക്കുന്നതു?

മാർക്സും എംഗൽസും ഒരു സമുദായസംഘടനയിലേക്കുള്ള മാർഗ്ഗങ്ങളെല്ലാതെ ആ സംഘടന ഭാവന ചെയ്തിരുന്നോ എന്നതിനു സംശയമാണ്. അക്കാര്യത്തിൽ ചിന്താപരമായും ക്രിയാത്മകമായും കൂടുതൽ സംഭാവനകൾ നൽകിയിട്ടുള്ളതു ലെനിനാണ്. ഇന്നു സോവിയറ്റുറഷ്യയിൽ നിലവിലിരിക്കുന്ന സാമ്പത്തിക ക്രമത്തിനു് ആ ഭാവനയുമായി വളരെ അടുത്ത ബന്ധമുണ്ട്.

കെ. നയുമോൾ, തേവലക്കര.

എന്റെവീട്ടിൽ ഒരു കൊച്ചുകുഞ്ഞുണ്ട് അവളുടെ പേരു ഉഷ എന്നാണു്. കുറച്ചു നാളുകളായി അവളെ ചേച്ചി എന്നുകൂടി ചേർത്തുവിളിക്കാത്തതിൽ പരിഭവമാണു്. ഇപ്പോൾ അതു ഒരു നിർബന്ധമായിത്തീർന്നിരിക്കുന്നു. എന്താണു വേണ്ടതു്? ആരാണു കാരണക്കാർ?

പ്രായം കുറച്ചുകൂടി ആകുമ്പോൾ അങ്ങനെ വിളിക്കുന്നതിനെതിരായി പ്രക്ഷോഭണം തുടങ്ങും. കഥ അറിയാത്ത കാലത്തെങ്കിലും ആ കൂട്ടി വിളികേട്ടു് ഒന്നു സന്തോഷിക്കാൻ അവസരമുണ്ടാക്കണം.

പി. വി. കുഞ്ഞുകുഞ്ഞു്, കുമരകം.

എസ്. എൻ. ഡി. പി. നേതാക്കന്മാർ എസ്. എൻ. ഡി. പി. പ്ലാറ്റ്ഫോമുകളിൽ നിന്നുകൊണ്ടു വിവിധ രാഷ്ട്രീയം പ്രസംഗിക്കുന്നതിൽ ഖാലേട്ടന്റെ അഭിപ്രായമെന്തു്?

എസ്. എൻ. ഡി. പി. യോഗം രാഷ്ട്രീയം ഉപേക്ഷിച്ചുകൊ

കാളറാ

ഭയപ്പെടേണ്ട!

സംഭ്രമജനകമായ ഈ ആപത്ഘട്ടത്തിൽ ഞങ്ങളുടെ ഒരു ഔൺസ് വിഷൂചികാരിഷ്ടം നിങ്ങളുടെ ജീവനെ രക്ഷിക്കുന്നു

കുടുംബരക്ഷക്കായി ഓരോകുപ്പി ഉടനെ ഗൃഹങ്ങളിൽ സൂക്ഷിക്കുക

4 ഔൺസ് കുപ്പി 1-ന വില 2 രൂപാമാത്രം

അമൃതപ്രദായിനി വൈദ്യശാല H O. ആറാങ്കൽ

KSC ബ്രാഞ്ചു്: തിരുവനന്തപുരം (റെയിൽവേസ്റ്റേഷൻ റോഡു്)

N. B. വി. പി. ഏർപ്പാടു ഫ്രീ ആഫീസിൽമാത്രം

ണ്ട് പാസാക്കിയ പ്രമേയത്തിൽ സ്ഥിതിസമത്വാധിഷ്ഠിത മായ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയാണ് ഇഴവരുടെ രാഷ്ട്രീയ ലക്ഷ്യത്തിന്റെ മോക്ഷമാർഗ്ഗമെന്നും വിവേകമുള്ള ഒരു വാചകം എഴുതിയിട്ടുണ്ട്. അതിനു് കാൺഗ്രസ്സിൽ ചേരണമെന്നും ആ പ്രമേയത്തിലുണ്ട്". കാൺഗ്രസ്സിൽ ചേർന്നു് ഇങ്ങനെയൊരു വ്യവസ്ഥിതി ഇന്ത്യയിൽ ഉണ്ടാക്കാമെന്നു് ആർക്കും വ്യാമോഹമുണ്ടാകയില്ല. അപ്പോൾ ഇഴവന്റെ രാഷ്ട്രീയം യോഗത്തിന്റെ ചരട്ടുവലിയിലുള്ളതെ രാഷ്ട്രീയ പാർട്ടികളുടെ ചരട്ടുവലിക്കു് വിട്ടുകൊടുക്കുകയാണു് സത്യസന്ധത. യോഗം പ്രസിഡന്റും സെക്രട്ടറിയും സാമൂഹ്യരാഷ്ട്രീയകാര്യങ്ങളിൽ ഇടപെടരുതെന്ന പ്രമേയം പാസ്സാക്കുക യോഗത്തിന്റെ രക്ഷയ്ക്കു് അത്യാവശ്യമാണെന്നാണു് എനിക്കും തോന്നുന്നതു്.

ധർമ്മപ്രിയൻ വി. തുലാപ്പള്ളി

'ശരീരംമുഴുവനും ആച്ഛാദനംചെയ്യുന്ന യുവതി ചെണ്ടു് ഇപ്പോൾ ആക്ഷേപാർഹയായി വന്നിരിക്കുന്നതു്', വ്യാഖ്യാനിക്കുന്നതെങ്ങനെ?

ശരീരംമുഴുവൻ ആച്ഛാദനംചെയ്യുന്ന യുവതി ആക്ഷേപാർഹതന്നെയാണു്. അവരെയാണു് ശ്ലോകാസ്ത്രീകം എന്നു വിളിക്കുന്നതു്.

നിവാസങ്കുട്ടി, വടക്കാഞ്ചേരി.

ഒരു പ്രളയംവന്നു് ഭൂമിയിലുള്ള മനുഷ്യരെല്ലാം നശിക്കുകയും ഒരാളും അയാളുടെ സഹോദരിയും മാത്രം അവശേഷിക്കുകയും ചെയ്യുന്നുവെന്നു വിചാരിക്കുക. അനന്തരസംവേദങ്ങളെങ്ങനെയുള്ളവയായിരിക്കും?

നിങ്ങൾക്കു് മറ്റൊന്നും ചിന്തിക്കാൻ ഇല്ലാതെ പോയല്ലോ എന്നു് ആത്മാർത്ഥമായിത്തന്നെ ഞാൻ ഖേദിക്കുന്നു. ഈ ചോദ്യത്തിനു് എന്നെ സംബന്ധിച്ചിടത്തോളമുള്ള ഉത്തരം നിങ്ങളെ സംബന്ധിച്ചിടത്തോളം ശരിയായിരിക്കുമോ എന്നു് ഭയമുള്ളതുകൊണ്ടു് ഞാൻ മറുപടി പറയുന്നില്ല.

കെ. സുന്ദരേശൻ, ചവറ.

നിങ്ങളുടെ നിറമില്ലാത്ത മാരിവില്ലിനെപ്പറ്റി കെ. സുരേന്ദ്രൻ എഴുതിയിരുന്ന പ്രശസ്തമായ അപഗ്രഥനത്തെപ്പറ്റി ഒന്നും പറയാത്തതു് സുരേന്ദ്രൻ വിമർശകനായതുകൊണ്ടാണോ?

സാഹിത്യജീവിതത്തിൽ ആദ്യമായി എനിക്കു് ലഭിച്ച നേരിയ അംഗീകാരമാണു് സുരേന്ദ്രന്റെ ലേഖനം. ആ മാരുമാതേടെ പടത്തലവനു് ഞാൻ മറുപടി പറയുന്നതുണ്ടു്.

രാമകൃഷ്ണൻനായർ, ചിറയിൻകീഴു്

നിങ്ങളോടു് എന്തോ ചോദിക്കുവാനുണ്ടു്...വരിക്കുകയും പുറത്തുവരുന്നില്ല കൈ മുമ്പോട്ടുപോകുന്നില്ല. ഹൃദയം വിങ്ങിപ്പൊട്ടുന്നു. എന്റെ ചോദ്യത്തിന്റെ ഉത്തരം പറയൂ?

എന്നോടല്ല ചോദിക്കാനുള്ളതു്. ആരോടാണു് ചോദിക്കേണ്ടതെന്നു് പറയാതിരിക്കാനുള്ള പരിശ്രമത്തിന്റെ വിങ്ങിഷ്ടമാണു് ഹൃദയത്തെ ശ്വാസംമുട്ടിക്കുന്നതു്. ഭവതിയുടെ എന്റെ പത്രത്തിന്റെ സ്ഥലവും തപാൽക്കൂലിയും കളയാതെ നോട്ടുചെന്നു കാര്യം പറയൂ.

ജി. വിവേകാനന്ദൻ, കുറവിലങ്ങാടു്.

സൂര്യരശ്മികൾക്കപ്രാപ്യമായ ചന്ദ്രന്റെ ശീതളകിരണങ്ങൾക്കു് വീരന്മാരുടെ കണ്ണുകളിൽ പ്രതിബിംബിച്ചു് മാരിവില്ലു് നിർമ്മിക്കാൻ സാധ്യമാണോ?

കുറച്ചുകൂടി കടന്നു് ചിന്തിച്ചു ഏതു ക്ഷണികമാണു് മാരിവില്ലിന്റെ മനോഹാരിത. മാരിവില്ലു് മനോഹാരിത തുടങ്ങുമ്പോൾ ഏതുപേക്ഷിച്ചാണു് വീരന്മാരുടെ കണ്ണുകളിലേയ്ക്കു് നോക്കി ക്ഷണികമായ ആ പ്രഭാപ്രസരം ആസ്വദിക്കാൻ കഴിയുക. ലോകത്തിന്റെ പുരോഗമനത്തിനു് ചലനത്തിന്റെ വേഗത കുറയുമ്പോൾ നിരന്തനിർമ്മലമായ അകാശത്തിൽ കലർന്നുയുടെ പുഞ്ചിരിയുമായി പ്രകാശിച്ചുകൊണ്ടിരുന്ന ചന്ദ്രബിംബം വാഴിക്കുന്ന ജീവിതത്തിലേയ്ക്കു് ഹൃദയത്തിന്റെ സന്ദേശവുമായി മടങ്ങിത്തുടങ്ങുന്ന നീർച്ചാലാണു്. ക്ഷണികമായ പ്രകാശത്തിന്റെ മാസ്മരശക്തിയുള്ള ആകർഷണത്തെപ്പറ്റി ചിന്തിച്ചു് മനസ്സിനു വിഭ്രാന്തി ഉണ്ടാക്കാതിരിക്കുക.

ററ്റി. വി. ഗംഗാധരൻ.

താങ്കളെയും ശ്രീ. കെ. സുകുമാരനെയും നിശിതമായി വിമർശിക്കുകയും അസഭ്യങ്ങൾ പറയുകയും ചെയ്തതിനുശേഷവു് സ്വാഗതത്തിന്റെ പേരിൽ താങ്കൾ എന്തുകൊണ്ടു് മാനനഷ്ടക്കേസിനു പോയില്ല?

എന്റെ മനസ്സു നഷ്ടപ്പെടുത്താൻ ആ മനുഷ്യനു് കഴിയുമെന്നു് എനിക്കു തോന്നാത്തതുകൊണ്ടു്?

എൻ. ദാസി, കൊല്ലം.

നിങ്ങളെ പരിചയമില്ലാത്ത ഒരു സ്ഥലത്തു് ചെന്നാൽ അവിടത്തെ അളുകളുമായുള്ള സംഭാഷണമദ്ധ്യേ നിങ്ങളൊരു സാഹിത്യകാരനാണെന്നു് എങ്ങനെയെങ്കിലും തെളിയിച്ചുകൊടുക്കുമോ?

ഇങ്ങനെ തെളിയിക്കാതിരുന്നാൽ വരുന്ന ആപത്തെന്താണെന്നാണു് എനിക്കു മനസ്സിലാകാത്തതു്. സാഹിത്യകാരനെന്നു് തെളിയിക്കാനായി സംസാരിക്കുന്നവൻ ഒരിക്കലും സാഹിത്യകാരനായിരിക്കയില്ല.

പി. കെ. ദിവാകരൻ, ജഗതി.

ഭ്രാന്തനയജ്ഞത്തെക്കുറിച്ചു് താങ്കളുടെ അഭിപ്രായമെന്തു്?

ഭ്രാന്തനയജ്ഞം ഒരു തരം റോബർട്ട് ഓവൻസിദ്ധാന്തമാണു്. സാമ്പത്തികപ്രശ്നങ്ങളും മനസ്സിലായമായി അപഗ്രഥിച്ചു് പരിഹാരമാർഗ്ഗങ്ങളും കണ്ടുപിടിച്ചുകൊടുത്തിരുന്ന ഒരു ലോകത്തു ഭ്രാന്തനയജ്ഞം ഒരു കാലം കഴിഞ്ഞുപോയ ഏടുകളാണു്.

സമ്മാനം

ഈ ആഴ്ചയിലെ സമ്മാനം ജി. വിവേകാനന്ദൻ, കുറവിലങ്ങാടിനു നൽകുന്നു.

ചെറുകഥ

'പതിനാലു് തീൻ'



(ജീ. വിവേകാനന്ദൻ)

ലോകം മുഴുവൻ ശബ്ദശൂന്യമായി, തണുത്തു് മരവിച്ചു ഒരു പ്രേതത്തെപ്പോലെ അങ്ങനെ നീണ്ടുനിവർന്നു കിടന്നപ്പോഴും, അവിടമാകമാനം ഉണർന്നിരിക്കുകയായിരുന്നു. താരങ്ങൾ തളർന്നുറങ്ങുന്നതുവരെ—അമ്പിളി വിളറി വെളുക്കുന്നതുവരെ ഒരേയിരുപ്പിൽ.

ചുറ്റും വരിവരിയായി നിരന്നു് കിടക്കുന്ന രോഗികൾ, ചിലർ കമ്പിളിയിൽ പൊതിഞ്ഞു്. മറ്റു ചിലർ പുതച്ചിരുന്ന വസ്ത്രങ്ങളെല്ലാം ബോധമില്ലാതെ പറിച്ചെറിഞ്ഞിട്ടു് നഗ്നരായി. ചിലരെ ചുറ്റിയിരുത്തിയിട്ടുണ്ടു്. തളർന്നടയുന്ന കൺപോളകൾക്കിടയിലൂടെ ജീവിതത്തെ അവസാനത്തോടെ നോക്കിക്കൊണ്ടു്, അവർ അങ്ങനെ പതച്ചു് പതച്ചു് ജീവിക്കുകയാണു്. അവരിൽ മരണത്തിന്റെ പിടിക്കമ്പിന്റെ ചേതന മൂർച്ചിച്ചുപോയവരുണ്ടു്. മരിച്ചുകഴിഞ്ഞവരുണ്ടു്. മരിക്കാൻ പോകുന്നവരും മരിച്ചുകൊണ്ടിരിക്കുന്നവരുമുണ്ടു് ചില കട്ടിലുകളിൽ അറിഞ്ഞറിഞ്ഞു പ്രേതങ്ങൾ കണ്ണുരുമ്മിമിനെ നോക്കിക്കൊണ്ടു്, പകുതി പറഞ്ഞ വാചകങ്ങളുമായി വായപൊളിച്ചു് അങ്ങനെ വീർത്തുതടിച്ചു് കിടപ്പുണ്ടു്. അകപ്പുടെ ആ മുറിക്കകത്തു് മരണം തളംകെട്ടി നിൽക്കുകയാണു്.

പിന്നെ അപൂർവ്വം ചിലരുണ്ടു്, മരണത്തിന്റെ കാരിരുമ്പിഴികൾ തുടർന്നു് ജീവിതത്തിന്റെ നാളിലേയ്ക്കു് മടിച്ചുമടിച്ചു് രക്ഷപ്പെട്ടവർ. നീണ്ടുനീണ്ട ഞരക്കങ്ങൾ. മുടലുകൾ, ജീവിക്കാനുള്ള ആഗ്രഹം നിറഞ്ഞ അലർച്ചകൾ. തളരുന്ന ജീവന്റെ തേങ്ങലുകൾ. അങ്ങനെ മനുഷ്യന്റെ എല്ലാ വേദനകളുടേയും നനവുള്ള ശബ്ദങ്ങൾ.

ജീവിതവും മരണവും തമ്മിൽ തലനാരിഴ കീറുന്നവാദമാണിവിടെ

എന്തൊരു ദുർഗ്ഗന്ധമാണെന്നോ അതിനകത്തു്? മനുഷ്യശരീരത്തിന്റെ കേട്ടപാറിയ ഭാഗങ്ങൾ അഴുകിച്ചീഞ്ഞു്, അതിൽ നിന്നും വമിക്കുന്ന ഗന്ധമാണതു്.

ഒരു ചുടുകാടുകാക്കുന്ന കാവൽക്കാരിയെപ്പോലെ ആ പ്രേതങ്ങളുടെ ലോകത്തു് അവൾ അങ്ങനെ മിഴിച്ചിരിക്കും.

അവൾക്കു് പലതും ഓർമ്മിക്കുവാനുണ്ടു്. എല്ലാം വേദനിപ്പിക്കുന്ന ഓർമ്മകൾ. സംഭവബഹുലമായ കുറെ വർഷങ്ങൾക്കകത്തു് അവൾകണ്ടതൊക്കെ കണ്ണീരും കരിനിഴലുകളുമായിരുന്നു. കേട്ടതൊക്കെ ജീവന്റെ വേദനയുളവുന്ന സ്വരങ്ങളും.

ആ ശപിക്കപ്പെട്ട ദിവസം അവൾക്കു് ഇന്നും ഓർമ്മയുണ്ടു്. അവളുടെ ജീവിതത്തിൽ അതിപ്രധാനമായ ഒരു സംഭവം നടന്ന ദിവസമാണതു്. അന്നു് അതു് സംഭവിച്ചില്ലായിരുന്നുവെങ്കിൽ, ഇന്നവൾ മറ്റൊന്നോ ആകെ ആകുമായിരുന്നു. ഒരു ഭാര്യയോ, അമ്മയോ ആകുമായിരുന്നു.

അന്നു് ആദ്യമായി അവൾ ആ കൊച്ചുഗ്രാമത്തിനു് പുറത്തുള്ള ലോകം കാണുകയാണു്. അച്ഛനുമൊത്തു് വളരെ ദൂരം യാത്രചെയ്തു് അവൾ ആ പട്ടണത്തിലെത്തി. ഒരു പുതിയ ലോകം കാണുന്ന വിസ്മയത്തോടെ അവിടുള്ള എല്ലാം കണ്ടു.

കഷ്ടിച്ചു് പന്ത്രണ്ടുവയസ്സുള്ള ഒരു ശുദ്ധഗ്രാമീണകന്യക മാറത്തു് തരംഗമാട്ടകളുരിപ്പിച്ചു കൊണ്ടു് യൗവ്വനം കിക്കിളിക്കൂട്ടാൻ തുടങ്ങുന്ന പ്രായം. ഭൂതവും ഭാവിയും വർത്തമാനവും കൺമുമ്പിൽ കൈകോർത്തു്നിന്നു് നൃത്തംചവുട്ടുന്ന കാലമാണതു്.

അച്ഛന്റെ വിരൽത്തുമ്പിൽ തൂങ്ങിപ്പിടിച്ചു് കോവണികയറി അവൾ ഒരു ഉയരത്തിൽ കെട്ടിടത്തിന്റെ മുകളിലെത്തി. ചേര ചത്തു് നാറുന്നതുപോലുള്ള നാറ്റം. അതോടൊപ്പം ഇളച്ചുകയറുന്ന ഏതോ മരുന്നിന്റെ ഗന്ധവും. അതൊന്നും കൂട്ടാക്കാതെ എതാനുംപേർ ആ വരാന്തയിൽ അങ്ങിങ്ങായി ഇരുന്നു് ഭക്ഷണം കഴിക്കുന്നുണ്ടു്. ജീവിക്കാൻ വേണ്ടിയല്ല. മരിക്കാതിരിക്കാൻ. ഉറക്കച്ചുവടും തീക്ഷ്ണമായ ജീവിതശ്രദ്ധയും അവരുടെയെല്ലാം മുഖത്തു് വ്യക്തമായി കാണാം

അന്നാദ്യമായി അവൾ ഒരാളു പത്രി കാണുകയാണു്. മരുന്നിന്റേയും, മനുഷ്യശരീരത്തിന്റേയും ദുർഗ്ഗന്ധമുള്ള അവിടത്തെ കനമുള്ള വായുവിൽ ജീവിതം അങ്ങനെ തലനാരിഴയിൽ തൂങ്ങിനിൽക്കുകയാണു്.

ആ വിശാലമായ മുറിയുടെ ഒരറ്റത്തു് അവളുടെ അമ്മയും കിടപ്പുണ്ടു്. ആവേശത്തോടെ അവൾ ആ കട്ടിലിനടുത്തേയ്ക്കു് ഓടി. അതിനോടു് ചേർന്നുനിന്നു. അവർ ഉറക്കമാണു്. തളർവീണുള്ള ഉറക്കം. പതറുന്ന കണ്ണുകളിലൂടെ സ്നേഹമൂറുന്ന സ്വരത്തിൽ അവൾ വിളിച്ചു:—

"അമ്മേ! എന്റെയമ്മേ!"

ഹൃദയത്തിന്റെ ഭാഷയാണതു്. ആ ഭാഷ ഏതൊരമ്മയുടേയും ക്ഷീണിച്ച ചേതനയിൽ അമൃതം വർഷിക്കും

അവർ സാവധാനം കണ്ണുതുറന്നു് നോക്കി മുഖത്തു് പെട്ടെന്നു് ഏതൊക്കെയോ വികാരങ്ങൾ തിരക്കിട്ടു പായുകയായി. ഒരമ്മയുടെ മാതൃത്വശൂന്യമായ ആ മാറിപ്പുകർച്ചയുടെ അർത്ഥം ഉൾഗ്രഹിക്കാനാവു.

അവരുടെ വിറയാർന്ന കരങ്ങൾ അവളെ ചുറ്റിപ്പിണഞ്ഞു ആ ശുഷ്കിച്ച ശരീരത്തോടു് അവൾ ഒട്ടിപ്പിടിച്ചു് അങ്ങിനെ നിന്നു. അതൊരു അനുഭൂതിയായിരുന്നു. നിർവ്വചിക്കുവാൻ കഴിയാത്ത നിർവൃതി.

ഹൃദയത്തിനകത്തു് സങ്കടം വീർപ്പിട്ടു നിന്നു. എത്രതന്നെ ശ്രമിച്ചിട്ടും അതു് അവൾക്കു് ഒതുക്കുവാൻ കഴിഞ്ഞില്ല. ഒരു പിഞ്ചുകുഞ്ഞിനെപ്പോലെ കണ്ണുപൊത്തി അവൾ ഏങ്ങിയേങ്ങിക്കരഞ്ഞു.

"ഒന്നുമില്ല മോളേ! മോളു് കരയാതെ. നമുക്കു് നാളെ വീട്ടിൽ പോകാം." മകളുടെ കണ്ണുകളിൽ ആർദ്രമായി നോക്കിക്കൊണ്ടു് അവർ വളരെപ്പണിപ്പെട്ടു് അതും പറഞ്ഞു. ആ കണ്ണുകൾ വീണ്ടും ഒരു മയക്കത്തിൽപ്പെട്ടു ക്ഷീണിയടഞ്ഞു.

അവർക്കാശ്വാസമായി അമ്മ പറഞ്ഞു "നാളെപോകാ"മെന്നു്.

പെട്ടെന്നു് പുറകിൽ നിന്നു് ഒരു പരുത്തശബ്ദം "ഇങ്ങോട്ടു താഴെയിറങ്ങിയിരിക്കുകയാണു് അതിന്റെ പുറത്താണം ചാടിക്കയറണ്ട. മര്യാദയ്ക്കു് താഴെ നിന്നാൽ മതി" അവൾതെട്ടിപ്പോയി അവിടത്തെ ഡ്യൂട്ടി നേഴ്സിന്റെ ആജ്ഞയാണതു്. അവളുടെ കരങ്ങൾ കൈത്തണ്ടയിൽ തൂക്കിത്താഴെയിട്ടിട്ടു് ഉറപ്പിച്ചുനോക്കിക്കൊണ്ടു അവർ കടന്നു പോയി.

ആ സ്ത്രീയെ വെറുപ്പോടും തെല്ലൊരു ഭയത്തോടും അവൾ സൂക്ഷിച്ചു. ഒരു വെളുത്ത കുപ്പായം ധരിച്ചിട്ടുണ്ടു്. തടിച്ചു കൊഴുത്ത ശരീരം. ആ വെളുത്ത കുപ്പായത്തിനകത്തു് മൂത്തു മുരടിച്ചയൗവ്വനം ഞെങ്ങി ഞെരുങ്ങി ശ്വാസം മുട്ടിപിടഞ്ഞെണീറ്റു നിൽക്കുകയാണു്. തലയിൽ ഒരു കൊച്ചുകിളിക്കൂടും. കണ്ടാൽ അകപ്പാടെ അവർക്കു് ഒരു ഓമനത്തമുണ്ടു്. പക്ഷേ അതിനകത്തുള്ള ഹൃദയം തീരെ മാർദ്ദവമില്ലാത്തതാണു്.

എന്തൊരു ദേഷ്യമാണാസ്ത്രീക്കു്? അവൾക്കു് പെട്ടെന്നു് ഓർമ്മവന്നതു് അവളുടെ സ്കൂളിലെ ഭാഷാധ്യാപികയായ സരോജിനിയമ്മയാണു്. എപ്പോഴോ

ടും ഭേഷ്യം തരിക്കലും ചിരിക്കാത്ത പ്രകൃതം. അവർക്ക് ബന്ധുക്കളായി ഈ ലോകത്താരുമില്ല. വെളുക്കെ നരച്ചു. എങ്കിലും വിവാഹം കഴിച്ചിട്ടില്ല. അവരുടെ മുഖം കണ്ടാൽ തോന്നും, ഈ ഭ്രമണ്ഡലത്തിലുള്ള സകല മനുഷ്യരും ക്രൂരമായ ചേഷ്ടകൾ അവരെ പ്രോഹിച്ചു കൊണ്ടിരിക്കുന്നുവെന്ന്. അവർ സ്നേഹമയിയായ ഒരു മനുഷ്യനാണ്. കതിരവൻ തിരിക്കാരൻ പാച്ചൻ. അവനും അവർ ഒന്നും കൊടുത്തു.

ആ സമയം അവർക്ക് വളരെ വേദനയുണ്ടാക്കി. പാവം അതൊന്നും അവളുടെ അമ്മയറിഞ്ഞില്ല. ഒരു പക്ഷേ അറിഞ്ഞാൽത്തന്നെ ആ സാധുസ്ത്രീയ്ക്ക് എന്തുചെയ്യാൻ കഴിയും?

അടുത്ത ദിവസം അവളും അമ്മയും നാട്ടിലെത്തും. ആ കൊച്ചു മൺകൂടിൽ അക്ഷമയോടെ അവരെ കാത്തിരിക്കുന്നുണ്ടാവും.

ആ ഇരുനിലക്കെട്ടിടത്തിന്റെ മുകളിലുള്ള ജനാലയിലൂടെ അവർ പുറത്തേയ്ക്ക് നോക്കി. അങ്ങകലെ നീലമലകളിൽ തങ്ങിനിൽക്കുന്ന വെളുത്ത മേഘശകലങ്ങൾ! അവ ഇഴഞ്ഞിഴഞ്ഞു അജ്ഞാതമായ ഏതോ നാട്ടിലേയ്ക്ക് പോവുകയാണ്. ചിലപ്പോൾ അങ്ങകലെ, അവളുടെ കൊച്ചുനാട്ടിൻപുറത്തുള്ള കായ്കനിത്തോപ്പിന്റെ മുകളിലത്തെ അവ മഴയായി പൊഴിഞ്ഞേയ്ക്കും. അവളും അമ്മയും നാട്ടിലെത്തുമ്പോൾ ആ ചെടികളൊക്കെ നനഞ്ഞൊലിച്ച ഇലകളുമായി അവരെ നോക്കി തലയാട്ടി നിൽക്കും.

അവർക്ക് എന്തെല്ലാം പരാതികളും പറയാനുണ്ട്? അവളുടെ കണ്ണീരും, പൊട്ടത്തൊടിച്ച് സ്കൂളിലയയ്ക്കുന്നത് അമ്മയാണ്. അമ്മയുടെ കാലിൽത്തൊട്ട് കണ്ണിൽവച്ചില്ലാതെ അവൾ സ്കൂളിൽ പോവാറില്ല എന്നാലേ അവർക്ക് പഠിച്ചതൊക്കെ ഓർമ്മവയ്ക്കുകയുള്ളൂ. റീഡർ വായിക്കുമ്പോൾ പറയാതിരിക്കില്ല. റീഡർ പറഞ്ഞ എല്ലാവരും നീലപ്പാവാടയും മഞ്ഞ ബ്ലൗസും ധരിക്കണമെന്ന്. എല്ലാക്കുട്ടികളും അടുത്ത ദിവസംതന്നെ അതൊക്കെ തയ്പിച്ചു. സ്കൂളിൽനിന്നുതന്നെ നല്ല ലാഭത്തിനു തുണികിട്ടും അവർക്കുമാത്രം അതു വാങ്ങാൻ പറ്റിയില്ല. കാശില്ല അമ്മയുടെ സുഖക്കേടിനുതന്നെ യുള്ളതെപ്പണം അച്ഛൻ ചിലവാക്കി. അതുതന്നെ കടമാണ്. പക്ഷേ അമ്മ വന്നാൽ തീർച്ചയായും അവർക്ക് പാവാടയും ബ്ലൗസും തയ്പിച്ചുകൊടുക്കും. ഒന്നുമില്ലെങ്കിലും അവർക്ക് അവളുടെ അമ്മയോട് ഒട്ടിച്ചേർന്നു കിടന്നാൽമതി. അവിടെ ആരും തടയാനില്ല തടയുകയുമില്ല.

അങ്ങനെ വസ്തുതമായ നിലവാനിലൂടെ അവൾ ഒഴുകിയൊഴുകി അവരുടെ കൊച്ചുഗ്രാമത്തിന്റെ മുകളിലെത്തി അങ്ങനെ വിഹരിക്കുകയായിരുന്നു.

ഒരു മൂളൽ. അതോടൊപ്പം ഇടവിട്ടിടവിട്ടുള്ള ഞരക്കവും. അവൾ തെഞ്ഞിയുണർന്ന് തിരിഞ്ഞുനോക്കി. അതവളുടെ അമ്മയുടെ കട്ടിലിൽ നിന്നായിരുന്നു. അമ്മയ്ക്ക് എന്തോ വിഷമമുണ്ടെന്ന് അവൾക്ക് മനസ്സിലായി മേശപ്പുറത്ത് കമിഴ്ന്നിരുന്ന് ഉറക്കുന്ന നഴ്സിനെ അവൾ വിളിച്ചുണർത്തി. ധൈര്യത്തോടെയല്ല. അപ്പുറത്ത്; ഭയത്തോടെ. അവർ വന്നുനോക്കി ഒന്നും മിണ്ടാതെ അവർ കോവണിയിറങ്ങി താഴെപ്പോയി. ഏതാനും നിമിഷം കഴിഞ്ഞ് താഴ്വശത്ത് വരാന്തയിൽ കാവലിരുന്ന അച്ഛൻ അവരെ വിളിച്ചു. അവൾ ഇറങ്ങിച്ചെന്നു. അവളുടെ കഴുത്തിൽ കിടന്നമാല ഉരിയെടുത്ത്കൊണ്ട് അച്ഛൻ എങ്ങോട്ടോ പാഞ്ഞുപോയി.

അതു അവളുടെ മാലയായിരുന്നില്ല. അന്നുകാലത്ത് അമ്മയെ കാണാൻ ആശുപത്രിയിൽ പോകാനിറങ്ങിയപ്പോൾ, അങ്ങേതിലെ വക്കീൽഗുമസ്തൻ പരമുപിള്ളയുടെ മകളുടെ കഴുത്തിൽ നിന്ന്, ഇരവുവാങ്ങിയിട്ടതാണ്

ഉദ്ദേശം ഒരു മണിക്കൂർ കഴിഞ്ഞിരിക്കണം. ഒരു ഡാക്ടറും, രണ്ടു മൂന്നു സിൽബന്ധികളും കടന്നുവന്നു. അവർ ആ കട്ടിലിനു ചുറ്റും വളഞ്ഞുനിന്ന് എന്തൊക്കെയോചെയ്തു. ഒന്നുരണ്ടു പ്രാവശ്യം അവളുടെ അമ്മ ആർദ്രമായിക്കരയുന്ന ശബ്ദം അവൾക്ക് കേൾക്കാമായിരുന്നു.

അവരെല്ലാം പോയി. പൊക്കമുള്ള ഒരു സാധനം ആ കട്ടിലിനടുത്തു വച്ചിട്ടുണ്ട്. അതിൽ തൂക്കിയിട്ടിരിക്കുന്ന ഒരു കുപ്പി. കുപ്പിയിൽ നിന്നും ഒരു റബ്ബർക്കുഴൽ അവളുടെ അമ്മയുടെ ഇടത്തേക്കയ്യുടെ അകവശത്തേക്ക് ഘടിപ്പിച്ചിട്ടുണ്ട്. അവർ അപ്പോഴും പ്രജ്ഞയറ്റ് കിടപ്പായിരുന്നു.

അവൾ നിറഞ്ഞകണ്ണുകളോടെ ആ അമ്മയുടെ മുഖത്തു് ഉറ്റുനോക്കിക്കൊണ്ടിരുന്നു. ചില ഭാവഭേദങ്ങൾ അവരുടെ മുഖത്ത് മാറിമാറി നിഴലിക്കുന്നുണ്ടായിരുന്നു. ഒന്നുരണ്ടു പ്രാവശ്യം അവർ വായ് തുറന്നു് എന്തോ പറയാൻഭാവിച്ചു. പക്ഷേ ശബ്ദം പുറത്തുവന്നില്ല. തൊണ്ടയ്ക്കുള്ളിൽ കഫം വന്നടയുന്നതുപോലെ അവൾക്കു തോന്നി. അവൾ വായ് തുറന്നു് എന്തോ ചോദിക്കുന്നതായും, തൊണ്ടവരണ്ടുപോയിരിക്കണം. അവൾ നാലുപാടും നോക്കി. നഴ്സുപഴയതുപോലെ മേശപ്പുറത്തു കമഴ്ന്നിരുന്നു് ഉറക്കമാണ്. അവൾ രണ്ടുള്ളംകൈ ബാർലിവെള്ളം അവരുടെ വായ്ക്കുള്ളിലേയ്ക്ക് ഇറ്റിറ്റ് വീഴ്ത്തി. ആ അമ്മ അതു് ആർത്തിയോടെ നുണഞ്ഞിറക്കി

പാതിരാകഴിഞ്ഞു ആ ഗ്രാമീണബാലിക അവൾക്കറിയാമായിരുന്ന സകല ദേവന്മാർക്കും നേർച്ചകൾ നേർന്നുകൊണ്ടു് അമ്മയുടെ കട്ടിൽത്തലയ്ക്കൽ ഇമവെട്ടാതെ കാത്തിരിക്കുകയാണ്.

ആ ക്രൂരൻ കെട്ടിടത്തിനു പുറത്തുള്ള ലോകം അപ്പോഴും ശബ്ദശൂന്യമായി വിറങ്ങലിച്ചു് കിടക്കുകയായിരുന്നു. അകത്തു ലോകം അത്യന്തം ശബ്ദായമാനവും ഇടവിട്ടിടവിട്ടുള്ള മൂളലുകളും. ദീനരോദനങ്ങളും. അലർച്ചകളും. അതിനിടയിൽ ചിലപ്പോൾ പെട്ടെന്ന് എല്ലാ ശബ്ദങ്ങളും ഒരുമിച്ചുനിൽക്കുന്നു കയും തോന്നിക്കുന്ന കട്ടിപിടിച്ച നിശ്ശബ്ദത. ഏതാനും നിമിഷത്തേയ്ക്ക് അതങ്ങനെ നീണ്ടുനിൽക്കും ഒരു പൂട്ടുകാടിന്റെ ശൂന്യതയാണ് അപ്പോൾ അനുഭവപ്പെടുന്നതു്. അതിനകത്തുണ്ടായിരുന്ന സകല രോഗികളും ഒരു ഞൊടിയിടയിൽ മരിച്ചുകഴിഞ്ഞതായിത്തോന്നും ആ നിശ്ശബ്ദതയെ ഭേദിക്കാൻ ഒരു രോഗിക്കും ധൈര്യം കാണുകയില്ല. മരണം ആ മുറിക്കകത്തെവിടെയോ പതിയിരിക്കുകയാണെന്നു അവർ ഭയപ്പെടുന്നു. പിന്നീട് ആ നിശ്ശബ്ദതയെ ഭേദിക്കുന്നതു്, ഡോക്ടർമാരുടെയും നഴ്സുമാരുടെയും ഷൂസിന്റെ കാൽച്ചിലമ്പൊലി കേട്ടുതുടങ്ങി.

പക്ഷേ അപ്പോഴും മനുഷ്യജീവിതം നിരാധാരമായി ആ മുറിക്കകത്തു് ഇഴഞ്ഞുനടക്കുകയാണ്. ഏതൊരു വൈരുദ്ധ്യമാണതു്?

ഒരു കൂർക്കംവലി ആ മുറിക്കകത്തേയ്ക്ക് വീശിയടിച്ചു. ആ കെട്ടിടത്തിന്റെ ക്രൂരയ്ക്കു മുകളിൽ ചുറ്റുനിന്നിരുന്ന പ്രാവിൽ നിന്നും കുറെ പഴുത്ത ഇലകളും ഞെട്ടറ്റുവീണു നിലം പതിച്ചു. അവളുടെ അമ്മ ശ്വാസം വിടാനുള്ള വിഷമിഷ്ടത്തോടെ കഴുത്തുനീട്ടി ഏങ്ങലടിച്ച് ഒന്നു നെടുതായി നിശ്വസിച്ചു. മുഖത്തെ മാംസപേശികളും വലിഞ്ഞുകൂടി. ശരീരം ഒന്നു നീണ്ടുനിവർന്നു. നിശ്ചേഷ്ടം.

അവൾ വാവിട്ടു കരഞ്ഞുപോയി. നഴ്സു് ഓക്കച്ചടവോടെ കണ്ണുതിരുമ്മിക്കൊണ്ടു് എണീറ്റു് സാവധാനം രോഗിയുടെ കട്ടിലിനെ സമീപിച്ചു. കൈ പിടിച്ചു് (Pulse) നാഡി പരിശോധിച്ചു. യാതൊരു ഭാവഭേദവുമില്ലാതെ കട്ടിൽത്തലയ്ക്കൽ തൂങ്ങിക്കിടന്ന ബോർഡു് (Chart) എടുത്തു് കൈവിരൽത്തുമ്പാൽ കോരിയെടുത്തു് വീശിക്കൊണ്ടു് പുറത്തായി. ലാടം തച്ച ഒരു ഉരുട്ടുകസേരയുടെ ഓമ്മകളുണർത്തിക്കൊണ്ടു് മനുഷ്യത്വത്തിന്റെ കണ്ണടിത്തിണ്ണയിലൂടെ അവർ നടന്നുപോയി.

കയ്യിലിരുന്ന ബോർഡു് അലക്ഷ്യമായി മേശപ്പുറത്തു് വലിച്ചെറിഞ്ഞുകൊണ്ടു് കസേരയിലേക്ക് ചായുന്നതിനിടയിൽ അവർ പറഞ്ഞു:

"പതിനാലു് തീർന്നു"

എന്തൊരാശ്വാസമാണവരുടെ

മുഖത്തു്?; ഏതോ വലിയ മാരകമായിഞ്ഞതുപോലെ.

അവർക്കു് അവരുടേതായ ചില ഓർക്കകളുണ്ടു്. ഭാവങ്ങളുണ്ടു്. ചിട്ടകളും കീഴ്വഴക്കങ്ങളുമുണ്ടു്.

ആ ശബ്ദം മനുഷ്യശബ്ദമായിരുന്നില്ല. യന്ത്രത്തിന്റേതായിരുന്നു. അവരുടെ മുഖത്തു് യാതൊരു ഭാവഭേദവുമില്ല. യാതൊന്നും പുതുതായി സംഭവിച്ച മട്ടുമില്ല. കാരണം അവിടെ ഒരു സാധാരണസംഭവമാണു്.

പക്ഷേ ഒരു മകനു് അവളുടെ ഏറ്റവും വലിയ സമ്പത്താണു് നഷ്ടപ്പെട്ടതു്. ആ നിമിഷം മുതൽ അവൾ അശരണയാണു്. അനാഥയാണു്. നിരാധാരയും നിരാലംബയുമാണു്.

"അമ്മ"—മരിച്ചല്ലും നാവിക്കുമ്പോൾ; ജീവിതം ഒരു കുഴഞ്ഞാടമേൽ തട്ടിച്ചിന്നിച്ചിതറിത്തെറിക്കുമ്പോൾ കൺമുമ്പിൽ മൃഗീയൻ നിരാശയുടെ നനഞ്ഞക്കുരിരുൾ വാരിവിതറുമ്പോൾ ഒരുവൻ അവന്റെ അമ്മയുടെ കാൽക്കൽ പോയി വീഴുന്നു. അവൻ അവിടെ വെളിച്ചം കിട്ടും. ആശ്വാസം കിട്ടും. തണലും തണുപ്പും കിട്ടും. വിശ്വത്തിന്റെ സ്നേഹം മുഴുവൻ കടഞ്ഞെടുത്തു് കുത്തിപ്പിഴിഞ്ഞാൽ അതിനു് അമ്മയെന്നു് പേരിടാം.

പക്ഷേ, ഒരു ആശുപത്രിക്കത്തു് അമ്മ ഒരു പേരും നമ്പർ മാത്രമാണു്.

കണ്ണീരിൽക്കുതിർന്ന മിഴികളിൽ സംവേദനമുടെ ചരിത്രം കുറിക്കുറിച്ചുകൊണ്ടു് വർഷങ്ങളുടെ ഭാരം മറിഞ്ഞുകൊണ്ടിരുന്നു.

അവളുടെ അച്ഛൻ രണ്ടാമതൊരു വിവാഹംചെയ്തു. അതിനിടയിൽ അവൾ സ്കൂൾഫൈനൽ ജയിച്ചുകഴിഞ്ഞിരുന്നു. അവളും ആശുപത്രിച്ചു, മറവളുവരോടൊപ്പം കാളേജിൽ പോകണമെന്നു്. പക്ഷേ കാശില്ല. അച്ഛനു് വേണ്ടത്ര മറവു പ്രാരാബ്ധങ്ങളുണ്ടു്. സ്തീധ്യരൊക്കെ കാളേജിൽ ചേർന്നു. അവക്കെല്ലാം അതിനുള്ള മാഗ്യമുണ്ടു്. അമ്മയുണ്ടു്, അച്ഛനുണ്ടു്. അമ്മാവന്മാരും, അങ്ങളുമാരുമുണ്ടു്. അവർ അണിഞ്ഞൊരുങ്ങി പൂമ്പാറ്റകളെപ്പോലെ, ഉല്ലാസമായി ആത്മാചരിച്ചുകൊണ്ടു് ഇടക്കിടി കാളേജിൽ പോകുന്നതു് അവൾ നിറഞ്ഞ കണ്ണുകളോടു് നോക്കിനിന്നിട്ടുണ്ടു്.

പതറിച്ചയുള്ള പതിനാറിന്റെ ഏണും, മുഴകളും അവളിലും അങ്കുരിച്ച പല വിവാഹാലോചനകളും വന്നു. എല്ലാം ഒന്നുപോലെ അലസിപ്പോയി. അവർക്കെല്ലാം പണം വേണം.

കിഴക്കേതിലെ മാലതിയെ ഒരു ക്യാപ്റ്റൻ സംബന്ധംചെയ്തു് കപ്പലിൽകയറി അന്യരാജ്യത്തു കൊണ്ടുപോയി. റോസമ്മ കാളേജിൽവച്ചുതന്നെ ഒരുത്തന്റെ കൂടെ ഒളിച്ചോടിപ്പോയി. കൂളവമ്പിലെ മാധവി കാശില്ലാതെ ഇടയ്ക്കു വച്ചു് പഠിത്തം നിറുത്തി. കുറേനാൾ ഹിന്ദിവാദ്ധ്യാരായിനടന്നു. ഒടുവിൽ അവളും ഒരമ്മയായി. അച്ഛനില്ലാതെ – ഒരു പക്ഷേ, അച്ഛൻ ആരാണെന്നറിഞ്ഞുകൂടാതെ.

അങ്ങനെ സർവ്വവും മാറിമറിഞ്ഞിരുന്നു. അവിടെമാത്രം യാതൊരു മാറ്റവും സംഭവിച്ചില്ല. ജീവിതം ഒരു നിശ്ചലാവസ്ഥയിലങ്ങനെ കെട്ടിനിന്നു. എന്നിട്ടും അവൾ ജീവിച്ചു.

ഉദ്യോഗത്തിനുള്ള ശ്രമമായി, സകല മാഫീസുകളുടേയും കവാടങ്ങളിൽ മുട്ടിവിളിച്ചു. ആരും ആ സാധു പെൺകുട്ടിക്കുവേണ്ടി ഒരു ചെറുവിരൽത്തുമ്പുപോലും അനക്കിയില്ല. ഒടുവിൽ അവൾക്കു ഒരു ഓലത്തുമ്പിൽ പിടികിട്ടി അന്നത്തെ പത്രങ്ങളിൽക്കണ്ട ഒരു വിജ്ഞാപനം. നഴ്സിങ്ങ് ക്ലാസ്സിലേയ്ക്കു ആളെടുക്കുന്നുണ്ടെന്നു്.

ആദ്യം അവളൊന്നു ഞെട്ടി ഒരു നഴ്സിനെപ്പറ്റി. അത്രയേറെ ഭയവും, ഭയവും ആണവർക്കു്. അവളുടെ അമ്മ മരിച്ചുപോയ, ആ അപചിക്കപ്പെട്ട ദിവസം അതിന്റെ എല്ലാ വൈകൃതത്തോടും, ഭീകരതയോടും അവളുടെ സ്മൃതിപഥത്തിൽ തെളിഞ്ഞുവന്നു.

"പതിനാലു തീൻ" ആ വാചകം അവളുടെ ഹൃത്തിന്റെ വെൺകളിത്തിയിൽ ഇപ്പോഴും തെളിഞ്ഞുകിടപ്പുണ്ടു്. ആ പറഞ്ഞ ആ സ്ത്രീ; നിഷ്കാരുണ്യമായ ആ മുഖം; പരുപരുത്ത ആ സ്വരം; അതെല്ലാമവൾക്കു് ഇന്നും ഓർമ്മയുണ്ടു്.

പക്ഷേ, എല്ലാനേഴ്സും അങ്ങനെ ആയിരിക്കണമെന്നില്ല. ആ ഒന്നെങ്കിൽത്തന്നെ അതൊക്കെ മാറിക്കിടക്കുന്നുമില്ല. കാരണം, അവൾ ഒരൊറ്റപ്പെട്ട വ്യക്തിയല്ല സമൂഹത്തിന്റെ വേദനകളോടൊത്തു് ഹൃദയത്തിന്റെ തുടിപ്പുകളോടൊത്തു് അവളുടെ ഹൃദയവും ചലിക്കണം നിസ്വാർത്ഥമായ സേവനമായിരിക്കണം അവളുടെ ജീവിതവ്രതം.

മാതൃകയായ ഒരു നഴ്സിനെ, അവൾ അവളിൽത്തന്നെകണ്ടു അങ്ങനെ അവളും ഒരു നഴ്സായി.

ഒരു ദിവസം അവൾ ക്ലാസ്സുകാരുമൊത്തു് അവർ താമസിച്ചിരുന്ന കെട്ടിടത്തിന്റെ (Nureses quarters) പടികടന്നു് ആശുപത്രിയിലേക്കു് വരുകയായിരുന്നു. അതൊരു കാഴ്ചയാണു്. ക്ലാസ്സുറൂമിൽവിട്ട പ്രാവിൻപറ്റം പോലെ ഒന്നൊന്നായി പുറത്തേയ്ക്കു വരും. എല്ലാവരും വന്നു ചേരുന്നതുവരെ അവർ ചിറകു വിടുത്തി അവിടൊക്കെ തത്തിക്കളിച്ചു നിൽക്കും. എന്നിട്ടുപതിയെ ചേർന്നു് അങ്ങനെ വരിവരിയായി പറന്നു പോകും.

അവർ ആശുപത്രിയുടെ പ്രധാന കെട്ടിടത്തിലെത്താറായി. അല്പം അകലെ കാക്കകൂടം വട്ടമിട്ടു പറക്കുന്നുണ്ടു്. എല്ലാവരും അങ്ങോട്ടുനോക്കി. ഒരു തുപ്പുകാരി വലതുകൈയ്യിൽ ചൂലും, ഇടത്തേകയ്യിൽ എന്തോ ഒരു ചുവന്ന സാധനവും തൂക്കിപ്പിടിച്ചുകൊണ്ടു വരുന്നു. ഒരു ചോരക്കുഞ്ഞു്. തലേദിവസം രാത്രി ആരോ പെറ്റിട്ടതായിരിക്കണം. ആരാണെന്നറിഞ്ഞുകൂടാ രോഗികളാരും അന്നുപ്രസവിച്ചിട്ടുമില്ല. ആകുഞ്ഞിനെ ഒരമ്മ പ്രസവിച്ചതാണു്. തീർച്ചയായുംഅതിനു് ഒരച്ഛനുമുണ്ടായിരിക്കണം. അവക്കു് പരസ്പരം സ്നേഹവുമുണ്ടായിരിക്കണം. ആ അമ്മഹൃദയം പൊട്ടുന്ന വേദനയോടെ, മനുഷ്യന്റെ ദുഷ്ടിയിൽ നിന്നകന്ന ഏതോ ഒഴിഞ്ഞ കോണിലിരുന്നു് ശുശ്രൂഷിക്കുമായി വിലപിക്കുന്നുണ്ടായിരിക്കും. എന്നിട്ടും ആ അമ്മ കൊല നടത്തി. സമുദായനീതികളുടെ ബലിപീഠത്തിൽ ആ പിഞ്ചുപൈതൽ ഹോമിക്കപ്പെട്ടു.

വിശാലമായ ആ ആശുപത്രിയുടെ പല ഭാഗങ്ങളിലും അവൾ മാറിമാറി പ്രവൃത്തിയെടുത്തു. രോഗികളുടെ വേദനകളിലും, കണ്ണീരിലുംകൂടെ അവർ ഇഴഞ്ഞിഴഞ്ഞു നീങ്ങുകയാണു്.

ഒരു ദിവസം ആ ഇരുനില കെട്ടിടത്തിലേയ്ക്കു് അവൾ നിയോഗിക്കപ്പെട്ടു. കോവണികയറി മുകളിലെത്തിയ അവളുടെ ദൃഷ്ടി ആദ്യം പതിഞ്ഞതു് മുമ്പിലെഴുതിയിരുന്ന "14" എന്ന അക്കത്തിലായിരുന്നു. ഒരിക്കൽ അതു് അവളുടെ അമ്മയുടെ നമ്പർ ആയിരുന്നു. അതിനശേഷവും ആ കട്ടിലിൽ അനേകം അമ്മമാർ കിടന്നിട്ടുണ്ടു്. അവരിൽ കുറേപ്പേരെങ്കിലും മുരിച്ചുപോയിട്ടുണ്ടു്. അന്നും ആ പഴയ വാചകം ആവർത്തിക്കപ്പെട്ടിരിക്കും; "പതിനാലു തീർന്നു."

ഒരു വല്യമ്മ ആ കട്ടിലിൽ കിടപ്പുണ്ടായിരുന്നു. കുറേശ്ശെ നരച്ചുമുടി. മെലിഞ്ഞു നീണ്ട കഴുത്തു്. ആർദ്രമായ നോട്ടം. ദീർഘനേരം നീണ്ടുനിൽക്കുന്ന ചുമ. അതൊക്കെ അവളുടെ അമ്മയ്ക്കുമുണ്ടായിരുന്നു. അവൾക്കൊരു സംശയം. പലതവണ അവൾ ആ കട്ടിലിനു സമീപം പോയിനിന്നു. ഉച്ചയ്ക്കു സന്ദർശകരെ വിടുന്ന സമയമായി. ആറഞ്ചും ബിസ്ക്കറ്റും, പാലും, ചോറുമൊക്കെക്കൊണ്ടു പലരും കടന്നുവന്നു. ബന്ധുക്കളെ കാണാനുള്ള ആത്തിയോടെ അവർക്കു സുഖമുണ്ടെന്നറിയാനുള്ള ജിജ്ഞാസയോടെ—

ഒരു കൊച്ചു പെൺകുട്ടി 14-ാം നമ്പർ കട്ടിലിനോടു ചേർന്നു നിന്നു. അതിൽക്കിടന്ന വല്യമ്മ അവളുടെ കട്ടിലിൽ കയറിയിരുത്തി.

ഒരു രോഗി കിടക്കുന്ന കട്ടിലിൽ വേറെ ആരും കയറിയിരിക്കരുതെന്നാണു നിയമം. അതിനെ തടയേണ്ടതു് നഴ്സിന്റെ കർത്തവ്യവുമാണു്. പലതവണ അവൾ അതിനാഞ്ഞു. പക്ഷേ ചെയ്തില്ല.

അല്പംകഴിഞ്ഞു് ഒരു ഡാക്ടർ ആ മുറിക്കുള്ളിൽ കടന്നുവന്നു. അദ്ദേഹം കട്ടിലിൽക്കയറി ഇരിക്കുന്ന കുട്ടിയെക്കണ്ടു. രോഗങ്ങൾ പലതും പകരുന്നതാണു്. ഒരു രോഗിയുടെ കട്ടിലിൽ വേറൊരാളും ഇരിക്കുന്നതു തടയേണ്ടതാണു്. ആ ചെയ്യാതിരുന്ന കുറ്റത്തിനു് ഡാക്ടർ അവളെ ശാസിച്ചു. അവൾ ഒന്നും മിണ്ടിയില്ല. അല്ല തൊറ

തന്നേയാണ്. അ തെറ്റാവർക്ക ബോധ്യവുമുണ്ട്. എങ്കിലും അതവം ചെയ്തില്ല; ചെയ്യാൻ മൈയ്യുപ്പെട്ടില്ല.

അന്നു് അർദ്ധരാത്രിക്കുശേഷം ആ വല്യമ്മ മരിച്ചു. അവരുടെ മരണം അവർക്കൊരാഘാതമായിരുന്നു. വളരെനേരം അവർ കരഞ്ഞു.

ഒടുക്കത്തെ ഏതാനും ദിവസങ്ങളിൽ അവർ ജോലിക്ക ഹാജരായില്ല. ക്ലർക്കാർ അവളുടെ മൈർ ബല്യത്തിൽ പരിഹസിച്ചു. മരിച്ചുപോയ ഒരു രോഗിക്കുവേണ്ടി ഒരു നഴ്സ് കരയുക! അതവരുടെ അനുഭവത്തിനതന്നെ ചോദ്യംചെയ്യുന്നതായിരുന്നു.

അങ്ങനെ നിരവധി മരണങ്ങളും അവർ നോക്കിനിന്നു. ജീവിതത്തിനും മരണത്തിനുമിടയ്ക്കുള്ള പല വടംവലികളും അവർക്ക് പരിചയമായി. പല സന്ധി ആലോചനകൾക്കും അവർ സാക്ഷ്യം വഹിച്ചു. കണ്ണീരും കരച്ചിലും അവളുടെ ഹൃദയത്തെ ചലിപ്പിക്കാതാക്കി. മരണം അവർക്ക് ഒരു വിനോദമായി തോന്നി.

ആയിടയ്ക്ക് ഒരാൾ അവളുടെ വാർഡിൽ കിടന്നു മരിച്ചു. അയാളുടെ ഭാര്യ നെഞ്ചത്തടിഞ്ഞ് വളരെനേരം നിലവിളിച്ചു. അത്യന്തം വിരൂപനായ ഒരാൾ. അയാളും വളരെ ക്രൂരമായി ഭാര്യയോട് പെരുമാറുന്നതു് അവർ പല തവണ കണ്ടിട്ടുണ്ട്. എന്നിട്ടും ആ സ്ത്രീ കരഞ്ഞു ഹൃദയം പൊട്ടുന്ന വേദനയോടെ. കഴിഞ്ഞ ഏതാനും മാസങ്ങൾക്കിടയിൽ അവളുടെ ഹൃദയത്തെ സ്പർശിച്ച ഏകസംഭവം അതാണ്. ഒരു ഭാര്യയുടെ ഹൃദയം നൊന്തുള്ള കരച്ചിൽ.

ആ ആഴ്ചയിൽത്തന്നെ മറ്റൊരു സംഭവം ക്രൂരമായി നടന്നു. അവളുടെ ക്രൂരതയുണ്ടായിരുന്ന ഒരു നഴ്സിന്റെ വിവാഹം. ആശുപത്രിയിലുള്ള എല്ലാപേരേയും ക്ഷണിച്ചിരുന്ന അവളും അതിൽ പങ്കെടുത്തു. വിഭവസമൃദ്ധമായ സൽക്കാരങ്ങളും, പാരിതോഷികങ്ങളും, ആശംസകളും, അങ്ങനെ എല്ലാ പതിവു ചടങ്ങുകളോടും ആ വിവാഹം ആഘോഷിക്കപ്പെട്ടു.

അന്നവൾ ഉറങ്ങിയില്ല. ഉറക്കം വന്നില്ല മാത്രമല്ല അവർക്കൊരു സംഭവമായിരുന്നില്ല. പക്ഷേ ആ വിവാഹം അവളുമായി സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒരു സംഭവമായിരുന്നു.

ആ മനുഷ്യനെ അവർക്ക പരിചയമുണ്ട് ഒരിക്കൽ അയാൾ അവളുടെ വാർഡിൽ രോഗിയായിക്കിടന്നിട്ടുണ്ട്. ആ നഴ്സും അയാളുമായി അവിടെവച്ചാണ് പരിചയപ്പെട്ടതു്. ആ പരിചയം അവരുടെ ദാമ്പത്യത്തിൽ കലാശിച്ചു.

ആ നഴ്സ് അവളുടെ ഉറ്റചങ്ങാതിയായിരുന്നു. പക്ഷേ, എന്തുകൊണ്ടെന്നറിഞ്ഞില്ല; ഒരു പക്ഷേ യാതൊരു കാരണവുംകൂടാതെ തന്നെ, അതിനുശേഷം അവർ ആ നഴ്സിനോട് മിണ്ടിയിട്ടില്ല

അന്നുമുതൽ അവർക്കും ജീവിതത്തിനു ലക്ഷ്യം വേണമെന്നു് തോന്നി. പ്രത്യക്ഷകരം മൊട്ടിട്ടു വന്നു. അവർ അവളെത്തന്നെ കൂടുതൽ സ്നേഹിക്കാൻ തുടങ്ങി. വേഷത്തിലും ഭാവത്തിലും; എന്നുവേണ്ട എല്ലാത്തിലും അവർ മാറ്റങ്ങൾ വരുത്തി.

കൊഴുത്തു കറുത്തചുരുണ്ട തലമുടിയും, സുസ്മേരമുഖമുള്ള കണ്ണടയിലൂടെ മിന്നിത്തിളങ്ങുന്ന കൊച്ചു കണ്ണുകളും, സദാ ചിരിക്കുന്ന ചുവന്ന ചുണ്ടുകളും, പൗഡറിട്ട് മിനുസപ്പെടുത്തിയ വട്ടമുഖവുമുള്ള ആ സുമുഖ പെൺകുട്ടി ഒരു പുതിയ ജീവിയാണ്. ആ കാലത്തിൽ നിന്നു പറന്നിറങ്ങിയ ഒരു കൊച്ചു രിപ്രാവിനെപ്പോലെ അവർ അങ്ങനെ നടന്നുവന്നു.

അവർക്കും സ്നേഹിക്കാനൊരാളെ കിട്ടി. അതൊരുമില്ലാത്ത ഒരാൾ. ഒരു രോഗി. അയാളുടെ രോഗം വളരെ മൂർദ്ധന്യത്തിലായിരുന്നു. അവർ കണ്ണീരോടെ അയാളുടെ കട്ടിൽത്തലയ്ക്കലിരുന്നു. തുടർച്ചയായി പല ദിനരാത്രങ്ങളും ഉറക്കവുമില്ലാതെ അവർ ജീവനെപ്പോലെ അയാളെ സ്നേഹിച്ചു. ഭാര്യയെപ്പോലെ പരിചരിച്ചു. മരണത്തിൽനിന്നും അയാളുടെ ജീവൻ അവർ പിടിച്ചു പറിച്ചെടുത്തു. ത്യാഗസന്നദ്ധയും, സ്നേഹമയിയുമായ ആ ദേവതയുടെ മുമ്പിൽ അയാൾ കൈകൂപ്പി മുട്ടുകുത്തിനിന്നു. ആ ജീവൻ അവർ തിരിച്ചു വാങ്ങിച്ചതാണ്. ആ ശരീരം അവർ നേടിക്കൊടുത്തതാണ്. അയാളുടെ ജീവിതത്തിന്റെ മേൽ അവർക്കൊരവകാശമുണ്ട്. അയാൾക്ക് അവളോട് ഒരു കടപ്പാടുമുണ്ട്.

രോഗം ഭേദമായി. അയാൾ കിടന്ന കട്ടിലിലേയ്ക്ക പുതിയ ഒരാളുവന്നു. അതൊരാകസ്മിക സംഭവമായിരുന്നില്ല. ആ ദിവസം അവർ നേരത്തെ കണ്ടതാണ്. മയത്തോടെയല്ലെങ്കിലും തെല്ല ഉൽക്കണ്ഠയോടെ അവർ ആ ദിവസം കാത്തിരിക്കുകയായിരുന്നു.

അവർക്ക് എന്തൊക്കെയോ പറയണമെന്നുണ്ട്. പലതവണ അതിനു മുതിർന്നിട്ടുമുണ്ട് പക്ഷേ ഒരു സ്ത്രീയും ഒരിക്കലും അതവളോടാരാക്കൊണ്ടു പറഞ്ഞിട്ടില്ല, പറയാൻ ഇഷ്ടപ്പെടാറുമില്ല പുരുഷൻ തന്നെ ആദ്യമായതു പറയണം. അതിലാണ് സ്ത്രീയുടെ വിജയം. അതു് കേൾക്കാൻ അവർക്കൊരു പ്രത്യേക കൗതുകമാണ്.

അവളൊറ്റയ്ക്ക് അവളുടെ മുറിയിലിരിക്കുകയായിരുന്നു. പ്രതീക്ഷാനിർഭരമായ നിമിഷങ്ങൾ. അവളുടെ കൺമുമ്പിൽ നിരവധി സങ്കല്പസൗധങ്ങൾ നിർമ്മിച്ചുകൊണ്ട് കടന്നുപോയി. യൗവനം തിരളുന്ന അവളുടെ അവയവങ്ങളിൽ സുഖത്തിന്റെ ഒരു കുളിർ തരിച്ചുകയറി. സംഗീതസാന്ദ്രമായ നിരവധി ശൃംഗാരലോകങ്ങൾ പിന്നിട്ടുകൊണ്ട് അവർ ഒരു സ്വർഗ്ഗാന്തർഭാഗത്തിയിൽ അലിഞ്ഞുചേർന്നു

അയാൾ വിറയ്ക്കുന്ന ശരീരത്തോടും, പതറുന്ന കണ്ഠത്തോടും അവളുടെ മുറിയിൽ കടന്നുവന്നു. ശബ്ദശൂന്യമായ ഏതാനും നിമിഷങ്ങൾ. അവർ നോക്കി. അയാളുടെ ചുണ്ടുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. കണ്ണുകൾ കലങ്ങിനനഞ്ഞിരുന്നു. അവർക്ക് എന്തോ ചെയ്യണമെന്നു് തോന്നി. തുടിക്കുന്ന യൗവനത്തിന്റെ വിക്രിയ ആയിരുന്നില്ല അതു്. ഒതുങ്ങാത്ത

(ശേഷം 17-ാംപേജിൽ)

R. S. P. TIMBER DEPOT

EAST THAMPANOOR.

TRIVANDRUM 1.

തേക്ക്, ഇറ്റി, വേങ്ങ, തേമ്പാവ്, മരുത്, ആഞ്ഞലി മുതലായ എല്ലാത്തരം ഉരുപ്പുതടികളും അറുപ്പുസൈസ് ഉരുപ്പടികളും മിതമായ വിലയ്ക്ക് ഇവിടെ കിട്ടുന്നതാണ്.

N. B. ആർഡർപ്രകാരം ഏതിനംസൈസ് ഉരുപ്പടികളും കൃത്യ സമയത്തു് അറുപ്പിച്ചുകൊടുക്കുന്നതാണ്,

Phone 2743.

Prop: ബാങ്കർ, R. ശ്രീധരപ്പണിക്കർ.



ഇന്നു ദീപാവലി ദിവസമാണ്. പടക്കം പൊട്ടലുകളും കഴിഞ്ഞ ആഴ്ചയിലേക്കാൾ കൂട്ടലായി കേൾക്കുന്നുണ്ട്. അതിന്റെ ഇടയിൽ ആരുടെയെല്ലാം പേര മറന്നുപോകുമെന്നറിഞ്ഞില്ല. നോക്കട്ടേ ചെറി പൊഞ്ചിനുടച്ചുകൊണ്ട് എഴുതാൻ തുടങ്ങുകയാണ്.

കഴിഞ്ഞ ഒരാഴ്ചയിലെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ അടുത്തയാഴ്ച പ്രസിദ്ധപ്പെടുത്തുന്നതാണ്. അധികം പേർ ഉത്തരം അയച്ചതന്നിട്ടുണ്ട്. എല്ലാം ശരിയാകണമെന്ന തോന്നുന്നു. അവരുടെ പേരുകൾ അടുത്തയാഴ്ചയെ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഒരാഴ്ചകൂടി കൂട്ടിത്തരാൻ കാരണമുണ്ട്. വീക്കിലിക്കുള്ള മാറ്റർ ഒരാഴ്ച മുമ്പേ കൊടുക്കണം ഇയാഴ്ച ഏകദേശം പത്തുദിവസം മുമ്പേയാണ് കൊടുക്കുന്നത്. ഒരാഴ്ച അധികം നിങ്ങൾക്കു തന്നാൽ ആരുടേയും പേര പ്രസിദ്ധപ്പെടുത്താൻ സാധിച്ചെന്നു വരില്ല. വേറൊരു കാര്യവുമുണ്ട്. നിങ്ങളുടെ ഇടയിലുള്ള ഒരു കുസൃതി ചേച്ചിയുടെ 'വീട്ടിനടുത്തുള്ള സ്കൂളിൽ പഠിക്കുന്നുണ്ട്. പേര് ശ്രീപാലകൃഷ്ണനെന്നാണ്. വഞ്ചിയൂർക്കാരനാണ്. ചേച്ചിയുടെ സഹോദരന്റെ കൈയിലാണ് ചേച്ചിക്കുള്ള എഴുത്തുകൾ കൊടുക്കാറുള്ളത്. കഴിഞ്ഞതവണത്തെ ചോദ്യങ്ങൾ സഹോദരന്റെ കയ്യിൽകൊടുത്തയച്ചു തരാൻ മറന്നുപോയി. ദിവസവും ശരിയായ ഉത്തരങ്ങൾ അയച്ചവരുടെ കൂട്ടത്തിൽ പേരു കാണുന്നില്ലെന്നും പറഞ്ഞു പരാതിപ്പെടുന്നുണ്ട്. നല്ല നല്ല ചോദ്യങ്ങൾ നിങ്ങളിൽനിന്നും ചേച്ചി പ്രതീക്ഷിക്കുന്നു. ചോദ്യം അയയ്ക്കുമ്പോൾ ഉത്തരങ്ങൾകൂടി അയച്ചുതരണം. നല്ലനല്ല ചോദ്യങ്ങൾ അയച്ചതുനാൽ നിങ്ങളുടെ പേരിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. വളരെ നല്ല ചോദ്യങ്ങളാണെങ്കിൽ സമ്മാനവും നൽകാം. ചോദ്യങ്ങൾ ചെറുതായിരിക്കണം. പ്രത്യേകം ഒരു പേപ്പറിൽ ചോദ്യവും അതിന്റെ ഉത്തരവും ശരിക്കു എഴുതിയിരിക്കണം.

പീക്കാർഡ് അടിക്കാൻ പ്രസ്സിൽ പോയിട്ടുണ്ടെന്നാണ് തോന്നുന്നത്. കിട്ടിയാൽ ഉടൻ അയച്ചുതരുന്നതാണ്. രണ്ടാമത്തെ കൂപ്പൺ പൂരിപ്പിച്ചയയ്ക്കണ്ട. ഇത്തവണം പറഞ്ഞത് സാധാരണ നിങ്ങളിൽ അധികം അതു ശ്രദ്ധിച്ചുകാണുന്ന ഒരു മാർഗമാണെന്ന തോന്നിയില്ല. രണ്ടാഴ്ചകഴിഞ്ഞു സമ്മാനത്തോടുകൂടി ഒരു മത്സരം ഉണ്ടായിരിക്കുന്നതാണ്.

പിന്നെ പറയത്തക്ക ഒരു വിശേഷവും ഇല്ല. എല്ലാവർക്കും സുഖം തന്നെന്നു വിശ്വസിക്കുന്നു. ശേഷം അടുത്തയാഴ്ച.

സ്നേഹപൂർവ്വം,
നിങ്ങളുടെ ചേച്ചി.

കെ. വി. നടരാജൻ, മങ്ങാരാശേരി. കാർഡിന്റെ കാര്യം മകളിൽ എഴുതിയിരിക്കുന്നു വായിച്ചുനോക്കൂ. തുടങ്ങുന്നതിനുമുമ്പു ഇങ്ങനെ പിണങ്ങാൻകൊള്ളാമോ?

കെ. ഉമാദേവി, ചിറയിൻകീഴ്. റേഡിയോയിലെ ബാലലോകത്തിൽ അംഗമായ വിവരം ചേച്ചി കേട്ടു. ജന്മനാളിനു എന്തെല്ലാമാണ് വിശേഷങ്ങൾ. മധുരിക്കാൻ ഏതെങ്കിലും ഉണ്ടോ. ഉണ്ടെങ്കിൽ ചേച്ചിയെക്കൂടെ ഓർമ്മിക്കണം.

ററി. കെ. ശ്രീനിവാസൻ, കഠിനംകുളം. ശ്രീനിയോടുകൂടി ചേച്ചിയും അതിയായി സഹതപിക്കുന്നു. എത്രയെഴുത്തുകളാണ് മറുപടി കിട്ടാതെ പോയതു? കൂട്ടുകാരെല്ലാംകൂടി പറഞ്ഞാണ് ഇങ്ങനെ ചേച്ചിക്കെഴുതിയതല്ലേ? ഇങ്ങനെയെല്ലാം എഴുതിയതിൽ ചേച്ചിക്കതിയായ ഖേദമുണ്ട്. കൂട്ടുകാരന്റെ കാര്യം മറന്നിട്ടില്ല. ഇതാണ് അഡ്രസ്സ്. പി. ആർ. ജയപ്രകാശ്, പ്രസന്നമന്ദിരം, തുറവൂർ ചേർത്തല.

എസ്. ശ്രീമതിക്കുട്ടിഅമ്മ, തിരുവനന്തപുരം. ശരിയാണെങ്കിൽ അടുത്തയാഴ്ചയറിയാം. കൂട്ടുകാരിയുടെ മേൽവിലാസം തന്നുണ്ട്. കുമാരി രാധ പള്ളിപ്പറമ്പിൽ വീട്ട്, പനയപ്പിള്ളി, കൊച്ചി. 2

എ. കെ. ബാലിഗ്, തുറവൂർ. എഴുത്തെഴുതുമ്പോൾ സ്ഥലവും തീയതിയും വയ്ക്കണമെന്നൊരു ചട്ടമുണ്ട്. പെട്ടെന്നു വായിച്ചു നോക്കുമ്പോൾ സ്കൂളിലെ ജൂണിലിയർ ക്ലാസ്സുകളിൽ പഠിക്കുന്നുണ്ടെന്നാണ് വരാൻ പറയുമെന്നു തോന്നുന്നില്ല. അങ്ങനെ കണക്കു കഷായം കുടിക്കുന്നതിനു തുല്യമാണെന്നല്ലേ പറയുന്നതു. ചേച്ചിക്കു ആസിഡ് കുടിക്കുന്നതിനു സമമായിരുന്നു. എഴുത്തിന്റെ കൂടെ തന്നെ ചെറുകഥ എഴുതരുതേ.

കെ. രോഹിണി, കൊടുങ്ങല്ലൂർ. ചേച്ചിയും രോഹിണിയുടെ എഴുത്തു വളരെ നാളുകളായി പ്രതീക്ഷിക്കുകയായിരുന്നു. ഉഷ ചേച്ചി രണ്ടു കുസൃതികളെ അടക്കിനിർത്താൻ പാടുപെടുകയാണ്. ഉഷചേച്ചിയുടെ ഒരു സഹോദരിയാണ് ചേച്ചി. ബേബി ശിരിജ, പവ്വർഹൌസിനു സമീപം, ആലപ്പുഴ. എന്നെഴുതിയാൽ മതി.

വി ജയപ്രകാശ്, ആലപ്പുഴ കാർഡു് അയച്ചിരുന്നു. എന്താണ് കിട്ടാത്തതെന്ന് അറിഞ്ഞുകൂടാ. പ്രകാശിനോടു ചേച്ചിക്കു വിരോധമോ! കഷ്ടം! ഇതെല്ലാം കേൾക്കേണ്ടിവന്നല്ലോ. കവറും സ്റ്റാമ്പും ചേച്ചിയെന്തിനാണ്. അയച്ചിരുന്നു എന്നുള്ളതു തീർച്ച.

സി. കെ, ലളിതകുമാരി, മങ്ങാരാശേരി. അവശ്യപ്പെട്ട കൂട്ടുകാരിയുടെ പേരു് രണ്ടുകൂടി അറിയിച്ചുതരണം. ഇയാളു ഒരു കൂട്ടുകാരിയെ പരിചയപ്പെടുത്തിത്തരാം. അമ്മ ചെറുകഥ മുഴുവനും വായിച്ചിട്ടാണോ വലിച്ചു കീറിയതു്. അമ്മയുടെ മനസ്സിലാകാത്ത ഭാഗം കാണുന്നതായിരിക്കും വലിച്ചുകീറിയതു്. അമ്മയോടു പിണങ്ങല്ലേ. സലിമിന്റെ അനുജൻ റഹീമല്ലോ, റോമിയോയാണ്. മലയാള കാലക്ഷേപം ശ്രദ്ധിച്ചു പഠിക്കണേ. എം. ലീല, ആറുപുറത്തുവീട്ട്, മൺറോത്തുരുത്തു്. ഈ കൂട്ടുകാരിയെ എഴുത്തു

സി. വി. അയ്യപ്പൻപിള്ള, മുതുകുളം ഇതു് എഴുതാനോ, ചെറുകഥയാണോ, 'സി. വി.' മാരെല്ലാം വലിയ എഴുത്തുകാരാണല്ലോ. എഴുത്തു വായിച്ച ചേച്ചി ഒന്നു മയങ്ങിപ്പോയതായി തോന്നുന്നു. ഈയെഴുത്തു എല്ലാവരേയും വായിച്ചുകേൾപ്പിക്കാൻ ചോദിക്കയാണ്.

കെ. കെ ശാന്തകുമാരി, മങ്ങാരാശേരി. ഇവിടെ സൈക്കിൾമത്സരം ഇപ്പോഴും ഉണ്ട്. ശാന്ത പറഞ്ഞപോലെ ജനസംഖ്യ വർദ്ധിക്കുമ്പോൾ കൂടെ സൈക്കിൾ താമസിക്കാമല്ലോ എന്നല്ലേ പറയുന്നതു. ജനസംഖ്യ കുറയ്ക്കാൻ ഒരു വഴിയായിരിക്കും അതെന്നു പറയുന്നതല്ലേ ശരി. എൻ ദേവകി അന്തർജ്ജനം, കൊച്ചുമഠം, കടവട്ടു, പുന്നപ്രവടക്കു. ഇതാണ് കൂട്ടുകാരിയുടെ മേൽവിലാസം.

കെ. കെ. ഭാസ്കരൻ, പാമ്പാടി. 'പ്രിയപ്പെട്ട' എന്നു കത്തിൽ സംബോധന ചെയ്താൽ പ്രിയക്കേടില്ലാത്ത എന്നാണ് ചേച്ചി അർത്ഥം പറയുന്നതു. കഥ പ്രസിദ്ധപ്പെടുത്താത്തതിനാണോ ഈ നിലവിളിയെല്ലാം. ഈപ്രാവശ്യം മാറ്റരയച്ചു കേട്ടോൽ അ

ഞം പേടിക്കാറില്ല. സാധാരണ ഇവിടെ കാണാവുന്നതാണ്. പക്ഷേ അനന്തൻ പറയുന്ന വീധത്തിലൊരു ജാഥയാണ് വരുന്നതെങ്കിൽ ചേച്ചി പേടിച്ചു വിറച്ചുപോകും.

എം. രാജകുമാരി, വൈക്കം. രാജം പറയുന്നതൊന്നും ചേച്ചി വിശ്വസിക്കുന്നില്ല. ചേച്ചിക്കു മനഃപൂർവ്വമായി വല്ലവരോടും ദേഷ്യപ്പെടുന്നവരെ ലീഗിൽ ചേർക്കാതിരിക്കാമോ? ചിലരെ ചേർക്കാതിരിയ്ക്കാറുണ്ട്. കവറോ സ്റ്റാമ്പോ അയയ്ക്കാത്തവരേയും,പതിനാലു വയസ്സുകഴിഞ്ഞവരേയും ലീഗിൽ ചേർക്കാറില്ല, അംഗത്വകാർഡ് അയയ്ക്കുന്നുണ്ട്. എൽ. സരസ്വതീഭായി, വെണ്മരഴികത്തുവീട്. കിഴക്കേ പൂയ്വൽ, പ്രാക്കുളം. പെരിനാട്, കൊല്ലം. രവിയോടു ഈ കൂട്ടുകാരനെഴുതാൻ പറയൂ. എം. ആർ. സതീശൻ, വേലിയഴികം, വക്കം, കടയ്ക്കാവൂർ,

(പുതിയ അംഗങ്ങളുടെ പേരുകൾ അടുത്തയാഴ്ച പ്രസിദ്ധപ്പെടുത്തുന്നുണ്ട്.—ചേച്ചി)

പൊയ്പോയ വസന്തം

പി. കെ. ഗോപാലൻ കുമരകം, 1394.

വസന്ത പുഷ്പങ്ങൾ
വിരിഞ്ഞൊരു നാളിൽ,
വസന്തമാതൻ വീട്ടിൽ;
വസന്ത പക്ഷികൾ
ഗഗനമണ്ഡലം,
തകർത്തു പാട്ടുകൾ പാടി;
വസന്തമാതൻ
തൃമണം കേട്ടവർ,
മധുപർ കൂട്ടമായ്വന്നു;
നിറഞ്ഞ ഹൃത്തിനാൽ
പാട്ടുകളാലവർ,
മധുകുടിച്ചുടൻ പോയി;
വസന്തം പോയപ്പോൾ
നിറഞ്ഞദുഃഖത്താൽ,
മധുപരൊന്നാകെ പാടി;
വസന്തം മേലിലും
ആഗതമാകുവാൻ
വസന്തറാണിയെ കാണാം.

മൈത്രി

സി. ഇന്ദിരാമ്മാഭവനം നമ്പർ 2513 ആശ്രാമം കൊല്ലം

വിവേകബുദ്ധിയില്ലാത്ത പക്ഷിമൃഗാദികളുടെ സ്നേഹപ്രകടനങ്ങൾപോലും മനുഷ്യനു പാഠം നല്കുന്നുണ്ട്. അതുപോട്ടെ വെറും ശ്രവകങ്ങളുടെ മൈത്രിയെപ്പറ്റി ചിന്തിക്കുക. വെള്ളം പാലിനോടു ചേർന്നപ്പോൾ പാലിന്റെ സകല മഹിമയും വെള്ളത്തിനായിക്കൊണ്ട് ഭാനം ചെയ്തു. പാൽ വേവുന്നപ്പോൾ എന്ന സങ്കടത്തിൽ ജലം ആവിയായി മേലോട്ടുയർന്നു. ഈ വേർപാടിലുള്ള സങ്കടാതിരേകത്താൽ പാൽപൊങ്ങിവന്നു തീയിൽ ചാടാൻ തുടങ്ങി. ഉടനെ മിത്രമായജലം ഓടിവന്നു പാലിൽ ലയിച്ചു അങ്ങിനെ പാൽ വീണ്ടും സമാധാനത്തിലെത്തി മനുഷ്യന്റെ ചിന്തയും ഇതിലൊക്കെപ്പതിഞ്ഞെങ്കിൽ എത്ര നന്നാകുമായിരുന്നു.

എൻമുരളി

എസ്സ്. വി. കുറുപ്പ് നമ്പർ 977 പട്ടണക്കാട്

എങ്ങുപോയെങ്ങുപോയെൻമുരളി
എങ്ങോയീ ലോകത്തിൽ മാഞ്ഞിരിപ്പൂ
വന്നുചേർണീട്ടുകെൻ പൊൻമുരളീ,
സങ്കല്പലോകം തകർന്നുപോകും
നിൻഗാന മാധുരിതന്നിലെന്റെ
നിർമ്മല ചിത്തം ലയിച്ചുപോയീ
നിൻഗാന മാധുരിയെന്റെ ചിത്തി-
ന്നാനന്ദ സാഗര മേകിയില്ലേ?
നിൻ പ്രേമഗാനങ്ങൾ കേട്ടു ഞാനെൻ
കാമാർത്തി ഒരുവിധമറിഞ്ഞതല്ലേ?
ഇന്നു നീയങ്ങുപോയ് പാടിടുന്നു—
നിൻറെയാ കോകില ഗാനരമ്യം
നീയെന്റെ രാഗത്തെ 'ടെസ്റ്റം' ചെയ്യാൻ
മാറിയൊളിച്ചു നടക്കയാണോ?
അങ്ങനെ നീയൊന്നും ചിന്തിക്കേണ്ട
എൻചിത്ത മത്രയ്ക്കു ക്രൂരമല്ല
നിൻറെകരം നിന്നെ കാത്തുകാണാൻ
തങ്കപ്പനത്തുമ്പു നിർമ്മിയ്ക്കയോ
എങ്ങുപോയെങ്ങുപോയെൻമുരളീ
വന്നു ചേർന്നീടുകെൻ പൊൻമുരളീ
എന്നുടെ ഹൃത്തിൻറെ ഭിത്തിതന്നിൽ
തട്ടുകാശക്കോട്ടകളുയർത്തുകെട്ടീ
ഇന്നവയെല്ലാം തകർത്തിടുവാൻ
എങ്ങുനീമാറി മറഞ്ഞിരിപ്പൂ
നീയെന്നിൽ നിന്നകന്നുപോയോ —
യെൻചിത്തം നീറുന്ന ഘോരമായീ
എൻമനം നീറുന്ന കാഴ്ചകാണാൻ
തങ്കമുരളിനി ധീരയാണോ?
എങ്ങുപോയെങ്ങുപോയെൻമുരളീ
വന്നു ചേർന്നീടുകെൻ പൊൻമുരളീ
അല്ലാ, നീ പൊല്ലാത്തകന്നുപോയോ,
എന്നെ നീ ദുഃഖത്തിൽ താഴ്ത്തിയെന്നോ?
ഇല്ല, ഞാനങ്ങനെ വിശ്വസിക്കും
അതുണ്ടാകുമെന്നുള്ളതല്ലേ?
എന്നോമൽത്തങ്കമേ പൊൻമുരളീ
മേലിൽനീ ഗാനങ്ങൾ പാടുകില്ലേ?
സങ്കല്പലോകം തകർന്നുപോയീ;
സന്താപലോകമുദിച്ചുയർന്നു.
നീയിനിമേലിൽഞാൻ പ്രേമഗാനം
പാടുകില്ലെന്നോടെൻ പൊൻമുരളീ
എങ്കിലെൻജീവിതം ശൂന്യമായീ.
ഹന്ത! ഞാനെന്തിനു ജീവിക്കേണം
എങ്ങുപോയെങ്ങുപോയെൻമുരളീ
വന്നുചേർന്നാശ്ലേഷിക്കെൻ മുരളീ

ചെറുകഥ

★ കാലണ ★

എം. സി. മുരളി, കൊട്ടാരക്കര ലീഡ് നമ്പർ 2465

അലുവാ ബസ്സ്വന്നു നിന്നു. ചില വികൃതി പിള്ളർ ചുറ്റും കൂടി പാട്ടുപാടാൻ തുടങ്ങി. ബസ്സിൽനിന്നും കാലണകൾ അവരുടെ കയ്യിൽവീണുതുടങ്ങി. അതു കണ്ട് ദരിദ്രനായ ബാലനും കൊതിവന്നു. അവൻ വിചാരിച്ചു ഞാനും പാട്ടുപാടുമെങ്കിൽ എനിക്കും കാലണകൾ കിട്ടും. പക്ഷെ അവനു പാട്ട് ഓർത്തുകൂടാ അന്നു വൈകിട്ട് അവൻ സിനിമാ തീയേറ്ററിന്റെ അടുത്തു ചെന്ന് മിന്നു മുന്നു പാട്ട് കേട്ട് പഠിച്ചു. അടുത്ത ദിവസം ബസ്സുവന്നപ്പോൾ അവൻ ആ പാട്ടുപാടാൻ തുടങ്ങി. പക്ഷെ അവനു കുറെ കിട്ടിയില്ല. അടുത്ത ബസ്സുവന്നപ്പോൾ

കൗമുദി ലീഗ്

പേര് .....

മേൽവിലാസം .....

.....

ബാലിക / ബാലൻ വയസ്സ് .....

ഏതു ക്ലാസ്സിൽ പഠിക്കുന്നു .....

പ്രത്യേക വാസനകൾ .....

.....

(ഇവിടെ സ്ഥാമ്പുശേഖരണം, സംഗീതം, നൃത്തം തുടങ്ങി എന്തിലാണു പ്രത്യേകതാല്പര്യമെന്നെഴുതണം.)

രക്ഷകർത്താവിന്റെ പേര് .....

എന്നെ കൗമുദി ലീഗിൽ ഒരംഗമായി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു. എന്റെ മേൽവിലാസമെഴുതിയ ഒരു കവർ ഉള്ളടക്കം ചെയ്തിട്ടുണ്ടു്.

ഴും അവൻ ചുറ്റും നിന്നും പാടി. അവന്റെ പാട്ടു് ആരും ശ്രദ്ധിച്ചില്ല. അവന്റെ പാട്ടിനു് പാട്ടിന്റെ രൂപമില്ല. അവനു് എന്താണു് പാട്ടുപാടിയാൽ ഒന്നും കിട്ടാത്തതു്. അവൻ ചിന്തിച്ചു തുടങ്ങി. അതിന്റെ കാരണമെന്തെന്നു് അവനു് മനസ്സിലായില്ല. അവനു് ഒരു ഭിക്ഷക്കാരന്റെ രൂപമില്ല, അവനെ കണ്ടാൽ അവൻ ഭിക്ഷക്കാരനാണെന്നു് ആരും പറയുകയുമില്ല. അങ്ങനെ ഭിക്ഷക്കാരനായ ഒരു സിനിമാനടനെ അവൻ സിനിമാകൊട്ടകയിൽ കണ്ടു. അതിലെ അഭിനയങ്ങളും, പാട്ടുകളും അവൻ നിശബ്ദമായിരുന്നു് കേട്ടു. സിനിമാകൊട്ടകയിൽനിന്നു് അവൻ റോഡിലിറങ്ങി അതിലെ അഭിനയങ്ങൾ അഭിനയിച്ചുനോക്കി, പാട്ടുകൾ പാടിനോക്കി, എല്ലാം ശരിയായി എന്നു് അവൻ നിശ്ചയിച്ചു. അവൻ ഒരു ഗ്രാമത്തിൽചെന്നു് ഇങ്ങനെ പാടി "ലാലിലപ്പാ ലാലിലപ്പാ, ലലിലപ്പാ അവന്റെ ഈ പാട്ടു് ഗ്രാമീണരെ ആകർഷിച്ചു. അവർ അവനു് കുറച്ചു് ആഹാരവും, സമ്മാനങ്ങളും കൊടുത്തു. അതിരുന്നതുകൊണ്ടു് അവൻ പാടാൻപോയില്ല. പിന്നീടു് അവൻ പട്ടണത്തിൽപോയി പാട്ടുപാടി. ആരും അവനു് ഒന്നും കൊടുത്തില്ല. അന്നു രാത്രിയും അവൻ വിശന്നുവലഞ്ഞു് പട്ടണത്തിൽക്കൂടി നടന്നുതുടങ്ങി. ഒടുവിൽ കുറച്ചുദൂരെ ഒരു ഹോട്ടലിന്റെ മുൻപിൽ എത്തി. അവന്റെ കൈകളും അവിടെ തൂക്കിയിരുന്ന ഒരു പഴക്കുലയിൽ എത്തി. ഒരു പഴം എടുക്കുന്നതിനുമുമ്പു് ഹോട്ടൽഉടമസ്ഥൻ കുറെ തിളച്ചവെള്ളം അവന്റെ ശരീരത്തിൽ ഒഴിച്ചു. അവൻ പ്രാണവേദനയോടെ റോഡിൽ കിടന്നു് ഉരുണ്ടിച്ചാടി. അവസാനം അവൻ റോഡരുകിൽ ചെന്നുകിടന്നു. അതുവഴിപോയ ഒരാളെനോക്കി അവൻ പറഞ്ഞു "അയ്യാ കാലണ" അതു് അവന്റെ അവസാനത്തെ കാലണയാവിളിയായിരുന്നു. അവൻ അവിടെ കിടന്നു് ഒന്നുറങ്ങി. പിന്നീടു് അവൻ ഉണർന്നിട്ടില്ല.

(14-ാംപേജിൽനിന്നും തുടർച്ച)

സ്ത്രീ ഹൃദയത്തിന്റെ പിടച്ചിൽ പെട്ടെന്നു് ഒരു ദൌർബല്യം അവളെ ബാധിച്ചു മുഖത്തു് രക്തം ഇരച്ചുകയറി. അവൾ നാണിച്ചു തല കുനിച്ചു കളഞ്ഞു

കുറേക്കഴിഞ്ഞു് ഒരു സ്വപ്നം കണ്ടുണർന്നപോലെ അവൾ കണ്ണു ചിമ്മിനോക്കി. അയാൾ പൊയ്ക്കഴിഞ്ഞിരുന്നു മേശപ്പുറത്തു് ഒരു കവർ മാത്രമിരിപ്പുണ്ടു്. അയാളുടെ അഭിലാഷങ്ങൾ മുഴുവൻ അതിൽ പകർത്തിവച്ചിരിക്കും. അവൾ ഉൽഗ്രഹിച്ചു അതു തുറന്നുനോക്കാൻ അവൾക്കു തിടുക്കമായി വിറയ്ക്കുന്ന കരങ്ങളോടെ അവളതെടുത്തു വിടർത്തി നോക്കി. കുറെ നോട്ടുകൾ അവൾക്കു് സഹിച്ചില്ല. അവൾ പ്രതീക്ഷിച്ചതു് അതൊന്നുമല്ല. അതിനു വേണ്ടിയല്ല അവൾ അയാളെ പരിചരിച്ചതു്; സ്നേഹിച്ചതു്; ആരാധിച്ചതു്. ലോകം മുഴുവൻ അവളുടെ തലയ്ക്കു മുകളിൽ മേൽകീഴായി മറിഞ്ഞു എങ്ങും ഇരുൾ. അതിനിടയിൽ ചിലവെള്ളിരേഖകൾ ദുരഗതിയിൽ പുളഞ്ഞൊഴുകുന്നതുപോലെയും. ശരീരം കിടുകിടെ വിറച്ചു. എത്രനേരം അവൾ അങ്ങനെ പ്രജ്ഞയറ്റു നിന്നെന്നറിഞ്ഞുകൂടാ.

വീണ്ടും ആ നോട്ടുകൾ അവളുടെ കൺമുമ്പിൽ നിരന്നുവന്നു. അതിന്റെ ഒട്ടുമാധ്യത്തിലായി ആ മാന്യനായ മനുഷ്യന്റെ മറക്കാനാവാത്ത രൂപവും. അയാളുടെ പുറകിൽക്കൂടെ നിരവധി നഴ്സുകളുടെ ഇരുണ്ട നിഴലുകൾ നടന്നുമാഞ്ഞുകൊണ്ടിരുന്നു. വിവിധ രീതിയിലും ആകൃതിയിലുമുള്ള നിഴലുകൾ. ഓരോരുത്തരുടേയും കയ്യിൽ ഓരോ സാധനങ്ങളുമുണ്ടു്. ചോരപുരണ്ട ഉണിക്കെട്ടുകൾ, പ്രസവിച്ചിട്ടു ഒരു ഭിവസംപോലും തികയാത്ത പിഞ്ചുകൈകാലുകൾ, മാസംതികയാതെ പ്രസവിച്ച ചോരക്കട്ടകൾ, അതിനുപയോഗിക്കുന്ന മരുന്നുകളും, സാമഗ്രികളും. അങ്ങനെ പലതും. അവളുടെ ആരാധനാമൂർത്തി അവറ്റകളുടെ ഘോഷയാത്ര കണ്ടു് പേടിച്ചു വിറച്ചു് കണ്ണുപൊത്തിക്കൊണ്ടു് വിരണ്ടോടി അയാൾ ചക്രവാളസീമകളേയുംകടന്നു് ഒരു നേരിയ നിഴൽപോലെ മാഞ്ഞുമാഞ്ഞു് ഒടുവിൽ കാണാതായി.

"നഴ്സു്; അവൾ ഒരഭിസാരികയാണു്. സമുദായം അവളെ അംഗീകരിക്കുന്നില്ല." ശബ്ദശൂന്യമായി ആ വാചകം ഒരു പ്രചണ്ഡശക്തിയുടെ പ്രജ്ഞാനംപോലെ അവളുടെ ചെവികളിൽ തുളഞ്ഞടിച്ചുകൊണ്ടിരുന്നു.

പിന്നീടവൾക്കു് ഓർമ്മവന്നതു് എത്ര മണിക്കൂറുകൾ കഴിഞ്ഞെന്നറിഞ്ഞുകൂടാ അതിനകം അവൾ തകർന്നുടഞ്ഞു കഴിഞ്ഞിരുന്ന ഒരു മയക്കത്തിൽനിന്നും അവൾ സാവധാനം കണ്ണു മിഴിച്ചു നാലുപാടും നോക്കി. ചുറ്റും വരിവരിയായി കിടക്കുന്ന രോഗികളും അവരുടേയെല്ലാം തലയ്ക്കുമുകളിൽ ഓരോ നമ്പരുമുണ്ടു്. തലയുന്ന കണ്ണുകളുയർത്തി അവൾ അർത്തിയോടെ മുകളിലുള്ള ചുവരിലേയ്ക്കു് നോക്കി "14" അവൾ ഞെട്ടിപ്പോയി. ആ കട്ടിൽ ആ നമ്പർ അതു് അവളുടെ സ്വന്തമാണു്. പെട്ടെന്നു് ശരീരം കുത്തുങ്ങിക്കുഴയുന്നതായി അവൾക്കു തോന്നി. കനം തൂങ്ങുന്ന ആ കൺപോളകൾ വീണ്ടും ക്രമ്പിയടഞ്ഞു.

അന്നർദ്ധരാത്രിക്കു ശേഷം ആ വാർഡിൽ ഡ്യൂട്ടിയായിരുന്ന നേഴ്സ് ഒരു ബോർഡ് മേശപ്പുറത്തു വലിച്ചെറിഞ്ഞു കൊണ്ടു് നിർവ്വികാരയായി ആ പഴയ പല്ലവി ആവർത്തിച്ചു. "പതിനാലു തീർന്നു"

കൗമുദിവാരിക

	രൂ.	ന.
ഏജൻറന്മാർമുഖേന ഒറ്റപ്രതി	0	8
വാർഷിക വരിസംഖ്യ പോസ്റ്റ്	10	8
" ഫോറിൻപോസ്റ്റ്	18	0

ക്രൂട്ടാൽ വിവരങ്ങൾക്കെഴുതുക:

മാനേജർ, കൗമുദി വാരിക

പേട്ട-തിരുവനന്തപുരം

സമൂഹത്തോടും സാഹിത്യകാരനോടും നീതി പുലർത്തുക

—ഒവെക്കം വരുശേഖരൻനായർ—

ഇയ്യിടെ, മലയാളത്തിലെ മറഞ്ഞുപോയ ചില സാഹിത്യകാരന്മാരുടെ അധ:പതനചിന്തകളെ അല്പം കർക്കശമായ ഭാഷയിൽ വിമർശിച്ചപ്പോൾ, ഒരു സുഹൃത്ത് പറഞ്ഞു:—"നിങ്ങൾ നിർദ്ദയമായ നിലയാണെടുക്കുന്നത്. ഒരു കവി, സാഹിത്യകാരൻ, സമൂഹത്തിലേയ്ക്ക് കുറെ നിരാശയും വിഷാദവും പകർന്നുവെന്ന ഒറ്റക്കാരണം മതി, ഇങ്ങിനെ പല്ലും നഖവുമുപയോഗിച്ച് എതിർക്കണമെന്നില്ല; അതു നീതിയല്ല."

ഈ താക്കീത്, ഒരു പുതിയ പ്രശ്നം—മുങ്ങിയപക്ഷം എന്നെ സംബന്ധിച്ചിടത്തോളമെങ്കിലും—പൊന്തിച്ചുകൊണ്ടു വന്നു. പഴയ സാഹിത്യകാരന്മാരുടെയും അവരുടെ കൃതികളുടെയും വിലനിർണ്ണയിക്കുമ്പോൾ, എങ്ങിനെയാണ് 'നീതി' പുലർത്തുക? ആരോടാണ് നാം നീതി പുലർത്തേണ്ടത്—സാഹിത്യകാരനോടോ സമൂഹത്തോടോ? രണ്ടുകൂട്ടരോടും, എന്ന് മുഖവിലയ്ക്ക് മറുപടി പറഞ്ഞേക്കാം. പക്ഷേ, നമ്മുടെ പൂർവ്വഗാമികളായ കവികളുടെ മഹത്വത്തിൽ വിശ്വസിച്ച്, അതിൽ മുഴുകി, മനുഷ്യസമൂഹത്തെ വിസ്മരിച്ചുകളഞ്ഞാൽ അത് 'നീതിഭിക്ഷ'യാവുമോ? അങ്ങിനെയാണ് പ്രവണത, മലയാളത്തിൽത്തന്നെ പലപ്പോഴും നാം കാണുന്നില്ലേ? അതിന്റെ പ്രതിഫലനമല്ലേ എന്റെ സുഹൃത്ത് എനിക്കു നൽകിയ താക്കീതിലും കലർന്നത്?

വിശ്വസാഹിത്യത്തിലേയ്ക്കൊന്നു തിരഞ്ഞുനോക്കുവാൻ ഇതെന്നെ പ്രേരിപ്പിച്ചു. സാഹിത്യം ഒരു സാമൂഹ്യവൃത്തിയാണെന്നും സമൂഹത്തിന്റെ നന്മയെന്നപ്രശ്നം വരുമ്പോൾ നിർദ്ദയമായ സത്യസന്ധത ഭിക്ഷിക്കണമെന്നും വിശ്വസിക്കുന്ന ഒരാളെന്നനിലയ്ക്ക് എന്റെ കണ്ണുകൾ ചെന്നെത്തിയത് കലാവിമർശനകായ ഗോർക്കിയിലാണ്: അങ്ങിനെ ഈ ലേഖനത്തിന്റെ തലക്കെട്ടുകൊണ്ടു സൂചിപ്പിക്കപ്പെട്ടന്ന വിഷയത്തിലേയ്ക്ക് കടന്നുവന്നിരിക്കുകയാണ്. സാഹിത്യകലാവിമർശനത്തിലെ ഒരു മഹത്തായ ഇതിഹാസം ഇതിലൂടെ അനാവരണംചെയ്യപ്പെട്ടുമെന്ന ഞാൻ കരുതുന്നു.

സുപ്രസിദ്ധ റഷ്യൻ സാഹിത്യകാരനായ ഫെഡോർ ഡെസ്റ്റോവ്സ്കിയെ നമുക്ക് പരിചയമുണ്ട്. സൈബീരിയൻ സമതലംപോലെ വിശാലവും അഗാധവുമായ കല്പനാശക്തിയുടെ ഉടമസ്ഥൻ; കുറവും ശിക്ഷയും സ്വന്തം നീതിസാരത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ച് വിലനിർണ്ണയിച്ച് ഉന്നതനായ കലാകാരൻ; "പ്രണിതരും വേദനിപ്പിക്കപ്പെട്ടവരു"മായ സഹജീവികൾക്കു ശബ്ദംനൽകിയ മനുഷ്യകഥാനഗായി; സാവ്ജനീനമായി അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയുംചെയ്ത, ചെയ്യുന്ന ആ വിശ്വസാസിതൃകാരൻ,മലയാളസാഹിത്യവുംഭേഹത്തെ മാനിക്കുവാൻ മറന്നിട്ടില്ല. "കുറവും ശിക്ഷയും" തർജ്ജമചെയ്തു വന്നിട്ടുണ്ട്; വിമർശനങ്ങളിലും മറ്റും ആ നാമധേയം ആദരവോടെ അനുസ്മരിക്കപ്പെട്ടിട്ടുണ്ട്. അങ്ങിനെയുള്ള ഡെസ്റ്റോവ്സ്കിയെപ്പറ്റി 1913-ൽ ഗോർക്കി ഇങ്ങനെയെഴുതി:—

"ഡെസ്റ്റോവ് സ്കി ഒരു പ്രതിഭാശാലിയായിരുന്നു, നിഷേധിക്കാനാകാത്ത വസ്തുതയാണത്. പക്ഷേ നമ്മുടെ നാട്ടിലെ ദുഷിച്ച പ്രതിഭാശാലിത്വമാണ ദ്ദേഹത്തിൽനിന്നേറ്റും രണ്ടുതരം രോഗങ്ങളെ അദ്ദേഹം അത്യന്തകരമാംവിധം ആഴത്തിൽ മനസ്സിലാക്കി, അവ അഹ്ലാദപൂർവ്വം ചിത്രീകരിക്കുകയും ചെയ്തു. .....ഒന്ന്, എല്ലാ പ്രതീക്ഷകളും നശിച്ച ഒരു ഉന്മൃവരിയുടെ വേദനിപ്പിക്കുന്ന ക്രൂരത; മറ്റൊന്നാകട്ടെ ഇതിന്റെ നേരെ എതിർവശം മർദ്ദിതനും നിരാശനുമായൊരു ജീവിയുടെ സ്വയം വേദനയനുഭവിക്കുവാനുള്ള വാസന ഇതിൽ രണ്ടാമത്തെ തരക്കാരൻ സ്വന്തം തിക്തകാനുഭവങ്ങളെ പുണരുവാൻ തയ്യാറാണ്, അതു മറ്റുള്ളവരിലേയ്ക്കും തന്നിലേയ്ക്കും ദുഷിച്ച രീതിയിൽ പകരുകയും ചെയ്യുന്നു.....ഡെസ്റ്റോവ് സ്കി-അദ്ദേഹം തന്നെ തകർച്ചക്കു താളം പിടിക്കുന്ന, ജ്വരം പിടിച്ച മനസ്സാക്ഷിയോട് ക്രൂരനായ ഒരാളായിരുന്നു ഈ ഇരുണ്ട, കുഴഞ്ഞുമറിഞ്ഞ, മനം മടിപ്പിക്കുന്ന മനഷ്യാത്മാവിനെ വരച്ചുകാണിക്കുവാനാണിഷ്ടപ്പെട്ടിരുന്നത്."

വീണ്ടും 1934-ൽ ഗോർക്കി പറഞ്ഞതു കൂടി കേൾക്കുക:—

"ഡെസ്റ്റോവ്സ്കി ധിഷണശാലിയായിരുന്നു, തർക്കമില്ല അദ്ദേഹത്തിന്റെ കലാരചനയുടെ ശക്തി, ഷേക്സ്പിയറോട്ട മാത്രമുപമിക്കാവുന്ന നിലയിലാണ് പക്ഷേ ഒരു സാഹിത്യകാരനെന്ന നിലയിൽ 'ദ്രോകത്തെയും മനുഷ്യരെയും പറ്റി തീർപ്പുകല്പിക്കുന്ന ആ ഒന്നാന്നിലയിൽ മദ്ധ്യകാലത്തിലെ ഒരു വിശ്വദണ്ഡനക്കാരന്റെ പന്തിയിലാണദ്ദേഹം."

റഷ്യയുടെ പുരോഗമനസംസ്കാരചരിത്രത്തിൽ, തലയെടുത്തുനിന്ന ഒരു കലാനായകനെക്കുറിച്ച്, അദ്ദേഹത്തിന്റെ ബുദ്ധിയും കലാവിരുതും മംഗീകരിച്ചുകൊണ്ടുതന്നെ, ഇത്ര കർക്കശമായ വിമർശനമാണ ഗോർക്കി നടത്തിയിട്ടുള്ളത്. ഈ ഗോർക്കിയാകട്ടെ കലയ്ക്കും സാഹിത്യത്തിനും വിമർശനത്തിനുമൊക്കെത്തന്നെ ഒരു പുതിയ അടിത്തറപാകിയ തത്വവേദിയുമാണ്. ഉന്നതാശയനായ ഡെസ്റ്റോവ്സ്കിയോടുള്ള ബഹുമാനം ഗോർക്കിയുടെ നിരൂപണം ഗ്രഹിക്കുന്നതിനു തടസ്സമാവുമെന്നും പാടില്ലല്ലോ. മുകളിൽ കണ്ടവിധം 1913-ലും 34-ലും മാത്രമല്ല ഈ വിധം വിമർശിച്ചിട്ടുള്ളൂ; ഡെസ്റ്റോവ്സ്കിയുടെ ആശയങ്ങളെയും നീതിസാരങ്ങളെയും ഇടതടവില്ലാതെ ഗോർക്കി ചീന്തിയിടുന്നു; ഇതിനും, ലേഖനവും പ്രബന്ധവുംമാത്രമല്ല, കഥകൾപോലെയുള്ള കൃതികൾപോലും ഗോർക്കിയെയും ടോൾസ്റ്റോയിയേയും നക്ഷത്രസ്ഥനായിനിർത്തിച്ച് ഗോർക്കി ഡെസ്റ്റോവ്സ്കിയെ മാർക്കിടുന്നതുപലപ്പോഴുമെന്തുകൊണ്ട്? ഗോർക്കി "നീതി" ലംഘിക്കുന്നോ? എങ്കിൽ ആരോടാണ്, എന്തിനോടാണ്?

ഗോർക്കിയുടെ നിലപാടെന്തായിരുന്നു? തന്റെ മുൻഗാമിയായ മഹാസാഹിത്യകാരന്റെ സാമാന്യമല്ലാത്ത കഴിവുകളെ, അതുല്പനാശേഷി, രചനാപ്രൌഢിയും, ഗോർക്കി പൂർണ്ണമായംഗീകരിച്ചു; ഈ കഴിവുകളുടെ ഉടമയിടം, മനുഷ്യജീവിതങ്ങളുടെ വേദനയോടും കണ്ണുനീരിനോടും പുലർത്തിയ സഹാനുഭൂതിയായിരുന്നു. അവിടംകൊണ്ട് അതവസാനിക്കുന്നു. പിന്നെയുള്ളതെല്ലാം നിവർന്നുനില്ക്കാൻ ശ്രമിക്കുന്ന മനുഷ്യനെ തടയുകയും തളർത്തുകയും ചെയ്യുന്ന ആശയസംഹിതകളാണ്. പുരോഗതിക്ക് ചങ്ങലയിടുന്ന പഴയ ശക്തികളെ പ്രീണിപ്പിക്കാനും വളർന്നിവിടുവാനുംമാത്രമേ അവ ഉപകരിക്കൂ. അതിലുപരിഭവിക്കുന്ന ആപത്തു ഗോർക്കി കണ്ടു; അതിന്റെ കടന്നാക്രമണം പറിച്ചെറിയുവാനാണ് അദ്ദേഹം നിരന്തരമായി യത്നിച്ചത്. റഷ്യയിൽ, 1880-നും 90 നുമിടയ്ക്കും, 1905-ലെ വിപ്ലവം തോറ്റതിനുശേഷവുമാണ ഡെസ്റ്റോവ്സ്കിയുടെ കൃതികൾ വൻതോതിൽ പ്രചരിച്ചത്. ഇത് ഒരു യാദൃച്ഛികസംഭവമല്ലെന്നും ഗോർക്കി കണ്ടു പഴയതൊക്കെ തകരുന്നതിലും പുതിയ ക്രമങ്ങൾ കൃതിച്ചുവരുന്നതിലും വേദനപൂണ്ടവർക്ക് വിശ്രമം നൽകുന്നതുകൊണ്ടുതന്നെയാണ് ആ കൃതികൾ അങ്ങിനെ പ്രചാരം നേടിയതെന്നു വ്യക്തമായി. അതുതന്നെയായിരുന്നു അവയുടെ പ്രത്യേകതയും.

1860 നു മുമ്പുതന്നെ റഷ്യയുടെ സാമ്പത്തിക—സാമൂഹ്യജീവിതം ഒരു വലിയ മാറ്റത്തിനു വിധേയ



മായിക്കൊണ്ടിരുന്നു. പഴയ ഫ്യൂഡൽക്രമങ്ങളും ശക്തിഹീനമായിരുന്നു; ഫാക്ടറികളിലും കമ്പോളങ്ങളിലുംകൂടി മുതലാളിത്തം അവ പൊക്കി. ചരിത്രത്തിന്റെ ഗതിയിൽ ഇതു് മുന്നോട്ടുള്ള കയ്പേയ്പാണു് പക്ഷേ, ആ മാറ്റത്തിന്റെ തായ വേദനകളും ദുഃഖങ്ങളുമുണ്ടാക്കി. ലക്ഷക്കണക്കിനു് ജനങ്ങളിൽ അതു പുഴുപോലിട്ടിച്ചും ഇതിന്നിരയായവരിൽ മുഖ്യപങ്കും കൃഷിക്കാരും പെറ്റിബൂർഷ്വാവിഭാഗങ്ങളുമായിരുന്നു. നിരവധി കൃഷിക്കാരുടെ ജീവിതം നഗരങ്ങളിലേയ്ക്കു് കുടിപുഴക്കിയെറിയപ്പെട്ടു പഴകിമറിഞ്ഞ കാലംമുതൽ വേരുറച്ചിരുന്ന ബന്ധങ്ങളാണു്, അവ ഒരു സംബന്ധിച്ചിടത്തോളം. ഇതോടെ വിച്ഛേദിക്കപ്പെട്ടതു് എന്നിട്ടു്. നഗരത്തിലോ, തൊഴിലിനും ആഹാരത്തിനുംവേണ്ടി അലഞ്ഞുനടക്കേണ്ടിയും വന്നു. നാട്ടിൽ പുറത്തെ പെറ്റിബൂർഷ്വാവിഭാഗത്തിൽ നിരവധി പേരുടെയും സ്ഥിതി ഇങ്ങിനെ തകിടംമറിഞ്ഞു.

ഇതോടൊക്കെട്ടി, ഈ ജനലക്ഷങ്ങളുടെ മുമ്പിൽ ഭീഷ്കരമായ ഒരു ഭാവിയുടെ ചിത്രം തുറന്നു വച്ചുകൊടുത്തു. അടിക്കടി കയ്പേറിയ അനുഭവങ്ങൾ സഹിക്കാതായി; ശക്തമായ പ്രതിഷേധവും അഴമുള്ള നിരാശതയും അവരിൽ വളർന്നു. മുതലാളിത്തം കാലുകളുറപ്പിക്കുന്തോറും ഈ പ്രതിഷേധം സൂക്ഷ്മമായി കാരണം എന്തുതന്നെ ആയാലും ജനങ്ങളുടെ മേൽ ക്ഷാമത്തിന്റെയും പട്ടിണിയുടെയും സാന്നിദ്ധ്യികാധിപത്യത്തിന്റെയും ആക്രമണങ്ങൾ സൂക്ഷ്മമായി. തന്മൂലകളിലൂടെ ഉറഞ്ഞുകൂടിയ എതിർപ്പും വെറുപ്പും ഒരു കൊടുങ്കാറ്റായുയരുമോ എന്നുപോലും തോന്നി. അന്നു പെറ്റിബൂർഷ്വാ വിഭാഗങ്ങളിൽ നിന്നുയർന്ന സജീവശബ്ദങ്ങളുടെ പൊരുൾ ഇതായിരുന്നു. അതേ സമയം പഴയ വിശ്വാസബന്ധങ്ങൾ തകരുന്നതിന്റെ വേദനയാണു് തങ്ങളെ വലയം ചെയ്യുന്നതെന്ന ബോധം, ആ തകർച്ചയ്ക്കെതിരായ ചിന്താഗതികൾ പെറ്റിബൂർഷ്വാസിയിൽ ഉണർത്തിവിട്ടു. ആ കാലഘട്ടത്തിൽ കാണാൻ കഴിയുന്ന പല പിൻതിരിപ്പൻ തത്വവാദങ്ങളും ഇതിന്റെ പ്രതിഫലനങ്ങളാണു്.

ഈ പശ്ചാത്തലത്തിൽ നിന്നിട്ടു നോക്കൂ, നിങ്ങൾക്കു ഡെസ്റ്റോവ്സ്കിയേയും അദ്ദേഹത്തിന്റെ കൃതികളെയും കാണാൻ കഴിയും; മനസ്സിലാക്കാൻ സാധിക്കും. മുകളിൽ പറഞ്ഞ സമൂഹ്യമാറ്റവും അതു് പുളഞ്ഞിച്ചുവിട്ട വിവിധങ്ങളായ വികാരവിചാരങ്ങളുമാണു് ഡെസ്റ്റോവ്സ്കിയേപ്പോലൊരു സാഹിത്യകാരനു ജന്മം നൽകിയതു്. പെറ്റിബൂർഷ്വാസിയെപ്പറ്റി മാർക്സ് എഴുതിയ ചില വരികളും ഈ ഘട്ടത്തിൽ നമ്മുടെ ഓർമ്മയിലേയ്ക്കു വരുന്നു:—

'കുറെ മുന്നോട്ടു കടന്ന ഒരു സമൂഹത്തിൽ പെറ്റിബൂർഷ്വാ, അയാളുടെ നിലപാടുകൊണ്ടതന്നെ ഒരു വശത്തു് ഒരു സോഷ്യലിസ്റ്റും മറുവശത്തു് ഒരു സാമ്പത്തികവിദഗ്ദ്ധനുമാണു്; എന്നുവച്ചാൽ ബൻകിട ബൂർഷ്വാസിയുടെ പദവിലേയ്ക്കു് അയാൾ ഉറക്കനോക്കും; അതോടൊപ്പം ജനങ്ങളുടെ ദുരിതാനുഭവങ്ങളിൽ അയാൾ അങ്ങേയറ്റം സഹതാപമുൾക്കൊള്ളുകയും ചെയ്യും....ഇത്തരമൊരു പെറ്റിബൂർഷ്വാവൈരുദ്ധ്യത്തെ തത്വീകരിച്ചു കാണിക്കുന്നു, കാരണം വൈരുദ്ധ്യമാണു് അയാളുടെ നിലനിൽപ്പിന്നടിസ്ഥാനം....അയാൾ യഥാർത്ഥത്തിലെന്താണോ അതു് തത്വത്തിലൂടെ ന്യായീകരിക്കാൻ അയാൾ നിർബന്ധിതനാണു്.''

അക്ഷരംപ്രതി, സാഹിത്യകാരനായ ഡെസ്റ്റോവ്സ്കിക്കു് ചേരുന്ന വിവരണം. ശാസ്ത്രീയമായ സാമൂഹ്യവിശകലനത്തിന്റെ ഈ തെളിവെളിച്ചത്തിലേക്കു്യത്തിപ്പിടിച്ചുകൊണ്ടാണു്, (അന്നത്തെ പ്രത്യേകപശ്ചാത്തലത്തെ പറിച്ചുകൊണ്ടതന്നെ) ലോക്കി തന്റെ മുൻഗാമിയെ നോക്കിയതു്. അപ്പോൾ കണ്ടതെന്താണു്?

-19-ംനൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ ചരിത്രം മുന്നോട്ടു കുതിക്കുന്നതുകണ്ടു ഭീതിയും ചിന്താക്ഷയപ്പുവും പിടിപെട്ട ഇടത്തരക്കാരുടെ മനോവികാരങ്ങളെയാണു ഡെസ്റ്റോവ്സ്കി പ്രതിഫലിപ്പിച്ചതു്. വിപ്ലവശബ്ദം തന്നെ അങ്ങേയറ്റം ഭയചകിതരാക്കിയിരുന്നു. ഈ ഇടപ്പേരിയുടെ ഭയങ്കരമായ തകർച്ച മുഴുവൻതന്നെയും ക്കൊള്ളുവാൻ കഴിഞ്ഞു ഡെസ്റ്റോവ്സ്കിക്കു്, കുറെ ജീവിതയാഥാർത്ഥ്യങ്ങളെ തന്റെ പന്തിയിലുള്ള മറ്റാരേക്കാളും തീക്ഷ്ണമായി ചിത്രീകരിച്ചു കാണിക്കുവാൻ പല പ്പോഴും കഴിഞ്ഞിട്ടുണ്ടു്. അദ്ദേഹത്തിനു മുമ്പോ പിമ്പോ അത്രകണ്ടു കലാവിരുതു് അക്കാര്യത്തിൽ മറ്റാരിലും കാൺമാനില്ലെന്നു പറഞ്ഞാലും അധികപ്പറ്റായിപ്പോവുകയില്ല.

എന്നാൽ, അതേ തോതിലുള്ള തീക്ഷ്ണത, വിപ്ലവ-ജനാധിപത്യശക്തികൾക്കെതിരായ അദ്ദേഹത്തിന്റെ മനോഭാവത്തിലും നാം ദർശിക്കുന്നു. 1860-നും'80-നുമിടയ്ക്കു്, റഷ്യയിലുണ്ടായേക്കാവുന്ന ഒരു വിപ്ലവമുന്നേറ്റത്തെ ഡെസ്റ്റോവ്സ്കി മുൻകൂട്ടി ഭയന്ന അതേ പ്പടിൽ, അദ്ദേഹത്തിന്റെ മാനുഷികവികാരങ്ങൾപോലും മരവിച്ചുപോയതായിക്കാണാം അദ്ദേഹത്തിലുള്ള കലാകാരന്റെ ഏറ്റവും മോഹനമായ അംശം—"പാവങ്ങ''ളുടെ നേർക്കുള്ള സഹാനുഭൂതി പോലും മാഞ്ഞുതീരുന്നു; പോരാ, അതു് തിരിഞ്ഞു കുത്തുന്നു. എന്നിട്ടു് അടിമത്തത്തെ പുകഴ്ത്തിപ്പാട്ടുകയും നീതീകരിക്കുകയും ചെയ്യുകയെന്ന ഗതികേടുവരെ അതു ചെന്നെത്തുന്നു. അതോടെ, അദ്ദേഹം ഇരുകൈപ്പണന്നിരുന്ന "സാധുക്കളെ" മർദ്ദിതക്കായുള്ള കണ്ണീരും മുഷ്കിരീടവും ചുമക്കുവാൻ വിട്ടുകളയുന്നു.

'മാർക്സിന്റെ ഉരുണിയിൽ കാണുന്നതുപോലെ, സ്വന്തം വിപ്ലവവിരോധം മൂടിവയ്ക്കുവാൻതക്ക ഒരു സിദ്ധാന്തവും അദ്ദേഹം ഒന്നെയുണ്ടാക്കുന്നു. മനുഷ്യനിൽ വിശ്വവികാരങ്ങളുടെ സംഘട്ടനം അനിർവ്വാര്യമാണു്, ഒരിക്കലും അതു് ഇല്ലാതാവുകയില്ല - നന്മയും തിന്മയും തമ്മിൽ, ദിവ്യവും ഭൗതികവും തമ്മിൽ, മാനുഷികവും മൃഗീയവും തമ്മിൽ ഈ സംഘട്ടനം തുടർന്നുകൊണ്ടിരിക്കും. ഇതു് തുടച്ചുനീക്കുവാൻ ഈ ലോകത്തിലൊരു ശക്തിയുമില്ലെന്നാണദ്ദേഹത്തിന്റെ നിഗമനം; കാരണം, തിന്മകളെ വേരറ്റുപോകുന്നതു് മനുഷ്യനിലല്ലെന്നും സമൂഹഘടനയിലാണെന്നും അദ്ദേഹം വിശ്വസിക്കുന്നില്ല. അതുകൊണ്ടതന്നെ വർഗ്ഗസമരം അത്മ്രാന്തി

മാക്കിത്തള്ളുവാൻ, വിപ്ലവത്തിലൂടെ ലോകനന്മയിലേയ്ക്കുയരുന്നതിനെ നിഷ്ക്രിയമാക്കുവാൻ ആ സാഹിത്യകാരനു കഴിഞ്ഞു. അദ്ദേഹം വിളിച്ചുപറഞ്ഞു:—"മനുഷ്യാ! കീഴ്വഴങ്ങുക ദൈവികബോധത്തോടെ കീഴ്വഴങ്ങുക!!"

ഇവിടെയാണു് കലാവിമർശകനായ ശോക്കി വിരലൂന്നിയതു്. അദ്ദേഹത്തിന്റെ താക്കീതും ആഹ്വാനവും ഇപ്രകാരമായിരുന്നു:— "....അദ്ദേഹത്തിന്റെ (ഡെസ്റ്റോവ്സ്കിയുടെ) 'തത്വദർശന'ത്തിലാണു് വൃക്തിപരതയിലേയ്ക്കും ശൂന്യവാദത്തിലേയ്ക്കുമുള്ള ഇന്നത്തെ പ്രതിലോമപ്രവണതകൾക്കും രക്ഷനേടുന്നതു്; ഇതേ 'ദർശന'ത്തെയാണു് ജനാധിപത്യത്തിന്റെ ആഭ്യന്തര ശത്രുക്കൾ അഭയമാക്കുന്നതു്. ഡെസ്റ്റോവ്സ്കിയിസത്തെ എല്ലാവശങ്ങളിലൂടെയും തോല്പിക്കേണ്ട സന്ദർഭം ആഗതമായിരിക്കുന്നു."

ഇതിനു്, ശോർക്കിതന്നെ നേതൃത്വമേറ്റെടുത്തു; 1896 മുതൽ അദ്ദേഹം മരിക്കുന്നതിന്നല്പം മുമ്പുവരെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഡെസ്റ്റോവ്സ്കിയിസത്തിനെതിരേ സ്വന്തം തൂലിക പ്രയോഗിക്കുകയും ചെയ്തു കാലം ചെല്ലുംതോറും ഈ എതിർപ്പിന്റെ ആഴവും വ്യാപ്തിയും വർദ്ധിച്ചതായിക്കാണാം. ലക്ഷ്യബോധത്തോടെ നടത്തപ്പെട്ട ആ സമരം ഒന്നു ചിന്നാഞ്ഞു നോക്കേണ്ടതുണ്ടു്.

"ദുരിതാനുഭവങ്ങൾക്കുള്ളിലൂടെയും ശുഭാപ്തിവിശ്വാസികരിക്കുന്നു" (പ്രസിദ്ധനിരൂപകനായ ദോബ്രോല്യുബോവ്) "ദുരിതാനുഭവങ്ങൾക്കു ഒരർത്ഥമുണ്ടു്" കുറവും ശിക്ഷയും! "വേദനയനുഭവിക്കുവാൻ ഞാനാഗ്രഹിക്കുന്നു, അതിലൂടെ ഞാൻ ശുദ്ധീകരിയ്ക്കപ്പെടും" (കാർമോസോവ് സഹോദരന്മാർ)—

ദി നവഭാരത്
ബാങ്ക് & ചിട്ടിഫണ്ട്
കോസ്റ്റൽ ടാക്കീസിനു സമീപം ആലപ്പുഴ
7-ാമതു വർഷത്തെ
പ്രതിവാര, പ്രതിമാസ, ദ്വിമാസ ലേലചിട്ടികൾ
ഉടനെ ആരംഭിക്കുന്ന കൂടുതൽ വിവരത്തിനു
എഴുതിച്ചോദിക്കുക.
പ്രോ: പി. കെ. കരുണാകരൻ. മുനി: കൗൺസിലർ.

ഡൊസ്റ്റോവ്സ്കിയുടെ ഈ സ്ഥായിയായ തത്വവാദത്തെ എതിർക്കുവാൻവേണ്ടി 1896-ൽ ഗോർക്കി 'ക്ലോക്ക്' എന്ന കൃതിരചിച്ചു. അതിലദ്ദേഹമെഴുതി: —"....എപ്പോഴും മനുഷ്യർ ദുഃഖിതരാണ്. പക്ഷേ ഏറ്റവും ദുഃഖിതരായിട്ടുള്ളവർ സ്വന്തം ദുഃഖത്തെ ഏറ്റവും ആധിച്ചിരുത്തുവാൻ, ശ്രമിക്കുന്നവരാണ്....മുമ്പോട്ടുകുതിക്കുക- അതാണ് ജീവിതലക്ഷ്യം."

1890-നും 1900 നും മിടക്ക് ഗോർക്കിയുടെ സ്വരം ക്രൂരത്തൻ മൂർച്ചയേറിയതാണ്. ഡൊസ്റ്റോവ്സ്കിയുടെ "കഠോരവും ശിക്ഷയും" എന്ന ബൃഹദ്ഗ്രന്ഥത്തിലെ ആശയഗതികളെ ചീന്തിത്തള്ളിക്കൊണ്ട് "മൂന്നുപേർ" എന്ന നോവൽ പുറത്തുവന്നു. ഉടൻതന്നെ മനുഷ്യനോട്ട് "ധീരനായമുള്ളവനാകുക!" എന്നു ശാസിച്ചു ഡൊസ്റ്റോവ്സ്കിക്കെതിരായി ഒരു കഥാപാത്രത്തെക്കൊണ്ടു ഗോർക്കി പ്രഖ്യാപിപ്പിച്ചു: "മനുഷ്യൻ—ആ വാക്കിൽ പ്രൗഢമായൊരു മുഴക്കമുണ്ട്!" ("അടിത്തട്ടുകൾ")

'ഒരു കൊള്ളരുതാത്തവന്റെ ജീവിതം" (1908) "മാക്കറോവ്ടെസ്റ്റൻ" എന്നീ രണ്ടു നോവലുകളും ഇതിലക്ഷ്യത്തോടെതന്നെ ഒന്നിനു പുറകേ ഒന്നായിരചിച്ചു 1913-ൽ ഡൊസ്റ്റോവ്സ്കിയുടെ കൃതികളെ അതിനായിക്കുന്നതിനെ ഗോർക്കി പ്രതിഷേധിച്ചു. അദ്ദേഹം അതിനെ വിശദീകരണം നൽകി: —"ക്ലേശഭീതിയിങ്കലായ ജീവസങ്കടം വീണ്ടും വീണ്ടും വരികയാണ്. മനുഷ്യൻ അഭിലാഷങ്ങളും ഒരുതരമാക്കുക, നമ്മുടെ രാജ്യത്തെ ആരോഗ്യകരമായശക്തികളെ അങ്ങേയറ്റം യത്നിക്കുക- അതാണിന്നാവശ്യം .....ഡൊസ്റ്റോവ്സ്കി മനുഷ്യനെ ഒരുനിറഞ്ഞ കാഴ്ചയുമായവതരിപ്പിച്ചു. പക്ഷേ, ഏറിക്കറിയാം, മനുഷ്യൻ അങ്ങനെയല്ലെന്ന്.....അതുകൊണ്ടാണ് ഡൊസ്റ്റോവ്സ്കി മനുഷ്യപുരോഗതിയെ സംബന്ധിച്ചിടത്തോളം അപകടകാരിയായിത്തീരുന്നത്. അതുകൊണ്ടാണ് 19-ാം നൂറ്റാണ്ടിന്റെ അന്തിമഘട്ടത്തിൽ, റഷ്യയിൽ തൊഴിലാളിവർഗ്ഗം സംഘടിതശക്തിയായിക്കയറിവന്നപ്പോൾ, ഫ്യൂഡലിസത്തിന്റെ കവേൽക്കാരും സ്തുതിപാഠകന്മാരും അദ്ദേഹത്തിന്റെ കൃതികളെ തലയിൽതാങ്ങിക്കൊണ്ടു നടന്നതു; അവയിലെ ആശയസംഹിതകളെ കാലഘട്ടകർച്ചയ്ക്കെതിരായി പ്രചരിപ്പിക്കാൻ ശ്രമിച്ചതു. റഷ്യയുടെ വിധിനിർണ്ണയിയെഴുന്നള്ളിയ വിപ്ലവത്തെ, അതിന്റെ ശക്തികളെ വളരുന്നതിനെ, ഗോർക്കി കാലേക്കൂട്ടിക്കണ്ടു. ഓജസ്സുള്ള മനസ്സും ആരോഗ്യംനിറഞ്ഞ ചിന്തയും മരണത്തിന്റെമുമ്പിലും പതറാത്ത ധീരതയും കാലഘട്ടത്തിന്റെ ആവശ്യങ്ങളാണെന്ന് ആ വിപ്ലവനേതാവു മനസ്സിലാക്കി അതിനു വിരുദ്ധമായി വന്ന എല്ലാ സ്വാധീനതകളെയും അദ്ദേഹം വിമർശിച്ചു, എതിർത്തു, നശിപ്പിച്ചു—ക്രൂരത്തിൽ "മാർശനികനായ" ഡൊസ്റ്റോവ്സ്കിയെയും!

ഇതാ ഇന്നു ഇരുപതാംനൂറ്റാണ്ടു പകുതിയും കഴിഞ്ഞ ഈ ഘട്ടത്തിൽ, ഡൊസ്റ്റോവ്സ്കിയുടെ അനന്തിരവന്മാരെ നാം നമ്മുടെ ചുറ്റുപാടും കാണുന്നില്ലേ? ഒരു പുതിയ ജീവിതം രചിക്കുവാൻ പിടഞ്ഞെഴുന്നേൽക്കുന്ന മനുഷ്യലക്ഷങ്ങളെ ഭീതിയിലും നിരാശയിലും ചവുട്ടിത്തള്ളുവാൻവേണ്ടി ഇന്നത്തെ സമൂഹത്തിലൊരു വിഭാഗം "ദർശനങ്ങൾ" നിർമ്മിച്ചിരുക്കുന്നുണ്ട്. രണ്ടു തത്വസംഹിതകൾ കൂട്ടിക്കുഴച്ചു തീർത്തൊരു ദർശനമാണു ഇവിടെ പ്രയോഗിക്കേണ്ടതു് ഗോർക്കി അതു ചെയ്തു—സമൂഹത്തോടുള്ള 'നീതി' അവിടെയാണ് രംഭിക്കുന്നതു്. വിപ്ലവവും പുരോഗതിയും മനുഷ്യ സമൂഹത്തിന്റെ അഭിലാഷങ്ങളാണ് അതിനെ തല്ലിത്തളർത്തുന്ന ആശയങ്ങൾ 'ദർശനങ്ങൾ' നിഷ്കരുണം വിധിക്കപ്പെടുമ്പോൾ, സമൂഹം 'നീതി' നേടുന്നു....ഗോർക്കി സമൂഹത്തോടും ഡൊസ്റ്റോവ്സ്കിയോടും 'നീതി' ചെയ്തു....

ഈ ചിന്തകളിൽനിന്നും താഴെ

ചുപറയുന്നു:— "മനുഷ്യരേ, കീഴ്വഴങ്ങുക, കീഴ്വഴങ്ങുക!" ഗോർക്കിതന്നെ, ആദ്യമാദ്യം ഒരാശയത്തെ മുമ്പിൽക്കണ്ടു് എതിർത്തു; പിന്നീടതു് ഒരു രാഷ്ട്രീയായുധമാണെന്നു കണ്ടപ്പോൾ, ഭയന്നു തോതിലുള്ള ഒരു സമരമായിട്ടു് അതിനെ ഉയർത്തി ഇന്നത്തെ "ഡൊസ്റ്റോവ്സ്കിയിസം" ഇരുപതാംനൂറ്റാണ്ടിലെ രണ്ടുരണ്ടും ദശവിഷങ്ങളിലേതിനേക്കാൾ ഏറ്റവും അധികം വിഷലിപ്തമാണ്; മാരകമാണ്. ഇന്നതിനെ എതുഴയാ മടുത്ത ശക്തിയോടെ എതിർത്തു നശിപ്പിക്കേണ്ടിയിരിക്കുന്നു.

"അപ്പോൾ, ഗോർക്കി 'നീതി' ചെയ്തോ?"—ആ ചോദ്യം അവശേഷിക്കുന്നു. ഞാൻ പറയുകയാണു് "തീർച്ചയായും, തീർച്ചയായും നീതിചെയ്തു." ആരോടു്?—"റഷ്യയിലെ ജനസമൂഹത്തോടു്" എന്നാണെന്റെ ഉത്തരം. അതേസമയം കലാകാരനായ ഡൊസ്റ്റോവ്സ്കിയോടു് അദ്ദേഹം അനീതി കാണിച്ചുമില്ല. അസാധാരണമായ കല്പനാശക്തി ഉജ്ജ്വലമായ രചനാപാടവം, ഇടയ്ക്കിടക്കു് തെളിഞ്ഞു വിളങ്ങിയിരുന്ന തീക്ഷ്ണമായ സഹാനുഭൂതി ഇതെല്ലാമുണ്ട ഡൊസ്റ്റോവ്സ്കിയുടെ മേന്മകളാം. അതുപോലെ കാര്യം ഗോർക്കി തലകുനിച്ചംഗീകരിക്കുന്നു. അതിനുമപ്പുറം—അവിടം ആപത്മേഖലയാണ്, സമൂഹത്തിനു്, പുരോഗതിക്കു്, ഭാവിക്കു്. ആ ഭാഗം ഒരു മനുഷ്യസ്നേഹിയുടെ നീതിബോധം മൂടുപടമായിരിയ്ക്കുന്നു നവദിയ്ക്കുന്ന നാശഗർത്തമാണ് മർമ്മപൂർവ്വമായ പെരുമാറ്റം അതർഹിക്കുന്നില്ല നിർമ്മമായ സത്യസന്ധതയുടെ അസിധാരയാണവിടെ പ്രയോഗിക്കേണ്ടതു് ഗോർക്കി അതു ചെയ്തു—സമൂഹത്തോടുള്ള 'നീതി' അവിടെയാണ് രംഭിക്കുന്നതു്. വിപ്ലവവും പുരോഗതിയും മനുഷ്യ സമൂഹത്തിന്റെ അഭിലാഷങ്ങളാണ് അതിനെ തല്ലിത്തളർത്തുന്ന ആശയങ്ങൾ 'ദർശനങ്ങൾ' നിഷ്കരുണം വിധിക്കപ്പെടുമ്പോൾ, സമൂഹം 'നീതി' നേടുന്നു....ഗോർക്കി സമൂഹത്തോടും ഡൊസ്റ്റോവ്സ്കിയോടും 'നീതി' ചെയ്തു....

ഈ ചിന്തകളിൽനിന്നും താഴെ



ചുമതലാബോധത്തോടുകൂടെ പെരുമാറുക



ജി. സരസമ്മ ഇടപ്പഴഞ്ഞി

[ചുമതലാബോധത്തോടുകൂടെ പെരുമാറുക എന്ന ശീർഷകത്തിൽ ജി. സരസമ്മയെഴുതിയിരിക്കുന്ന ലേഖനം അൽപ്പമൊന്നു ചുരുക്കുവാൻ ഞങ്ങൾ നിർബന്ധിതരായിട്ടുണ്ട്.]

കൗമുദിയിലെ വനിതാപംക്തി കാണുമ്പോൾ തോന്നിപ്പോകാറുണ്ട് കാളേജുകളിലെ കസിൻവഴക്കുകളോ ആകർഷണമോമാത്രമാണ് പ്രസ്തുത പംക്തിയിൽ നിത്യ പണവിഭോഗമാക്കാവുന്ന വിഷയങ്ങളെന്ന്. അതല്ലാതെ എത്രയോ കാര്യങ്ങളുണ്ട്, നമുക്ക് അറിയാൻ വേണ്ടതായിട്ടുള്ളത്. "രേവതി" യും സരസ്വതി'യും ആകർഷണത്തെ സംബന്ധിച്ചു പ്രതിപാദിക്കുകയുണ്ടായി. ഒരാൾക്ക് അതൊരു അത്യുത്തമമാണ്. മറ്റൊരാൾക്ക് അതു ശരീരവതരമായ ഒരു കാര്യമായിതോന്നി. അതു രണ്ടുമല്ലെന്നാണ് എനിക്കുതോന്നുന്നത്. അപൂർവം ചിലർക്ക് ഇങ്ങനെയൊക്കെയുണ്ടാകുമെന്നുണ്ട്. എനിയ്ക്കും അതുപോലെ സംഭവം അറിയാം. ഒരു കൂട്ടിക്ക് ഒരു ടീച്ചറോട് പ്രത്യേക ബഹുമാനം തോന്നി. അതു ക്ലാസ്മാത്രമേ ശ്രദ്ധിക്കൂ എന്നായി. മറ്റു വിഷയങ്ങൾ പഠിപ്പിക്കുന്ന ലക്ചറർമാരെപ്പറ്റി ക്കുകളുടെ കണ്ണുകൾ തുടങ്ങി. ഒടുവിൽ എന്തു പറഞ്ഞുവെച്ചാൽ അവിഷയങ്ങൾക്ക് മാത്രം പാസ്സായി. മറ്റൊന്നിനും ജയിച്ചുമില്ല. അവൾ കൂട്ടി അങ്ങനെ കഴിയുകയാണ് താനും. പക്ഷേ കോളേജ് ജീവിതം പൊതുവെ വിനോദമായോ സമയം ചെലവാക്കാനുള്ള ഒരു സന്ദർഭമായോ കരുതുന്നവർക്ക് മാത്രമാണ് സാധാരണയായി ഇങ്ങനെ കാര്യമില്ലാത്ത ആകർഷണങ്ങളും ഒക്കെ ഉണ്ടാകുക.

ഇതോടുകൂടെ വേറെ ചില കാര്യങ്ങളും പറയട്ടെ.

ചിലർ കാളേജിൽ വരുന്നതുതന്നെ തെറ്റായ ചില ധാരണകളും കൊണ്ടാണ്. അതുകൊണ്ടായിരിക്കാം അവിടെ കിട്ടുന്ന സ്വാതന്ത്ര്യം ചിലർ ദുർവിനിയോഗം ചെയ്യുന്നതും അതിലൊക്കെ ഒരു പരീക്ഷ തല്ലാലികമായി ഒരു രസം തോന്നിയേക്കാം. എന്നാൽ ഭൂരിപക്ഷത്തിനും ഇതൊക്കെ ആവശ്യമില്ലാത്ത പ്രകടനങ്ങളായിട്ടാണ് തോന്നുക എന്ന് ഓർമ്മിക്കുമല്ലൊ. നമ്മുടെ ജീവിതത്തെ ഗൗരവത്തോടെ വീക്ഷിക്കുകയും ജീവിതത്തെ സംബന്ധിക്കുന്ന സംഗതികളെ കുറിച്ചു മറിയായി ശ്രദ്ധപതിപ്പിക്കുകയും ചെയ്യുന്നവർ ഇക്കാര്യങ്ങളെ അഗണ്യകോടിയിൽ തള്ളുകയാണ് ചെയ്യുന്നത്. മേൽപറഞ്ഞ തരത്തിലുള്ള കാര്യങ്ങളൊക്കെ വെറും ക്ഷണ'ങ്ങളും അത്ഥരഹിതങ്ങളും ബാലിശങ്ങളുമാണെന്ന് ഒന്നാലോചിച്ചാൽ മനസ്സിലാവുകയില്ലേ. മനുഷ്യജീവിതത്തെ മെച്ചപ്പെടുത്താൻ മേൽ പറഞ്ഞ തരത്തിലുള്ള ബന്ധങ്ങളും ഒട്ടെങ്കിലും സഹായിക്കുന്നുണ്ടോ യാഥാർത്ഥ്യത്തിൽനിന്നും അകന്നുപോയി വെറും സങ്കല്പലോകത്തിൽ വിഹരിക്കുന്നവർക്കുമാത്രമേ ഇതൊക്കെ സന്തോഷകരമോ ആസ്വാദ്യകരമോ ആയിത്തോന്നുകയുള്ളൂ. നാം വിദ്യാർത്ഥിനികളായിരിക്കുന്ന കാലത്തു നാളെ നാം യാഥാർത്ഥ്യത്തോടു പൊരുതാനുള്ളവരാണെന്ന ബോധമുണ്ടായിരിക്കണം. ഇന്നങ്ങനെയൊന്നുകാണുന്നില്ല എന്നതു ഏറ്റവുംഭേദകരമാണ്. നാളത്തെ ജീവിതം, താങ്ങാനാകാത്ത ഒരു ഭാരമായി മാറാതിരിക്കണമെങ്കിൽ നമുക്കുകിട്ടുന്ന സുവർണ്ണാവസരം ഒട്ടും തന്നെ പാഴാക്കാൻ പാടില്ലാത്തതാകുന്നു.

അതുകൊണ്ടു എന്റെ പ്രിയപ്പെട്ട വിദ്യാർത്ഥിനീ സഹോദരിമാരോടു എനിക്കൊരപേക്ഷയുണ്ട്. യഥാർത്ഥമായ ജീവിതം തുടങ്ങുന്നതിനുമുമ്പുള്ള – അതായതു ചുമതലയുടെ ഭാരിച്ച ചുമടേറ്റുന്നതിനുമുമ്പുള്ള ഈ അവസരം വളരെ വിലയേറിയതാണ്. അതിനു കൂടെക്കൂടി വിലകല്പിച്ചു അതിനനുസരിച്ചു പ്രവർത്തിക്കുന്നതു നന്നായിരിക്കും. ഭാവി ജീവിതത്തിനുവേണ്ടി ശിക്ഷണം കഴിക്കുന്നതിനാണ് കാളേജിൽ ചെല്ലുന്നതെന്ന കർത്തവ്യബോധം നമുക്കുണ്ടായിരിക്കണം അന്യോന്യം മനസ്സിലാക്കാനും പരിചയപ്പെടാനും വേറെയൊരവസരം കിട്ടിയെന്നുവരില്ല അറിയാനും അറിയിക്കാനും പറ്റിയ സന്ദർഭവുമിതാണ്. ഇതിൽനിന്നും ആരും ആരേയും സ്നേഹിക്കരുതെന്നോ, ആരെങ്കിലും സ്നേഹത്തിനതീതരാണെന്നോ അർത്ഥം വരുകയില്ലല്ലോ. മാനുഷികമായ എല്ലാ ഉന്നതവികാരങ്ങൾക്കും വിലകല്പിക്കുക എന്നതാകട്ടെ പ്രധാന കാര്യം. പരീക്ഷയിൽ ജയിക്കുന്നതോടൊപ്പം അവയെക്കാളും ഉന്നതമായ ജീവിതപരീക്ഷണങ്ങളെ തരിപ്പിടിക്കുന്നതിനു കൂടുതൽ കരുക്കൾ ശേഖരിക്കുകയെന്നതായിരിക്കണം പ്രധാനമായ ഉദ്ദേശമെന്നതു വിട്ടുകളയാതിരുന്നാൽ മതി. അല്ലാതെ വെറും ചില "ആകർഷണ"ങ്ങളുടെ പുറകേ പോകുന്നതു ഒരു വലിയ കാര്യമൊന്നുമല്ല. നേരേമറിച്ചു് അതു മനുഷ്യഹൃദയത്തിന്റെ ദൗർബല്യത്തെയല്ലേ കാണിക്കുന്നതു്. നമുക്കു ഇങ്ങനെ സ്വാതന്ത്ര്യവും സൗകര്യവും തരുന്ന നമ്മുടെ മാതാപിതാക്കന്മാരോടും മറ്റും നമുക്കു ചില കർത്തവ്യങ്ങളും കടമകളും ഉണ്ടെന്നുള്ള ബോധം നമുക്കുണ്ടായിരുന്നാൽ ഈ കഥയില്ലാത്ത ആകർഷണങ്ങളൊക്കെ അകലത്തു നിൽക്കുകയേയുള്ളൂ. അതുകൊണ്ടു് ഞാൻ വിനയപൂർവ്വം പോരിക്കുന്നു ചുമതലാബോധത്തോടുകൂടെ പെരുമാറിയ ജീവിതം ലഘുവും സുന്ദരവും ആസ്വാദ്യകരവുമാക്കിത്തീർക്കാൻ നമുക്കു സാധിക്കുകയില്ലേ എന്നാണ്. അതുകൊണ്ടു് അതിലേക്കു വേണ്ടി നമുക്കു യത്നിക്കുകതന്നെ.

ക്കാണുന്ന നിഗമനത്തിലേക്കു് ഞാൻ ചെന്നെത്തുകയാണു്—

"ഒരു കവി, ഒരു സാഹിത്യകാരൻ, സമൂഹത്തിലേക്കു് നിരാശയും വിഷാദവും പകർന്നുവെന്ന ഒരൊറ്റക്കാരണംകൊണ്ടു് തന്നെ അയാളെ പല്ലും നഖവുമുപയോഗിച്ചു്—എതിർക്കുന്നിവരും; അതു് അനീതിയല്ല. സമൂഹപുരോഗതിയേയ്ക്കു തടസ്സം നില്ക്കുന്ന, തടയേണ്ടുന്ന ഒരു വെറും നീതിമാത്രമാണു്"

വാസുദേവ വിലാസം

കുറഞ്ഞിക്കുഴമ്പു്

പ്രസവാനന്തരബന്ധികളായ ക്ഷീണം, ഞരമ്പുതളർച്ച, ഗുന്മവായു, ഉദരശൂല മുതലായവയെ ഉന്മൂലനംചെയ്തു് പൂർവ്വവൽ യുവത്വം കൊടുക്കുന്ന ഒരുത്തമ ഔഷധം.

നിർമ്മാതാക്കൾ:

വാസുദേവവിലാസം വൈദ്യശാല

കോട്ടയ്ക്കകം, തിരുവനന്തപുരം

ബ്രാഞ്ചുകൾ:

1 പത്തനംതിട്ട, തിരുവനന്തപുരം. 2. ഫരിപ്പാടു്.

ലോക കഥാമത്സരം

(കൊല്ലക ഡേവിഡ്)

1950-ാണ് സഹൃദയരെ ഒന്നാകെ ആകർഷിച്ച ഒരു ആനന്ദപ്രസ്ഥാനം സാഹിത്യലോകത്തു് അവിർഭവിച്ചതു്. വിശ്വസാഹിത്യത്തിലെ ഉത്തമ ചെറുകഥകളും കണ്ടുപിടിക്കുവാനുള്ള സംഘടിതശ്രമമായിരുന്നു, അതു്. അമേരിക്കയിൽ—ഒരു പക്ഷേ, ലോകത്തിലൊട്ടാകെയും—ഏറ്റവുമധികം പ്രചാരമുള്ള "ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂൺ" എന്ന പത്രമാണ് ഈ പദ്ധതി ആവിഷ്കരിച്ചതും അതിനു നേതൃത്വം നൽകി നടപ്പിൽ വരുത്തിയതും. സാഹിത്യകാരന്മാർക്കും സാഹിത്യാസ്വാദകന്മാർക്കുമിടയിൽ വമ്പിച്ച പ്രതീക്ഷകളും ഇളക്കിവിട്ടുവാനും, ചിലപുതിയ പ്രവണതകളും സൃഷ്ടിക്കുവാനും ഈ മത്സര പ്രസ്ഥാനത്തിനു് കഴിഞ്ഞിട്ടുണ്ടു്.

ഓരോരാജ്യത്തും ഭാഷയുടെ അടിസ്ഥാനത്തിലുള്ള മുഖപത്രങ്ങളാ മത്സരത്തിന്റെ പ്രാദേശിക നേതൃത്വം ഏറ്റെടുത്തു; പ്രവർത്തനം ഉദ്ഘാടനസമ്പന്നമായി നടത്തി, പ്രാദേശികഭാഷകളിലെയും ലോകഭാഷയായ ഇംഗ്ലീഷിലെയും ഉത്തമ കഥകളും കഥാകാരന്മാരും വെളിച്ചത്തുവരികയുംചെയ്തു. ഫലമോ? മേൽപ്പറഞ്ഞ അമേരിക്കൻ പത്രത്തിനു മുതൽ 'മാതൃഭൂമി'ക്കുവരെ അത്ഭുതപൂർവ്വമായവിധത്തിൽ വായനക്കാരെ സമ്പാദിക്കുവാൻകഴിഞ്ഞു. തന്മൂലമായിത്തീർന്ന ഒരു നല്ലവരുമാനവും ഉണ്ടായി. സാഹിത്യരംഗത്തുണ്ടായ നവോത്ഥാനമെന്താണെന്നുചോദിച്ചാൽ ഏതാനും കഥയെഴുത്തുകാരെ പരിചയപ്പെടാൻ കഴിഞ്ഞുഎന്നതുമാത്രമാണുത്തരം.

ന്യൂയോർക്ക് ഹെറാൾഡിന്റെ ശകുനം നന്നായിരുന്നു. ഇത്തരമനേകം ആനന്ദപ്രസ്ഥാനങ്ങളുടെ അവിഷ്കർത്താക്കളാണവർ; പക്ഷേ, ലോക ചെറുകഥാമൽസരംപോലെ അവരുടെ മറ്റൊരു സംരംഭവും പരിപൂർണ്ണ വിജയത്തിലെത്തിയിട്ടില്ല. ലാഭേതരമായ ഈ വ്യവസായം തുടർന്നുകൊണ്ടുപോകാനും അവർ തീരുമാനിച്ചിരിക്കുന്നുവെന്നു് 53-മത മത്സരം തെളിയിക്കുന്നു. ആദ്യമായി മത്സരമേർപ്പെടുത്തിയപ്പോഴും, എല്ലാവർഷവും അതുണ്ടാവുമെന്നു പ്രഖ്യാപനം ചെയ്തിരുന്നു; ഇപ്പോളിതാ, പൂർണ്ണമനസ്സാക്ഷിയോടെതിരിക്കണമെങ്കിൽ ഇടക്കിടെ മാത്രം ആവർത്തിക്കണമെന്ന തത്വം സായ്പു കണ്ടുപിടിച്ചിരിക്കുന്നു! —

ഇതു് രണ്ടാമത്തെ മത്സരമാണു്: കഴിഞ്ഞതവണ മത്സരമില്ലാതിരുന്ന ഭാഷകളിലും ഇത്തവണ ഏർപ്പെടുത്തിയിട്ടുണ്ടു്—സംസ്കൃതം കൂട്ടത്തിൽ ഗണനീയവുമാണു്. കഥകളയയ്ക്കുവാനുള്ള തീയതി സെപ്തംബർ കൊണ്ടവസാനിക്കുന്നു. കഴിഞ്ഞതവണ, അഖിലേന്ത്യാമൽസരത്തിൽ മറ്റിന്ത്യൻഭാഷകളെയെല്ലാം 'അടിച്ചെടുത്തി' ഒന്നും മൂന്നും സമ്മാനങ്ങളും നേടാൻ മലയാളത്തിനു് കഴിഞ്ഞനിലക്കു് ഈ പ്രാവശ്യം ഇരുപത്തൊന്നുപാറ്റകളെപ്പോലെ കാഥികന്മാർ മത്സരക്കടലിൽ അടിഞ്ഞെരുക്കുമെന്നതിനു് സംശയമില്ല. ഈ സാഹചര്യത്തിൽ 'മത്സര'ത്തിന്റെ മറുപുറം ഒന്നു കണ്ടിരിക്കേണ്ടതു് ആവശ്യമാണെന്നതോന്നുന്നു.

ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള എതിർപ്പുകളെ നേരിടേണ്ടിവന്നിട്ടുണ്ടു് ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂണിനും അതിന്റെ പിന്നിലണിനിരന്ന പ്രാദേശിക പത്രങ്ങൾക്കും സാഹിത്യരംഗം കൊടിയ വഞ്ചനയ്ക്കും പരിയ പുഷ്പങ്ങൾക്കും വിധേയമാകുന്നുവെന്നാണ് എല്ലാദിക്കുകളിൽ നിന്നും ഉയർന്നുകേട്ട പ്രധാന ആരോപണം ഇതു പരമാർത്ഥമാണെങ്കിൽ പ്രസ്ഥാനം പരാജയപ്പെടണമല്ലൊ. എതിർപ്പു് അസംഘടിതമായിരുന്നു: അകാരണത്തിൽ തന്നെ പരാജയപ്പെട്ടതും എതിർപ്പായിരുന്നു. അന്നു മുഴങ്ങിയ ആരോപണങ്ങൾ നഗ്നയഥാർത്ഥ്യങ്ങളായി ഇന്നും അവശേഷിക്കുകയാണ്!

കഴിഞ്ഞ പ്രാവശ്യം അഖിലേന്ത്യാ സമ്മാനം നേടിയ "കണ്ണുകൾ" എന്ന കഥയെക്കാൾ നല്ല കഥകളും മലയാളത്തിലും ഇതര ഇന്ത്യൻ ഭാഷകളിലും ഉണ്ടെന്നുള്ളതു് സത്യമാണല്ലൊ. പിലർ ക്രൂടി. കഥകളെഴുതിച്ചാൽ തന്നെയും, തിരഞ്ഞെടുക്കപ്പെട്ടതു് "ഏറ്റവും നല്ല കഥ"യായിരിക്കയില്ലെന്നുള്ളതിനു് ഇതിനെക്കാൾ നല്ല ഉദാഹരണം ആവശ്യമില്ലല്ലോ. ഇങ്ങിനെ കഥകളെഴുതിക്കാൻ ശ്രമിച്ചിട്ടും, മലയാളത്തിലും മറ്റു ഭാഷകളിലും എഴുതിത്തഴക്കിയ പ്രസിദ്ധ സാഹിത്യകാരന്മാർ പങ്കെടുത്തില്ലെന്നതു മാത്രമല്ലാ ഈ "കോപ്പിരാട്ടി"യെ അതർഹിക്കുന്ന അവജ്ഞയോടുകൂടി നോക്കിക്കാണുകയുമാണുണ്ടായതു്. ഭാഷയിലെ ഒരു സാഹിത്യശാഖയെ തേനും പാലുമൂട്ടി വളർത്തിയെടുത്തവർ പങ്കെടുക്കാത്ത - അവരുടെ അനുഭവംപോലുമില്ലാത്ത—ഒരു മത്സരം എന്തു പ്രസ്ഥാനമാണോ ആവോ!

പ്രാദേശികമായ മത്സരമെങ്കിലും വിജയപ്രദമാക്കാമായിരുന്നു. പ്രസിദ്ധീകൃതമായ കഥകളിൽനിന്നു് ഏറ്റവും ഉത്തമമായവ തെരഞ്ഞെടുക്കുക. കാഥികനു സമ്മാനം ലഭിക്കുന്നതോടൊപ്പം, തന്റെ കഥ കൂട്ടത്തൽക്കൂട്ടത്തൽ വിറ്റഴിയുന്നതിൽനിന്നുള്ള ആദായവും ലഭിക്കുമായിരുന്നു. അപ്പോൾ മൽസരം നടത്താൻ ഒരു പ്രത്യേക പത്രത്തിന്റെ ആവശ്യമില്ല; (ഖദഗ്ദ്ധന്മാരും തികച്ചും നിഷ്പക്ഷന്മാരും— അങ്ങിനെയുള്ളവരുണ്ടോ?) മടങ്ങിയ ഒരു പരിശോധകസമിതിമാത്രം മതിയാകും മൽസരം. ഏതെങ്കിലും സാഹിത്യസംഘടനയുടെ ആഭിമുഖ്യത്തിലുണ്ടായിരിക്കും മത്സരത്തെ കരുവാക്കി പത്രത്തിനു പ്രചാരം വർദ്ധിപ്പിക്കുവാനും സർവ്വോപരി സാഹിത്യകാരന്മാരെ ഒരു പുഷ്ടണംചെയ്യുവാനും നോക്കുന്നതു കഴിയാതെവരും. സാഹിത്യരംഗം നിശ്ചലമാണെങ്കിൽ—'ചെറുകഥയുടെ ക്ലാവടഞ്ഞുപോയെങ്കിൽ' ഒന്നുണർത്തിവിടേണ്ടതിന്റെ ആവശ്യകതയെ ഞാൻ നിഷേധിക്കുന്നില്ല— അനുകൂലിക്കുകയാണ് ഞാൻ മേൽ നിർദ്ദേശിച്ച വിധത്തിലാണെങ്കിൽ കഥകളും വളരെ സൂക്ഷിച്ചെഴുതാനുള്ള പ്രേരണ എല്ലാ എഴുത്തുകാർക്കും ഉണ്ടാവുകയായിരിക്കും ഫലം; തൽഫലമായി പൊതുവേ ഒരു നവോത്ഥാനം ദൃശ്യമാകുകയും ചെയ്യും— ഇതല്ല ശരിയായ മാർഗ്ഗത്തിലൂടെയുള്ള ഉണർത്തിവിടൽ?—ആർക്കാണിതിന്റെ ആവശ്യം തീർച്ചയായും സാഹിത്യകാരന്മാർക്കും സാഹിത്യപ്രേമികൾക്കുമാണ്. "ഉണർത്തിവിടലിലൂ"ടെ അവരുടെ മാർഗ്ഗമുപയോഗിച്ചുകൊണ്ടു് ഡാളർ സമ്പാദിക്കുകയാണു് ലക്ഷ്യമെങ്കിൽ, സാഹിത്യരംഗം കൂടുതൽ കലുഷമാവുകയേയുള്ളൂ പ്രസിദ്ധീകൃതമായതിൽ നല്ല കഥയ്ക്കു സമ്മാനംകൊടുക്കുവാൻ (സാഹിത്യപുരോഗതിയുടെ പേരിൽ അതൊന്നു കണ്ടുപിടിക്കുവാനെങ്കിലും) ന്യൂയോർക്ക് ട്രിബ്യൂണാകട്ടെ, മാതൃഭൂമിയാകട്ടെ, തയ്യാറാവുമെങ്കിൽ അതു് സാധാരണാർഹമാണ്. ഇല്ല; അങ്ങിനെ സംഭവിക്കയില്ല; കാരണം സാഹിത്യപുരോഗതിയല്ലല്ലോ മത്സരം ഏർപ്പെടുത്തിയവരുടെ ലക്ഷ്യം സാഹിത്യകാരന്മാരെ കരുവാക്കി, വമ്പിച്ച ലാഭമെടുത്തിട്ടു് ഉച്ഛിഷ്ടമെന്നപോലെ ഉപ്പുമായപ്രതിഫലം വെച്ചുനീട്ടുമ്പോൾ, ചിരിയാണുണ്ടാവുക!—ഞാൻ തെളിച്ചുപറയട്ടെ: ഫാക്ടറികളും പാടങ്ങളുമെന്നപോലെ സാഹിത്യരംഗവും ഉപയോഗപ്പെടുത്തുകയെന്നതാണ് ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂണിന്റെ ലക്ഷ്യം.

മൽസരത്തിന്റെ മാർഗ്ഗം

ഇനി, മൽസരത്തിന്റെ മാർഗ്ഗങ്ങളോ? കൃത്രിമത്വം തന്നെ അനേകം സങ്കേതങ്ങൾ ആവിർഭവിച്ചിട്ടുണ്ട്—പ്രത്യേകിച്ചു മലയാളത്തിൽ: ഇംഗ്ലീഷ് സാഹിത്യത്തിലും മറ്റുമുണ്ടാവുന്ന മാറ്റങ്ങളും അനുസ്യൂതമായി. മിക്കവാറും അ

കാലഘട്ടത്തിൽതന്നെ, അതിന്റെ അലയടികൾ മലയാളത്തിലും ഉണ്ടായിട്ടുണ്ട്. വൃത്യസ്തസാങ്കേതികമാർഗ്ഗം സ്വീകരിച്ച് ഏഴു തലമുറകളിലധികം കഥകേൾക്കേണ്ടുന്ന അവസ്ഥയുണ്ടാക്കുന്നതിനുപകരം അപൂർവ്വമല്ല. ഇങ്ങിനെയുള്ള വിശാലമായ രംഗത്ത് സാങ്കേതികമാർഗ്ഗങ്ങൾ തമ്മിലുള്ള വൈരൂപ്യം മുഴച്ചുനിൽക്കുകയും, പരിശോധകന്മാർ കേവലം യുക്തിയെ ആശ്രയിക്കേണ്ടിവരികയും ചെയ്യുക സ്വാഭാവികമാണ്. ഒരു സാങ്കേതികരീതിക്ക മറ്റൊന്നിനെക്കാൾ ഉൽകർഷമോ അപകർഷമോ സങ്കല്പിക്കാൻ — പൊതുവിൽ ഒരു തീരുമാനമില്ലാത്തപ്പോൾ എന്തുകൊണ്ടാണുള്ളത്? അങ്ങിനെയുള്ളപ്പോൾ കഴിഞ്ഞപ്രാവശ്യം 'ഉത്തമ'കഥ നിശ്ചയിച്ച പരിശോധകന്മാർതന്നെ പറയുന്നു ഏതു സാങ്കേതികമാർഗ്ഗമാണ് മെച്ചമെന്ന്. ചിലർ വെട്ടിത്തുറന്നുപോലെ അങ്ങു തട്ടിവിടാൻ സന്നദ്ധമാകുമെങ്കിൽ ഞാൻ പോരിക്കട്ടെ. ഇന്ന സാങ്കേതികമാർഗ്ഗമുപയോഗിച്ചു വേണം മലയരക്കഥകൾ രചിക്കാനെന്ന് പ്രത്യേക നിർദ്ദേശവുമുണ്ടായിരുന്നോ?

ഇങ്ങിനെ "തെരഞ്ഞെടുക്കപ്പെട്ടന്ന' ഒരു മലയാളകഥ അഖിലേന്ത്യാ മത്സരത്തിനയയ്ക്കേണ്ടിവരുന്നു; ഇംഗ്ലീഷ് പരിഭാഷ തയ്യാറാക്കേണ്ടകടമ നിയമാനുസൃതമായി കാഥികനിൽ നിക്ഷിപ്തമാക്കപ്പെട്ടുകയും ചെയ്യുന്ന കഥാകൃത്തുകളെല്ലാം ഇംഗ്ലീഷ് അറിയുന്നവരോ, അറിയാവുന്നവരെല്ലാം ഇംഗ്ലീഷിൽ കഥയെഴുതി പരിചയിച്ചവരോ അല്ലല്ലോ. ഇംഗ്ലീഷറിയാവുന്ന മറ്റൊരാൾക്ക് മൽസരത്തിനു പാകമായ വിധത്തിൽ പരിഭാഷ തയ്യാറാക്കാൻ കഴിഞ്ഞെന്നും വരികയില്ല; വെറും പരിഭാഷയുടെ തകരാറുകൊണ്ട് പ്രാദേശിക ഭാഷയിലെ ഒരു കഥയ്ക്ക് (ഒരു പക്ഷേ അതായിരിക്കും ഏറ്റവും മെച്ചം) സമ്മാനം നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ശൈലി, സാഹിത്യഗുണം,-കഥാമൂല്യം തന്നെ-പരിഭാഷയിൽ വ്യത്യാസപ്പെടുക സാധാരണമാണ്. ഈ ദുഃഖം എങ്ങിനെ പരിഹരിക്കും. എല്ലാ ഇന്ത്യൻ ഭാഷകളിലും സാഹിത്യത്തിലും പരിചയം നേടിയ ഒരാൾ (അങ്ങിനെയാരെങ്കിലുമുണ്ടെങ്കിലും തയ്യാറാകുമെങ്കിലും-,) ക്കു നീതിയായി ഇക്കാര്യം നിർവഹിക്കാവുന്നതാണ്. കേരളീയാന്തരീക്ഷത്തെയും സംസ്കാരത്തെയും പ്രതിനിധീകരിക്കുന്ന ഒരു മലയാളകഥ, (എന്നിരിക്കട്ടെ) ലോകമത്സരത്തിന്റെ പരിശോധകന്മാർക്ക് തികച്ചും അപരിചിതമായിരിക്കും. ഇംഗ്ലീഷ് കഥകൾ വായിക്കുന്ന നമ്മുടെ അനുഭവമെന്താണ്? സംസ്കാരങ്ങൾ തമ്മിലുള്ള വ്യത്യാസം ഗണനീയമാണെന്നാണ് ഇപ്പറഞ്ഞതിനർത്ഥം (രാഷ്ട്രീയതലം തമ്മിലുള്ള ബന്ധംതന്നെ മത്സരത്തെ ബാധിക്കുന്നുണ്ട്. സാഹിത്യം ജനതയുടേതായിത്തീർന്നിട്ടുള്ള ലോകത്തിന്റെ പരിതോഷം കുഴിവാക്കിക്കൊണ്ടാണ് സംഘാടകർ ഓരോ പ്രാവശ്യവും മത്സരം നടത്തിയതും നടത്തുന്നതും) ഇംഗ്ലീഷ് സംസാരഭാഷയായിരിക്കുന്ന രാജ്യങ്ങളിലെ ഇംഗ്ലീഷ് ഒറിജിനലായിട്ടുള്ള — പരിതോഷപ്പെടുത്തേണ്ട ആവശ്യം നേരിടാത്ത - കഥയും, ഒരു മലയാളകഥയുടെ തർജ്ജമയും തമ്മിൽ തട്ടിച്ചുനോക്കിയാൽ (ഇംഗ്ലണ്ടിലെ ഇംഗ്ലീഷും അമേരിക്കനിംഗ്ലീഷും തമ്മിൽപോലും വ്യത്യാസം നിലനിൽക്കുമ്പോൾ!) ഏതു കഥയായിരിക്കും ഉത്തമം?—എല്ലാ ലോകമത്സരത്തിലും ഇംഗ്ലീഷ് ഒറിജിനലായിട്ടുള്ള കഥകളായിരിക്കും സമ്മാനം നേടുക

"കണ്ടുപിടിക്കപ്പെടുന്ന" 'ഉത്തമ'കഥകളുടെ പ്രസിദ്ധീകരണം മത്സരത്തിലെ സുപ്രധാന വ്യവസ്ഥയാണ്. നിശ്ചിത തുക സമ്മാനമായി വാങ്ങുമ്പോൾതന്നെ, കഥയുടെ എല്ലാ അവകാശങ്ങളും വിട്ടുകൊടുക്കുന്നുവെന്നതാണ്. ലോകമത്സരത്തിലും ഇതുതന്നെയാണ് നിയമം. "ഉത്തമകഥകൾ" പുസ്തകമാക്കി, ആയിരക്കണക്കിന് — ലക്ഷക്കണക്കിന്, എത്ര പതിപ്പുകൾ വേണമെങ്കിലും അടിച്ചിറക്കി, വിറ്റഴിക്കുവാനുള്ള അവകാശം മൽസരം നടത്തുന്ന പത്രങ്ങൾക്കാണ്. ഇതിനെല്ലാമുള്ള കഴിവ് ന്യൂയോർക്ക് ഹെറാൾഡിനുണ്ട്; അതിന്റെ "പങ്ക്" മാറാക്കും — അതെഴുതിയ കാഥികന്മാർക്കപോലും — നൽകുകയും വേണ്ടല്ലോ

ശിവഗിരിമാസിക

ശിവഗിരിമാസികയുടെ മാന്യവരിക്കാർ വരിസംഖ്യ യഥാകാലം അയച്ചുതരികയോ പ്രതിനിധികളെ ഏല്പിക്കുകയോ ചെയ്യുന്നതുമൂലം ഒരു വലിയ സംഖ്യ പിരിഞ്ഞുകിട്ടേണ്ടിയിരിക്കുന്നു. തന്മൂലമുള്ള ബുദ്ധിമുട്ടുകൾ പല പ്രാവശ്യം ഞങ്ങൾ പത്രദ്വാരാ അറിയിക്കുകയും പലർക്കും കത്തുകൾ അയയ്ക്കുകയും ചെയ്തിട്ട് വരിസംഖ്യ അടയ്ക്കുന്ന കാര്യത്തിൽ വരിക്കാർ മിക്കവരും ശ്രദ്ധവച്ചു കാണുന്നില്ല. ഇങ്ങിനെയുള്ള വരിക്കാർക്ക് ശിവഗിരിമാസിക നവമ്പർലക്കം അയച്ചിട്ടില്ല. ബഹുമാന്യവരിക്കാർ വരിസംഖ്യ അയയ്ക്കുകയോ പ്രതിനിധികളെ ഏല്പിക്കുകയോ ചെയ്യുമാറാകണമെന്ന് താല്പര്യപ്പെടുന്നു.

മാനേജർ,
ശിവഗിരിമാസിക
കഴക്കൂട്ടം

രോഗശാന്തിക്കും ശരീര രക്ഷയ്ക്കും അത്യുത്തമം ആയുർവ്വേദമരുന്നാണ്

പക്ഷേ, മരുന്നുകൾ വാങ്ങുമ്പോൾ ശ്രദ്ധിക്കാത്തവർ നിശ്ചയമായും നിരാശരാകും

യാതൊരു കലർപ്പും ക്രൂടാതെ വിധിപ്രകാരം തയ്യാർ ചെയ്തതും പുത്തിയായി സൂക്ഷിച്ചിട്ടുള്ളതുമായ മരുന്നുകൾ എവിടെ കിട്ടുമെന്നുള്ളതാണ് നിങ്ങൾ ശ്രദ്ധിക്കേണ്ടത്. ഒരിക്കലും നിരാശ നേരിടാതിരിക്കണമെങ്കിൽ ഔഷധനിർമ്മാണത്തിന് സ്വർണ്ണമെഡൽ കീർത്തിമുദ്ര നേടിയ

ആറന്മുൾ ശ്രീകൃഷ്ണാ ഫാർമസിയിലെ

പരിശുദ്ധമായ മരുന്നുകൾ വാങ്ങുക.

തിരുവനന്തപുരം ആയുശാല മെയിൻറോഡരുകിലുള്ള ഞങ്ങളുടെ

ബ്രാഞ്ച് സന്ദർശിക്കുവിൻ

N. B. രോഗികളെ സൗജന്യമായി പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതിനും പാഥ്യവും പാകതയും ചികിത്സാനൈപുണ്യവും തികഞ്ഞ ഒരു വൈദ്യൻ സദാ ബ്രാഞ്ചിൽ ഉണ്ടായിരിക്കും.

ബി. എൻ. ശ്രീധരൻണ്ണി,
(പ്രൊപ്രൈറ്റർ)

KSC



കൊളംബൊ കപ്പ് ഇൻഡ്യക്ക്

[ശ്യാമകൃഷ്ണൻ]

കഴിഞ്ഞലക്കം സ്പോർട്സു പംക്തിയിൽ ഞാൻ പ്രവചിച്ചിരുന്നതുപോലെ രംഗൂണിലെ ചരിത്രപ്രസിദ്ധമായ ഏഷ്യൻകപ്പുമത്സരങ്ങൾ ഫൈനൽ മത്സരങ്ങളിലും വിജയംവരിച്ചു ഇൻഡ്യ വിശ്രുതമായ കൊളംബൊ കപ്പും ബർമ്മാകപ്പും കരസ്ഥമാക്കിയിരിക്കുന്നു.

സംഭവബഹുലമായ ഒരു സംഘട്ടനമായിരുന്നുവത്രെ ഇൻഡ്യാ ബർമ്മാമത്സരം മാറിമാറി ഉഭയകക്ഷികം കളം അടക്കിഭരിച്ചു പരസ്പരധാരണയും വേഗതയുമായിരുന്ന ഇൻഡ്യൻ ടീമിന്റെ ആയുധങ്ങളും ആത്മവിശ്വാസവും ഭദ്രമായ പ്രതിരോധവും ബർമ്മയുടേയും. കളിതുടങ്ങി അരമണിനിട്ടുകഴിഞ്ഞപ്പോൾ ഇൻഡ്യൻ ടീമിലെ തകരാജ് പ്രഥമഗോൾ അടിച്ചു. വളരെ ശ്രേഷ്ഠിച്ചിട്ടും ഇൻറർവെൽവരെ ബർമ്മയ്ക്കു പ്രതിപക്ഷത്തിന്റെ ഗോമുഖം ശിഥിലമാക്കാൻ കഴിഞ്ഞില്ല. ഇൻറർവെലിനുശേഷം ബർമ്മീസ്സ് ടീമിന്റെ പ്രത്യാക്രമണം ഉഗ്രതരമായി പത്തുമിനിട്ടായപ്പോൾ ബർമ്മീസ്സ് ടീമിലെ സാമുവൽ ഗോളടിച്ചു. ടീമിനെ ഉല്ലംഘനിലയിൽ പ്രതിഷ്ഠിച്ചു. ഇരുപതു മിനിട്ടായപ്പോൾ വെങ്കിടേശ് രണ്ടാമത്തെ ഗോൾ അടിച്ചു. അധികനേരം കഴിയുന്നതിനു മുൻപു ബാലു പകവീട്ടി. ചൈതന്യമില്ലാതെ കുറെസമയം കളി കെട്ടിനിന്നു. ഇൻഡ്യൻ ടീമിലെ അവസരോചിതമായ ക്ഷീണത്തിൽ പുതിയൊരു പ്രത്യാക്രമണം നടത്തി മൂന്നാമത്തെ ഗോളും അടിച്ചു തകരാജ് അഹമ്മദിനെ അനുകരിച്ചു നാലാമത്തെ ഗോളും അടിച്ചു.

ഭാരതത്തിനു തികച്ചും അഭിമാനിക്കാവുന്ന പ്രസ്തുത വിജയം ഇൻഡ്യൻ ഫുട്ബാളിന്റെ പ്രശസ്തി നിർവ്വഹണങ്ങളിലൊന്നായി പരിഗണിക്കാം.

* * * *

ക്രിക്കറ്റ് പ്രേമികളും ഉറ്റുനോക്കിക്കൊണ്ടിരുന്ന രഞ്ജിട്രോഫി കാമൺ വെൽത്ത് ക്രിക്കറ്റ് ടീമും പി. ആർ. ഉമ്മിഗറിന്റെ ടീമും ഉൾപ്പെടുന്ന ഇൻഡ്യൻ ഇലവനും തമ്മിലുള്ള ഒന്നാം അനൗദ്യോഗിക ടെസ്റ്റ് മത്സരവിലെ അസ്വാസ്ഥ്യങ്ങളും കാരണം കട്ട് ചെയ്തിരിക്കുന്നു.

* * * *

ഇൻഡ്യൻ ഹാക്കിരംഗത്തെ സുശക്തമായ ടീമുകളിലൊന്നായ പഞ്ചാബു പോലീസ്സിനെ പരാജയപ്പെടുത്തി ബാംഗ്ലൂർ ഹിന്ദുസ്ഥാൻ എയർക്രാഫ്റ്റ് ടീം ധ്യാൻ ചന്ദ് കപ്പ് കരസ്ഥമാക്കിയിരിക്കുന്നു. ഫൈനൽസിൽ കഴിഞ്ഞകൊല്ലവും ഈ ടീമുകളും മത്സരിച്ചതു വായനക്കാർ ഓർക്കുമല്ലൊ.

* * * *

മദിരാശിയിലെ തലയെടുപ്പുള്ള ഫുട്ബാൾ മത്സരണമെൻറിലൊന്നായ എ യു സി ടൂർണമെൻറിലെ വി. കെ. മൈസൂർ മസ്ലീംസ് ഫൈനൽസ് രണ്ടാമതൊരിക്കൽക്കൂടി സമനിലയിൽ അവസാനിച്ചിരിക്കുന്നു.

* * * *

സുശക്തമായ ഒരു ഇൻഡ്യൻ ഇലവനും രഞ്ജിട്രോഫിലി കാമൺ വെൽത്ത് ക്രിക്കറ്റ് ടീമും തമ്മിൽ അഹമ്മദുബാദിൽവച്ചു നടത്തപ്പെട്ട മൽസരത്തിൽ മുന്നു വിക്കറ്റിനു് ഇൻഡ്യൻ ഇലവൻ സന്ദർശക ടീമിനെ പരാജയപ്പെടുത്തിയിരിക്കുന്നു, സ്കോർ വിവരം ഇങ്ങനെ സംഗ്രഹിക്കാം.

രഞ്ജിട്രോഫി ടീം ഒന്നാം ഇന്നിങ്സ്സ് 315 റൺസ് (വോറൽ 143, ബാറിക്ക് 55) രണ്ടാംഇന്നിങ്സ്സ് 170 റൺസ് (മാർഷൽ 61, വോറൽ 34)

ഇൻഡ്യൻ ഇലവൻ ഒന്നാം ഇന്നിങ്സ്സ്: 269 റൺസ് മുഷ്താക്ക് അലി 57 മഞ്ജരേക്കർ 65, ലഷ്കാരി, 47, ശോധൻ 45'

രണ്ടാംഇന്നിങ്സ്സ്:--7 വിക്കറ്റിനു 220 റൺസ് (ലഷ്കാരി 55, ജെ. എച്ച്. ശോധൻ 54) ഇൻഡ്യൻ ബൗളർന്മാരായ ജെ. എസ്സ്. പട്ടേൽ, ഇറപ്പള്ളി എന്നിവർ ഒന്നാം ഇന്നിംങ്ങ്സിലും രണ്ടാം ഇന്നിങ്ങ്സിലും യഥാക്രമം 5 വിക്കറ്റും 4 വിക്കറ്റും വീതം എടുത്തു. ലോഡർ ബാറിക്ക എന്നിവർ ഒന്നാം ഇന്നിങ്ങ്സിൽ 4 വിക്കറ്റുകളും വീതം എടുക്കുകയുണ്ടായി ലാക്സ്റ്റൺ, ബൊറി, രമാധിർ എന്നിവരായിരുന്നു രണ്ടാം ഇന്നിങ്ങ്സിൽ ഫലപ്രദമായി ബൗൾ ചെയ്തവർ.

* * *

ക്രിക്കറ്റ് സ്കോറിന്റെ എണ്ണം മൂന്നിൽനിന്നും നാലാക്കി വലുപ്പിക്കുക, ബൗളിന്റെ വലുപ്പം ചെറുതാക്കുക തുടങ്ങിയ പുത്തൻ പ്രവണതകളും ക്രിക്കറ്റുകളത്തിൽ തലപൊക്കിയിരിക്കുകയാണല്ലൊ. ഇപ്പോഴിതാ ക്രിക്കറ്റുക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഈയ്യിടെ നടത്തപ്പെട്ട മത്സരത്തിൽ ഇത്തരത്തിലൊരു പരീക്ഷണം നടത്തുകയുണ്ടായി. ഏകദിനമത്സരമായി ക്ലിപ്പ് പ്പെടുത്തിയിട്ടു നിശ്ചിതകസമിതി ഓരോ ടീമിൻറേയും ബൗളിങ്ങ് 50 ഓവറായി അതിനിശ്ചയിച്ചു ഏറ്റവും രസകരമായ ക്രിക്കറ്റായിരുന്നു. റൺസിനുവേണ്ടിയുള്ള വ്യഗ്രത ബൗളിംഗ് ഫലപ്രദമാക്കാനുള്ള ആവേശമായി അങ്ങനെ രൂപാന്തരപ്പെട്ട തിരുവനന്തപുരം കെസ്സൺക്ലബ്ബിനെതിരെ അണിനിരന്ന ആലുവാ കോളേജിനു 29 റൺസുകൊണ്ടു തുപ്പിപ്പെടേണ്ടിവന്ന കെസ്സണിലെ കെ. എൻ. എൻ. മേനോൻ വിക്കറ്റ് നഷ്ടപ്പെടാതെ 132 റൺസും ബാലൻ പണ്ഡിറ്റ് 41 റൺസുമെടുത്തു. കെസ്സ്റ്റൺസും പേരെടുത്ത ബൗളറന്മാരുടെ വിഹാരരംഗമായ മട്ടാഞ്ചേരി യുടെണ റഡ്ക്ലബ്ബുംതമ്മിൽനടന്ന അടുത്ത മൽസരത്തിൽ കെസ്സൺ 136 റൺസും മട്ടാഞ്ചേരി 92 റൺസും കരസ്ഥമാക്കി.

ചൈതന്യവും നിറഞ്ഞുകിടന്നമത്സ ഫൈനൽസിൽ കെസ്സൺ തുപ്പുണിത്തുറ ക്ലബ്ബിനെതിരായി അണിനിരക്കുന്നു. കാൺകുറേപിച്ചുമായിവരിയ പരിചയമില്ലാത്ത കെസ്സൺ ആത്മവിശ്വാസത്തോടുകൂടിയല്ല കളത്തിലിറങ്ങിയതു്. എങ്കിലുമവർ പതറാതെ പോരാടി ആദ്യംബാറ്റുചെയ്ത തുപ്പുണിത്തുറ റീം പ്രയാസം കൂടാതെ 16 റൺസ് സമ്പാദിച്ചു. ഹിറോഴ്സിൻറെ അഭാവം കെസ്സണെ ഒരു ദുർബ്ബലടീമായി സ്ഥിയിലെത്തിച്ചു പല വിഷമസന്ധിയിലും കെസ്സണെ വിജയപഥത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള ബാലൻ പണ്ഡിറ്റിനെ എല്ലാവരും ഉറ്റുനോക്കി അനിതരസാധാരണമായ സാമർത്ഥ്യത്തോടെ ബാറ്റ്വീശി പ്രതീക്ഷകളെനിറവേറ്റി. രണ്ടു ഉജ്ജ്വലങ്ങളായ ഡിക്ലറേഷൻ രംഗം സജീവമാക്കി. മൂന്നാമതൊരിക്കൽ ഒരു ഡിക്ലർ അടിക്കാൻ അദ്ദേഹം ബാറ്റുവീശി നിർഭാഗ്യവശാലെന്നു പറയട്ടെ അതു പറ്റുപിടിച്ചെടുക്കപ്പെട്ടു. വിജയത്തിലേയ്ക്കു പാഞ്ഞുകൊണ്ടിരുന്ന കെസ്സൺ 154 റൺസിനു പരാജയവുമടഞ്ഞു.

* * *

തിരു-കൊച്ചി അക്കാഡമിക്ക സമിതിയുടെ ജലവ്യായാമ മത്സരങ്ങൾ വെള്ളപ്പൊക്കംനിമിത്തം നവമ്പർ 20-ാംതീയതിയിലേയ്ക്കു മാറ്റിവച്ചിരിക്കുന്നു.

ഒളിമ്പിക്ക ചാമ്പ്യനായ ഫമിൽ സട്ടോപ്പെക്ക പതിനായിരം മീറ്റർ ഓട്ടം, 6 മൈൽ ഓട്ടം എന്നിവക്കുള്ള ലോകറിക്കാഡുകൾ ഭേദിച്ചു അവിശ്വസനീയമായ പുതിയ റിക്കാർഡുകൾ സൃഷ്ടിച്ചിരിക്കുന്നു.

* * *

മദിരാശിയിലെ ആർ കൃഷ്ണൻ ഇൻറർ കോളേജിയറ്റ് സിംഗിൾസ് ടെന്നീസ്സ് കരസ്ഥമാക്കിയിരിക്കുന്നു

★ ഒരു നാടൻ സന്ദേശം ★

തിരുനല്ലൂർ, കരുണാകരൻ

ആ മലനാട്ടിലെത്തുമ്പോൾക്കാലമാ—
ണോമന— കർഷകബാല.
തെല്ലകറുത്തോരാ മേനിയിൽ വന്നല—
ത്തല്ലുകയാണഴകേഴും.
അക്കരിങ്കുവളക്കൺകളിലുണ്ടേതോ
പൊൻകിനാവിന്റെ വിലാസം
മാൺപെഴും ചെന്തളിർച്ചുണ്ടിലുണ്ടെപ്പോഴും
മായാത്തൊരു മൃദുഹാസം.
എങ്കിലുമീയിടെക്കൂട്ടുകാർ പോലിക്ക:
"മെങ്ങുപോയ് നിൻഴകെല്ലാം!
ഏതുചെറുക്കനെച്ചിന്തിച്ചുകൊണ്ടുമെയ്
പാതിയാക്കുന്നു നീ പെണ്ണേ?"

ഓമന രാവിലേമുങ്ങിക്കുളിക്കുവാൻ
താരമ്പൊയ്കയിൽ പോയി.
ഏഴിലംപാലപ്പൂവട്ടിൽ വച്ചായഴി
തോഴിയാംമാലയെക്കണ്ടു.
"കായലിന്നക്കരെപ്പഞ്ചകം കൊയ്യുവാൻ
കാലമായ്, നീ വരുന്നില്ലേ?"
പാലതൻപൂക്കളം പെരുക്കും സഖിയൊട്ട
മാലചോദിക്കുകയായി.
"അക്കരെക്കൊയ്ത്തിനു പോകുവാനച്ഛനു—
മമ്മയും സമ്മതിക്കില്ല.
പേടിയാണായവക്കെങ്ങനെയെങ്കിലും
പേരുദോഷംവരംപോലും"
നീലിച്ച കൺകളും നിറയുമാറാണവൾ
മാലയോടോതിയതേവം
കണ്ണീർമുടയ്ക്കുവേ, കണ്ണമിടറവേ
പിന്നെയുംപെൺകൊടിചൊല്ലി:—
"പൊന്നിൻകതിരണിഞ്ഞായവയലൊക്കെയും
മിന്നിത്തിളങ്ങുകയാവാം.
കന്നിച്ചുകൊയ്യുവാനെത്രയോകൂട്ടുകാർ
വന്നുചേർന്നിട്ടുമുണ്ടാവാം.
കൊയ്യുവാനപ്പൊഴെപോകുന്നതെങ്കിലോ
ചെയ്യണേനീയൊരുകാര്യം;
ആരുമറിയാതാരോടും ചൊല്ലാതെ—
താരോമൽത്തോഴിയിക്കാര്യം.
പോയാലു കൊയ്ത്തിനു പോയാരാവേളയിൽ
നീയുമുണ്ടായിരുന്നല്ലോ.
ഞാനതു നിന്നോടു ചൊല്ലിയില്ലക്കഥ
നാണം വിലക്കുകയാലേ.
ആ വയലേലതൻ തെക്കേക്കരയ്ക്കൂഴി—
മാമ്പൽക്കുളത്തിനടുക്കൽ,
പഞ്ചാരമുറ്റത്തു പൂവിട്ടുല്ലകിന
പുഞ്ചിരിക്കുന്നൊരു വീട്ടിൽ,
ഉണ്ടൊരു കൊച്ചുമിടുക്കനാം കള്ളനെ—
ന്നുള്ളം മയക്കിയെടുത്തോൻ.
ഒന്നോത്തുനോക്കിയാൽ നിൻറെ കൺമുമ്പിലും
മിന്നിത്തെളിയുമാരൂപം.
കണ്ടാൽ കൊതിച്ചുപോമാരുമാമാരനേ;
കണ്ടാൽ തിരിച്ചറിഞ്ഞൂടാ?
പൊൻകൊടിമാരുടെ തങ്കക്കിനാക്കളും
ചെങ്കതിർക്കണ്ണും കവർന്നോൻ
തൻമുണ്ടിലോമനപ്പാട്ടുമായ് കോമളൻ
പുഞ്ചയിലിപ്പൊഴുമെത്തും.
അരുകറുത്തും വെളുത്തുമല്ലാത്തമെയ്
നേരുള്ള കതിരുപോലത്രേ.
നെറ്റിയ്ലുണ്ടുമുമ്പൊങ്ങോ മുറിവൊന്നു
പറഞ്ഞുകേട്ടതാംപാട്ടം
മാറിലിടത്തുവശത്തഴകാർന്നൊരു
മായാത്തകൊച്ചുമറുകം.
പാറിക്കിടക്കുമാനീലച്ചുരുൾമുടി
താരിളംതെന്നലുതട്ടി
ചേണുള്ളനെറ്റിയിൽ വീണിളകുന്നതു
കാണുവാനെന്തൊരു ചന്തം!
കോലക്കുഴലുകൊണ്ടൂതുന്ന മാതിരി
മൂളമിട്ടന്നതുകേട്ടാൽ
താളമിട്ടാടിക്കളിച്ചിട്ടുമേയുള്ള പെ—
ണ്ണാളുടെ പിഞ്ചുകരളും.

"കണ്ടാലറിഞ്ഞിടാ; മെങ്ങനെയെങ്കിലും
കണ്ടുപിടിക്കണം; പിന്നെ
നേരവും തക്കവും നോക്കിനിചെന്നൊന്നേ
പേരുപറയണമാദ്യം.
വല്ലമറവിയുമുണ്ടെങ്കിലിങ്ങനെ
ചൊല്ലണം നിന്നുടെവാക്കിൽ.
'പൊയ്പോയപൂവിലും പാടങ്ങളിങ്ങനെ
പൊന്നിൽകുളിച്ചുനിന്നില്ലേ;
മാടത്തമാതിരി തെക്കുനിന്നൊന്നൊരു
പാട്ടുന്നപെണ്ണുവന്നില്ലേ?
നിങ്ങളിരുവരും തങ്ങളിൽ തൊട്ടുനി—
ന്നങ്ങനെകൊയ്തുകേമ്പോൾ
പാട്ടിനാലക്കൊച്ചു പെണ്ണിൻകരളിനെ—
പ്പാട്ടിലാക്കിക്കളഞ്ഞില്ലേ!'
"അപ്പൊഴും സംശയമാണെന്നുകാണുകി—
ലൊക്കെത്തുറന്നു പായ:
'കൊയ്ത്തും മെതിയും കഴിഞ്ഞന്നു രാത്രിയി—
ലൊന്നൊരുമിച്ചു കളത്തിൽ

ഇടതുപക്ഷ ഐക്യമുന്നണിയും പരസ്പര വിമർശനവും

കെ വിജയരാഘവൻ

"ഇടതുപക്ഷ ഐക്യമുന്നണിയിൽ ഉൾപ്പെട്ട പാർട്ടികളെ യോജിച്ചുപ്രവർത്തിക്കാൻ തീരുമാനിച്ചെന്നു പ്രസ്താവിക്കുന്നതിൽ പഴയപടി പരസ്പരം വിമർശനങ്ങളും പൊട്ടൻപോകുന്നു. ഇതെന്തൊരു ഐക്യമാണ്?"

ഐക്യമുന്നണിയുടെ ശത്രുവിരോധികളും പ്രചരിപ്പിക്കുന്ന ഒരു പവാദം മാത്രമല്ല ഇത്. ഐക്യമുന്നണിയുടേയും, ഐക്യമുന്നണിയിൽ പങ്കെടുക്കുന്ന ഇടതുപക്ഷപ്പാർട്ടികളുടെയും അനുകൂലികളും അനുയായികളുമായ സാധാരണക്കാരിലൊരുവിഭാഗം വരുന്ന ശുഭാഗതിക്കാർക്കുള്ള ഒരു സംശയംകൂടിയാണ്.

ഈ സംശയം നീക്കേണ്ടതു ഇന്നത്തെ ഘട്ടത്തിൽ ഏറ്റവും അധികം ആവശ്യമാണ്. കാരണമെന്താണെന്നോ? തിരു-കൊച്ചിയിൽ ഇടതുപക്ഷ ഐക്യമുന്നണിയിലുണ്ടായിരുന്ന വിടവുകൾ നികത്തി, യോജിപ്പ് അരക്കിട്ടുറപ്പിക്കുവാനുള്ള പരിശ്രമങ്ങൾ നടന്നുവരികയാണ്. കഴിഞ്ഞകാലത്തുമുന്നണിയിൽപ്പെട്ട ഘടകപ്പാർട്ടികൾതമ്മിലുണ്ടായിരുന്ന അനാരോഗ്യമായ സംഘർഷങ്ങൾക്കുതിവഴിതാനം അയിഞ്ഞമാചരിച്ച് അകന്ന് നിന്നിരുന്ന പി. എസ്. പി യെക്കൂടി ഐക്യമുന്നണിയോടടുപ്പിക്കാനും ഉള്ള പരിശ്രമങ്ങളും പുരോഗമിച്ചുവരികയാണ്. അവയെല്ലാം കൂടുതലായി വിജയപര്യവസായിയാവാനുള്ള സാഹചര്യങ്ങളും തെളിഞ്ഞുകാണുന്നുണ്ട്. സാധാരണക്കാരുടെ മുഴുവൻ പിന്തുണ നേടുകയും, അവർക്ക് നേതൃത്വമേകുകയും ചെയ്യാൻ കഴിവുള്ള ഒരു രാഷ്ട്രീയശക്തിയായി ഐക്യമുന്നണി വളരുവാൻ പോകുകയാണ്. ഈ വളർച്ചയെ സഹായിക്കുകയും ബാധിച്ചേക്കാൻ ഇടവരുത്തുന്ന എല്ലാ സംശയങ്ങളും തീർക്കുകയും, മറുപടി പറയേണ്ടതും അവയെ ദൂരീകരിക്കേണ്ടതും നമ്മുടെയെല്ലാം കടമയാണ്.

യോജിച്ചു പ്രവർത്തിക്കാൻ തീരുമാനിക്കുന്നതോടൊപ്പം, പഴയപടി പരസ്പര ആരോഗ്യവിമർശനം നടത്തുന്നതിൽ വല്ലാത്തൊരു പൊരുത്തക്കേടുകാണുന്നവർ ഐക്യമുന്നണിയുടെ ഘടനയേയും സ്വഭാവത്തെയും കുറിച്ച് വേണ്ടത്ര മനസ്സിലാക്കുന്നില്ല എന്നതാണ് കുഴപ്പം. ഒരു പുതുമയില്ലാത്ത കാര്യമാണെങ്കിലും, ആ നിലയ്ക്ക്, ഐക്യമുന്നണിയുടെ ഘടനയേയും സ്വഭാവത്തെയും ഉദ്ദേശത്തെയും, ഒരിക്കൽക്കൂടി വ്യക്തമാക്കുന്നതിൽ വലിയ തെറ്റില്ല.

എന്തിനാണ് ഐക്യമുന്നണി

നമ്മുടെ നാട്ടിൽ വിവിധ ഇടതുപക്ഷപ്പാർട്ടികൾ പ്രവർത്തിക്കുന്നുണ്ട്. ഒരു വർഗ്ഗരഹിതസമൂഹമായം സൃഷ്ടിക്കലാണ് അവരുടെയെല്ലാം പരമമായ ലക്ഷ്യം. അതിനവർ എടുക്കുന്ന മാർഗ്ഗങ്ങൾ, ആ മാർഗ്ഗങ്ങൾക്കാധാരമായ, പരിതഃസ്ഥിതികളേയും, വർഗ്ഗബന്ധങ്ങളേയും വിശകലനം ചെയ്യുന്ന രീതികൾ അവയുടെ അനുകൂലകങ്ങൾ ഇവക്കെല്ലാം മൗലികമായ വ്യത്യാസങ്ങളുണ്ട്. എന്നിരുന്നാലും കുറെക്കൊറെക്കാലം, ഒറ്റതിരിഞ്ഞിട്ടാണെങ്കിലും, ജനങ്ങളുടെ ദൈനംദിനപ്രശ്നങ്ങളുടെ കാര്യത്തിലും ചിലപ്പോൾ ചില അടിസ്ഥാനപരമായ പ്രശ്നങ്ങളിൽ തന്നെയും ഇവരെല്ലാം ഒരേ പരിപാടിപ്രകാരം പ്രവർത്തിക്കേണ്ടതുണ്ട്. ഇങ്ങിനെ യോജിപ്പുകാര്യങ്ങളിൽ എല്ലാവർക്കും യോജിക്കാവുന്ന ഒരു പൊതു പരിപാടിയുടെ അടിസ്ഥാനത്തിൽ യോജിച്ച് പ്രവർത്തിക്കുന്നതിനാണ് ഐക്യമുന്നണി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

ഉദാഹരണത്തിന് ജനങ്ങളുടെ നിത്യനിദാനപ്രശ്നങ്ങളിലൊന്നായ തൊഴിലില്ലായ്മയുടെ കാര്യമെടുക്കുക. തൊഴിലില്ലായ്മക്ക് ശാശ്വതമായ പരിഹാരമെങ്ങിനെ കാണാൻ കഴിയും എന്ന കാര്യത്തിൽ ഞങ്ങൾ എസ്. പിക്കും, കമ്മ്യൂണിസ്റ്റ് പാർട്ടിക്കും, കെ. എസ് പിക്കും അഭിപ്രായവ്യത്യാസങ്ങളുണ്ട്. പി. എസ്. പി. യുടെ അഭിപ്രായം മറ്റിടതുപക്ഷക്കാരുടേതുകളിൽനിന്നും വിഭിന്നവുമാണ്. പക്ഷേ തൊഴിലില്ലായ്മ പരിഹരിക്കപ്പെടേണ്ടതാവശ്യമെന്നും, അതിനു കോൺഗ്രസ്സിനു കഴിവില്ലെന്നും, തൊഴിലില്ലായ്മ എന്നെന്നേയ്ക്കുമായവസാനിപ്പിക്കേണ്ടുള്ള പരിശ്രമങ്ങളും നടത്തുന്നതോടൊപ്പം താല്ക്കാലികമായ ചില അടിയന്തിര നടപടികളും കൂടെവേണ്ടി പ്രക്ഷോഭം സംഘടിപ്പിക്കേണ്ടതുണ്ടെന്നും ഇക്കൂട്ടരെല്ലാം സമ്മതിക്കും. ഇക്കാര്യത്തിൽ കോൺഗ്രസ്സിനൊഴികെ മറ്റാർക്കും ഒരു പൊതുപരിപാടി ഇന്നുവരെയുണ്ടാക്കാൻ കഴിയുന്നതിൽ വലിയ ഒരു പോരായ്മയായിട്ടാണ് ഞങ്ങൾക്കു തോന്നുന്നത്. അതായിരിക്കും ഒരു പൊതുപരിപാടി. എല്ലാ ഇടതുപക്ഷങ്ങൾക്കും യോജിക്കാവുന്ന ഈ പൊതുപരിപാടി മുൻപിൽവെച്ച്, തൊഴിലില്ലായ്മയുടെ പരിഹാരം കാണുക എന്ന പൊതു ഉദ്ദേശത്തെ മുൻനിർത്തി അവർക്ക് പ്രവർത്തിക്കുവാൻ സാധിക്കും. ആ യോജിച്ച പ്രവർത്തനത്തിന് ഓരോരുത്തരുടേയും പ്രവർത്തനത്തേക്കാൾ പതിന്മടങ്ങ് ശക്തിയും ഫലവും ഉണ്ടാവുകയും ചെയ്യും.

ഇതുപോലെ തന്നെയാണ് ഭക്ഷണക്ഷാമത്തിനും, ക്ഷേത്രസാധനവിലക്കയറ്റത്തിനുമെതിരായ പ്രക്ഷോഭങ്ങളുടെ കാര്യവും. ഇവയ്ക്ക് ശാശ്വതമായ പരിഹാരം കാണാൻ കഴിയുന്ന മാർഗ്ഗത്തെ സംബന്ധിച്ച് അഭിപ്രായഭിന്നതകളുണ്ടെങ്കിലും ക്ഷാമത്തിനെതിരായും സാധനവിലക്കയറ്റത്തിനെതിരായും സത്വരനടപടികളും സർക്കാരിനെക്കൊണ്ടെടുപ്പിക്കാൻ നടത്തേണ്ട ബഹുജനപ്രക്ഷോഭത്തിന്റെ ആവശ്യകത ഇടതുപക്ഷ

> ക്ഷീണിച്ച വേർക്കാരെക്കയുമൊന്നുപോൽ
> വീണകിടന്നു മയങ്ങി;
> മങ്ങും നിലാവത്തു പാതിരാനേരത്തു
> മഞ്ഞു പൊഴിഞ്ഞുതുടങ്ങി;
> മുല്ലവിടരുന്ന കാട്ടിൽനിന്നെങ്ങോരു
> വല്ലാത്ത തെന്നലും വീശി.
> തെല്ലുമറിഞ്ഞതില്ല രണ്ടാളുകൾ-
> ക്കുള്ളം കുളിരുകയാലേ.
> ആരാരും കേൾക്കാതെ ചുറ്റുംവിളിച്ചൊരാ-
> ളാകാശം പൂത്തതും നോക്കി;
> ആരാരുംകേൾക്കാതെ കോരിത്തരിച്ചൊരാരാം
> ചാരത്തുതൊണ്ടയനക്കി.
> ബാക്കിപറയുവാൻ നാണമാകുന്നെനി.-
> ക്കോർത്തിരിക്കുമോ ചേട്ടൻ!
> പാട്ടുകടക്കയാണാളുകൾ പെണ്ണിനു
> താലിയും മാലയും കെട്ടാൻ;
> ആങ്ങളമാരതു തീർച്ചപ്പെടുത്തിട്ടു-
> മാറേഴുനാളുകൾക്കുള്ളിൽ'
>
> "നല്ലവനാണിതു കേൾക്കുന്നമാത്രയി-
> ലുള്ളലിയാതിരിക്കില്ല;
> എന്നാലുമേറെമൊടുവിലായ് തോഴിയാ-
> ളെന്നോടുചൊല്ലിപ്പറഞ്ഞതെല്ലാം,
> ഓമന താമസിക്കുന്നതിൻ ചാരത്തു
> താമരപ്പൊയ്കയുണ്ടെന്നും
> താമരപ്പൊയ്കയിൽ മുങ്ങിയാൽ പൊങ്ങുവാൻ
> താമസം നേരിടുമെന്നും".

ഇൻഡ്യൻ ചിട്ടിഫണ്ട്

ക്ലിഫ്ടൻ, തിരുവനന്തപുരം—1

12500 രൂപയുടെ

പ്രതിമാസലേലച്ചിട്ടി "ക്യാഷ്സെക്യൂരിറ്റിയിന്മേൽ"

ആദ്യലേലം 1953 നവമ്പർ 23 1129 വൃശ്ചികം 8 നു തിങ്കൾ

(A)	60 ന.	50 മാസം	ന. 3000	(D)	30 ന. 50 മാസം ന. 1500
(B)	50 ,,	,,	2500	(E)	20 ,, ,, 1000x2
(C)	40 ,,		2000	(F)	10 ,, ,, 500x3

ഉടനെ ചിട്ടികൾ ആരംഭിച്ചുവരുന്നു. ആവശ്യപ്പെട്ടാലുടനെ ബ്രോഷർ അയച്ചുതരുന്നതാണ്.

കെ. രാമോദരൻപിള്ള,
മാനേജിംഗ് ഡയറക്ടർ.

ങ്ങൾക്ക് എല്ലാവക്കും ഒരു പോലെ ബോദ്ധ്യമുള്ളതാണ്. അപ്പോൾ അക്കാര്യത്തെ മുൻനിറുത്തി ഒരു യോജിച്ച പരിപാടിയുടെ അടിസ്ഥാനത്തിൽ മുഴുവൻ ബഹുജനങ്ങളേയും അണിനിരത്തി പ്രക്ഷോഭം നടത്താൻ ഇവരെല്ലാം യോജിച്ചു പരിശ്രമിക്കുകയാണെങ്കിൽ അതിന്റെ നേട്ടം വലുതായിരിക്കും.

ജനങ്ങളുടെ മൌലികമായ പ്രശ്നങ്ങളെ മുൻനിറുത്തി മാത്രമുള്ള ഈ യോജിച്ച പ്രവർത്തനം കുറെക്കൂടി വിപുലമായ ഒരു രംഗത്തേയ്ക്ക് വ്യാപിപ്പിക്കാനും, അതുവഴി ഈ നാട്ടിൽ യോജിച്ചു, സുസംഘടിതവും സുശക്തവുമായ ഒരു പുരോഗമനബഹുജനപ്രസ്ഥാനം, നിലവിലുള്ള സങ്കീർണ്ണതകൾക്കും, അവർ പ്രതിനിധാനംചെയ്യുന്ന സ്ഥാപിതതാല്പര്യങ്ങൾക്കുമെതിരായി വളർത്തിക്കൊണ്ടുവരാനും സാധിക്കും. യോജിച്ച തൊഴിലാളിപ്രസ്ഥാനവും, യോജിച്ച കർഷകപ്രസ്ഥാനവും, യോജിച്ച വിദ്യാർത്ഥിപ്രസ്ഥാനവും മറ്റു പുരോഗമനപ്രസ്ഥാനങ്ങളും അതുവഴി വിട്ടുമാറിയെന്നു തോന്നിയിലെങ്കിലും കെട്ടിപ്പടുക്കാൻ കഴിയും ഏറ്റവും മുഖ്യമായതു് അതതു് രംഗങ്ങളിലെ മൌലികമായ പ്രവർത്തനങ്ങളിൽ ഒപ്പമുശത്രുവിനെതിരായ ഒരു യോജിപ്പെങ്കിലും ഉണ്ടാക്കുവാൻ സാധ്യമാണ്.

ഇടതുപക്ഷകക്ഷികൾ തമ്മിൽ മൌലികമായ പ്രശ്നങ്ങളുടെയും, ബഹുജന പ്രസ്ഥാനങ്ങളുടെയും കാര്യങ്ങളിലുള്ള ഈ യോജിപ്പ് രാഷ്ട്രീയരംഗത്തേക്കുകൂടി വ്യാപിപ്പിക്കേണ്ടതുണ്ട്. ഉദാഹരണത്തിന്, തിരു-കൊച്ചിയിലെ ഇന്നത്തെ രാഷ്ട്രീയചരിത്രസ്ഥിതിയുടെ പശ്ചാത്തലത്തിൽ, ഇത്തരമൊരു യോജിപ്പിന്റെ അവശ്യകതയെക്കുറിച്ചാലോചിച്ചുനോക്കുക.

ജനങ്ങളുടെയും, നിയമസഭയുടെയും വിശ്വാസവും പിന്തുണയും നഷ്ടപ്പെട്ടിട്ട് പിന്നെയും ജനാധിപത്യവിരുദ്ധമായനിലയിൽ കോൺഗ്രസ്സ് അധികാരത്തിൽ തുടരുകയാണ്. അസന്നമായ പൊതുതിരഞ്ഞെടുപ്പിൽ അവരെ പരാജയപ്പെടുത്തേണ്ടതു് ഒരാവശ്യമാണ്. ആർ. എസ്. പി. യുടെ മാത്രമല്ല, കമ്മ്യൂണിസ്റ്റ്പാർട്ടിയുടെയും, കെ. എസ്. പി. യുടെയും, പി. എസ്. പി. യുടെയും ആവശ്യമാണ്. കാരണം. അവരിലേതു പാർട്ടിയുടെ പരിപാടി നടപ്പാക്കണമെങ്കിലും, കോൺഗ്രസ്സ് പരാജയപ്പെടണം. കോൺഗ്രസ്സിന് ജനങ്ങളിൽ ഒരു നല്ല വിഭാഗത്തിന്നിടയിൽ സമ്പാദിക്കാൻ കഴിഞ്ഞ ബഹുജനപിന്തുണ നിശ്ശേഷം ഇല്ലാതാക്കണം. ബഹുജനങ്ങളിൽനിന്നു കോൺഗ്രസ്സിനെ പരിപൂർണ്ണമായും ഒറ്റപ്പെടുത്തണം. ആർ. എസ്. പി. വിഭാവനംചെയ്യുന്ന സോഷ്യലിസ്റ്റ്വിപ്ലവത്തിന്റെ വിജയത്തിനും, കമ്മ്യൂണിസ്റ്റുകാരുടെ ജനകീയ ജനാധിപത്യത്തിന്റെ വിജയത്തിനും, കെ. എസ് പി. ക്കാരുടെ സ്വതന്ത്രകേരളസ്ഥാപനത്തിനും, പി. എസ്. പി. ക്കാരുടെ സർവ്വോദയം നടപ്പിൽ വരുന്നതിനും, ഇതു് ആദ്യത്തെ, കഴിച്ചുകൂടാത്ത അവശ്യമാണ്. അടുത്ത തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ പരമാവധി പരാജയപ്പെടുത്തുക എന്നതു്, ഈ അവശ്യനിർവ്വഹണത്തിന് അത്യന്താപേക്ഷിതവുമാണ്.

പക്ഷേ, ആർ. എസ്. പി ഒറ്റയ്ക്കു വിചാരിച്ചാൽ അതു് നടക്കുകയില്ല. മാറിടതുപക്ഷപാർട്ടികളിലേയും ഓരോരുത്തരുടെയും പരിശ്രമമുണ്ടെങ്കിലും അതുതന്നെയാണ് ഫലം. അവർ തമ്മിൽ പരസ്പരം യോജിപ്പില്ലെങ്കിൽ, അവരെക്കൂട്ടുതൽ ബഹുജനസ്വാധീനമുള്ള പ്രദേശങ്ങളുടെ പരിധിക്കകത്തു പോലും കോൺഗ്രസ്സിനെ തോല്പിക്കാൻ സാധ്യമല്ലാതെ വരും. അതിന്റെ ഫലമാകട്ടെ, ഏതു് ഉദ്ദേശത്തെ മുൻനിറുത്തിയാണോ ഓരോ പാർട്ടിയും വെവ്വേറെ പ്രവർത്തിക്കുന്നതു്, ആ ഉദ്ദേശം ഓരോന്നും പ്രവർത്തിക്കാവുന്ന സമയം കൂട്ടുതലകലുക എന്നതായിരിക്കും. ജനങ്ങൾക്ക് വിശ്വാസം കുറഞ്ഞുവരുന്ന കോൺഗ്രസ്സ്, ബഹുജനങ്ങളിൽ വമ്പിച്ചഭൂരിപക്ഷത്തിന്റെ എതിർപ്പിന്റെ സന്നിദ്ധ്യത്തിലും പഴയപടി ഭരണം തുടരുക എന്നതായിരിക്കും അതുപയോഗിച്ച് ഈ രാജ്യത്തിലെ മുതലാളിത്തവും, അവരുടെ സേച്ഛാധിപത്യത്തിനും അരക്കിട്ടുറപ്പിക്കുക എന്നതായിരിക്കും. അതു് ആർ. എസ്. പി. യുടെയും, മറ്റു ഇടതുപക്ഷ പാർട്ടികളുടെയും വളർച്ചക്കും, ലക്ഷ്യപ്രാപ്തിക്കും വമ്പിച്ച ഒരു പ്രതിബന്ധം സൃഷ്ടിക്കുകയും ചെയ്യും.

നേരെമറിച്ച് ഇക്കൂട്ടർക്കില്ലാം; എല്ലാവക്കും യോജിക്കാൻ കഴിയുന്ന ഒരു പൊതുപരിപാടിയുടെ അടിസ്ഥാനത്തിൽ യോജിച്ചു പ്രവർത്തിക്കാൻ കഴിഞ്ഞാലോ? ഓരോ പാർട്ടിക്ക വിഭിന്നമണ്ഡലങ്ങളിലും പ്രദേശങ്ങളിലുമുള്ള ബഹുജനസ്വാധീനത്തെ ഏകീകരിക്കാൻകഴിയും അങ്ങിനെ കോൺഗ്രസ്സിനും; കോൺഗ്രസ്സ്പ്രതിധാനംചെയ്യുന്ന മുതലാളിവർഗ്ഗതാല്പര്യങ്ങൾക്കും, അവയോടൊട്ടിപ്പിടിച്ചു നിൽക്കുന്ന മറ്റു സ്ഥാപിതതാല്പര്യങ്ങൾക്കും എതിരായ ബഹുജനങ്ങളുടെ വമ്പിച്ച ഒരു ശക്തിസൃഷ്ടിക്കാൻ സാധിക്കും. ഇടതുപക്ഷപ്പാർട്ടികളോരോന്നിനുമുള്ള ബഹുജനസ്വാധീനത്തിന്റെ ഒരാകത്തുകമാത്രമായിരിക്കില്ല ഈ ശക്തി; ഇടതുപക്ഷശക്തികളും യോജിക്കുന്നതിൽനിന്നു്, പൂതിയൊരു രാഷ്ട്രീയാവേശമുൾക്കൊള്ളുന്ന, അതുവരെ രാഷ്ട്രീയമായി നിഷ്ക്രിയമായിക്കിടക്കുന്ന ഒരു വിഭാഗത്തെക്കൂടി, ഉൾക്കൊള്ളുന്നതായിരിക്കും. ആ ശക്തിയുടെ തള്ളിക്കയറ്റത്തിന്, കോൺഗ്രസ്സിനെ പരമാവധി പരാജയപ്പെടുത്താനും സാധിക്കും.

ഇങ്ങിനെ ഒരു യോജിപ്പുണ്ടാക്കുന്നതിനാണ് ഇടതുപക്ഷ ഐക്യമുന്നണി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. അതുകൊണ്ടു്, വ്യക്തമായ ഇടതുപക്ഷപാർട്ടികളുടെ ആവശ്യം ഒരിക്കലും കുറഞ്ഞുവന്നില്ല. മറ്റു വാക്കുകളിൽ പറഞ്ഞാൽ വ്യത്യസ്ത ഇടതുപക്ഷപാർട്ടികൾക്ക് പകരം നിൽക്കുന്ന ഒരു സംഘടനയല്ല ഐക്യമുന്നണി

ANNOUNCEMENT

Our Anniversary Concession Sales

From 30-10-'53 to 30-11-'53

For Each Sitting An Enlargement FREE

For each sitting you can pose Twice for your choice

SITTINGS		ENLARGEMENTS
Quarter Size	....	$8\frac{1}{2}$ x $6\frac{1}{2}$" Size
Postcard ,,	....	8" x 10" ,,
Cabinet ,,	....	10" x 12" ,,

ZENITH STUDIO,

Phone No 3003. TRIVANDRUM.

ണി. ഐക്യമുന്നണി എന്ന പറയുമ്പോൾ തന്നെ അക്കാര്യം വ്യക്തമാണ്. മൗലികമായി അഭിപ്രായഭിന്നതകളുള്ള വിവിധ ഘടകങ്ങളും ഉൾക്കൊള്ളുന്ന ഒരു മുന്നണി ഒരു നിർമാതൃമാണല്ലോ.

വ്യത്യസ്തപാർട്ടികളുടെ നിലനിൽപ്പ് ഒരാവശ്യവുമാണ്. അവയുണ്ടായിട്ടുള്ളതു തന്നെ ആശയപരമായ സംഘട്ടനത്തിൽ നിന്നാണല്ലോ. മാർക്സിസം--ലെനിനിസം അംഗീകരിക്കുന്ന റവലൂഷനറി സോഷ്യലിസ്റ്റുപാർട്ടിക്കും സ്റ്റാലിനിസം അംഗീകരിക്കുന്ന കമ്മ്യൂണിസ്റ്റുപാർട്ടിക്കും, സ്വതന്ത്രകേരള വാദവും, 'കേരളത്തിൽ മാത്രം' വാദവും അംഗീകരിക്കുന്ന കെ. എസ്. പി. ക്കും, ഗാന്ധിസവും സർവ്വോദയവും അംഗീകരിക്കുന്ന പി. എസ്. പി. ക്കും കൂടിച്ചേർന്ന് ഒരു പാർട്ടിയായാൽ ഒരു സൗഹൃദ സ്വാഭാവികമായിത്തന്നെ ഇല്ല. അതുകൊണ്ട് ഈ പാർട്ടികളെല്ലാം പിരിച്ചുവിട്ട് ഒന്നാവണമെന്ന അഭിപ്രായം അപ്രായോഗികവും, അസംബന്ധവുമാണ്. പക്ഷെ അതേ സമയത്തു പരസ്പരം ഉള്ള ആശയമാൽസര്യങ്ങിന്നിടയിൽ, പൊതുവായ പ്രധാന ശത്രുവിനെ, കേന്ദ്രശത്രുവിനെ കാണുകയും അതിനനുസരിച്ച്, അതിനെ നേരിടാൻ വേണ്ടവിധത്തിൽ യോജിച്ചു പ്രവർത്തിക്കയും ചെയ്യാതിരിക്കുന്നതും ഈ എല്ലാ വിമർശകർക്കും അവർ പ്രതിനിധാനംചെയ്യുന്ന ബഹുജനങ്ങൾക്കും, ആപൽകരവും കേന്ദ്രശത്രുവിനു ഗുണകരവുംആണ്.

അപ്പോൾ പിന്നെ ഒരൊറ്റപോംവഴിയേയുള്ളു. യോജിക്കാവുന്ന പ്രശ്നങ്ങളിൽ, യോജിക്കേണ്ടകാര്യങ്ങളിൽ യോജിക്കാവുന്ന ഒരു പൊതുപരിപാടിയുടെ അടിസ്ഥാനത്തിൽ യോജിക്കുക, ഒരൈക്യമുന്നണിയായി പ്രവർത്തിക്കുക. അതേസമയത്തു് ആ പൊതുപരിപാടിക്കപ്പുറത്തുള്ള കാര്യങ്ങളെക്കുറിച്ചു പരസ്പരം ഉറന്നവിമർശനങ്ങളും നടത്തുക; ആശയസമരങ്ങളും നടത്തുക. താന്താങ്ങളുടെ പരിപാടിയും വീക്ഷണഗതിയുമാണ് ശരിയെന്ന് ഓരോ പാർട്ടിക്കാർക്കും ബോധ്യമുണ്ടെങ്കിൽ, അതായിരിക്കും, സ്വന്തം അനുയായികളുടെയും ബഹുജനങ്ങളുടെയും ബോധ്യപ്പെടുത്തുന്നതിൽ അവർക്ക് കഴിയുമെങ്കിൽ, പിന്നെ, ഐക്യമുന്നണിയിൽ അണിനിരക്കുന്നതുകൊണ്ടവർക്ക് എന്തു ഭയപ്പെടാനാണുള്ളതു്? ജനങ്ങളുടെ രാഷ്ട്രീയവളർച്ചയ്ക്കനുസരിച്ച്, അവർക്ക് ശരിയാണെന്നു തോന്നുന്ന പാർട്ടികളുടെ പരിപാടികൾക്ക് പിറകിലവർ അണിനിരക്കും. അതു തടയാൻ ഏതു പാർട്ടി വിചാരിച്ചാലും സാധ്യമല്ല. ബഹുജനത്തിനെതിരായി നിലകൊള്ളുന്ന പാർട്ടികളിൽ തല്ക്കാലം വ്യാമോഹംവെച്ചു പുലർത്തിയാലും, അതു തെറ്റാണെന്ന അനുഭവത്തിലൂടെയും, അറിവിലൂടെയും മനസ്സിലാകുമ്പോൾ തെറ്റിനെ തിരസ്കരിച്ച് ജനങ്ങൾ ശരിയുടെ പിന്നാലെ പോകും. കോൺഗ്രസ്സിനെതിരെ ഇന്നലെ ജനങ്ങളെടുത്ത നിലയും ഇന്നെടുക്കുന്ന നിലയുംതന്നെ അതിനു് മതിയായ തെളിവാണ്. ഐക്യമുന്നണി ഉണ്ടായാലും ഇല്ലെങ്കിലും ഇതു് സംഭവിക്കും. എന്നാൽ ഐക്യമുന്നണി ഉണ്ടായാലാകട്ടെ, കേന്ദ്രശത്രു പരാജയപ്പെടുകയും ചെയ്യും.

താന്താങ്ങളുടെ പാർട്ടിക്കുള്ള സ്വാധീനത്തിനു് ഇടിച്ചിൽ തട്ടിയേക്കും എന്നുള്ള പേടികാരണം ഐക്യമുന്നണിയിൽ പങ്കെടുക്കാൻ മടിക്കുന്നതുപോലെ തന്നെ, വമ്പിച്ച തെറ്റാണ്, ഐക്യമുന്നണിയിൽ ചേരുന്നുവെന്നതുകൊണ്ട്, പരസ്പരവിമർശനങ്ങൾ നിർത്തിവെക്കുന്നതും. അങ്ങനെ ചെയ്യുന്നതു്, താന്താങ്ങളും ആത്മാർത്ഥമായി, ശരിയാണെന്നു വിശ്വസിക്കുന്ന ആശയങ്ങളോടും അഭിപ്രായങ്ങളോടും കാണിക്കുന്ന അവഹേളനമാണ് സ്വന്തം അഭിപ്രായങ്ങളും മൂടിവെയ്ക്കുന്നതു് ജനവഞ്ചനയാണ്.

കഴിഞ്ഞ കാലത്തു് തിരു-കൊച്ചിയിൽ ഇടതുപക്ഷ ഐക്യമുന്നണി പ്രവർത്തിക്കുമ്പോഴും, മദിരാശിയിലെ ജനാധിപത്യ ഐക്യമുന്നണി പ്രവർത്തിച്ചുപ്പോഴും ഈ തെറ്റ് സംഭവിച്ചിട്ടുണ്ട്.


തിരു-കൊച്ചിയിൽ തിരഞ്ഞെടുപ്പ് സമയത്തു് മാത്രമാണതു് സംഭവിച്ചതെങ്കിൽ, മദിരാശിയിൽ ഐക്യമുന്നണിയുടെ പ്രവർത്തനകാലമത്രയും അതു തുടർന്നുപോയി അതിന്റെ ഫലമായി; ഓരോ പാർട്ടിക്കാരുടെയും കാഴ്ചപ്പാടു് വെച്ചു നോക്കുമ്പോൾ അബദ്ധവും, അജാസ്ത്രീയവും, ചിലപ്പോൾ ജനവഞ്ചനാപരതന്നെയും ആയ ഐക്യമുന്നണിയിലെ മറ്റു ഘടകപാർട്ടികളുടെ അഭിപ്രായത്തെക്കുറിച്ച് ബഹുജനങ്ങൾക്കിടയിൽ തെറ്റായ ധാരണ പരയപടിനിൽക്കുകയോ, വർദ്ധിക്കുകയോ ചെയ്താനിടയായി. അതിന്റെ ഫലമായി ജനങ്ങളുടെ രാഷ്ട്രീയപുരോഗതി താല്ക്കാലികമായി ഒരു പരിധിവരെ തടയപ്പെട്ടു. അതു് ഐക്യമുന്നണിയിലെല്ലാവരും തുറന്നുപറിച്ചു് നല്ലനിലയ്ക്കാവേണ്ടി പരസ്പരം നടത്തിയ പ്രീണന നടപടിയുടെ ഫലമായിരുന്നു.

ഇതു് മേലിൽ ആവർത്തിക്കാതിരിക്കാൽ ഇടതുപക്ഷ ഐക്യമുന്നണിയിലെ ഓരോ ഘടകപാർട്ടിയും ശ്രദ്ധിക്കേണ്ടതാണ്. യോജിച്ചു പൊതുപരിപാടിയുടെ അടിസ്ഥാനത്തിൽ യോജിച്ച് പ്രവർത്തിക്കുന്നതോടൊപ്പം, പഴയപടി, ശക്തിയായി പരസ്പരം ആശയപരമായ വിമർശനങ്ങളും നടത്തേണ്ടതുണ്ട്. പക്ഷെ ആ വിമർശനങ്ങളും വ്യക്തിപരമായ അപവാദപ്രചരണവ്യവസായമായിട്ടുപോകാതെ സൂക്ഷിക്കുകയുംവേണം. ശാസ്ത്രീയമായ രീതിയിൽ, ആശയപരമായി തങ്ങൾക്ക് പറയാനുള്ള കാര്യങ്ങൾ, ഒരു സഹോദരപ്പാർട്ടിയുടെ നേരെയുള്ള സൗഹാർദ്ദപരമായ വിമർശനത്തിന്റെ രൂപത്തിൽതന്നെ നടത്തേണ്ടതാണ്. അതു് ഐക്യമുന്നണിയെ ക്ഷീണിപ്പിക്കുകയല്ല, കൂടുതൽ ശക്തിപ്പെടുത്തുകയാണ് ചെയ്യുക അഭിപ്രായങ്ങൾ ബോധപൂർവ്വം മൂടിവെച്ച്, ഒരു കബളിപ്പിന്റെ രൂപത്തിൽ സ്നേഹം നടിക്കുന്നതിനേക്കാൾ ഇക്കാര്യത്തിലിതാണ് കൂടുതൽ പ്രയോജനകരം.

പരസ്പരം വിമർശിച്ചാൽ ജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാകും, അതിനെ പിന്തിരിപ്പന്മാർ ഉപയോഗിച്ചു് മുതലെടുക്കും എന്നൊരഭിപ്രായം, ചില ശുദ്ധഗതിക്കാരായ ഇടതുപക്ഷ ഐക്യമുന്നണി അനുഭാവികൾ പറയാറുണ്ട്. അതു തെറ്റാണ്. ജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാവുന്നതു് ഐക്യമുന്നണിയിലെ ഘടകപാർട്ടികൾ പരസ്പരം വിമർശിക്കുന്നതുകൊണ്ടല്ല. അങ്ങനെ വിമർശിക്കുന്നതു് തെറ്റാണെന്ന തെറ്റായ ധാരണ ജനങ്ങളിൽ വളർത്തിയതുകൊണ്ടാണ്; ഐക്യമുന്നണി എന്തിനാണ്; എന്താണതിന്റെ ശുപവും സ്വഭാവവും എന്ന കാര്യങ്ങളെക്കുറിച്ച് ജനങ്ങളെ പഠിപ്പിച്ചിട്ടില്ലാത്തതുകൊണ്ടാണ്. ഈ പോരായ്മ നികത്താൻ അടിയന്തരമായി നാം ശ്രമിച്ചുതുടങ്ങിയേ പറ്റൂ.

ഇടതുപക്ഷ ഐക്യം അരക്കിട്ടുറപ്പിക്കുന്നതോടൊപ്പം, ഐക്യമുന്നണിയിലെ ഘടകങ്ങൾതമ്മിലുള്ള ആശയസമരം, പൂർവ്വാധികം സൗഹാർദ്ദപരമായും, വിട്ടുവീഴ്ചയില്ലാതെയും നടത്തുവാൻ ഇടതുപക്ഷക്കാർ തയ്യാറാവണം. അതോടൊപ്പം ഇതൊരു പൊതുജനമില്ലാത്ത കാര്യമല്ല എന്ന യാഥാർത്ഥ്യം സാധാരണ ജനങ്ങളെ പഠിപ്പിക്കയും വേണം. ഐക്യമുന്നണിയിലണിനിരക്കാനവരോടാഹ്വാനംചെയ്താൽ മാത്രം പോരാ, ഐക്യമുന്നണിയുടെ സ്വഭാവത്തെയും ഘടനയെയും കുറിച്ചു അവരെ ബോധവാന്മാരാക്കുകയും വേണം.

— —



അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുക; കമ്യൂണിസ്റ്റ് പാർട്ടി നടപടിക്രമം അതാണ്.

★

(എൻ. ശ്രീകണ്ഠൻനായർ എം. പി.)

അദ്ധ്യായം പത്ത്

മേ അഞ്ച്. കാൾമാർക്സിന്റെ ജന്മദിനം ആയതുകൊണ്ട്, അദ്ദേഹത്തിന്റെ ജീവിതത്തെയും സ്വാധീനശക്തിയേയും പറ്റിയുള്ള ഒരു തീസിസ് അവതരിപ്പിച്ചുകൊണ്ടാണ് കോൺഗ്രസ്സിന്റെ നടപടികൾ ആരംഭിച്ചത്. കാൾമാർക്സിന്റെ ജീവിതത്തെപ്പറ്റിയും സേവനങ്ങളെപ്പറ്റിയും, സമകാലിക വിപ്ലവപ്രസ്ഥാനങ്ങളിൽ അദ്ദേഹം വഹിച്ച പ്രധാനപ്പെട്ട പങ്കിനെപ്പറ്റിയും, മനുഷ്യരാശിയുടെ പുരോഗതിക്കും സോഷ്യലിസ്റ്റ് ജീവിതക്രമത്തിനും അദ്ദേഹം നൽകിയിട്ടുള്ള ശാശ്വതമായ സംഭാവനകളെപ്പറ്റിയും, മാർക്സിസം ലെനിനിസം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു സൂപ്രണ്ടന്റ് യാംഗ് സിയാൻ ചെംഗ് അദ്ദേഹത്തിന്റെ തീസിസ്സിൽ ഒരു ഹ്രസ്വമായ വിവരണം നൽകുകയുണ്ടായി. ശാസ്ത്രീയ സോഷ്യലിസമെന്ന തത്വത്തിന് മാർക്സും ഏംഗൽസും നൽകിയിട്ടുള്ള സംഭാവനകളെ ഹ്രസ്വമായി പരാമർശിച്ച കൊണ്ട്, സാമ്രാജ്യത്വത്തേപ്പറ്റിയും, മുതലാളിത്തത്തിന്റെ ക്രമം തെറ്റിയ വളർച്ചയെപ്പറ്റിയും കോളോണിയൽ രാജ്യങ്ങളിലേയും അർദ്ധകൊളോണിയൽ രാജ്യങ്ങളിലേയും വിപ്ലവപ്രസ്ഥാനങ്ങളെപ്പറ്റിയും ഉള്ള ലനിന്റെ സിദ്ധാന്തങ്ങളെപ്പറ്റിയും അദ്ദേഹം ഉപന്യസിക്കുകയുണ്ടായി. ചൈനക്കാർ മാർക്സിസം ലെനിനിസം കണ്ടെത്തിയിട്ടില്ലാ, ചൈനയുടെ മുഖം രൂപഭേദപ്പെടുത്തുവാൻ ഉടങ്ങിയെന്ന മാവോ സെ തുംഗിന്റെ സുപ്രസിദ്ധമായ പ്രസ്താവന അദ്ദേഹം ഉദ്ധരിച്ചു മാർക്സിസ്റ്റ് തത്വസംഹിതകളുടെ മാർഗ്ഗനിർദ്ദേശമില്ലാതെ ചൈനീസ് വിപ്ലവം വിജയിക്കുകയില്ലായിരുന്നുവെന്നും അദ്ദേഹം പുണ്ടിക്കാണിച്ചു. ചെയർമാൻ മാവോ സെ തുംഗിന്റെയും ചീനയിലെ തൊഴിലാളിവർഗ്ഗത്തിന്റെയും നേതൃത്വത്തിൽ, മാർക്സിന്റെയും എംഗൽസിന്റെയും ലനിന്റെയും സ്റ്റാലിന്റെയും സമരപതാകയുടെ കീഴിൽ, ചൈന സോഷ്യലിസ്റ്റ വിപ്ലവത്തിന്റെ പൂർത്തീകരണത്തിലേയ്ക്ക് വിജയദൃഢം മുഴക്കിക്കൊണ്ട് മാർച്ച് ചെയ്യുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു

760,000 അംഗസംഖ്യയുള്ള വിദ്യാഭ്യാസപ്രവർത്തകസംഘത്തിന്റെ അതായത് അദ്ധ്യാപകരുടെ ദേശീയയൂണിയന്റെ നാഷണൽകമ്മിറ്റി ചെയർമാനായ വു യുചാംഗ് ആയിരുന്നു അടുത്ത പ്രസംഗികൻ. ഞങ്ങളുടെ വിദ്യാഭ്യാസനിലയും രാഷ്ട്രീയബോധവും ഉയർന്നതാണെന്ന് അദ്ദേഹം ശക്തിയായി അഭിപ്രായപ്പെട്ടു. ചൈനയിലെ അഞ്ചര ലക്ഷം പ്രാഥമികവിദ്യാർത്ഥികളിൽ എൺപതുശതമാനത്തിലധികവും തൊഴിലാളികർഷക കുടുംബങ്ങളിൽനിന്നും പുതിയതായി വന്നുചേർന്നിട്ടുള്ളതാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. ഇരുപതുലക്ഷത്തിലധികം മിഡിൽസ്കൂൾവിദ്യാർത്ഥികളും 2240000 പാർട്ട് ടൈം വിദ്യാലയവിദ്യാർത്ഥികളും 202000 ഹൈസ്കൂൾ വിദ്യാർത്ഥികളും ഇന്ന് ക്ലാസിൽപോയി പഠിച്ചുവരുന്നു. ദേശീയപുനർനിർമ്മാണത്തിന്റെ സഫലീകരണത്തിനായി തൊഴിലാളികളെയും അദ്ധ്വാനിക്കുന്നവരേയും സുശിക്ഷിതരാക്കിയെടുക്കുന്ന കർത്തവ്യം അദ്ധ്യാപകർ ബോധപൂർവം നിറവേറ്റണമെന്ന് അദ്ദേഹം ഉൽബോധിപ്പിച്ചു.

വിദേശപ്രതിനിധിസംഘ നേതാക്കന്മാരുടെ സന്ദേശങ്ങളും അഭിനന്ദനങ്ങളും മുഴങ്ങിക്കഴിഞ്ഞാൽ, കോൺഗ്രസ്സിൽ നടന്ന മുക്കാൽപ്രസംഗങ്ങളും ഒരേ ഒരു മാതൃകയിലുള്ളതായിരുന്നു. ഏറെക്കുറെ മുഷിപ്പനമായിരുന്നു. സെക്രട്ടറി ജനറലും മറ്റു നേതാക്കന്മാരും നിർദ്ദേശിച്ച ക്രമത്തിൽ എല്ലാ പ്രാസംഗികന്മാരും അവരുടെ കഴിഞ്ഞകാല തൊഴുകളെ ഊറ്റം സമ്മതിച്ചു. ദേശീയ പുനർനിർമ്മിതിക്കുവേണ്ടിയുള്ള പഞ്ചവത്സരപദ്ധതി പരമാബദ്ധി സഫലീകരിക്കുമെന്ന് എല്ലാവരും ഒരുപോലെ പ്രതിജ്ഞയെടുത്തു. കോൺഗ്രസ്സിൽ അവതരിപ്പിച്ച ഏതാനും റിപ്പോർട്ടുകൾപോലും, സംഖ്യകളും കൂപകരം ശതമാനക്കണക്കുകളും സൂചിപ്പിച്ചുകൊണ്ടായിരുന്നു കോൺഗ്രസ്സിലെന്നല്ല, ചൈനയിലാകമാനം സ്വീകരിക്കപ്പെട്ടിരിക്കുന്ന സാമാന്യമായ കണക്കുകളും അനുസരിച്ച്, "ക്രമീന്താംഗ് കവർച്ചക്കാരുടെ" കാലഘട്ടവുമായി താരതമ്യപ്പെടുത്തുമ്പോൾ ഉല്പാദനം നൂറിഇരുപതോ ഇരുനൂറിനാല്പതോ മറ്റോ ശതമാനം വർദ്ധിച്ചിട്ടുണ്ട്.

പക്ഷേ ചില മാതൃകാതൊഴിലാളികളുടെ പ്രസംഗങ്ങൾ ആഴ്ന്നദ്ധകരങ്ങളായിരുന്നു. ലളിതവുമായ രീതിയിൽ അവർ അവരുടെ അനുഭവങ്ങൾ വിവരിച്ചു. വുഹാവുവിലെ ഒരു ടെക്സ്റ്റൈയിൽ തൊഴിലാളിയായ ഇരുപത്തിമൂന്നു വയസ്സുള്ള ഒരു പെൺകുട്ടി തർജ്ജമക്കാർക്ക് ഒരു പ്രശ്നമായി തീർന്നു. ഒരു പ്രസംഗം മുഴുവൻ എഴുതിത്തയ്യാറാക്കത്തക്കവണ്ണം ആയിരക്കണക്കിനുള്ള ചൈനീസ് ലിപികൾ അവൾ വശമാക്കിയിരുന്നില്ല. അങ്ങനെ തർജ്ജമക്കാർക്ക് പ്രസംഗത്തിന്റെകൂടെ തർജ്ജമ പറഞ്ഞുകേൾപ്പിക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നു പ്രസംഗം തർജ്ജമ ചെയ്തുകൊടുക്കണം, ഇടയ്ക്കിടയ്ക്ക് നിർത്തണമെന്നും അവൾക്ക് അറിവുണ്ടായിരുന്നില്ല. ഒമ്പതാമത്തെ വയസ്സുമുതൽ കൃഷിവേല തുടങ്ങിയ കഥകൾ അവൾ വിവരിച്ചു. അരാലുങ്ങളിൽ അവൾ പതിനൊന്നു മനുഷ്യരുകൂടി

സ്ഖലനനിവാരണി

യുവലോകത്തിനു് അനുഗ്രഹീതമായ ഒരു സിദ്ധൗഷധം

മൂത്രത്തിനുമുമ്പോ പിമ്പോ തുള്ളിതുള്ളിയായോ ഇന്ദ്രിയംപോകുക, മലവിസർജ്ജനത്തിൽ ശക്തിയായി മുക്കുകനിമിത്തം ശുക്ലം വാൻപോകുക, സ്വപ്നംകണ്ടോ കാണാതെയോ ഉറക്കത്തിൽ അറിഞ്ഞോ അറിയാതേയോ ഇന്ദ്രിയം സ്ഖലിക്കുക, അരിമാവു കലക്കിയ രൂപത്തിൽ മൂത്രത്തിൽ കലർന്നു് ഇന്ദ്രിയംപോവുക, സ്ത്രീകളെ വിചാരിക്കുകയോ തൊടുകയോ ചെയ്താൽ പെട്ടെന്നു് ഇന്ദ്രിയം സ്രവിക്കുക ഇങ്ങനെ ഇന്ദ്രിയസംബന്ധമായുണ്ടാകുന്ന നാരവധി സ്ഖലനരോഗങ്ങളെ രണ്ടു ആഴ്ചകൊണ്ടു പരിപൂർണ്ണമായി ശമിപ്പിക്കുന്നതിനു് ഞങ്ങളുടെ **സ്ഖലനനിവാരണി** തികച്ചും ഫലപ്രദമെന്നു ഞങ്ങൾ ഉത്തരവാദിത്വത്തോടുകൂടി ഉറപ്പു പറയുന്നു.

രണ്ടു ആഴ്ചക്കാലത്തേയ്ക്കുള്ള ഡപ്പി I-ക്കു് 5 ക. 8 ണ. വി. പി. ചാർജ്ജു് പുറമേ

വി. പി. യായി ആവശ്യപ്പെടുക. മാനേജർ, **S.D. ഫാർമസി**, നാഗമഹാം, H O. ആലപ്പുഴ.

ബ്രാഞ്ചു്:—9/94 LUZ, മൈലാപ്പൂർ, മദ്രാസു്.

പണിയെടുക്കേണ്ടവനു. എന്നിട്ടും, ആഹാരത്തിനോ വസ്ത്രാഭരണത്തിനോ മതിയാകുന്ന വേലക്കൂലി അവനു് കിട്ടിയില്ല. ഇന്നു് അവനു രാപ്പകലൊന്നാകെ ആഴ്ചതിക്കുന്ന, ഭാരമിക്കുന്ന വർഗ്ഗബോധമുള്ള, ആത്മവിശ്വാസമുള്ള ഒരു മാതൃകാതൊഴിലാളിയാണു്.

മേ പതിനൊന്നാം തീയതി സായാഹ്നത്തിൽ കാൺഗ്രസ്സു് പര്യവസാനിച്ചു. പെക്കിംഗിലെ പെൺകുട്ടികളും വിദേശീയ സന്ദർശകർക്കു് ആ സന്ദർഭത്തിൽ പൂങ്കലകളും സമ്മാനിക്കുകയുണ്ടായി. ചില മുന്നണി നേതാക്കന്മാരുടെ മുന്തിനിൽക്കുന്ന പ്രോഷണങ്ങളെഴിച്ചാൽ ചൈനയിലെ നവോത്ഥാനം സമുജ്വലമായ തൊഴിലാളിവർഗ്ഗത്തിന്റെ പ്രതീകമെന്ന നിലയിൽ ആ സമ്മേളനം എന്നിൽ ഒരഭിപ്രായവും ഉളവാക്കിയില്ല. മുതലാളിത്തരാജ്യങ്ങളിലെയും സോഷ്യലിസ്റ്റു്— അർദ്ധസോഷ്യലിസ്റ്റു് രാജ്യങ്ങളിലെയും ട്രേഡ്യൂണിയൻ പ്രസ്ഥാനത്തിന്റെയും തൊഴിലാളിവർഗ്ഗത്തിന്റെയും വീക്ഷണഗതിയിലും സമീപനരീതിയിലും മുമ്പത്തെക്കാളും കൂടുതൽ കൂടുതൽ അപകാശാനുകൂല്യങ്ങളിലുമുള്ള മൗലികമായ അന്തരമാണു് എന്റെ പ്രതികൂലാഭിപ്രായങ്ങളുടെ അടിസ്ഥാനകാരണം. ചൈനയിലെ ട്രേഡ്യൂണിയനുകൾ ഇന്നു് കൂട്ടായ വിലപേശലിനോ വർഗ്ഗസമരത്തിനോ ഉള്ള ഉപാധികളല്ല. ദേശനിർമ്മാണത്തിനും വർഗ്ഗസഹകരണത്തിനുമുള്ള പ്രധാനപ്പെട്ട അടിത്തറയാണു്. നാം ഇന്ത്യയിൽ അനുവർത്തിച്ചുപോരാറുള്ളതുപോലെ ജനാധിപത്യരീതിയിലുള്ള വിമർശനങ്ങൾക്കും പ്രതിനിർദ്ദേശങ്ങൾക്കും ശേഷം അഖിലചൈനാ ലേബർ ഫെഡറേഷന്റെ നേതൃത്വത്തിൻ കീഴിൽ ട്രേഡ് യൂണിയനുകൾ ഒത്തുതീർപ്പിലെത്തിയ വസ്തുതകൾ പരസ്യമായി പ്രഖ്യാപിക്കാനുള്ള ഒരുപാധി മാത്രമാണു് കാൺഗ്രസ്സെന്നു്, ഫെഡറേഷന്റെ പ്രവർത്തനങ്ങളും മുഴുവൻ പഠിച്ചു കഴിഞ്ഞപ്പോൾ എനിക്കു മനസ്സിലായി. യവനികയ്ക്കു് പുറകിൽ നിന്നു് നിയന്ത്രിക്കപ്പെട്ട കാര്യങ്ങളും, പരസ്യമായി അവതരിപ്പിക്കപ്പെട്ട ഏകകണ്ഠമായി അംഗീകരിപ്പിച്ചെടുക്കുന്ന എല്ലാതീരുമാനങ്ങളും ഡമോക്രസിയുടെ പ്രമാണങ്ങളെ അധിഷ്ഠാനമാക്കിയുള്ളതാണു്. ഇതു കാലാനുഭവങ്ങളനുസരിച്ചു് രൂപപ്പെടുത്തിയിട്ടുള്ളതാണു്. മുകളിൽ നിന്നു നിയന്ത്രിക്കപ്പെടുന്നതാണെങ്കിലും തൊഴിലാളികളുടെ അഭിപ്രായങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ, അവരുടെ പരമാവധിപിന്തുണയാർജ്ജിച്ചു മാത്രമേ അവസാനമായി അംഗീകരിക്കപ്പെടുന്നുള്ളു. മാനുഷികതത്വങ്ങളെ ലോപ്യം ചെയ്യുവാനോ തയ്യാറാക്കപ്പെട്ട നിർദ്ദേശങ്ങളെ പ്രതിക്രുവിച്ചു് സംസാരിക്കുവാനോ വോട്ടുചെയ്യുവാനോ സാധ്യമല്ലെന്നുള്ളതു് സത്യമാണു്. റഷ്യയിലും ജർമനിയിലും അനുവർത്തിച്ചുവരുന്ന മാതൃകയിലുള്ള ജനാധിപത്യ കേന്ദ്രീകരണസമ്പ്രദായത്തിലെ ജനാധിപത്യരീതിയിലുള്ള പ്രതിപക്ഷസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടില്ല. ഏഴാം കാൺഗ്രസ്സിൽ സംബന്ധിച്ച പ്രതിനിധികളെ ഉദ്ദേശിച്ചു് നൽകപ്പെട്ട ഒരു വിജ്ഞാപനത്തിൽ വച്ചു്, ട്രേഡ് യൂണിയൻ ലോകഫെഡറേഷന്റെ ജനറൽസെക്രട്ടറി ലൂയി സൈമ്യൂൺവ് പ്രസ്താവിക്കുകയുണ്ടായി, പ്രസ്തുതം ചെയ്തതു വലുതായിക്കൊള്ളട്ടെ, എല്ലാ പ്രശ്നങ്ങളിലും ഒന്നുപോലെ ഏകാഭിപ്രായം പുലർത്താൻ കഴിയുന്നതാണു് കാൺഗ്രസ്സിന്റെ ഏറ്റവും വലിയ കഴിവു് എന്നു്. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നടപടിക്രമം അതാണു്; നിങ്ങൾക്കതു് അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം.

(തുടരും)

★ **ഇതാ തയ്യാറായി** ★

ശ്രീ ആലപ്പുഴ മാധവൻനായരുടെ

പുതിയ നോവൽ

വിയർപ്പിന്റെ വില

ജനദ്രോഹം ചെയ്തു മന്ത്രി സ്വത്തു സമ്പാദിച്ചു, ധനമോഹിയായ ജന്മിയുടെ പേരിൽ. ആ സ്വത്തുക്കളെല്ലാം അധ്വാനികളുടെ വിയർപ്പിന്റെ വിലയാണു്. അതെങ്ങനെ പിടിച്ചുപറിച്ചു? ഇതിലെ രംഗങ്ങളും—കഥാപാത്രങ്ങളും നിങ്ങൾക്കാവേശം നൽകും.

വില ക. 1-4-0.

ആവശ്യപ്പെടുക:—

വിദ്യാരംഭം പ്രസ്സു്, മുല്ലയ്ക്കൽ, ആലപ്പുഴ.

★ ജയിച്ചതാര്? ★

ജീ. ശങ്കരപ്പിള്ള ബി. എ. (ആണ്‌ഴ്സ്)

[സാമാന്യം ഭേദപ്പെട്ട ഒരു ഗൃഹത്തിലെ അകത്തെതളം. ഒരു വശത്തെ ചുവരിൽ ഇറന്നിട്ടിരിക്കുന്ന ഒരു ചെറുജനാലയിലൂടെ മഴക്കാറുകൊണ്ട് അകാലത്തിൽത്തന്നെ ഒരു കറുകാന്ധകാരം. അതിനു താഴെ ചുവരുചേർത്തിട്ടിരിക്കുന്ന കട്ടിലിൽ കൃഷ്ണപിള്ള ഇരിക്കുന്നു. വൃദ്ധനാണ് വയസ്സ്. അമ്പതോടടുത്തിട്ടേയുള്ളെങ്കിലും കരൾപ്രതിമൻ പാടും ഉരിതവുമാണ് ആ മുഖത്തുകാണുന്നത്. നിരാശയും ആരോടെന്നില്ലാമുള്ള ഒരമർഷഭാവവും ആ മുഖം സൂക്ഷിക്കുന്ന ഒരാളിനു് കാണാൻകഴിയും.

കർട്ടനയുമ്പോൾ മകൾ ലക്ഷ്മി ഒരുപചാരം കട്ടംകാപ്പിയുമായി സമീപംനിൽക്കുന്നു. യുവത്വത്തിന്റെ മാർദ്ദവഭാവം തീരെ മാഞ്ഞിട്ടില്ല. പക്ഷെ ഒരു ഉലച്ചിൽ തട്ടിയതായും കണ്ണുകളിൽ നേരിയ വിഷാദച്ഛായ. അവൾ അച്ഛനെ അലട്ടിക്കുവാൻ നിർബന്ധിക്കുകയാണ് ഏതു അപേക്ഷിച്ചിട്ടും കേൾക്കുന്നില്ലല്ലോ എന്നൊരപേക്ഷാഭാവം മകളുടെമുഖത്തും എന്തു പറഞ്ഞാലും താൻ അനുസരിക്കുകയില്ലെന്നുള്ള നിർബന്ധബുദ്ധി കൃഷ്ണപിള്ളയിലും കാണുന്നു.]

ല—(യാചനാസ്വരത്തിൽ) അച്ഛനു കുടിക്കണം.

കൃ. പി—(നിർദ്ദയം) വേണ്ടാ, എനിക്കു വേണ്ടെന്നല്ലേ പറഞ്ഞതു്.

ല—(കരച്ചിലടി അനുനയസ്വരത്തിൽ) കുടിക്കണം അച്ഛാ. ഇതെന്തൊരു വാശിപിടിക്കലു്.

കൃ. പി—(ഉറക്കെ നിഷേധസ്വരത്തിൽ) വേണ്ടാന്നു്, എനിക്കു നിന്റെ കാപ്പിയുംവേണ്ട, ചോറും വേണ്ട.

ല—(പഴയ രീതിയിൽ) നേരമെത്രയായി. ഇതുവരെ ഊണുമെങ്കിലും അകത്താക്കിയിട്ടുണ്ടോ?

കൃ പി—ഇല്ല; അതിനു നെനക്കെന്തു്?

ല—വിശപ്പില്ലേ?

കൃ പി—(പരിഹാസസ്വരത്തിൽ) വിശപ്പോ? ഉം. ഉണ്ടുണ്ടു് ഈ ഭൂമി മുഴുവൻ തിന്നുതീർക്കാനുള്ള വിശപ്പുണ്ടു്. നിന്നേയും നിന്റെ ചാപ്പിള്ളയേയും ഈ വീട്ടുതന്നേയും തിന്നുതീർക്കാനുള്ള വെശപ്പു്.... ങ്ഹ്ഹ്! എന്നെക്കൊണ്ടധികമൊന്നും പറയിക്കാതെ.

ല—(വേദനയോടെ) അച്ഛാ! അച്ഛൻ ഇങ്ങനെ.....

കൃ പി—(ക്രുദ്ധതൽ കോപത്തോടെ ഉം? എന്താ? ഞാൻ ഇങ്ങനെ ഇരിക്കുന്നതെന്നോ? അതോ, ഇപ്പറയുന്നതൊന്നും നിനക്കു പിടികിട്ടുന്നില്ലെന്നോ?

ല അച്ഛനംകൂടി എന്നെ വെറുത്താൽ.....!

കൃ പി—(പരിഭവം പറയുന്ന മട്ടിൽ) ഓ! എന്നാൽത്തന്നെ നിനക്കെന്തു്? ഞാനൊരുത്തൻ ഇവിടുള്ളതു നിനക്കൊരു തടസ്സവുമല്ല

ല—(പറഞ്ഞിട്ടു ഫലമില്ലെന്നു കണ്ടു വിഷയം മാറ്റാൻ) നാളെ കുഞ്ഞിവയ്ക്കാൻ അരിയില്ല.

കൃ. പി—(നിർവ്വികാരനായി) വയ്ക്കണ്ട.

ല—കടം ചോദിച്ചു; ആരും തന്നില്ല.

കൃ പി—(പെട്ടെന്നു്) അതെന്താ?

ല—എന്തോ

കൃ. പി—മുമ്പും ഇങ്ങനെയാണോ?

ല—അല്ല; പലരും തന്നിട്ടുണ്ടു്.

കൃ. പി—പിന്നെ? ഇപ്പോഴോ?

ല—എനിക്കെങ്ങനെ അറിയാം, കൃ. പി—നിനക്കറിയാം. നിനക്കറിയാമെന്നു് എനിക്കുമറിയാം.

ല—ഇല്ലാഞ്ഞിട്ടായിരിക്കാം

കൃ പി—അല്ലെടീ മനസ്സില്ലാഞ്ഞിട്ടു്.

ല—(അശ്രദ്ധയായി ഒരു ചെല്ലപ്പം അതുമാവും

കൃ പി അവനമെന്നല്ല; അങ്ങു്.

ല—ഇനി ഇപ്പോ എന്തുചെയ്യും

കൃ പി ഒന്നും ചെയ്യണ്ട.

ല—എന്നു പറഞ്ഞാൽ വയറു കേക്കണ്ടേ അച്ഛാ!

കൃ പി വയറു പലതും കാണുകേം കേൾക്കേം ചെയ്തില്ലേ?

ല (എന്തോ ഒരു ഭീകരസത്യം കേട്ട പോലെ) അച്ഛാ!

കൃ പി—ചോദ്യം ചോദിക്കുന്ന രീതിയിൽ) എടീ! ഇതെല്ലാം അനുഭവിച്ചു? പറ. കുഴിക്കാലും നീട്ടിയിരിക്കുന്ന ഞാനോ? നീയോ?

ല—(ഉത്തരം പറയുന്നില്ല)

കൃ പി—(തീർപ്പു കല്പിക്കുന്ന സ്വരത്തിൽ) അരിയില്ലെങ്കിൽ കഞ്ഞിവയ്ക്കണ്ട.

ല—അച്ഛൻ ഒന്നങ്ങോട്ടിറങ്ങിയാൽ .....

കൃ. പി—(ക്രോധാവേശനായി ചാടിയെണീറ്റു) എന്തു പറഞ്ഞെടീ! ഞാൻ.....ഞാനെറങ്ങണമോ? ങ്ഹും! ഇതു പറയാൻ? അതും നെന്റെ നാക്കുകൊണ്ടു്? എടീ പെയങ്കരീ!.....മനസ്സില്ല! എനിക്കു വയ്യ. നീ മരി. നീയും പട്ടിണികൊണ്ടു് തൊലഞ്ഞുപോ.....(വികാരാവേശത്താൽ വിറയ്ക്കുന്നു. കൈത്താങ്ങിനു് കട്ടിലിൽ പിടിക്കുന്നു. ഏങ്ങുന്നു. തെല്ലൊന്നടങ്ങിയപ്പോൾ) ഞാനൊങ്ങിയിട്ടൊണ്ടെടീ. നെന്റെ അമ്മ ആ മുണ്ടുകീറാത്ത കുഞ്ഞനേയും കയ്യിത്തന്നേച്ചു പോയപ്പം ങ്ഹാ അന്നു ഞാനെറങ്ങിയിട്ടുണ്ടു്. തന്നിട്ടുണ്ടെടീ ഞാൻ. നിങ്ങളെ വളർത്താൻ മാനം കളഞ്ഞു്, അന്തസ്സു കളഞ്ഞു്. ഹാവു! എന്തൊക്കെ പാടുപെട്ട ദൈവമേ! എന്നിട്ടു്.... എന്നിട്ടു് ഇപ്പോ (വീണ്ടും ക്രുദ്ധനായി) നിനക്കെന്നെ കൊല്ലാമായിരുന്നില്ലേ? വിഷംതന്നു്. എന്നിട്ടു ഞാനെറങ്ങണംപോലും (വീണ്ടും കിതയ്ക്കുന്നു.)

ല—(അപരാധിനിയെപ്പോലെ) എനിക്കപ്പനേയുള്ളു. എന്റെ അപ്പൻ എന്നോടു പൊറുക്കണം.

കൃ പി—(തുറിച്ചു നോക്കി പരിഹാസത്തിൽ) ങാഹാ! നിന്റെ അപ്പൻ അല്ലേ? ആ അപ്പനെ നീ ഓർമ്മിച്ചോ—അയാളുടെ മാനാഭിമാനത്തെപ്പറ്റി സ്മരിച്ചോ നീയു്? ഇപ്പോ അവളു ബന്ധം പറയാൻ വന്നിരിക്കുന്നു. കഷ്ടം! അവളുടെ ഒരു സ്നേഹം! ഈശ്വരാ! ചതിച്ചാശ്മതി.

ല—(പെട്ടെന്നുദിച്ച തൻറോടത്തോടെ) അച്ഛനെന്തിനു ചാകുന്നു? ചാകേണ്ടതു ഞാനല്ലേ?

കൃ. പി—നീ ഇരിക്കെ മരിക്കേ ചെയ്യു്. എനിക്കതറിഞ്ഞേ. എടീ! എനിക്കു് അഭിമാനമാണു് വലുതു് കണ്ടവന്റെ അടുപ്പം പിഴച്ചുണ്ടായ കൊണ്ടു വളർന്നിട്ടുള്ളവനല്ല ഞാൻ.

ല—ഒരു തെറ്റു് ആർക്കും വരുകില്ലേ അച്ഛാ;

കൃ. പി—(കേൾക്കാത്തമട്ടിൽ) ങേ; എന്താപറഞ്ഞതു്?

ല ഞാൻ തെറ്റുചെയ്തു. ഒരു തെറ്റു്. അതാർക്കും വരുകില്ലേ

കൃ പി ങാഹാ! തീർച്ചയാണോ!

ല അച്ഛൻ ആലോചിച്ചുനോക്കണം

കൃ. പി (പരിഹാസം കോപമായി മാറിക്കൊണ്ടു്) ഞാനാലോചിക്കണോ? അതപകടമാണു് മോളേ! ആലോചനയ്ക്കു പക്ഷപാതമില്ല വല്ലാത്തൊരു തലയിൽ വിളയും. എല്ലാം ആലോചിക്കുവിൽ. (വീണ്ടും ചുഴിഞ്ഞുനോക്കിക്കൊണ്ടു്) ആലോചിക്കണോ? ഞാൻ?.....

ല—അച്ഛനിഷ്ടമുണ്ടെങ്കിൽ; മനസ്സുണ്ടെങ്കിൽ

കൃ. പി—ശരി, ഞാൻ ആലോചിക്കാൻ വരട്ടെ. നീ ഒന്നു പുറകോട്ടുനോക്കു്. ഒരമ്മുകൊല്ലം പിറകോട്ടു് (മുഖത്തു ക്രൂരമായി നോക്കിക്കൊണ്ടു്) ആ ദിവസം നിനക്കോർമ്മയുണ്ടല്ലോ. അല്ലേ? അന്നത്തെ ആ സംഭവം.

ല—(ധൈര്യം വ്യർത്ഥംകൊണ്ടു കണ്ണുപൊത്തിക്കൊണ്ടു്) ഹൊ! അതോർമ്മിപ്പിക്കരുതേ! ദയവുചെയ്തു.... ദയവുചെയ്തതു് ഓർമ്മിപ്പിക്കരുതേ!

കൃ പി—അല്ല; നീ ഓർമ്മിക്കണം. ആ ഓർമ്മയിൽ നീ നിറണം. അന്നു് ആരാരും സഹായത്തിനില്ലാതെ അമ്മയെ നീ ഞെരിച്ചുറ

ക്കിയല്ലോ നീ ഓർത്തോ? എടീ! മരമേ കണ്ണുള്ളവനാ.

ല—അവളുടെ ശാപം! അതു കൊണ്ടു് ഇന്നിതെല്ലാം.....

കു. പി—(തടഞ്ഞുകൊണ്ടു്) അതെ. അതെ. ഇനി അതും കെട്ടി വയ്ക്കേയ്യു് ആ പാവപ്പെട്ട പെണ്ണിന്റെ പൊറത്തു്. അവൾ ശ്രീലാവണ്യ. നീയോ സാവിത്രിയും.

ല—അച്ഛനവളോടേ ക്രൂരമായ്. അവൾക്കു വേണ്ടിയാണച്ഛൻ വാദിക്കുന്നതു്. അവൾ ചെയ്യുന്നതൊക്കെ ശരി. അല്ലേ?

കു. പി—അല്ലല്ല. അവൾ ചെയ്യുന്നതൊക്കെ തെറ്റു്! മതിയല്ലോ? എന്നല്ലേ അന്നു് നിയും നാട്ടുകാരും കൂടി വിധി എഴുതിയതു്.

ല—അവളന്നു ചെയ്തതു ശരിയായിരുന്നച്ഛൻ ഇന്നെന്നോടു ക്ഷമിക്കുന്നില്ല അതാണെനിക്കു മനസ്സിലാകാത്തതു്.

കു. പി.—മനസ്സിലാകാൻ ഒരു കുറുക്കും അതിലില്ല. അവൾ ചെയ്തതിൽ തെറ്റു കണ്ടു നീ. ഇന്നതിനു് തക്കാരം നൃായികരിക്കുന്നു? അതു പാ.

ല—അതന്നായിരുന്നില്ലേ? ഇന്നില ഞാൻ സ്വപ്നം കൂടി കാണാതിരുന്ന അക്കാലത്തു്.

കു. പി—അതു ശരി. പക്ഷെ ലക്ഷ്മി! നിനക്കോർമ്മയുണ്ടോ അന്നു് ഈ കേഴവൻ പറഞ്ഞ വാക്കുകൾ? ഓ! നീ എങ്ങനെ ഓർമ്മിക്കാൻ? നിന്റെ കണ്ണുമഞ്ഞളിച്ചിരുന്നില്ലേ? ഓളഞ്ഞിനൊത്തുനീ ഒഴുകി

ല—അളുകളൊക്കെ അന്നവളെ കുറ്റപ്പെടുത്തി മറ്റാവില്ലാതെ അമ്മയാവുക! എനിക്കും അന്നു്....

കു പി—അതു തെറ്റെന്നു തോന്നി അല്ലേ?

ല—അങ്ങനെ തോന്നിപ്പോകുന്നതു തെറ്റാണോ അച്ഛാ.

കു പി—അവൾ ചെയ്തതു ശരിയോ തെറ്റോ എന്നതായിരുന്നില്ലാ പെണ്ണേ കാര്യം!

ല—പിന്നെ?

കു പി—അവിടാണു് നിനക്കു തെറ്റുപറ്റിയതു്. അളുകൾക്കും തപ്പുവന്നതവിടെത്തന്നെ.

ല—പിന്നെന്തായിരുന്നു?

കു പി—അതു തെറ്റല്ലെന്നു വാദിക്കുന്നവൻ ഭ്രാന്തനല്ലേ? അതും അതിനു തയ്യാറായില്ല.

ല—പിന്നെ?

കു. പി—അതായിരുന്നില്ല അവൾക്കു മാപ്പുകൊടുക്കണോ? അതൊറ പൊറുക്കത്തക്കതല്ലേ? അതു ഞാനന്നു ഞാൻ പറഞ്ഞു. അല്ലെന്നു നിയും നാട്ടുകാരും. അന്നതിനെ ഭയങ്കരമായി എതിർത്ത നീ.....അതു നീ തന്നെ ഇന്നു്....അതാണെടീ ഞാൻപറഞ്ഞതു് ദൈവം സത്യ സ്വരൂപനാണെന്നു്. നിനക്കോർമ്മയുണ്ടോ അവളിറങ്ങിപ്പോയ ദിവസം? അഞ്ചുകൊല്ലത്തിനുമുമ്പു്—ഇതുപോലൊരു വൈകുന്നേരം.

ല (കാതരയായി) മയവുപെയ്തു അച്ഛൻ അതോർമ്മിപ്പിക്കരുതു്. തകരുന്ന എന്റെ ഹൃദയം ഇന്നതുതാങ്ങുകില്ല.

കു. പി—അതു കേൾക്കാതെ) ഇതുപോലെ മഴ കൊണ്ടുകിടക്കുകയായിരുന്നു. ആ ത്രിസന്ധ്യസമയത്താ അവൾ ഇറങ്ങിപ്പോയതു്. എന്തെന്തവൾ അപേക്ഷിച്ചു. അവളുടെ തെറ്റുകളു- കഴിവുകേടുകളും എണ്ണിഎണ്ണി അവൾ സമ്മതിച്ചു. പെറ്റിട്ടു് മൂന്നുമാസംപോലും തികയാത്ത കുരുന്നു കൊച്ചിനേയും കൊണ്ടു്, ചാറുമഴയത്തു് ആരോരുമില്ലാതെ എന്റെ മോളിറങ്ങിപ്പോയി (പെട്ടെന്നുദിച്ച കോപത്തോടെ) എല്ലാം.....എല്ലാം....നീ കാരണം നീ ഒരുത്തികാരണം.

ല—(പരിക്ഷീണയായി)അച്ഛാ!

കു. പി—ഞാൻ അവൾവിധം പറഞ്ഞില്ലേ; അവൾക്കു മാപ്പുകൊടുക്കാൻ അന്നതു ക്രൂരക്കാത്ത നീ ഇന്നിവിടെ നിന്നു തെണ്ടുന്നു—എന്റെ കാരുണ്യത്തിനു്; ലോകത്തിന്റെ കാരുണ്യത്തിനു്.

ല—സുമതിയ്ക്കു മാപ്പുകൊടുത്ത അച്ഛൻ ഇന്നെന്നോടു ക്ഷമിക്കുകില്ലേ.

കു. പി—ക്ഷമിക്കുമായിരുന്നു. നീ അവളോടു ക്ഷമിച്ചിരുന്നെങ്കിൽ. പക്ഷേ മനുഷ്യത്വംവിട്ടു നീ അന്നവളെ ആട്ടിക്കൊടുത്തു. അതു നിനക്കു ഞാനെങ്ങനെ മാപ്പുതരും?

ല—ഞാൻ എന്തൊക്കെ തെറ്റു ചെയ്തു.....അച്ഛാ! ഞാനും അച്ഛന്റെ മകളല്ലേ?

കു പി—അതുകൊണ്ടാണല്ലാടീ ഞാൻ നിനക്കുവേണ്ടി കണ്ടവന്റെ കാലുപിടിച്ചതു്. നാളിലാരോ ഹർജിയെഴുതു. മുഖപ്പുതൊപ്പിക്കാർ പടികടന്നപ്പോൾ എനിക്കെന്തു മുന്നിൽതങ്ങിനിന്നതുപോലെയായിരുന്നോ? പക്ഷെ ഞാനതിനു പറിച്ചിട്ടില്ലപെണ്ണേ! ഏതുരൂപാ അതു കാലമാടന്മാർക്കു വായ്പൂരിട്ടു. ഇതൊക്കെ നിന്നോടുള്ള വെറുപ്പുകൊണ്ടു പെണ്ണെന്നാണോ വിചാരം?

ല—അല്ലച്ഛാ! അല്ല. പക്ഷെ അച്ഛൻ വീണ്ടും എന്നെ വെറുക്കുന്നു. ഭയങ്കരമായിവെറുക്കുന്നു.

കു. പി—അതിനു നീ അർഹയാണു്.

ല—എങ്കിലും അച്ഛനിൽ നിന്നതുകേൾക്കുമ്പോൾ!

കു. പി—അരിൽനിന്നായാലും സത്യം കേട്ടാൽ ഞെട്ടും, ഞെട്ടിപ്പിക്കുന്ന സത്യത്തിന്റെ പൊറത്താണു് നീ നിൽക്കുന്നതു്.

ല—അച്ഛനെന്നെ രക്ഷിക്കണം. തെറ്റുചെയ്തു. കാലം വൈകിയിട്ടെങ്കിലും അതു മനസ്സിലാക്കുകയും ചെയ്തു.

കു. പി—സുമതി ചെയ്തതിനെക്കാളും ക്രൂരതലാണു് നിന്റെ തെറ്റെന്നു മനസ്സിലായോ?

ല അതെന്തു്? എനിക്കു മനസ്സിലായില്ല.

കു. പി—അവൾ അവളുടെ കുഞ്ഞിനെ വളർത്തി.....നീ....നീ.... ഞാൻ പറയണോ? (കണ്ണിൽ ജലം പൊടിക്കുന്നു.)

ല—(കണ്ണുപൊത്തിക്കരഞ്ഞുകൊണ്ടു്) വേണ്ട, പറയണ്ടതേ! അതു കേൾക്കാനുള്ള കരുത്തില്ല.

കു. പി—എങ്കിലും ലക്ഷ്മീ! അതു ഞാൻ പ്രതീക്ഷിച്ചിരുന്നതല്ല—നിന്നിൽ നിന്നു്. നീതിക്കുവേണ്ടി വായ്പൊട്ടുവെളിയ നിന്നിൽനിന്നു്.

ല—അതൊക്കെ സംഭവിച്ചുപോകുമച്ഛാ. ഭ്രാന്തുപിടിച്ചിരുന്ന എന്റെ തലയ്ക്കോറിൽ അതൊക്കെ വിളഞ്ഞുപോയി.

കു പി എങ്കിലും ഒരു ജീവനെറ കൃയുനുള്ളാൻ! ഒരമ്മയുടെ കയ്യുതിനായതുമോ?

ല—ഉയരേണ്ടിവന്നാൽ ഉയരും. അച്ഛാ! അവൻ വളർന്നവളർന്നങ്ങനെ പോകുന്നതു്. അവൻ തിരിഞ്ഞുനിന്നു് അച്ഛനാരു് എന്ന ചോദ്യം എന്നോടു ചോദിക്കുന്നു്.... എന്റെ മുടി ചുറ്റിപ്പിടിച്ചു് എങ്ങനിലത്തിട്ടടിയ്ക്കുന്നതു്..... .ഇതൊക്കെ എന്റെ മനസ്സിലുയരുന്നു (അച്ഛനെന്നു പറയുന്നു എന്നറിയാൻ കുഞ്ഞിപ്പെണ്ണിന്റെ മുഖത്തേയ്ക്കു നോക്കുന്നു. അയാളും ശിലയെപ്പോലെ വികാരരഹിതനായി നിൽക്കുന്നു.)

ല (വീണ്ടും) അവനെ ഞാനെങ്ങനെവളർത്തും? തെണ്ടിയും തപ്പിപ്പിടിച്ചും വളർത്താമെന്നിരിക്കട്ടെ അവൻവളർന്നാൽ? അപകടംപിടിച്ച ചോദ്യങ്ങളും എന്നോടവൻ ചോദിക്കുമ്പോൾ.....അതുകൊണ്ടു്, വേദനയോടെ ഞാനതു ചെയ്തച്ഛാ.

കു പി—(കോപത്തോടെ) അവനെ അതു ഏയ്തോക്കിയെ.... അതു ഇരുപ്പാളിയെ ഇങ്ങനെ കഴിഞ്ഞുതെരിച്ചു നിനക്കു കൊല്ലാമായിരുന്നില്ലേ? പഞ്ചാര വാക്കുകളുമായി വന്ന അതു പുരുഷനെ ഞാനന്നേ പറഞ്ഞു. അതു ഘോരകനെ അടുപ്പിക്കരുതെന്നു്. രണ്ടാമത്തെ തവണയും നീ അതു നിഷേധിച്ചു.

ല—അതിന്റെ തീയാണു് ഞാനിപ്പോൾ തിന്നുന്നതു്.

കു. പി—ഒരു ദിവസം രാവിലെ ഉറങ്ങിഎണീറ്റപ്പോളല്ല പെണ്ണേ! ഈ തലമുടി എല്ലാം നരച്ചതു്. ഏതുകൊല്ലം എങ്ങനെ എല്ലാമുള്ളവരുമായി ഇടപെട്ടു! ഈ കണ്ണുകൊണ്ടു നിങ്ങളെല്ലാം കാണുന്നതിനെക്കാളും കാണും.

ല—സംഭവിക്കേണ്ടതെല്ലാം സംഭവിച്ചു. ഇനി എന്താണു്? ജയിലറയിൽ കഴിയേണ്ടി വരുമോ?

കു പി—(അല്പമൊന്നലിഞ്ഞു്) വേണ്ട. അതു വേണ്ടിവരുല്ല. അതോർത്തു്നല്ലവനാ. എല്ലാം ശരിപ്പെടുത്താമെന്നാ ഏറ്റിരിക്കുന്നതു്.

ല—പക്ഷെ അതുകൊണ്ടെന്തായി! അച്ഛനെന്നോടു ക്ഷമിക്കുമോ? അതെങ്കിലും പൊറുക്കുമോ എന്റെ തെറ്റു്?

കു. പി—അങ്ങനെ വിചാരിക്കുന്നതല്ല അബദ്ധം? ഉപ്പുതിന്നവൻ വെള്ളം കുടിക്കണ്ടേ?

ല—അപ്പോൾ ഞാൻ മാപ്പിനർഹയല്ല.

കു. പി—അതെടീ? എന്റെയോ, അതോ നാട്ടുകാരുടേയോ.

ല—അച്ഛന്റെ.

കു. പി—വിട്ടുവീഴ്ചയ്യു നീയും സന്നദ്ധയായിരുന്നെങ്കിൽ.....

ല—സുമതിക്കു ഞാൻ മാപ്പുകൊടുക്കാം. ഇന്നു്.....അവളുടെ നിലപാടിനെ മനസ്സിലാക്കുന്നച്ഛാ.

കു പി—കാലം കഴിഞ്ഞുപോയി പെണ്ണേ. നീ ചെയ്യേണ്ടതു ചെ

യ്തുകഴിഞ്ഞു. അതിന്റെ തീ അവിടം അടങ്ങിയിട്ടുംകഴിഞ്ഞു പക്ഷേ.....

ല--(ഉത്കണ്ഠയോടെ) പക്ഷേ .....എന്താണ്?

കു. പി - അല്ല; ഞാൻ ആലോചിക്കുകയായിരുന്നു....അവിടം ഇപ്പോൾ ആരുടെ എങ്ങിയാണ്?

ല-- അച്ഛന്റെയിൽ ഭയചകിതയായി അത്? സുമതിയോ?

കു. പി--അതെ.

ല--ശേയ്! കരിക്കുമില്ലല്ലോ.

കു പി—എന്തുകൊണ്ട്? തീർച്ച പറയരുത്.

ല--ഇവിടെ നിന്നിറങ്ങിയപ്പോൾ അവിടം പറഞ്ഞതെല്ലാം ഓർക്കുന്നില്ലേ?

കു പി—എന്തെങ്കിലും പ്രത്യേകം പറഞ്ഞതായി ഓർക്കുന്നില്ല

ല ജീവനുള്ളടത്തോളം ഇവിടെ പടികടക്കുകയില്ലെന്ന്.

കു. പി എന്നുപറഞ്ഞോ?

ല - അല്ലെങ്കിലവിടെവരില്ലല്ലോ. (ഇതുപറയുമ്പോൾ അവിടെക്കാൾപ്രാസമാണുള്ളത്) അച്ഛനങ്ങനെ യിശ്വസിക്കുന്നുണ്ടോ!

കു. പി—എന്തുകൊണ്ടവിടെക്ക വന്നുകൂടാ? അല്ലെപറ.

ല അവളുടെ ശപഥം!

കു. പി—ഫൂ! അതൊക്കെ അപ്പോതോന്നിയ ചൂട്, അത്രേയുള്ളു.

ല പക്ഷേ ഇന്നുവരെയും അല്ലെ പാലിച്ചിട്ടുണ്ട്—അല്ല മറക്കരുത്

കു. പി—അതോ. അല്ല് അവശ്യമില്ലാഞ്ഞിട്ട്.

ല—അവശ്യമോ?

കു. പി—അതെ. അവശ്യമില്ലാഞ്ഞിട്ടതന്നെ. അവിടെക്ക ചോദ്യം ചെയ്യാൻ എന്തെങ്കിലുമുള്ളപ്പോൾ അവിടെവരും.

ല—എന്താണച്ഛാ അവിടെക്കിവിടെ ചോദ്യം ചെയ്യാൻ?

കു പി—മനസിലില്ലേ? ആലോചിച്ചുനോക്ക്. ആലോചിച്ചുനോക്കിപ്പറ. ഇവിടെ അവിടെക്കുടി അവകാശപ്പെട്ടതാണ്. അവിടെക്ക മിവിടെ താമസിക്കാം.

ല—എങ്കിൽപ്പിന്നെ എന്തിനിറങ്ങിപ്പോയി? അവിടെയായിരുന്നാലേ ഇവിടെ താമസിക്കൽ?

കു. പി-- അന്നവിടെ ഇവിടെ വീട്ടിന്റെ സഹായിക്കാത്തു. നീയും ഞാനും ഒക്കെ അന്ന നല്ലവരായിരുന്നു പക്ഷേ ഇന്നവിടെക്കവരാം. നിന്റെം പൂച്ച തെളിഞ്ഞുകഴിഞ്ഞു അല്ലെകൊണ്ടവിടെക്ക വരുകയും ചെയ്യാം.

ല--സുമതി വരുമോ? അല്ലാ! വല്ലതും കേട്ടോ?

കു. പി--ഇല്ല പക്ഷേ ഞാനൂഹിക്കുകയാണ്. അവളിങ്ങുവന്നാൽ എന്താ? കഥകളും അവളും കേട്ടുകാണും

ല--എന്തായാലും ശരി. ആരോടേയും അതിരുകടന്ന കുതിരകയറരുതെന്നിക്കിഷ്ടപ്പെട്ടുകയില്ല. വരട്ടെ ആരെക്കൊക്കെ വരുമോ അവരൊക്കെ വരട്ടെ.

[പുറത്ത് കതകു ശാന്തം അടയുന്ന ശബ്ദം. ഇതുവരും ഞെട്ടലോടുകൂടി അല്ല ശ്രദ്ധിക്കുന്നു]

കു. പി--ആരത്?

ല--ഓ! കാറ്റായിരിക്കും.

കു. പി--തീർച്ചയാണോ? ഒന്നുനോക്ക്.

ല—നോക്കണ്ട കാറ്റടിച്ച ശബ്ദം കേട്ടില്ലേ?

[സുമതി പ്രവേശിക്കുന്നു. ലക്ഷ്മിയുടെ അനുജത്തിയാണെങ്കിലും രൂപത്തിൽ അവളെക്കാളും ഏറെ വളർന്നതായി തോന്നിപ്പോകും ജീവിത രോഷമയത്തിലൂടെ ഒന്നെട്ടുനാളം നീങ്ങിയ പ്രൈക്ഷ്യം മുഖത്തു കാണാം.]

ല--(സ്തബ്ധയായി സുമതി!

സുമതി—(പരിഹാസപൂർവം) അതെ. സുമതി! തന്നെ!

ല--എന്താ' കളിയാക്കാൻ വന്നിരിക്കുകയാണോ?

സു--(കപടവിനയത്തോടെ) അല്ലേ! കുറച്ചുകാര്യം സംസാരിക്കാൻ, എന്തോ ചിലതൊക്കെ കേട്ടു.

ല--ഓഹോ അറിയാൻ വന്നതാണല്ലേ?

സു--അറിഞ്ഞിട്ടേ പോകുന്നുള്ളു.

ല--മതി. മതി. എല്ലാറിന്റേയും കാര്യം അറിഞ്ഞിട്ടുപോയാമതി.

സു—അങ്ങനുകൊല്ലം രണ്ടു എന്നെ പുറംതള്ളിയതു് എന്തിനാണെന്നറിയാനായിരുന്നു? ഓർമ്മയുണ്ടോ ചോദിക്ക്. അതേ തൊറ.....

ല—(രസമില്ലാത്തമട്ടിൽ)വേണ്ട മുഴുവനാക്കണ്ട മനസ്സിലായല്ലോ എല്ലാം. ആ കഥ സത്യമാണോ എന്നറിയാനല്ലേ വന്നതു്?

സു--അതെ. അതിനെന്താ?

ല—(തികച്ചും നാടകീയമായി) എന്നാൽ പറഞ്ഞേയ്ക്കാം ശരിയാണ്. (കതകു പൂട്ടി) ഇതാ—ഇനി ഇതുതന്നെ വഴി. പോകാം.

സു—ഇല്ല.

ല—(ഒന്നു ഞെട്ടി) എന്തു്? ഇല്ലെന്നോ?

സു അതെ. ഇല്ല; പോകുന്നില്ല.

ല പിന്നെ?

സു—വല്ലവരും പറയുമ്പോൾ പോകാൻ ഞാനോതു്? ഞാൻ പോകും; അല്ലെങ്കിൽ പോകാതിരിക്കും.

ല നേരം ഇരുട്ടുന്നു. മഴ തോരുന്നമട്ടില്ല

സു - തോരുന്നെങ്കിൽ തോരട്ടെ. ഇതുട്ടെനിക്കൊരു തടസ്സമല്ല ഇതുപോലെ മൂവന്തിക്കു് മഴയുള്ളതല്ലേ ഈ പടികടന്നതു്.

ല പോവുന്നെങ്കിൽ പിന്നതു നേരത്തേയാകുന്നതേ?

സു (ഇതുനേരവും രണ്ടുപേരുടേയും മുഖത്തു നോക്കിനിന്ന കു. പി. യോടു്) അച്ഛാ! ഞാൻ പോകണോ? ഇനി....ഇനി ഞാനെന്തിനുപോകണം?

കു പി. (സഹികെട്ടു്) എനിക്കൊന്നും കേൾക്കണ്ട. എന്നോടൊന്നും ചോദിക്കേംവേണ്ട (രചവിപൊത്തിക്കൊണ്ടു് കട്ടിലിൽകയറിഇരിക്കുന്നു.)

ല--ഈ വീട്ടിലിനി കാലെടുത്തു കുത്തുകയില്ലെന്നു് ശപഥം ചെയ്തതുള്ളതല്ലേ നീ.

സു—അതെ. അതന്നു് ഈ വീട്ടിനു് മാന്യതയും വിലയുമുണ്ടായിരുന്നപ്പോൾ.

ല നീ ധനയുള്ളവളാണെങ്കിൽ അതു പാലിക്കണമായിരുന്നു.

സു--പാലിക്കാൻ തീർച്ചപ്പെട്ടതിയതാണു്. പുഴുക്കുത്തു വീണ ഇലപറിച്ചെറിയണം പക്ഷേ അതു ചെടിതന്നെ പുഴുതിന്നാൽ?

ല - അതു ഇല തിരിച്ചൊട്ടാൻ വരും. ഇല്ലേ?

സു--വരേണ്ടതാണു ചേച്ചി(കൃഷ്ണപിള്ളയോടു) അച്ഛനൊരു പുസ്തകം കണ്ടിട്ടുണ്ടോ? 'മിട്ടുക്കൻ വക്കീലിനൊട്ടുക്കം പറിയ കട്ടുക്കൻ' അല്ലെങ്കിൽ ഒരു കാര്യമുണ്ടു്—അതു പറയാം.

ല—(ദേഷ്യത്താൽ വിറയ്ക്കുന്നു.)

കു പി- വേണ്ട. എനിക്കു പുസ്തകോം വേണ്ട. കഥയും കേക്കണ്ട.

സു--അങ്ങനെയല്ല; അച്ഛൻ കേൾക്കണം. ഒരു രാജകുമാരി. പരമസുന്ദരി. വന്നവന്നാരെ എല്ലാം അട്ടി ഓടിച്ചു--ഒടുവിൽ തപസ്സിരുന്നു സന്ധാരിച്ചുതോ? ഒറക്കണ്ണനായൊരു ഞൊണ്ടിയെ (ചിരിക്കുന്നു,

ല--(കോപം സഹിക്കവയ്യാതെ) മതി. കഥ പറഞ്ഞില്ലേ? പോകാം. ഇവ പടിക്ക പുറത്താണു് സ്ഥാനം.

സു--പുറത്തായിരുന്ന കുറച്ചു മുൻപുവരെമാത്രം. ഇന്നനിക്കകത്തു വരാം. നാം തമ്മിൽ ഒരു വ്യത്യാസവുമില്ല.

ല (കുപിതയായ) ഇല്ലേ? ഒരു വ്യത്യാസവുമില്ലേ? തീർച്ചയാണോ?

സു--അതെ.

ല--ആലോചിച്ചു സംസാരിക്ക്.

സു--(പരിഹാസ സ്വരത്തിൽത്തന്നെ) ഓ! ഉണ്ടു്.....ഞാനെന്റെ കുഞ്ഞിനെ വളർത്തി. നീ.... നീ അതിനെ.....

ല--(അനിയന്ത്രിതമായി വന്ന കോപം അടക്കിക്കൊണ്ടു് ഉം.... പറ - ഞാൻ....മിണ്ടിപ്പോകരുതു്

സു--എന്താ മിണ്ടിയാൽ കഴുത്തുനള്ളി വായിലിട്ടുകളയുമോ? പറയും നീ അതിനെ.....

ല-- മുറക്കെ) സുമതി!

സു--നീ അതിനെ കൊന്നു. ഭയവില്ലാതെ കഴുത്തു ഞെരിച്ചു്.....

(അടക്കിയിട്ടും നിൽക്കാതെ ലക്ഷ്മി സഹോദരിയുടെ ചെകിട്ടിൽ ആഞ്ഞടിക്കുന്നു)

[സുമതി അല്പസമയം ഒന്നും ചെയ്യാതെ നിന്നുപോകുന്നു. ലക്ഷ്മി തന്റെ പ്രവൃത്തി കുറച്ചു കടന്നുപോയി എന്ന ഭാവത്തിൽ ദൂരെമാറിനിന്നു സുമതിയെത്തന്നെ നോക്കുന്നു കൃഷ്ണപിള്ള പാടി ഏണീറ്റു ഇരുവർക്കും മധ്യത്തിൽ വന്നുനിൽക്കുന്നു. അയാളും വിറയ്ക്കുകയാണു്. വികാരംപൊങ്കി നിൽക്കുന്നു മുഖം

കു. പി—(കണ്ണീരൊഴിച്ചു് രണ്ടുപേരോടുമായി മാറിമാറിച്ചുകൊണ്ടു്) ഇതാ. കുത്തിൻ. ഇവ ചങ്കുതകർത്തുകളയിൻ. പാപികളേ! ഇതുമേൽ തീരാപ്പോരാ വളർത്തിയിട്ടു്...ഇശ്വരാ! ഇതും കാണേണ്ടിവന്നു. (വീണ്ടും) ങൂ! കീർത്തുകളയിൻ. എന്നിട്ടു ജീവനാറാ അടിക്കുപുറത്തുനിന്നാകട്ടു് നിങ്ങടെ

പോരുകളഞ്. (കനിഞ്ഞുനിന്നു കർയ്യന്നു. അല്പനേരം ആരും അനങ്ങുകയോ സംസാരിക്കുകയോ ചെയ്യുന്നില്ല.)

സു—അടിക്കട്ടെച്ചി! അടിച്ചാലും, കൊന്നാലും സത്യം സത്യമല്ലാതെയാകുന്നില്ല.

ല—(കോപത്തോടെതന്നെ) നിന്നോട് പുറത്തുപോകാനാണു പറഞ്ഞതു്.

സു—(ദുഃഖത്തോടെ) ഇല്ല; പോകുന്നില്ല; പോകാൻ നിശ്ചയിച്ചിട്ടില്ല.

ല—ഇവിടെ കഴിയാമെന്നു വിചാരിക്കണ്ട.

സു—അതു മെയ്യും പറയണ്ടേ? അതിനിട്ട വെള്ളം അങ്ങു വാങ്ങിയേച്ചാൽ മതി.

ല—ഇതു തീർച്ചയാണു്.

സു—ഞാനും ഇവിടെ താമസിക്കാൻ വന്നതാണു്. താമസിക്കയും ചെയ്യും.

ല—ഈ പടിക്കു പുറത്തു്.

സു—അല്ല; അകത്തുതന്നെ

ല—എന്നാൽ ഞാൻ പുറത്തു പോകാം.

സു—ഓഹോ! പക്ഷേ അതത്ര എളുപ്പമല്ല.

ല അതു ഞാനല്ലേ തീർച്ചപ്പെടുത്തേണ്ടതു്.

സു അനുഭവംകൊണ്ടു പറഞ്ഞുപോകുന്നതാണു്. ക്ഷമിക്കണം.

കു. പി—വേണ്ട. നിങ്ങളാരും പോകണ്ട പോകേണ്ടതു ഞാനാണു്. ഞാൻ പോകാം. ലോകത്തിന്റെ ഏതു കോണിലെങ്കിലും പോയിപിഴച്ചോളാം.

സു—അച്ഛനെന്തിനു പോകണം? അതും എന്നും പോണ്ട നമ്മുടെ വള്ളത്തിൽ ഒട്ടുവീണു കഴിഞ്ഞ ആരും ഇനി മാന്യത ഭാവിക്കണ്ട

കു പി—എന്നാൽ പിന്നെ എന്തിനു് ഈ വഴക്കും വയ്യാവേലിം കഴിഞ്ഞോ ന്നു്. ഇവിടെ വച്ചും കൂടിച്ചും കിടന്നോ?

ല—എനിക്കു തെറ്റു പറ്റി ഞാനതു സമ്മതിക്കാൻ തയാറുമാണു് പക്ഷെ അങ്ങനെയാണെങ്കിൽ ഞാനിവിടെ ഇല്ലച്ചാ ഞാൻ പോകും.

കു പി ഇതെന്തൊരു ദുശ്ശാഠ്യമാണപ്പെണ്ണേ! അവളും തെറ്റു ചെയ്തു നീയും തെറ്റുചെയ്തു

സു—അങ്ങനെ പറയണമച്ചാ! അതിൽക്കൂടുതൽ എന്തു ചെയ്തു ഞാൻ? ഒരു പിഞ്ചുകുഞ്ഞിന്റെ നേരോപ്പുപോലത്തെ കഴിഞ്ഞു ഒരു രിക്കാൻ കയ്യയത്താത്തതാണോ കുറ്റം?

ല—ഞാനതുചെയ്തു. ഉം? അതിനിപ്പോ എന്തോ വേണം? കെട്ടിഞാനു ചാകണോ? അതോ ദേശാന്തരത്തു പൊറുതി മാറാനോ?

സു—ഒന്നും വേണ്ട അടിപിശകിയാൽ അനയും വീഴും എന്നൊന്നു മനസ്സിലാക്കിയാൽമതി. അന്നു എന്റെ തെറ്റിനെ ഉന്നതിപ്പെടുത്തിക്കാണിച്ചു ചേച്ചി ഓക്കേണ്ട തായിരുന്നു ഇതു് തനിക്കും വരാവുന്നതാണെന്നു്.

ല—അതുകൊണ്ടു്? നിന്റെ തെറ്റു് ശരിയാകണമെന്നുണ്ടോ?

സു—ശരിയാകണമെന്നുപറയാനൊട്ടവരുമില്ല പക്ഷെ ഒന്നു ചേച്ചി ഓക്കേണ്ടതായിരുന്നു. ക്ഷമിക്കുക മനുഷ്യത്വമാണു്. തെറ്റു ചെയ്യാത്തവരാരുണ്ടു ചേച്ചീ! ഈ ലോകത്തു്? പൊറുക്കാൻ അളില്ലാത്തതുകൊണ്ടു് തെറ്റിനുമേൽ തെറ്റു് അങ്ങനെ നീണ്ടു നീണ്ടു പോകുന്ന ഒട്ടുവിൽ വീണ്ടെടുക്കാനവയ്യാത്തവണ്ണം വീണുപോകുന്നു.

ല അപ്പോൾ നിന്റെ അന്നത്തെ തെറ്റു് ക്ഷമിച്ചിരുന്നെങ്കിൽ? നിന്നെ ആട്ടി പുറംതള്ളാതിരുന്നെങ്കിൽ?

സു—ഇന്നു ചേച്ചി ഇതു തീർത്തേനിവരുകില്ലായിരുന്നു. ചേച്ചിയും ക്ഷമിക്കപ്പെടുമെന്നു്— എന്നൊരു വിശ്വാസം മനസ്സിലുണ്ടായിരുന്നേനും.

ല—അതുകൊണ്ടുള്ള ലാഭം?

സു—അതു പിഞ്ചുകുഞ്ഞു്. അതു ടേതോ ആകട്ടെ, അതു പൊന്നോമനക്കുഞ്ഞു് ഇപ്പോൾ അതുസ്സൗഭാഗ്യം ചേച്ചിയുടെ എളിയിലിരിക്കുമായിരുന്നു.

ല—(വേദനയോടെ) നിറുത്തു്. സുമതി! അതു പറയാതെ തീർത്തേനു ഏന്റെ കരളു നോവിക്കാതെ. (കണ്ണുപൊത്തിനിന്നു കരയുന്നു.)

സു—ചേച്ചി ആഗ്രഹമുണ്ടായിട്ടു ചെയ്തതായിരിക്കുല്ല. ഏതൊരമ്മയാണു ചേച്ചി ആഗ്രഹിക്കുന്നതു് തന്റെ കുഞ്ഞുവളർന്നുവരണമെന്നു്— മിടുക്കനായിത്തീരണമെന്നു്. ഒരു കാലത്തു തനിക്കുപകരിക്കണമെന്നു്.

ല—നിറുത്തു്. എനിക്കു കേൾക്കേൻതന്നെ പേടിതോന്നുന്നു.

സു—അല്പംകൂടി പറഞ്ഞോട്ടെ. ചേച്ചി എന്തിനതു ചെയ്തു? അതി

ZENITH STUDIO

Send Your Exposed Films for

Top Quality developing, Printing & Enlargement.

Our charges are as follows :—

Roll Film – Developing 0–6–0 | Roll Film – Printing 0–2–0

(12 & 8 Exfosures)

OTHER SIZES - PRICES ON APPLICATION.

Enlargement from Your own Negatives.

(Double weight or Single weight)

¼ Size	...	0	10	0	Full Size	...	3 0 0
Post Card Size	...	0	12	0	8"x10" Size	...	5 0 0
Cabinet Size	...	1	8	0	10" x 12" Size	...	6 0 0

We stock All Sizes of Roll & Cine Films – Colour, and Black & White.

Phone: 3003.

ZENITH STUDIO

TRIVANDRUM,

നെ വളർത്തിയാൽ, അതിനെ കൊല്ലാതിരുന്നാൽ എന്റെ അനുഭവം ഉണ്ടാകുമെന്നു്.

ല (കിട്ടുന്ന സ്വരത്തിൽ) സുമതി!

സു--(അതു കേൾക്കാത്തപോലെ) അതു പോറുമറിയിൽ കിടന്നുകൊണ്ടു ചേച്ചി കണ്ടു — അന്നു്--അഞ്ചു കൊല്ലങ്ങൾക്കു മൻപു് ഞാനിറങ്ങിപ്പോയ പോക്കു്. ചേച്ചി തന്ന അനുവാദമില്ലാതെ അതു കൈകൊണ്ടു കുഞ്ഞിനെ ദേഹത്തു പതിച്ചിരിക്കണം.

(ലക്ഷ്മി തട്ടത്തിട്ടും നിലയ്ക്കാതെ പൊട്ടിപ്പോയ കരച്ചിലോടെ മുഖമടുക്കിലേയ്ക്കു നീങ്ങിനിന്നു് ക്രൂരമായി നോക്കുന്നു)

സു--(വീണ്ടും പഴയപടി) ഒരു തെറ്റിദ്ധാരണയിൽ തുങ്ങി അപരാധത്തിൽനിന്നും രക്ഷപ്പെടാമെന്നു് ചേച്ചി മോഹിച്ചു അപരട്ടു പൊട്ടിപ്പോയി ചേച്ചി! ചേച്ചി ഇന്നു് നിയമത്തിന്റെ മുമ്പിൽ കുറ്റവാളിയാണു്.

ല--(സഹിക്കാനാവാതെ) നിറുത്തു്. എന്നെ കൊല്ലാതെ പിശാചേ! നിനക്കു് മതിയായില്ലേ ഇനിയും?

സു— ഇല്ല, ചേച്ചി അതു സത്യം പൂർണ്ണമായു ഗ്രഹിക്കുന്നതുവരെ....

ല— താൻ പരാജിതയായിരിക്കുന്നു എന്ന ക്ഷണികബോധത്തോടെ) ഓഹോ? ജയിച്ചെന്നു മോഹിച്ചഹങ്കരിക്കുകയാണു് അല്ലേ?

സു—ജയിക്കാതെപിന്നെ? ഞാനുഹിച്ചകടവിൽത്തന്നെ കാര്യങ്ങൾ അടുത്തിരിക്കുന്നു.

ല— തീർച്ചപ്പെട്ടത്തല്ലേ? നിങ്ങളാഗ്രഹിക്കുന്ന കടവിലല്ല അതടുക്കാൻ പോകുന്നതു്.

സു— അതു വെറുമൊരു വാശി പിടിക്കലല്ലേ? ചേച്ചിക്കു മനസ്സിലായി, നല്ലോണം മനസ്സിലായി— അക്കാര്യം തെറ്റുവരുമെന്നു് അതിനായെയും പഴിച്ചിട്ടും അടിച്ചിറക്കിയിട്ടും കഥയില്ലെന്നു്.

ല— അതുകൊണ്ടു്? അതുകൊണ്ടതിനോ നാട്ടുകാരുടെ പരിഹാസംമുഴുവൻ എന്റെ പുറത്തെ ചെളിമുഴുവൻ കഴുകാൻ അതിനു കഴിയുമോ?

സു ഇല്ലായിരിക്കാം പക്ഷേ നാട്ടുകാരെ എനിക്കു ഭയമില്ല. ചേച്ചിക്കു കാണാം. ഒരു കാലത്തു ക്രൂരവിളിച്ചതല്ലേ? നമുക്കുപണമുണ്ടായിരുന്നെങ്കിൽ ഈ നാട്ടുകാരു മിണ്ടുമ്പായിരുന്നു ചേച്ചി. താഴ്ന്ന നിലയിലേ നിരോട്ടു അതു വകവയ്ക്കുണ്ടു.

ല—എനിക്കു ഭയമില്ല അതും മറുക്കുകയും പൊരുക്കുകയും വേണ്ട. എന്റെ നരകം ഞാനനുഭവിച്ചുകൊള്ളാം ഞാൻ സൃഷ്ടിച്ചതാണതു്.

സു—വേണ്ട ചേച്ചി തനിച്ചനുഭവിക്കണ്ട. ഞാൻ.....ഞാൻ കൂടി നില്ക്കാം അടുത്തു്. ഏതാപത്തിലും ചേച്ചിക്കു സഹായമായിതീയിൽ കുരുത്തതല്ലേ? വെയിലത്തുവാട്ടുകില്ല

ല—(അത്യന്തം അവിശ്വാസം ഇവ നിഴലിക്കുന്ന കണ്ണുകളോടെ നോക്കിക്കൊണ്ടു്) നീ? നീയോ?

കു. പി (അത്യധികമായ സമാധാനത്തോടെ) കണ്ടോ! ഇതിനു് ഈ പെല്ലാപ്പുവല്ലോം വേണമായിരുന്നോ? (ലക്ഷ്മിയോടു്) ഞാനപ്പഴ പറഞ്ഞില്ലേടീ! നിങ്ങളും കുന്നായി ഒരുമയോടെ കഴിയിൻ കൊച്ചുങ്ങളേ!

ല—(അതു ശ്രദ്ധിക്കാതെ) നിനക്കു് നിനക്കതിനു കഴിയുമോ?

സു കഴിയും ചേച്ചി. കഴിയും. ചേച്ചി അതു വിശ്വസിക്കണം. എന്റെ നില ചേച്ചി മനസ്സിലാക്കണം എന്നെനിക്കുണ്ടായിരുന്നു. അതു സാധിച്ചു. ഇതു ദിവസവും കാത്തു കാത്താണു ഞാനിരുന്നതു്. എനിക്കിനി പരിഭവമില്ല, പരാതി ഇല്ല.

ല (സംശയപൂർവ്വം) അപ്പോൾ അപ്പോൾ നീ ജയിച്ച സന്തോഷമാണു്....ഞാൻ തോക്കുകയും നീ ജയിക്കുകയും ചെയ്ത ആനന്ദം?

സുമതി—എന്നെ ഞാൻ പറഞ്ഞില്ല.

ല--നീ ഉദ്ദേശിച്ചു. (തന്റെ നിശ്ചയാർത്ഥത്തിൽ കൂട്ടുക്കിക്കൊണ്ടു്) വേണ്ട. എനിക്കാരുടേയും ദയയും വേണ്ട, കാരുണ്യവും വേണ്ട. ഇതെങ്ങനെ അവസാനിപ്പിക്കണമെന്നെനിക്കറിയാം ഞാനതു ചെയ്യുകയും ചെയ്യും.

(ഹേസ്സ് നാരായണപിള്ള അല്പം തിടുക്കത്തിൽ പ്രവേശിക്കുന്നു)

നാ. പി--(ധിറുതിയിൽ) വേഗം വേണം. ഇങ്ങെത്താറായി പെട്ടെന്നു്.

കു. പി--എന്തോന്നു്? എന്തോന്നു് നാറാപിള്ളേ?

നാ. പി--(ശ്വാസനാസ്വരത്തിൽ) നിങ്ങളിവിടെ കിണ്ണാരം പറഞ്ഞോണ്ടു നിക്കിൻ അദ്ദേഹം ഇങ്ങെത്താറായി. ഞാൻ കഴിയുന്നതൊക്കെചെയ്തിട്ടുണ്ടു് ഇനി ഒക്കെ നിങ്ങളുടെ കയ്യിൽ?

കു. പി--ഞങ്ങളെന്തു ചെയ്യണമെന്നാ പറയുന്നതു്?

നാ പി—(അസഹിഷ്ണുവായി) അതൊക്കെ മുൻപുതന്നെ പറഞ്ഞു മാട്ടിയിട്ടില്ലേ? ഇനീം ഹരി ശ്രീ എന്നു തുടങ്ങണോ? വരുമ്പോൾ യാതൊരു സംശയവും ഉണ്ടാകരുതു്. അതുമാത്രം-കൊറച്ചെങ്കിലും അദ്ദേഹമറിഞ്ഞാ.....ങ്ങാ! പിന്നെ ഞാനൊന്നും പറയുന്നില്ല.

ല--അതും ധിറുതി പിടിക്കുന്നു.

നാ. പി--യാതൊരു സംശയോം വരാതെ പറഞ്ഞൊളണേ പെങ്ങളേ! തലപോകുന്ന കായ്യമാണു്. നിങ്ങളെ ആശ്രയിച്ചാ.....

ല—(ദൃഢമായി) അതൊക്കെ എനിക്കറിയാം. എന്തു പറയണമെന്നു ഞാൻ തീർച്ചപ്പെടുത്തിയിട്ടുണ്ടു്.

നാ പി--(ഉപ്പനായി) അതു മതി.

സു (ലക്ഷ്മിയുടെ മുഖത്തുതന്നെ നോക്കി സംശയാലുവായി) ചേച്ചീ!

(ഭയനീയമായി നോക്കുന്നു ഇരുവരും ഒരു നിമിഷം പരസ്പരം നോക്കിനിൽക്കുന്നു.)

കു. പി—(രണ്ടുപേരുടേയും മുഖത്തുനോക്കി) എന്തു മക്കളേ?

(പുറത്തു ആരൊക്കെയോ സംസാരിക്കുന്ന അവ്യക്തശബ്ദങ്ങളും; പാദപാതങ്ങളും അടുത്തു വരുന്ന ശബ്ദം.)

ഹേസ്സ്--ശരി— പറഞ്ഞതൊക്കെ ഭേദം

കു പി (ലക്ഷ്മിയോടു്) മോളേ! എല്ലാം നേരെ പറയണേ!

THE
TARAPADHAM

ADVERTISEMENT RATES.

Cover Front Page	Rs.	125
,, Last Page	,,	100
,, 2nd Page	,,	75
,, 3rd Page	,,	75
Inner Full Page	,,	50
,, Half Page	,,	30
,, Per inch Single Col.	,,	2

ല സഹികെട്ടു) എല്ലാം ഏറ്റുപറയാനിക്കറിയാമെന്നു പറഞ്ഞില്ലേ? [ഉറക്കെ] എനിക്കാരുടേയും ഭയവും വേണ്ട; ഉപദേശവും വേണ്ട....ഞാൻ ചെയ്ത തെറ്റിന്റെഫലം അനുഭവിക്കാൻ തയാറുമാണു്.

(ഹേസ്സ് കൈ കുടഞ്ഞുകൊണ്ടു് കുഞ്ഞുപിള്ളയോടു് സർവ്വവും പോയി എന്നാംഗ്യം കാണിക്കുന്നു. സുമതി ഇറന്ന കണ്ണുകളോടെ ഭയാശങ്കകളോടെ നോക്കിനിൽക്കുന്നു)

സു (ഭയനീയസ്വരത്തിൽ) എന്റെ ചേച്ചീ!

ല—(അങ്ങോട്ടുനോക്കാതെ) വേണ്ട; ആരും വിളിക്കണ്ട ആരും ജയിക്കുമെന്നു് വ്യാമോഹിക്കുകയും വേണ്ട. ഞാൻ കൊന്ന ആ പിഞ്ചുകുഞ്ഞിനെ ഞാൻ കഴുത്തുഞെക്കിക്കൊന്നു :(ഓരോവാക്കിലും കുപിഞ്ഞെടുന്നു) അതിൽ വരുന്നതെല്ലാം അനുഭവിക്കാനും തയാറാണു്. (കുറേക്കൂടിഉറക്കെ) ആരോവരട്ടെ— ഞാൻ കഴുകിൽക്കേറാനും ഒരുക്കമാണു്.

(സുമതിയിൽനിന്നും തട്ടത്തിട്ടും നിൽക്കാതെ കരച്ചിലുയരുന്നു— കു. പി. ശിലാപ്രതിമപോലെ നിർഭയം നിൽക്കുകയാണു്. കാലടികളും വളരെ അടുത്തുകേൾക്കുന്നു. ഹേസ്സ് പുറത്തേക്കെത്തിനോക്കിയിട്ടു് വേഗം അറൻഷനായി നിൽക്കുന്നു—വികാരകമ്പിതമായ ഒരു മൂകത അന്തരീക്ഷത്തിൽ തങ്ങിനിൽക്കെ കർട്ടൻവീണു് നമ്മെ മറയ്ക്കുന്നു.)



ഇന്നത്തെ കവിത

[സൗന്ദര്യത്തിന്റെ പടയാളികൾ, തിരുനല്ലൂർ കരുണാകരൻ. വില രൂപാ ഒന്ന്, പേജ് എഴുപത്തിരണ്ട്]

മലയാളത്തിലെ കവിതയുടെ ക്ലാസ്സടഞ്ഞു പോയിയെന്ന് പരാതിപ്പെടുന്നവർ ഒരു ഭാഗം. അങ്ങനെയല്ല മലയാള കവിത ഒരു പുതിയ പന്ഥാവിലേക്ക് കടന്ന് ക്ലാസ്സുകയാണെന്ന് വാദിക്കുന്നവർ മറ്റൊരു ഭാഗം. ഏതായാലും വളരെ കവിതകളും ചുരുക്കം കവികളും പുതിയതായി പ്രത്യക്ഷപ്പെടാറുണ്ട്. ഈ അച്ചടിച്ച് വരുന്ന കവിതകളെല്ലാം തന്നെ ഈ ആറുമാസക്കാലം വായിക്കുന്നതിന് മെനക്കെടാൻ നിങ്ങളും തയ്യാറുണ്ടോ? ഉണ്ടെങ്കിൽ ആധുനിക മലയാളകവിതയെക്കുറിച്ച് വലിയ വിഷമം ക്ലാടാതെ ഒരഭിപ്രായത്തിലെത്തിച്ചേരാം.

കവിതയ്ക്ക് ക്ലാസ്സടഞ്ഞിട്ടുമില്ല. പുതിയ പന്ഥാവിലേയ്ക്ക് ഒട്ടു പ്രവേശിച്ചിട്ടുമില്ല. മലയാളകവിതയുടെ കനം കുറഞ്ഞിട്ടുണ്ട് കവിക്ക് വേഗം വികാരംകൊള്ളാം. പക്ഷെ, കവിതയുടെ വൈകാരികഭാവം പൊതുവേ ഒരച്ചിലിട്ടുവാർത്തതാണ്. ജീവിതത്തിൽനിന്നതന്നെ തപ്പി പറക്കി എടുക്കുന്നതാണ് ഇന്നത്തെകവിതാവിഷയങ്ങൾ. അരിവാൾ, തേവന്റെ കാമുകി, സമരപ്രതിജ്ഞ, നെടുവീർപ്പ്, ഓണംകഴിഞ്ഞ്, കാഹളം, പൊരുതുന്ന സൗന്ദര്യം, സൗന്ദര്യത്തിന്റെ പടയാളികൾ, മുറിക, ചെങ്കൊടി, കൊടിയിറക്ക്, ജന്മിയുടെ കുടവയർ ഇങ്ങനെ പലതും കൊള്ളാം. ഈ വിഷയങ്ങളെക്കുറിച്ച് കവിതയെഴുതാത്ത കവികളുമിന്നില്ല. ഈ വിഷയങ്ങളെക്കുറിച്ചു കവിതയെഴുതിയില്ലെങ്കിൽ പുരോഗമനവുമാവില്ല. നിവർത്തിയുണ്ടോ, കവിതയെഴുതിപ്പോവും. കൊടിയിറക്കിനെക്കുറിച്ചോ, അരിവാളിനെക്കുറിച്ചോ, പൊരുതുന്ന സൗന്ദര്യത്തിനെക്കുറിച്ചോ പത്തു കവികളെഴുതിയിട്ടുള്ള പത്തു കവിതകളും വായിച്ചുനോക്കൂ. വൃത്തമെഴിച്ചാൽ ബാക്കിയെല്ലാം ഒന്നുപോലിരിക്കും. കവികൾക്ക് ആത്മാർത്ഥതയ്ക്കു കുറവില്ലാഞ്ഞിട്ടല്ല വിഷയങ്ങൾക്ക് പുതിമ്പുറയാത്തതുമല്ല. അതുപോലെ കലാവബോധത്തിന്റെ കുറവുകൊണ്ടുമല്ല.

പിന്നെന്താണ് കുഴപ്പം? വളർന്നുവരുന്ന കവിയുടെ വ്യക്തിത്വം വികസിക്കുന്നുണ്ടോ? അരിവാളെന്നും ചെങ്കൊടിയെന്നും കൊടിയിറക്കെന്നും മറ്റും പറഞ്ഞാൽ, അതിൽ മനുഷ്യരുടേയും മനുഷ്യജീവിതത്തിന്റെയും കാര്യമാണല്ലോ എഴുതേണ്ടതു് കവി, അതൊക്കെ നിന്നു പാടിക്കുവാൻ ഇന്ന് ഒരുപാടുപേരുണ്ടോ എന്നു സംശയമാണ്. പൂട്ടുള്ള ഒരു വിഷയംകിട്ടി. അതിർശബ്ദോധംകൊണ്ട് കവി അവേശഭരിതനായി അങ്ങ് കവിത പടച്ചുതുടങ്ങി. അപ്പോൾ തേവൻ, മാല, പൊന്നരിവാൾ, ജന്മി എന്നെല്ലാം ഉള്ള ചില പേരുകൾ കവിതയ്ക്കുള്ളിൽ കടന്നുകൂടി അങ്ങനെ മനുഷ്യന്റെ കാര്യമാണെഴുതുന്നതെന്ന് ഒരു തോന്നലും വരുന്നു. തേവനേയും ജന്മിയേയും അരിവാളിന്റെ മഹത്വത്തേയും ഒന്നു നിന്ന് ആലോചിച്ച് പഠിച്ച് പേനയെടുത്താൽ ഈ പന്തികേട് മാറും. അതിർശമല്ല മനുഷ്യനാണ്, ജീവിതമാണ് കവിസൃഷ്ടിയുടെ അടിസ്ഥാനം. ജീവിതത്തെ പഠിച്ച് മനുഷ്യനെ സ്നേഹിച്ച് അങ്ങനെ പോകുമ്പോൾ അതിർത്തോധമുള്ള കവിക്ക് പൊന്നരിവാളും കൊടിയിറക്കും. തേവന്റെ കാമുകിയും അങ്ങനെ മുമ്പു പറഞ്ഞ എല്ലാ കാര്യങ്ങളും ഈ കാലത്തിൽ കവിതാവിഷയങ്ങളായി സ്വീകരിക്കാതെയിരിക്കാൻ തരമില്ലാതെ വരും. അതുമാത്രമേ സ്വീകരിക്കാനുള്ളൂ എന്നു വരും. അപ്പോൾ ആ കവി ആവിഷ്കരിക്കുന്നതു് ജീവിതത്തിന്റെ അന്തഃസത്തയെ ആയിരിക്കും. മനുഷ്യന്റെ ആത്മാവിനെ ആയിരിക്കും കവിതയ്ക്ക് വികാരഭാവം ഉണ്ടായിരിക്കും. അതു കലാസുന്ദരമായിരിക്കും. അതു് വ്യക്തിതാത്പര്യമുള്ളതുമായിരിക്കും. മറിച്ചാവുമ്പോൾ ഇന്നത്തെപ്പോലെ ഒരു പക്ഷിയുടെ ശരീരത്തുനിന്നും ഉതിരുന്ന നിരവധി തൂവലുകൾപോലെ കവിതകളുണ്ടാകും. മനുഷ്യന്റെ ആത്മാവിനെകണ്ടെത്തണ്ട, ജീവിതത്തെപഠിക്കണ്ട, ചുറ്റുപാടും കുറെ സംഭവങ്ങളും കാണണം. ഇനിയും ഒരു കൂടിയിറക്കിനാളെ ഒരു പാവപ്പെട്ടവന്റെ പ്രേമം ഇതുവരെ അങ്ങു കവിത പടച്ചുതുടങ്ങുക. പുരോഗമനക്കാരനാവും ഇതൊരു ക്ലാസ്സടപ്പല്ല. പുതിയ പന്ഥാവു് വെട്ടിത്തുറക്കലുമല്ല. സത്യസന്ധമായ ഒരഭിപ്രായം പറഞ്ഞുകൊള്ളട്ടെ, അരിവാൾ തേവന്റെ കാമുകി, സമരപ്രതിജ്ഞ, നെടുവീർപ്പ്, ഓണംകഴിഞ്ഞ്, ജന്മി, കൊടിയിറക്ക് ഈ വിഷയങ്ങളെക്കുറിച്ചെല്ലാം മലയാളത്തിൽ കവിതകൾ എന്നു വച്ചാൽ ഭാവിയുടെ അനന്തതയിൽക്കൂടി ജീവിതത്തെ ത്രസിപ്പിച്ചുകൊണ്ട് ഭാവിയെ ശബ്ദസുന്ദരവും കമ്മ്യൂണിസ്റ്റ് ലവുമാക്കിക്കൊണ്ടിരുന്നിട്ടില്ലായെങ്കിൽ എഴുതപ്പെടാനിരിക്കുന്നതേയുള്ളൂ.

തിരുനല്ലൂർ കരുണാകരൻ നാളയിലേയ്ക്ക് കടന്നുചെല്ലുവാൻ ഉദ്ധതപ്രതിജ്ഞനായ ഒരു കവിയാണെന്നു നമുക്കെല്ലാം അറിയാം. അദ്ദേഹത്തിന്റെ നിരൂപണവിഷയമായ കവിതാസമാഹാരമായിട്ടിട്ട വ്യക്തമായ അഭിപ്രായം തോന്നി. ഈ ഗ്രന്ഥത്തിൽ ഉൾക്കൊണ്ടിട്ടുള്ള കവിതാവിഷയങ്ങളും ഇന്നു കവികൾക്കുള്ള അദ്ദേഹത്തിന്റെ അഭിനയെ തട്ടുയുണർത്തും. മലയാളസാഹിത്യത്തിൽ ആ കവിതകളും മായാത്ത പാടുകളും സൃഷ്ടിക്കും അദ്ദേഹത്തിനു് കാണാനും പഠിക്കാനും എഴുതാനുമുള്ള കഴിവു് വ്യക്തമായി കഴിഞ്ഞിരിക്കുന്നു. ആ കഴിവുകളും വികസിപ്പേണ്ട കാര്യത്തിലുള്ള അതു് വികസിച്ചുകൊണ്ടിരിക്കുകയുമാണ്.

തേവന്റെ കാമുകിയെന്ന കരുണാകരന്റെ കവിതയിൽ

നീലിയുംതൻ ക്ലാട്ടുകാരൻ—
മീവിവരം കേട്ടറിഞ്ഞു
കോപംകൊണ്ടും രോഷംകൊണ്ടും—
മായവക്കംനിറഞ്ഞു.
തങ്ങളെന്തുചെയ്യുകെന്ന
തമ്മിലവരാലോചിച്ചു.
ധീരമായിസംഭവത്തെ
നേരിടുവാൻ നിശ്ചയിച്ചു.
ഉള്ളിലേറെ ധീരതയും
കയ്യിലരിവാളുമായി
ജന്മിയുടെ മുറ്റത്തേക്കാ
പെൺമണിമാർ മാർച്ചുചെയ്തു.

ഇങ്ങനെയുള്ള വരികൾ കുറെക്കാലംകഴിഞ്ഞാൽ കരുണാകരൻ എഴുതുകയില്ലെന്നു തീർച്ച. എന്നുവച്ചാൽ, ഈ വിവരം കേട്ടറിഞ്ഞു് നീലിയും തന്റെ ക്ലാട്ടുകാരനും താപം കൊണ്ടും കോപം കൊണ്ടും അയവക്കം നിറഞ്ഞതിലോ തങ്ങളെന്തു ചെയ്യുമെന്നു് അവർ തമ്മിൽ ആലോചിച്ചതിലോ ഈ സംഭവത്തെ ധീരമായി നേരിടുവാൻ നിശ്ചയിച്ചതിലോ ഉള്ളിൽ ഏറെ ധീരതയും കയ്യിൽ അരിവാളുമായി ജന്മിയുടെ മുറ്റത്തേക്ക് ആ പെൺമണിമാർ മാർച്ചുചെയ്തതിലോ എനിക്ക് എതിരഭിപ്രായമില്ല. അതൊക്കെ വേണ്ടതു് തന്നെയാണ്. പക്ഷേ, കാമുകനെ തെങ്ങിൽ കെട്ടിയിട്ടിരിക്കുമ്പോൾ ധീരയായ കാമുകി തൻറെടത്തോടുകൂടി ഒരു തീരുമാനം പെട്ടെന്നു വേളയിൽ വർഗ്ഗബോധമുള്ള ആ തൊഴിലാളിസ്ത്രീയുടെ ആത്മാവിനെ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞില്ല.

ഈ സമാഹാരത്തിനു് ഈ പേരു നൽകാൻ ഇടയാക്കിയ കവിതയിൽ കരുണാകരന്റെ കലാതത്വശാസ്ത്രം അടങ്ങിയിരിക്കുന്നതായി കാണുന്നു. ആ കവിതയ്ക്ക് ചൈ

സോവിയറ്റ് സാഹിത്യം

★

: എം കെ. കുമാരൻ :

"ഐവാൻ ഇവാനോവി"ച്ചിലെ കഥാനായകനും നായികയും തമ്മിലുള്ള അഭിപ്രായഭിന്നതയുടെ ഫലമായി അവരുടെ മാസ്റ്റാ ഭ്യാസബന്ധം പിരിയുകയാണല്ലോ ചെയ്യുന്നത്. തന്റെ വ്യക്തിത്വം സ്ഥാപിക്കുന്നതിനുവേണ്ടി ഓരോരാ രുകൊക്കാണമാർഗ്ഗം കൂടെ അതിർകടന്നുപോയെന്നും, ഡാക്ടർ അഷ്നോലിനെ പരിവർത്തനം ചെയ്തെടുക്കുവാൻ കഴിയുമായിരുന്നെന്നും, ബന്ധം പിരിയാതെതന്നെ അവരെ രണ്ടുപേരെയും ഒന്നിപ്പിക്കുവാൻ പരിഹാരമുണ്ടാക്കുവാൻ സാധിക്കുമായിരുന്നെന്നും, നോവൽ വായിച്ചുതീരുമ്പോൾ നമുക്കു തോന്നാതിരിക്കുകയില്ല. അതുകൊണ്ടാണ് അർഷനോവിനോട് അനാദരവോ അപ്രിയമോ നമുക്കുണ്ടാകാത്തത്. ഈ പ്രമേയത്തെത്തന്നെ പ്രധാന വിഷയമാക്കിയെഴുതിയിട്ടുള്ള ഒരു സോവിയറ്റ് നോവലാണ് ഗാലിനാ നിക്കൊലായേവായുടെ "ഹാർവെസ്റ്റ്". ഇക്കഴിഞ്ഞ കൊല്ലം ഓണംവിശേഷാൽപ്രതിയിൽ

തന്നെയുണ്ട്. എന്തുകൊണ്ടെന്നാൽ അദ്ദേഹം ഒരു പ്രതിജ്ഞ ചെയ്തുകയാണ്:

"ഒരു പുതൻസംസ്കാരം—
കെട്ടിപ്പടുക്കാൻ
പെരുതുന്ന ജനതയോടൊ—
ക്കുമീ ഞങ്ങളും"

എന്നുതുടങ്ങി

അവനിയിലാകെയലയടിച്ചുയർന്ന
അവികലമധുരധീരപ്രവാഹമീ—
ഞങ്ങളും
അണിയായിരങ്ങളിൻ മരണംതകർ—
ക്കാൻ
അണയുന്ന ചോരക്കിരണങ്ങൾ—
ഞങ്ങളും

എന്നുപറഞ്ഞ് അദ്ദേഹം സ്വയം നമ്മളെ പരിചയപ്പെടുത്തുന്നു. ആ കവിത മോശമാണെന്നല്ല തന്നെയാണ്. എന്തുകൊണ്ടെന്നാൽ അദ്ദേഹം അദ്ദേഹത്തിന്റെ ആത്മാവിനെ കണ്ടെത്തിയതിന്റെ ഫലമായാണ് അദ്ദേഹം ആ കവിതയെഴുതിയത്—അങ്ങനെ തോവന്റെയും ചീലിയുടെയും കൂടിയിരിക്കപ്പെട്ട കുറ്റങ്ങൾക്കിരയും ആത്മാവിനെ കണ്ടെത്തുവാൻ അദ്ദേഹംശ്രമിച്ചിരുന്നുവെങ്കിൽ കേവലം മുദ്രാവാക്യത്തിന്റെ പ്രചോദനം മാത്രം പോരാ കവിതയെഴുന്നു ദൃഢപ്പെടുത്തുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

എസ്സ്.

ഒരു പുതിയ മാസിക

[സന്ദേശം, പത്രാധിപർ ആർ. സി പുന്നപ്ലാൽ തിരുവനന്തപുരം]

വാരികകളും മാസികകളും ഇല്ലാംപാറാറപോലെ പെറ്റു പെരുകിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ഒരു പുതിയ മാസികക്കുടെ ഇറങ്ങിയെന്നു കേട്ടാൽ, അതൊരു നല്ല കാര്യമാണെന്ന് ആരും വിചാരിക്കേണ്ട കാര്യമില്ല. അക്കൂട്ടത്തിലുമല്ല. പക്ഷേ, ഒരു നല്ല മാസിക പുറപ്പെട്ടുതുടങ്ങിയെന്നുകേട്ടാൽ ലേശം അത്ഭുതപ്പെടാം. ആർ. സി. പുന്നപ്ലാലിന്റെ പത്രാധിപത്യത്തിൽ തിരുവനന്തപുരത്തുനിന്നും പ്രസിദ്ധീകരണം ആരംഭിച്ചുതുടങ്ങിയിരിക്കുന്ന സന്ദേശം ഒരു നല്ല മാസികയാണ്. ഒന്നാംലക്കത്തിൽ തന്നെ കേശവദേവ്, കെ. ബാലകൃഷ്ണൻ, പി. കെ. പരമേശ്വരൻ നായർ, ആനന്ദക്കുട്ടൻ, നളിനകുമാരി, ശ്യാമളാലയം, പുത്തേഴത്തു രാമൻമേനോൻ, കോന്നിയൂർ സുരേന്ദ്രനാഥ്, ആർ. പി. തുടങ്ങിയ പേരുകേട്ട എഴുത്തുകാർ അണിനിരന്നിരിക്കുന്നു. സന്തോഷകരമായ തുടക്കമാണ്. കെട്ടും മട്ടും ഒക്കെ ഭംഗിയായിട്ടുണ്ട്. പക്ഷേ മറ്റൊന്നു പറയാനുണ്ട്? ഒരു കഴമുള്ള മാസികയ്ക്കു പേരുകേട്ട എഴുത്തുകാർ മാത്രം പോരാ അവർ എഴുതുന്നതു കഴമുള്ളതുകൂടെയായിരിക്കണം. കൈനിക്കര, ഒരു സന്ദേശത്തിൽ പൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ റെയ്മ അഫ്മറവ്യസ്, മാഡേൻറവ്യ മുതലായവരോട് കിടനിൽക്കുന്നതായി ഒരു മാസിക മലയാളത്തിൽവേണം. കല അതിന്റെ ഏറ്റവും ശ്രേഷ്ഠമായിക്കൊള്ളട്ടെ— അതുപൊറ്റി അറിയാവുന്നവർമാത്രം കൈകാര്യംചെയ്യേണ്ട ഒരു വിഷയമാണെന്ന് പത്രാധിപർ മറന്നുപോകരുത്. വിശേഷിച്ചും ഒരു നല്ല മാസികയാവുമ്പോൾ.

'സന്ദേശം' മാസികയ്ക്ക് മംഗളങ്ങൾ നേരുന്നു.

സി. എൻ.

കിടന്നു. മസ്സിഷ്കത്തിൽ അപകടകരമായ ഒരു മുറിവു പറ്റിയിരുന്നതിനാൽ ഒരു കുഞ്ഞിനേക്കാളും നിസ്സഹായനായിപ്പോയിരുന്ന വാസിലി. ഏറ്റവും അവശനിലയിലായിരുന്നതിനാൽ വീട്ടിലേക്കെഴുന്നതിനുപോലും അയാൾക്കു കഴിഞ്ഞില്ല. താൻ മരിച്ചുപോയതായി തന്റെ യൂണിറ്റിൽ നിന്നും കുടുംബാംഗങ്ങളെ അറിയിച്ചുകായ്ക്കും ആസ്പത്രിയിൽ വച്ചു വാസിലി അറിഞ്ഞു 1946-ൽ ഒരു വിദഗ്ധനായ ഡാക്ടർ പരിക്ഷണാർത്ഥം, വാസിലിയുടെ മുറിവിൽ ഒരു ശസ്ത്രക്രിയ നടത്തിനോക്കി ഫലം അത്ഭുതകരമായിരുന്നു അയാൾവളരെവേഗം സുഖംപ്രാപിച്ചു വീട്ടിലേക്കുമടങ്ങി.

തന്റെ പ്രിയപ്പെട്ട ഭാര്യയെയും കുഞ്ഞുങ്ങളെയും കാണുവാനുള്ള വെമ്പലോടുകൂടി അയാൾ നാട്ടിലെത്തി. ഒരു നാട്ടുംപുറമാണത്. പല പരിവർത്തനങ്ങളും അവിടെ വന്നുകഴിഞ്ഞിരുന്നു രാത്രിയിലാണ് അയാൾ വീട്ടിലെത്തിയത്. അയാൾ കതകിനുമുട്ടിവിളിച്ചു. അമ്മാവിഅമ്മയാണ് കതകുതുറന്നത്. മരിച്ചുപോയ മരുമകനെ വീണ്ടും കണ്ടുമുട്ടിയ ആ യുദ്ധ നിലവിളിച്ചുപോയി.

വാസിലി നിന്നില്ല. നേരേ ശയനമുറിയിലേയ്ക്കയാൾ പ്രവേശിച്ചു. തന്റെ ഭാര്യ അവ്ദോത്യാ, കട്ടിലിൽ എഴുന്നേറിരിക്കുന്നു നിലാവെളിച്ചത്തിൽ വാസിലി കണ്ടു. വാസിലിയെ കണ്ട നിമിഷത്തിൽ "വാസങ്കാ!" എന്നു വിളിച്ചുകൊണ്ട് അവൾ ചാടിയെഴുനേറ്റു അയാളെ കെട്ടിപ്പിടിച്ചു. അവളുടെ ശരീരം വിറക്കുന്നുണ്ടായിരുന്നു.

"എന്റെ ഓമനേ, അങ്ങ് എവിടെയായിരുന്നു? എഴുത്തയയ്ക്കാതിരുന്നതെന്താണ്?"—അവൾ ശബ്ദഗദ്ഗദകുലയായി ചോദിച്ചു.

അയാൾ ഏതാനും വാക്കുകളിൽ കാര്യം പറഞ്ഞു. അവൾ ഭർത്താവിന്റെ കരവല്ലികളിലമർന്നു രണ്ടു പേരും കരഞ്ഞു.

അപ്പോഴാണ് ഒരു പുരുഷൻ അവിടെയുണ്ടെന്ന് വാസിലി കണ്ടത്. ഡോക്ടർ ഒടുവറായ സ്റ്റീഫൻ മൊഖോവ് ആയിരുന്നു അത്. ഒരു നിമിഷത്തിനുള്ളിൽ വാസിലിക്ക് സംഗതികളെല്ലാം മനസ്സിലായി. അയാളുടെയുള്ളിൽ

പല ചിന്തകളും സ്മരണകളും കട ന്നുപോയി.

സ്റ്റീഫനെ അടിച്ചു നിലംപതി പ്പിക്കണമെന്നാണ് ആദ്യം വാസി ലിക്കു തോന്നിയതു്. മുഷ്ടിചുരുട്ടി കൈയ്യ് ഉയർത്തിക്കൊണ്ടു് വാസി ലി സ്റ്റീഫന്റെ നേർക്കടുത്തു സ്വയം രക്ഷിക്കുവാനുള്ള ശ്രമമെങ്കിലും നട ത്താതെ സ്റ്റീഫൻ നിൽക്കുന്നു. സ്റ്റീ ഫന്റെ നെറ്റിയിൽ ഇടതുഭാഗം ഒരു മുറിവിന്റെ പാടുണ്ടായിരുന്ന തു് വാസിലിയുടെ ദൃഷ്ടിയിൽ പെട്ടു. നാസികവടിയുണ്ടകളേറ്റ മുറിവിന്റെ പാടായിരുന്നു അതു്. മാതൃഭൂമിക്കുവേണ്ടി പൊരുതേറ്റ ആ തലയിൽ പ്രഹരിക്കുവാനുയർത്തിയ കൈയ്യ് താണുപോയി

സ്റ്റീഫന്റെ മുമ്പിൽനിന്നും പിൻ വാങ്ങി വാസിലി തന്റെ കുഞ്ഞു ങ്ങളുറങ്ങുന്ന കട്ടിലിന്റെ അരികി ലേയ്ക്കു നീങ്ങി. തന്റെ മാംസവും രക്തവുമായ ആ കുഞ്ഞുങ്ങളെ വാ സിലി നോക്കിനിന്നു

സ്റ്റീഫൻ അടുക്കളയിലേക്കു പോയി. വാസിലി കട്ടിൽക്കി ടന്നു. അവ്ദോത്യാ അടുത്തു ചെന്നു് "വാസ്യാ" എന്നു മന്ത്രി ച്ചു. ഉറങ്ങിയ ഭാവത്തിൽ അയാം കിടന്നു യാതൊന്നും ചിന്തിക്കു വാനോ, സംസാരിക്കുവാനോ വാ സിലിക്കു കഴിവുണ്ടായിരുന്നില്ല. വാസിലിയുടെ അരികിൽ അവ് ദോത്യായും ശയിച്ചു. അന്നു രാത്രി മുഴുവനും അവർ കരയുകയായി രുന്നു.

നേരം പുലർന്നു. വാസിലി വീ ടും പരിസരങ്ങളും ചുറ്റി നടന്നു നോക്കി. ഒരു പുരുഷന്റെ ശ്രദ്ധാ പൂർവ്വമായ മേൽനോട്ടത്തിന്റെ ലക്ഷണങ്ങൾ അവിടെയെങ്ങും കാ ണപ്പെട്ട സ്റ്റീഫൻ മുറ്റത്തു് വിറ കു കീറിക്കൊണ്ടു നിൽക്കുകയായി രുന്നു. വാസിലിയെക്കണ്ടയുടൻ അയാൾ ജോലിപ്പോകുവാൻ തയ്യാ റായി സ്റ്റീഫനെ വാസിലി തടഞ്ഞു

എല്ലാവരും ഒരുമിച്ചിരുന്നു് പ്രാ തൽകഴിച്ചു വികാരങ്ങളുടെ സാ ന്ദ്രതകൊണ്ടു വീർപ്പുമുട്ടുന്ന ഒരന്ത രീക്ഷം അവരുടെ ക്രൂട്ടുകൃഷിസ്ഥ ലത്തിന്റെ വിവരങ്ങളെപ്പറ്റി വാസിലി, സ്റ്റീഫനോടു പലതും ചോദിച്ചു. അവർ രണ്ടുപേരും മാ ത്രമാണ് ആ കളക്ടീവ്ഫാമിൽ ശേഷിച്ചിട്ടുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിപ്രവർത്തകർ ബാക്കിയെല്ലാവരും, ആ കളക്ടീവ്ഫാമിന്റെ ജീവനായിരുന്ന പലരും യുദ്ധത്തിൽമരിച്ചുപോയി. ഇനി കളക്ടീവ്ഫാമിനെ നയിക്കേണ്ടതു് വാ സിലിയും സ്റ്റീഫനുമൊക്കെയാണ്.

ക്ഷീണംകഴിഞ്ഞതിനുശേഷം അയൽവീട്ടിൽ ഒരു പങ്കുവയ്പുനടന്നു. കൃ ഷിക്ഷീണസാധനങ്ങളും, വസ്ത്രങ്ങ ളും മറ്റുമെടുത്തു് ഒരു പെട്ടി യിൽ വയ്ക്കുവാൻ വാസിലി അവ് ദോത്യായോടു പറഞ്ഞു. ഒരു വ ണ്ടിയും കുതിരയെയും തയ്യാറാക്കി ക്കൊണ്ടു വരുവാൻ അമ്മാവി അ മ്മയെ അയച്ചു. വാസിലി വീടു വിട്ടു പോകാൻ തുടങ്ങുകയാണെ ന്നാണ് മറ്റുള്ളവർ വിചാരിച്ച തു്. അയാൾ എന്തുചെയ്യാൻ പോ വുകയാണെന്നു് അവ്ദോത്യാ ക രഞ്ഞുകൊണ്ടു ചോദിച്ചു.

സ്റ്റീഫൻ അയാളുടെ ഓഹരിയും കൊണ്ടു പോകണം. വാസിലിയും അവ്ദോത്യായും ഒരുമിച്ചു താമ സിക്കാൻ പോവുകയാണു്. അവർ തമ്മിൽപിരിഞ്ഞാൽ കുഞ്ഞുങ്ങളെയും പങ്കുവയ്ക്കണം. അതു സാദ്ധ്യമല്ല വാ സിലിയുടെ തീരുമാനത്തിന്റെ കാരണം ഇതാണു്. സ്റ്റീഫനെപിരിയുന്നതു് അവ്ദോത്യായ്ക്കു മർമ്മഭേദകമായിരുന്നു. വാസിലി അതു മനസ്സിലാക്കി എങ്കിലും കുഞ്ഞുങ്ങളെയോർത്തു്, അവർ തമ്മിൽ പിരിയണമെന്നുതന്നെ വാസിലി വിധിച്ചു.

ഇതു് നോവലിന്റെ ആരംഭം മാത്രമാണു്. സ്റ്റീഫനെ പറഞ്ഞയ ച്ചതിനുശേഷം വാസിലിയും അവ് ദോത്യായും ഒരുമിച്ചു ജീവിതം തുടരുന്നതും. വാസിലി കളക്ടീവ് ഫാമിന്റെ പ്രവർത്തനങ്ങളിൽ മുഴു വൻ സമയവും വ്യാപൃതനാകുന്ന തും. അയാളുടെ നേതൃത്വത്തിൽ കളക്ടീവ്ഫാമിന്റെ നില ഉത്തരോത്തരം അഭിവൃദ്ധിപ്പെടുന്നതുമൊക്കെയാണു് നോവലിൽപി ന്നീടു വിവരിക്കുന്നതു്. ഇതിലെ നായികയായ അവ്ദോത്യാ നല്ല തന്റേടമുള്ള ഒരു യുവതിയാണു് കളക്ടീവ്ഫാമിന്റെ പ്രവർത്തന ങ്ങളിൽ സജീവമായി പങ്കെടുക്ക വാൻ അവൾക്കാഗ്രഹമുണ്ടു് എന്നാൽ കൃത്യാന്തരവ്യാപൃതനായ വാസിലി അവളുടെ അഭിലാഷങ്ങളെ വേണ്ടിടത്തോളം ഗൗനിക്കുന്നില്ല. തൻമൂലം അവർതമ്മിൽ അകൽച്ചയുണ്ടാകുന്നു. സ്റ്റീഫനെ--സ്നേഹത്തിന്റെ മൂർത്തീകരണമായ ആ സൗഹൃത്തിനെ--മറക്കുവാൻ അവ് ദോത്യായ്ക്കു കഴിയുന്നില്ല അയാളെപ്പറ്റിയുള്ള ചിന്തയും, വാസിലിയോടുള്ള അകൽച്ചയെ വർദ്ധിപ്പിക്കുന്നുണ്ടു്. അവ്ദോത്യാനിരാശയുടെ കീഴ്പ്പെട്ടുനില്പു ജീവിതത്തിൽ നിലയുറപ്പിക്കുവാൻ അവൾ അവളെ മാതൃമേ ആശ്രയിക്കുന്നതുമുള്ളു. ഓർമ്മയെപ്പോലെ വേറൊരാളിന്റെ ഉപദേശത്തിനും നേതൃത്വത്തിനുംവേണ്ടി അവൾ കാത്തിരിക്കുന്നതുമില്ല. അതുകൊണ്ടു് ഓർമ്മയുടെയും ആർഷനോവിന്റെയും ബന്ധം തകർന്നപ്പോലെ അവ്ദോത്യായുടെയും വാസിലിയുടെയും ബന്ധം തകരുന്നില്ല. അവർ കുറേനാൾ അകന്നതമസിക്കുന്നതുമാത്രമേയുള്ളു. അതനന്തരം അവർ ഒരുമിച്ചുചേരുകയും സുഖസംപൂർണ്ണവും സംതൃപ്തവുമായ ദാമ്പത്യജീവിതം തുടരുകയും ചെയ്യുന്നു.

ഓർമ്മയും, അവ്ദോത്യായും സ്വന്തം വ്യക്തിത്വത്തിനും സ്വതന്ത്രമായ ഒരു ജീവിതോദ്ദേശ്യത്തിനുംവേണ്ടി സമരം ചെയ്യുന്ന സോവിയറ്റ് യുവതികളാണു്. ഓർമ്മാ, ഭർത്താവിനെ കൈവെടിഞ്ഞു് വേറൊരാളെ സ്വീകരിക്കുന്നു. അവ്ദോത്യാ ആകട്ടെ, ഭർത്താവു മരിച്ചുപോയിയെന്നുള്ള വിശ്വാസത്താൽ ആ ഭർത്താവിന്റെ മക്കളായി തനിക്കു ജനിച്ചു് അപ്പനില്ലാതായിത്തീർന്ന കുഞ്ഞുങ്ങളുടെ ജീവിതം ക്ലേശരഹിതമാക്കുന്നതിനും, തന്റെ ജീവിതത്തിനൊരർത്ഥമുണ്ടാക്കുന്നതിനുംവേണ്ടി ഒരന്യപുരുഷനെ ഭർത്താവായി സ്വീകരിക്കുന്നു. ഭർത്താവു് അവിചാരിതമായി മടങ്ങിവന്നപ്പോൾ അവളൊരു ധർമ്മസങ്കടത്തിൽ അകപ്പെട്ടുകയാണു് തന്റെ പ്രിയപ്പെട്ട ഭർത്താവിനെ തന്റെ കോമനക്കുഞ്ഞുങ്ങളുടെ അപ്പനായ് വാസിലിയെ--ഉപേക്ഷിക്കാൻ അവൾക്കു സാധ്യമല്ല തന്മൂലം തകരുവാൻ പോകുന്നതു് ആ കുഞ്ഞുങ്ങളുടെ ജീവിതമാണു് പക്ഷേ സ്നേഹശീലനായ സ്റ്റീഫനെ അതുലാഹ്ലാദത്തോടുകൂടി അപ്പനാക്കുവാനും അവൾക്കു കഴിയുന്നില്ല. അവളുടെയും സ്റ്റീഫന്റെയും ഏകദയങ്ങൾ അന്യമാർഗ്ഗം ഗാഢമായി ഇണചേർന്നുപോയി. സ്റ്റീഫനിൽ അർപ്പിക്കപ്പെട്ടുപോയ ഹൃദയം അവൾ അവനുതന്നെ തിരിച്ചുകൊടുക്കുകയാണു്.

ഈ നോവലിലെ ശോകൈകമായ ഒരു കഥാപാത്രമാണു് സ്റ്റീഫൻ. അവ്ദോത്യായുടെ ഭർത്താവും തന്റെ സ്നേഹിതനുമായ വാസിലിയുടെ മുമ്പിൽ അയാൾ വളരെയൊന്നും സംസാരിക്കാതെനിൽക്കുന്ന ആ രംഗം ഏറ്റവും ഹൃദയസ്പൃക്കായിട്ടാണു് കഥാകർത്താവു ചിത്രീകരിച്ചിരിക്കുന്നതു് സ്റ്റീഫനെ പ്രഹരിക്കുവാൻ കൈയുങ്ങി നിൽക്കുന്ന വാസിലിയോടു് ശാന്തവും ദൃഢവുമായ സ്വരത്തിൽ സ്റ്റീഫൻ പറയുകയാണു്:

"ഞാൻ നിങ്ങളോടെന്തു ചെയ്തു, വാസിലി? നിങ്ങളുടെ ശത്രുവിനെ ത്തേടിയല്ല ഒരു കള്ളനേപ്പോലെ വന്നു കയറിയവനല്ല ഞാൻ....."

ഡാക്ടർ ആർഷനോവിനെ ഓർമ്മയുടെ സമീപത്തുനിന്നും എങ്ങനെയെങ്കിലും അകറ്റി അവളെ സ്വന്തമാക്കിയെടുക്കണമെന്നു നിർബ്ബന്ധമുള്ള ഒരു കാമുകനായിരുന്നു ടാവ്റോവു്. ഒരു മോഷ്ടാവിനെപ്പോലെ അയാൾ പെരുമാറിയിട്ടുണ്ടു്. പക്ഷേ സ്റ്റീഫന്റെ നില അതല്ല അയാൾപറഞ്ഞതു ശരിയാണു്. ഒരു മോഷ്ടാവിനെപ്പോലെയല്ല അയാൾ വാസിലിയുടെ വീട്ടിൽ പ്രവേശിച്ചതു്. ഒരു സ്നേഹിതനു ചേരാത്ത പ്രവൃത്തിയൊന്നും അയാൾ ചെയ്തില്ല. വാസിലിയുടേയും അവ്ദോത്യയുടെയും കുടുംബജീവിതം തകർക്കരുതെന്നു്, താൻ നിമിത്തം അങ്ങനെയൊരു അത്യാഹിതം വന്നുപോകരുതെന്നു് സ്റ്റീഫൻ നിർബ്ബന്ധമുണ്ടു്. ആ ദമ്പതിമാരുടെ സ്വകാര്യജീവിതം തകർന്നാൽ അതേതൊന്നുതു് ആ കുഞ്ഞുങ്ങളുടെ പിഞ്ചുജീവിതംകൂടി തകർന്നുപോകുമെന്നു് സ്റ്റീഫനറിയാം. അയാൾ അതിനൊരിക്കലും കാരണക്കാരനാകയില്ല. അച്ഛനമ്മമാരുടെ അസുഖകരമായ ദാമ്പത്യജീവിതം സന്താനങ്ങളുടെ ജീവിതത്തെ എങ്ങനെ ബാധിക്കുമെന്നു് സ്വന്തം അനുഭവംകൊണ്ടു് നല്ലപോലെ മനസ്സിലാക്കിയിട്ടുള്ള ആളാണു് സ്റ്റീഫൻ. വിട്ടുമാറാത്ത അനാരോഗ്യവും, ജീവിതത്തിന്റെ എല്ലാ അന്തർമണ്ഡലങ്ങളെയും വിഷാദഭരിതമാക്കുന്ന ശൂന്യതയും സ്റ്റീഫനെ വലയം ചെയ്തിരിക്കുകയാണു്. താൻ വളർത്തുന്ന ചുറുചുറുക്കുകളുടെ പ്രേരണയാ



മുഖപ്രസംഗം

ശ്രീ. അക്കാമ്മ ചെറിയാന്റെ തിരഞ്ഞെടുപ്പു പ്രചരണത്തിനായി ഏറ്റവും വിദഗ്ധമായി പ്രവർത്തിക്കുന്നതു് കെ. ബാലകൃഷ്ണനും കൗമുദിയുമാണെന്നുള്ളതു് നിസ്തർക്കമായ സംഗതിയാണു്. കഴിഞ്ഞ ലക്കത്തിൽ ഉൾക്കൊള്ളിച്ചിരുന്ന ഉദ്ദേശം അമ്പേ ളം പോരുവതുന്ന മുഖപ്രസംഗം ഞാൻ സശ്രദ്ധം വായിക്കുകയുണ്ടായി. അല്ല അതു പഠിച്ചു എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. ഇതു അപഗ്രഥനാത്മകമായി അവിടത്തെ സാഹചര്യങ്ങളെയും തിരഞ്ഞെടുപ്പു പ്രശ്നത്തേയും ചർച്ചചെയ്തിട്ടുള്ള ഒരു ലേഖനം ഇതിനകം ഉണ്ടായിട്ടില്ല എന്നാണു് എൻറെ ദൃഢമായ അഭിപ്രായം. എന്നുതന്നെയല്ല അതു ലേഖനം പ്രത്യക്ഷപ്പെട്ട ലക്കത്തിൽതന്നെ ധീരസേനാനിയായ കാൺഗ്രസ്സ് വാളൻറിയറായി നില്ക്കുന്ന അക്കാക്കിയുടെ പടവും മുഖചിത്രമായി പ്രസിദ്ധീകരിക്കാൻ പത്രാധിപർ കാണിച്ച ഔചിത്യം എത്ര പ്രശംസിച്ചാലും മതിയാകുന്നതല്ല.

എൻ. പരമേശ്വരൻ,
പാലാ.

സുരേന്ദ്രനു മറുപടി

കരിഞ്ഞലക്കം കൗമുദിയിൽ കെ. സുരേന്ദ്രനു മറുപടിയായി വേലായുധൻനായർ എഴുതിയിരുന്ന ലേഖനം സുരേന്ദ്രൻറെ വാദമുഖങ്ങൾക്കു് മറുപടി എന്നനിലയിൽ തീരെപ്പോരായില്ല. ബാലകൃഷ്ണൻ ഒരു ചെറുകഥാകൃത്താണെന്നു സ്ഥാപിച്ചുകൊണ്ടു തുടങ്ങുന്ന ആ ലേഖനം ഒരു മറുപടി എന്ന നിലയിൽ പ്രസിദ്ധീകരണാർത്ഥമാണോ എന്നു കൂടി സംശയം തോന്നിപ്പോകുന്നു. വെറുതെ സംസാരിച്ചു തള്ളാവുന്ന ഒരു വാദഗതിയല്ലായിരുന്നു സുരേന്ദ്രൻറേതു്. ആ പ്രശ്നത്തെപ്പറ്റി ഗഹനമായി ചിന്തിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നു് ലേഖകൻ സമ്മതിക്കുന്നുമുണ്ടു്. പിന്നെന്തിനാണാവോ ഈ മറുപടിക്കു തുനിഞ്ഞതു്.

വി. ജെ. ഡേവിഡു്,
എറണാകുളം.

ചെറുകഥ

കഴിഞ്ഞ കുറച്ചു ലക്കങ്ങളിലായി കൗമുദിയിൽ ചെറുകഥയുടെ സ്റ്റാൻഡേർഡു് അധഃപതിച്ചു വരികയായിരുന്നു പക്ഷേ കഴിഞ്ഞ ലക്കത്തിൽ സി. എൻ. ശ്രീകണ്ഠൻനായർ എഴുതിയ കഥ വളരെ പ്രദയാവജ്ജകമായിട്ടുണ്ടെന്നുള്ള കാര്യത്തിനെ പരിഹരിക്കുന്നുമുണ്ടു്. ഒരൊന്നാംതരം ചെറുകഥാകൃത്തായ ശ്രീകണ്ഠൻനായരിൽനിന്നു് മാസത്തിൽ ഒരു കഥയെങ്കിലും വായനക്കാർ പ്രതീക്ഷിക്കുന്നുണ്ടെന്നു് അദ്ദേഹം മനസ്സിലാക്കുന്നുണ്ടോ? ചെറുകഥാപ്രസ്ഥാനത്തിൽ മായാത്ത മുദ്ര ഇതിനകം പതിപ്പിച്ചുകഴിഞ്ഞ സി. എൻ. തുടർച്ചയായി കൗമുദിയിൽ ചെറുകഥകളെഴുതുമെന്നും വർഷത്തിലൊന്നെന്ന പതിവു നിറുത്തുമെന്നും വിശ്വസിക്കുന്നു.

മുരളീധരൻനായർ
തിരുവനന്തപുരം

ണ്ടു് ഈ ഭാഗ്യഹീനതകൾക്കെല്ലാം നിദാനമെന്നു് സ്റ്റീഫൻ വിശ്വസിക്കുന്നു. അവ്ദോത്യായുമായുള്ള വേഴ്ച ഈ ജീവിതവേദനകൾക്കു് ഒട്ടാകെ ശമനമുണ്ടാക്കുമെന്നു് സ്റ്റീഫനു് അറിയാം. എന്നാലും അവ്ദോത്യായുടെ കുടുംബം തകർക്കാൻ—അവളുടെ കുഞ്ഞുങ്ങളെ മാതാപിതാക്കന്മാരുടെ ഒരുമിച്ചുള്ള ലാളനയിൽ നിന്നും മുറിച്ചുമാറ്റുവാൻ—സ്റ്റീഫനു സാധ്യമല്ല. വേദനയും കഷ്ടപ്പാടുകളും ഭാഗ്യദോഷങ്ങളും സ്വയം വഹിച്ചുകൊണ്ടു് താൻ സ്നേഹിക്കുന്ന സ്ത്രീയെയും അവളുടെ കുഞ്ഞുങ്ങളെയും കഷ്ടതി നിശ്ശബ്ദമായി രംഗത്തു നിന്നും നിഷ്ക്രമിച്ചു്, യാതൊരു പരാതിയും പ്രതിഷേധവും പാരുഷ്യവും ആരുടെ നേരെയുമില്ലാതെ സ്വന്തം കർത്തവ്യത്തിൽ മാത്രം ശ്രദ്ധാലുവായി ജീവിതം നയിക്കുന്ന സ്റ്റീഫൻ ഈ നോവലിലെ ഒരു പ്രധാന കഥാപാത്രമല്ലെങ്കിലും, വായനക്കാരുടെ മനസ്സിൽനിന്നും മാഞ്ഞുപോകാത്ത ഒരു കഥാപാത്രമാണു് എന്നാവുള്ളവളും മൂന്നു കുഞ്ഞുങ്ങളുടെ മാതാവുമായ ലിസി യാ അവിലോവു് എന്ന എഴുത്തുകാരിയെ സ്നേഹിക്കുകയും, അവളുടെ കുടുംബജീവിതം തകർക്കാനുള്ള വൈമനസ്യത്താൽ തൻറെ ഹൃദയവികാരങ്ങളെ അമർത്തികണ്ണുനീർ വാർത്തുവിഴുങ്ങി ജീവിതം—രണ്ടുപേരുടെയും ജീവിതം—ശോകസങ്കുലമാക്കുകയും ചെയ്ത സുപ്രസിദ്ധ റഷ്യൻ സാഹിത്യകാരനായ ആൻറൺചെക്കോവിനെ, "ഹാർവെസ്റ്റി"ലെ സ്റ്റീഫൻറെ കഥ വായിച്ചപ്പോൾ, ഞാൻ ഓർത്തുപോയി. ചെക്കോവിൻറെ മഹത്വം ഡിഡിയാമനസ്സിലാക്കുന്നതുപോലെ സ്റ്റീഫൻറെ മഹത്വം അവ്ദോത്യായും മനസ്സിലാക്കുന്നുണ്ടു്. "ഹൃദയം മുറിച്ചു" പോയ ഒരു റഷ്യാക്കാരിയുടെ "മുറിച്ചു" ഒരു കലാസൃഷ്ടിയാണു് സ്റ്റീഫൻ. ഗ്രന്ഥകർത്തൃനായരുടെ വിശേഷണങ്ങൾ ചേർത്തു് ഞാൻ സ്റ്റീഫനെ മലയാളവായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുകയാണു്. ഹൃദയാലുക്കളായ മലയാളികൾ ഈ നോവലൊന്നു വായിച്ചുനോക്കണം.

(തുടരും)

ടി. പത്മനാഭൻറെ

കാഷ്മീർ യാത്ര

★

അടുത്ത ലക്കം മുതൽ.

താരാപഥം

നവംബർ ലക്കം പുറത്തിറങ്ങുന്നു.

★

ആറന്മുള പൊന്നമ്മ

അവരുടെ ജീവിതകഥകൾ

താരാപഥത്തിനോടു പറയുന്നു.

മാനേജർ,
താരാപഥം, തിരുവനന്തപുരം-1.

Printed and Published by K. Balakrishnan at the Indira Printing Works, Pettah, Trivandrum.

Phone No. 2128

PRICE As. 3

REG. M. 5661

THE
KAUMUDI WEEKLY
PUBLISHED EVERY MONDAY

VOL: IV
16th MONDAY
NOVEMBER 1953
No. 34

ജനാധിപത്യസമരത്തിലെ ആ നാഴികക്കല്ല്

ജനയുഗം ദിനപ്പത്രം

1953 നവംബർ 16-ാം തിങ്കളാഴ്ച കൊല്ലത്തുനിന്നും പുറപ്പെടുന്നു.

ഇന്നത്തെ സുപ്രധാനമായ രാഷ്ട്രീയ പരിതഃസ്ഥിതിയിൽ നമ്മുടെ നാട്ടിലെ ജനാധിപത്യപ്രസ്ഥാനത്തിന്റെ അഭിപ്രായങ്ങൾക്ക് സജീവമായ രൂപം നൽകാൻ ഒരു ദിനപ്പത്രം എത്രയും അടിയന്തിരമായ ആവശ്യമായിത്തീർന്നിരിക്കുന്നതു കൊണ്ട്

"ജനയുഗം" വാരിക

1953 നവംബർ 16-ാം- മുതൽ "ദിനപ്പത്ര"മായി

പുറപ്പെടുവിക്കാൻ തീരുമാനിച്ചിരിക്കുന്നു.

വിദഗ്ദ്ധമായ ഒരു പത്രാധിപസമിതിയുടെ നേതൃത്വത്തിൽ, 'ടെലിപ്രിൻറർ' തുടങ്ങിയ സജ്ജീകരണങ്ങളോടും, എല്ലാ പ്രധാനകേന്ദ്രങ്ങളിലും പ്രതിനിധികളോടുംകൂടി പ്രസിദ്ധം ചെയ്യുന്ന

ജനയുഗം ദിനപ്പത്രം

ജനാധിപത്യമുന്നേറ്റത്തിന്റെ മൂർച്ചയുള്ള പടവാളായിരിക്കും.

എല്ലാസ്ഥലത്തും ഏജൻറന്മാരെ ആവശ്യമുണ്ട്.

വിവരങ്ങൾക്ക് ഉടൻ എഴുതുക.—

മാനേജർ, ജനയുഗം, കൊല്ലം.